കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-൯) വകുപ്പ്

# നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്

e-EMPLOYMENT EXCHANGE

CDC CAREER DEVELOPMENT CENTRE

EMPLOYABILITY CENTRE

## പ്രവൃത്തിപഠന റിപ്പോർട്ട്

2025

**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്**

# പ്രവൃത്തിപഠന റിപ്പോർട്ട് 2025

# നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്

<u>തയ്യാറാക്കിയത്</u>

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-9) വകുപ്പ്

# നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്
# പ്രവൃത്തിപഠന റിപ്പോർട്ട്

| | | |
|---|---|---|
| തയ്യാറാക്കിയത് | : | ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ.ആർ-9) വകുപ്പ് |
| പരിശോധനാ സംഘം | : | ശ്രീ. ശ്രീജിത്. പി, സെക്ഷൻ ഓഫീസർ<br>ശ്രീ. ശരത്കുമാർ. എസ്, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്<br>ശ്രീ. പ്രദീപ് റ്റി.ജി, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് |
| നേതൃത്വം നല്കിയവർ | : | ശ്രീ. റ്റി.എസ്. പ്രവീൺ കുമാർ, ജോയിന്റ് സെക്രട്ടറി<br>ശ്രീ. മനുലാൽ ബി.എസ്, അണ്ടർ സെക്രട്ടറി |
| മാർഗ്ഗനിർദ്ദേശം നൽകിയത് | : | ഡോ. വീണ എൻ. മാധവൻ ഐ.എ.എസ്<br>സ്പെഷ്യൽ സെക്രട്ടറി |
| അംഗീകാരം നൽകിയത് | : | ശ്രീ. പുനീത് കുമാർ ഐ.എ.എസ്<br>അഡീഷണൽ ചീഫ് സെക്രട്ടറി |

## ഉള്ളടക്കം


| അദ്ധ്യായം | ശീർഷകം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1 - 3 |
| 2 | പ്രവൃത്തിപഠനത്തിന്റെ ഉത്ഭവം | 4 - 6 |
| 3 | രീതിശാസ്ത്രം | 7 - 9 |
| 4 | സംഘടനാ അപഗ്രഥനം | 10 - 43 |
| 5 | വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ - വിശദാംശങ്ങൾ | 44 - 65 |
| 6 | താൽക്കാലിക തസ്തികകൾ - തുടർനടപടികൾ | 66 - 101 |
| 7 | വസ്തുതകളും അപഗ്രഥനവും | 102 -139 |
| 8 | വകുപ്പിന്റെ പുന:സംഘടന | 140 - 161 |
| 9 | തസ്തികകളുടെ പുനർവിന്യാസവും അധികതസ്തികകളും - സംഗ്രഹം | 162 - 166 |
| 10 | അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യതയും പ്രാധാന്യവും | 167 - 169 |
| 11 | പൊതു ശിപാർശകൾ | 170 - 176 |
| | ഉപസംഹാരം | 177- 178 |
| | കൃതജ്ഞത | 179 |

# അധ്യായം 1

## ആമുഖം

**1.1** 1957 ഏപ്രിൽ 1 - ന് രൂപീകൃതമായ വകുപ്പാണ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്. ഡയറക്ടറേറ്റ് ഓഫ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് എന്ന പേരിലാണ് വകുപ്പ് രൂപീകൃതമായത്.

**1.2** സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, വിവിധ ഉദ്യോഗദായകരാൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതോടൊപ്പം വിവിധ സ്വയംതൊഴിൽ പദ്ധതികൾ, കരിയർ ഗൈഡൻസ് പ്രവർത്തനങ്ങൾ, നൈപുണ്യ പരിശീലന പരിപാടികൾ, ഉദ്യോഗാർത്ഥികൾക്ക് വിവിധ തൊഴിൽ പ്രാപ്തിക്കുള്ള പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും തൊഴിൽ കമ്പോളങ്ങളിലെ മാറ്റങ്ങൾ കൃത്യമായും വസ്തുനിഷ്ഠമായും അപഗ്രഥിച്ച് രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും തൊഴിൽ നയങ്ങൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിർണ്ണായക ചാലകശക്തിയായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഈ വകുപ്പിന്റെ സുപ്രധാന ലക്ഷ്യം. എംപ്ലോയ്മെന്റ് വകുപ്പ് നിലവിൽ വന്ന് 65 വർഷം പിന്നിടുമ്പോൾ കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തൊഴിലന്വേഷകർക്കും തൊഴിൽരഹിതർക്കുമായി മികച്ച പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

**1.3** വകുപ്പിന്റെ ആസ്ഥാന മന്ദിരം തിരുവനന്തപുരത്ത് വികാസ് ഭവന് സമീപത്തായുള്ള തൊഴിൽ ഭവനിലെ ആറാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനം സർക്കാരിന്റെ ഭരണനിയന്ത്രണത്തിൽ തൊഴിലും നൈപുണ്യവും (ജി) വകുപ്പിന് കീഴിലാണ് നിലവിൽ പ്രവർത്തിച്ചു വരുന്നത്.

**<u>വകുപ്പിന്റെ ആവിർഭാവം</u>**

**1.4** രണ്ടാം ലോക മഹായുദ്ധത്തിൽ പങ്കെടുത്ത് പിരിച്ചുവിടപ്പെട്ട സൈനികരുടെ പുനരധിവാസം രാജ്യത്ത് വലിയ പ്രശ്നമായി അനുഭവപ്പെട്ടതിനെത്തുടർന്ന് ഇത്തരം സൈനികരെ പുന:രധിവസിപ്പിക്കുന്നതിനായാണ് ബ്രിട്ടീഷ് സർക്കാർ, 'ഡയറക്ടറേറ്റ് ജനറൽ ഓഫ് റീസെറ്റിൽമെന്റ് ആൻഡ് എംപ്ലോയ്മെന്റ്' എന്ന വകുപ്പ് 1945 ജൂലൈയിൽ രൂപീകരിച്ചത്.

**1.5** രണ്ടാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ സർവീസിൽ നിന്ന് നിർബന്ധിതമായി പിരിച്ചുവിടപ്പെട്ട സൈനികരെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിൽ 17.06.1948 - ന് ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ സംഘടിപ്പിച്ച 'എംപ്ലോയ്മെന്റ് സർവീസ് കൺവെൻഷൻ 1948' ന്റെ 88-ാം കൺവെൻഷനിൽ പങ്കെടുത്ത അംഗരാജ്യങ്ങളിൽ എംപ്ലോയ്മെന്റ് സർവീസ് തുടങ്ങാൻ തീരുമാനമെടുക്കുകയുണ്ടായി. തൊഴിൽരഹിതരുടെ രജിസ്ട്രേഷൻ, തൊഴിൽരഹിതരെ യോഗ്യതയുള്ള ഒഴിവുകളിലേക്ക് നാമനിർദേശം ചെയ്യുക, വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ കണക്കുകൾ ശേഖരിക്കുകയും ക്രോഡീകരിക്കുകയും സർക്കാർ അധികൃതർക്ക് കൈമാറുകയും ചെയ്യുക എന്നിവ പ്രസ്തുത കൺവെൻഷന്റെ സുപ്രധാന നിർദേശങ്ങളായിരുന്നു.

**1.6** 1948-ൽ എല്ലാ വിഭാഗം തൊഴിൽരഹിതരേയും എംപ്ലോയ്മെന്റ് സർവ്വീസിലേക്ക് ഉൾപ്പെടുത്തുകയും പുനരധിവാസ ഏജൻസി എന്നത് മാറി പ്ലേസ്മെന്റ് ഏജൻസിയായി രൂപാന്തരപ്പെടുകയും ചെയ്തു. 1952 - ൽ സർക്കാർ നിയോഗിച്ച ബി. ശിവറാവു കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ബന്ധപ്പെട്ട സംസ്ഥാന സർക്കാരിനെ ഏൽപിക്കണമെന്നും 60% ഗ്രാന്റ് കേന്ദ്രസർക്കാർ വഹിക്കണമെന്നും തീരുമാനമായി. പ്ലേസ്മെന്റ് ജോലികൾക്ക് പുറമെ ഒക്കുപ്പേഷണൽ റിസർച്ച്, വൊക്കേഷണൽ ഗൈഡൻസ്, എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ തുടങ്ങിയ

വൈവിധ്യവൽക്കരണം കൂടി വകുപ്പിൽ നടപ്പിൽ വരുത്തുവാൻ ബി. ശിവറാവു കമ്മിറ്റി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. തുടർന്ന് സംസ്ഥാന രൂപീകരണത്തോടെ 01/11/1956 മുതൽ സംസ്ഥാന സർക്കാരുകൾക്ക് ദൈനംദിന ഭരണനിർവ്വഹണം കൈമാറുകയും ചെയ്തു. എന്നാൽ നയപരമായ കാര്യങ്ങളും നിയമവും ചട്ടങ്ങളും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ തുടർന്നുവരികയും ചെയ്യുന്നു. 01/11/1956 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം സംസ്ഥാന സർക്കാരിന്റെ അധികാരത്തിലേക്ക് മാറ്റപ്പെട്ടുവെങ്കിലും 1957 ഏപ്രിൽ മാസം 1 നാണ് 'ഡയറക്ടറേറ്റ് ഓഫ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്' എന്ന പേരിൽ പുതിയ വകുപ്പിന് തുടക്കം കുറിച്ചത്.

# അധ്യായം 2

# പ്രവൃത്തിപഠനത്തിന്റെ ഉത്ഭവം

**2.1** കേരള സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിലവിലുള്ള 367 താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തണമെന്ന വിഷയത്തിൻമേൽ പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ ശിപാർശ ബഹു. മുഖ്യമന്ത്രി അംഗീകരിക്കുകയും പ്രവൃത്തിപഠനം നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് നിർദ്ദേശിക്കുകയുമുണ്ടായി. തുടർന്ന് പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട നോഡൽ സെക്ഷനായ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-6) വകുപ്പിന്റെ 01.02.2024 ലെ എ.ആർ.6-1/17/2023-ഉ.ഭ.പ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന തുടർനടപടികൾക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.-9) വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി.

**2.2** 367 താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തണമെന്ന വിഷയത്തിൻമേൽ പ്രവൃത്തിപഠനം നടത്തുന്നതുമായി ബന്ധപ്പെട്ട് ഒരു പ്രാഥമിക ചർച്ച 21.03.2024 ന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് കാര്യാലയത്തിൽ വെച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താൽക്കാലിക തസ്തികകളുമായി ബന്ധപ്പെട്ട പ്രവൃത്തിപഠനത്തിനൊപ്പം വകുപ്പിനെ സംബന്ധിച്ച സമഗ്രമായ പ്രവൃത്തിപഠനം നടത്തണമെന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു.

**2.3** തുടർന്ന് വകുപ്പിന്റെ കേഡർ സ്ട്രെങ്ത് പുന:നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട സമഗ്ര പഠനത്തിനുള്ള പുതിയ പ്രൊപ്പോസൽ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ഡയറക്ടർ ഭരണവകുപ്പായ തൊഴിലും നൈപുണ്യവും (ജി) വകുപ്പിന് സമർപ്പിക്കുകയുണ്ടായി. ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ ശിപാർശയനുസരിച്ച് ബഹു. മുഖ്യമന്ത്രി പുതിയ പ്രൊപ്പോസൽ അംഗീകരിക്കുകയും സമഗ്ര

പ്രവൃത്തിപഠനം നടത്തുന്നതിനായി ബന്ധപ്പെട്ട LBRD-G1/8/2020-LBRD (Part-1) നമ്പർ ഫയൽ ഈ വകുപ്പിന് 15.05.2024 ന് കൈമാറുകയും ചെയ്തു. ഇതേത്തുടർന്ന് 10.06.2024 മുതൽ 29.06.2024 വരെയുള്ള തീയതികളിൽ വകുപ്പുതലവന്റെ കാര്യാലയവും തിരുവനന്തപുരം ജില്ലയിലെ സാമ്പിൾ ഓഫീസുകളായി തിരഞ്ഞെടുത്ത ഓഫീസുകളും സന്ദർശിച്ച് വിവരശേഖരണം നടത്തി. 08.10.2024 മുതൽ 11.10.2024 വരെയുള്ള തീയതികളിൽ എറണാകുളം ജില്ലയിലേയും 15.10.2024 മുതൽ 18.10.2024 വരെ തീയതികളിൽ കോഴിക്കോട് ജില്ലയിലേയും സാമ്പിൾ ഓഫീസുകളായി തിരഞ്ഞെടുത്ത ഓഫീസുകളും പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററും സന്ദർശിച്ച് വിവരശേഖരണം നടത്തുകയുണ്ടായി.

**2.4** സംസ്ഥാനത്ത് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസി ആക്ട് 1959 (CNV Act - 1959) ഫലപ്രദമായി നടപ്പിലാക്കുന്നതിനും ഭരണനിർവഹണത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ ഉദ്യോഗാർത്ഥികൾ ഉൾപ്പെടെയുള്ള പൊതുസമൂഹത്തിന് അനുഭവവേദ്യമാക്കുന്നതിനും ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ് ഈ പ്രവൃത്തിപഠനത്തിലൂടെ ലക്ഷ്യമിടുന്നത്. പഠനത്തിലെ കണ്ടെത്തലുകൾ തുടർന്നുള്ള അധ്യായങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രവൃത്തിപഠനം നടത്തുന്നതിനായി അവലംബിച്ച രീതിശാസ്ത്രം അധ്യായം 3 -ലും വകുപ്പിന്റെ സംഘടനാ അപഗ്രഥനം അധ്യായം 4 -ലും വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അധ്യായം 5 -ലും നിലവിലുള്ള താൽക്കാലിക തസ്തികകളിന്മേലുള്ള തുടർനടപടികൾ, ശിപാർശകൾ എന്നിവ അധ്യായം 6 -ലും പഠനത്തിലൂടെ മനസ്സിലാക്കിയ വസ്തുതകളും അവയുടെ അപഗ്രഥനവും (Facts & Analysis) നിരീക്ഷണങ്ങളും അധ്യായം 7 -ലും വകുപ്പിന്റെ പുന:സംഘടന അധ്യായം 8 -ലും തസ്തികകളുടെ പുനർവിന്യാസവും അധിക തസ്തികകൾ സംബന്ധിച്ച സംഗ്രഹവും അധ്യായം 9 –ലും തസ്തിക സൃഷ്ടിക്കലിലൂടെയുണ്ടാകുന്ന സാമ്പത്തിക ബാധ്യത, തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ സംബന്ധിച്ച് അധ്യായം 10 -ലും

വിശദമാക്കിയിട്ടുണ്ട്. പഠനസംഘത്തിന്റെ പൊതുശിപാർശകൾ അധ്യായം 11 -ൽ കാണാവുന്നതാണ്.

# അധ്യായം 3

# രീതിശാസ്ത്രം

**3.1** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ഡയറക്ടർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി പഠനസംഘം നടത്തിയ ചർച്ചയിൽ നിന്നും മനസ്സിലാക്കിയ വസ്തുതകളുടെ അടിസ്ഥാനത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ഒരു പ്രവൃത്തിപഠനം നടത്തുവാൻ തീരുമാനിച്ചു. ഇതിനായി പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാന തത്വങ്ങളായ സംഘടനാ അപഗ്രഥനം (Organisation Analysis), മാർഗ്ഗ പഠനം (Method study), ജോലിഭാര നിർണയം (Work Measurement) എന്നിവ അവലംബിക്കുകയുണ്ടായി.

**3.2** പ്രവൃത്തിപഠനത്തോടനുബന്ധിച്ചുള്ള വിവര ശേഖരണത്തിനായി തിരുവനന്തപുരത്ത് തൊഴിൽ ഭവനിൽ പ്രവർത്തിക്കുന്ന നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് കാര്യാലയം സന്ദർശിച്ച് വകുപ്പിന്റെ പ്രവർത്തനം, ചുമതലകളും ഉത്തരവാദിത്തങ്ങളും, ജീവനക്കാരുടെ എണ്ണം എന്നിവയെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ ശേഖരിച്ചു. വകുപ്പിന്റെ സ്ഥിതിവിവരങ്ങൾ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലാണ് ക്രോഡീകരിച്ച് സൂക്ഷിക്കുന്നതെന്നതിനാൽ 2022-2023 സാമ്പത്തിക വർഷമാണ് ഈ പ്രവൃത്തിപഠനത്തിന്റെ വിവരശേഖരണത്തിനുള്ള അടിസ്ഥാന വർഷമായി തെരഞ്ഞെടുത്തത്. ഈ പഠനത്തിനായി പ്രാഥമിക സ്ഥിതി വിവരങ്ങളും (Primary Data), ദ്വിതീയ സ്ഥിതിവിവരങ്ങളും (Secondary Data) ഉപയോഗിക്കുകയുണ്ടായി. വിവര ശേഖരണത്തിനായി Observation, listening & questioning എന്നീ സങ്കേതങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

**3.3** വകുപ്പിന്റെ പ്രവർത്തനം നേരിട്ട് വിലയിരുത്തിയും ഓഫീസിലെ ജീവനക്കാരുമായി വിശദമായി ചർച്ചകൾ നടത്തിയുമാണ് പ്രാഥമിക സ്ഥിതിവിവരങ്ങൾ തയ്യാറാക്കിയത്. ഇതിനായി വകുപ്പിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, വിവിധ

പ്രവർത്തനങ്ങൾ, നിലവിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു.

**3.4** ദ്വിതീയ വിവരങ്ങൾക്കായി വകുപ്പിന്റെ വാർഷിക ഭരണ റിപ്പോർട്ട്, വെബ്സൈറ്റ്, വകുപ്പിന്റെ പ്രവർത്തന റിപ്പോർട്ട്, വാർഷിക വരവ് ചെലവ് കണക്കുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഭരണ വിഭാഗം ജീവനക്കാരുടെ ജോലിഭാരവും നിർണയിച്ചിട്ടുണ്ട്. ഓരോ ജോലിയും ചെയ്യുന്നതിനാവശ്യമായ സമയം കണ്ടെത്തുകയും അത് ആകെ ജോലിയുമായി ബന്ധപ്പെടുത്തി ജീവനക്കാരുടെ ജോലിഭാരം നിർണയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മനുഷ്യ വിഭവശേഷി നിർണയിക്കുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

**3.5** വകുപ്പിനു കീഴിൽ ഓരോ ജോലിയും ചെയ്യുന്നതിന് നിലവിൽ പിന്തുടർന്നു വരുന്ന രീതികൾ പരിശോധിക്കുകയും ആവശ്യമെന്ന് ബോധ്യപ്പെട്ട സന്ദർഭങ്ങളിൽ അവ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

**3.6** വകുപ്പിന്റെ ഘടനയും നൽകപ്പെട്ടിട്ടുള്ള ചുമതലകളും സ്ഥാപിത ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് അനുയോജ്യമായ തരത്തിലാണോ എന്ന കാര്യത്തിൽ വിശകലനം നടത്തുകയും വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ശിപാർശകൾ പഠനസംഘം നൽകിയിട്ടുമുണ്ട്. നിലവിലുള്ള മനുഷ്യവിഭവശേഷി ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിനെ ശാക്തീകരിക്കുന്നതിനാണ് പഠനസംഘം ഊന്നൽ നൽകിയിട്ടുള്ളതെങ്കിലും വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിന് അനിവാര്യമാണെന്ന് ബോധ്യപ്പെട്ട സാഹചര്യങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകളും നൽകിയിട്ടുണ്ട്.

**3.7** ഈ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി ഓരോ തസ്തികയുടെയും സ്ഥാനപരമായ സാംഗത്യവും (Positional Significance) പരിശോധിക്കുകയുണ്ടായി. ഒരോ തസ്തികയിലും നിക്ഷിപ്തമായ ചുമതലകൾ തന്നെയാണോ ആ തസ്തികയിലുള്ള

ഉദ്യോഗസ്ഥൻ നിർവഹിക്കുന്നതെന്ന് പരിശോധിക്കുകയും ആയത് ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് ചുമതലകൾ നിറവേറ്റുവാൻ മെച്ചപ്പെട്ട ഓഫീസ് സാഹചര്യവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി നൽകുന്നതിനോടൊപ്പം പ്രസ്തുത ചുമതലകൾ യഥാവിധി നിറവേറ്റപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉൾപ്പെടെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഉദ്യോഗസ്ഥരെ ചുമതലകൾ യഥാവിധി നിർവഹിക്കാൻ പ്രാപ്തരാക്കുന്നതിനുള്ള ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# അധ്യായം 4

# സംഘടനാ അപഗ്രഥനം

## നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് - ഘടന

**4.1** തിരുവനന്തപുരത്ത് തൊഴിൽ ഭവനിൽ പ്രവർത്തിക്കുന്ന ആസ്ഥാന കാര്യാലയത്തിന്റെ തലവൻ ഡയറക്ടർ ആണ്. നിലവിൽ ഐ.എ.എസ് കേഡറിലുള്ള ഉദ്യോഗസ്ഥരാണ് ഡയറക്ടറായി പ്രവർത്തിക്കുന്നത്.

**4.2** വകുപ്പിന്റെ ഭരണസൗകര്യാർത്ഥം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ 3 മേഖലാ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾ, 3 പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 6 ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, അവയ്ക്ക് കീഴിൽ 62 ടൗൺ/റൂറൽ/ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ, 6 എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & അസ്സിസ്റ്റന്റ്സ് ബ്യൂറോകൾ എന്നിങ്ങനെയും വിഭജിച്ചിട്ടുണ്ട്. കൂടാതെ 13 മോഡൽ കരിയർ സെന്ററുകളും 11 എംപ്ലോയബിലിറ്റി സെന്ററുകളും ഈ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

## നിലവിലുള്ള തസ്തികകൾ

**4.3** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിലവിലുള്ള തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | തസ്തികയിലെ എണ്ണം |
|---|---|---|
| 1 | എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ | 1 |
| 2 | ഡെപ്യൂട്ടി ഡയറക്ടർ/മേഖലാ ഡെപ്യൂട്ടി ഡയറക്ടർ | 5 |
| 3 | ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ/ | 11 |

| | | |
|---|---|---|
| | സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ/ സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ | |
| 4 | ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ | 14 |
| 5 | എംപ്ലോയ്മെന്റ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസർ/ ഡെപ്യൂട്ടി ചീഫ്/ സെന്റർ മാനേജർ | 112 |
| 6 | ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ ഹെഡ് അക്കൗണ്ടന്റ്/ ജൂനിയർ സൂപ്രണ്ട് | 170 |
| 7 | ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| 8 | ഇൻസ്ട്രക്ടർ സ്റ്റെനോഗ്രഫി | 2 |
| 9 | ഹെഡ് ക്ലർക്ക് | 28 |
| 10 | സീനിയർ ക്ലർക്ക് | 220 |
| 11 | ക്ലർക്ക് | 221 |
| 12 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 6 |
| 13 | സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | 28 |
| 14 | സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് | 28 |
| 15 | യു.ഡി. ടൈപ്പിസ്റ്റ് | 28 |
| 16 | എൽ.ഡി ടൈപ്പിസ്റ്റ് | 29 |
| 17 | ക്ലർക്ക് ടൈപ്പിസ്റ്റ് | 9 |
| 18 | ഡ്രൈവർ | 1 |
| 19 | ക്ലറിക്കൽ അറ്റൻഡർ | 14 |
| 20 | ഓഫീസ് അറ്റൻഡന്റ് | 133 |
| 21 | ഫുൾടൈം വാച്ച്മാൻ | 2 |
| **ആകെ** | | **1063** |

**<u>വകുപ്പിന്റെ ചുമതലകൾ</u>**

**4.4** കാലാകാലങ്ങളിലായി പുറപ്പെടുവിക്കുന്ന നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി, കേരളത്തിലെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല എന്നിവിടങ്ങളിലുണ്ടാകുന്ന സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ഒഴിവുകളിലേക്ക് അഭ്യസ്ത വിദ്യരായ യുവജനങ്ങളെ സുതാര്യവും നിഷ്പക്ഷവും

നീതിപൂർവ്വവുമായ മാർഗ്ഗങ്ങളിലൂടെ നാമനിർദ്ദേശം ചെയ്യുക, യുവജനങ്ങളിൽ തൊഴിൽ നൈപുണ്യം, സോഫ്റ്റ് സ്കില്ലുകൾ എന്നിവ പരിശീലിപ്പിച്ച് ആധുനിക കാലത്തെ തൊഴിലുകൾക്ക് പ്രാപ്തരാക്കുക, യുവജനങ്ങളേയും അശരണരായ വനിതകളേയും ഭിന്നശേഷിക്കാരായ തൊഴിലന്വേഷകരേയും പ്രായാധിക്യത്താൽ തൊഴിൽ വീഥികളിൽ നിന്ന് പുറത്താക്കപ്പെട്ടവരേയും സർക്കാരിന്റെയും ബാങ്ക് പോലുള്ള ഇതര ധനകാര്യ സ്ഥാപനങ്ങളുടെയും സാമ്പത്തിക സഹായത്താൽ സ്വയം തൊഴിൽ കണ്ടെത്തി തനിക്കും സമൂഹത്തിനും ഉതകുന്ന സംരംഭങ്ങളിലൂടെ കൈപിടിച്ചുയർത്തുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ സഹായിക്കുക, ഹൈസ്കൂൾ തലം മുതൽ വിദ്യാർത്ഥികളുടെ കരിയറിന്റെ വിവിധ ഘട്ടങ്ങൾ അവർക്ക് നേരിലും വിദ്യാഭ്യാസ/സാമൂഹ്യ സ്ഥാപനങ്ങളിലൂടെയും മാർഗ്ഗ നിർദ്ദേശം നൽകി അവരെ അനുയോജ്യമായ തൊഴിൽ മേഖലയിലേക്ക് നയിക്കുക, ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ വേദിയിൽ അണിനിരത്തി തൊഴിൽ അവസരങ്ങൾ ലഭ്യമാകുന്ന തൊഴിൽമേളകൾ സംഘടിപ്പിക്കുക, സർക്കാർ, അർദ്ധ സർക്കാർ, ഉയർന്ന സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികളുടെയും ഉദ്യോഗസ്ഥരുടെയും സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് ലഭ്യമാക്കുക എന്നിവയാണ് ഈ വകുപ്പിന്റെ ചുമതലകൾ.

**4.5** ഇവ കൂടാതെ 13 മോഡൽ കരിയർ സെന്ററുകളും 11 എംപ്ലോയബിലിറ്റി സെന്ററുകളും ഈ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി കെസ്റു, മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ്/ ജോബ് ക്ലബ്, ശരണ്യ, കൈവല്യ, നവജീവൻ എന്നീ 5 സ്വയം തൊഴിൽ പദ്ധതികളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര തൊഴിൽവികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന 'സമന്വയ' എന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിനത്തിലുള്ള തുകയാണ് വകുപ്പ് വിനിയോഗിക്കുന്നത്. ഇവയ്ക്കുപുറമേ വൊക്കേഷണൽ/കരിയർ ഗൈഡൻസ് പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

## നിയമങ്ങളും ചട്ടങ്ങളും

**4.6** കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് 1959 (CNV Act, 1959), നാഷണൽ എംപ്ലോയ്മെന്റ് സർവീസ് മാനുവൽ, കാലാകാലങ്ങളായി കേരള സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങൾ, ഉത്തരവുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ വകുപ്പ് പ്രവർത്തിച്ചു വരുന്നത്.

## ആസ്ഥാന കാര്യാലയം

**4.7** ആസ്ഥാനകാര്യാലയത്തിൽ നിലവിലുള്ള 84 തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡയറക്ടർ | 1 |
| 2 | ജോയിന്റ് ഡയറക്ടർ | 1 |
| 3 | ഡെപ്യൂട്ടി ഡയറക്ടർ (PT) | 1 |
| 4 | ഡെപ്യൂട്ടി ഡയറക്ടർ (AE & PH) | 1 |
| 5 | ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (UAS) | 1 |
| 6 | സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ | 1 |
| 7 | അക്കൗണ്ട്സ് ഓഫീസർ | 1 |
| 8 | എംപ്ലോയ്മെന്റ് ഓഫീസർ (Training) | 1 |
| 9 | എംപ്ലോയ്മെന്റ് ഓഫീസർ (EMI) | 1 |
| 10 | എംപ്ലോയ്മെന്റ് ഓഫീസർ (OR) | 1 |
| 11 | എംപ്ലോയ്മെന്റ് ഓഫീസർ (CC) | 1 |
| 12 | ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ | 16 |
| 13 | ഫെയർ കോപ്പി സൂപ്രണ്ട് | 1 |
| 14 | ക്ലർക്ക് / സീനിയർ ക്ലർക്ക് | 31+1 * |
| 15 | ക്ലർക്ക് ടൈപ്പിസ്റ്റ് | 1 |
| 16 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 3 |
| 17 | ടൈപ്പിസ്റ്റ് | 8 |

| | | |
|---|---|---|
| 18 | ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 |
| 19 | ക്ലറിക്കൽ അറ്റൻഡർ | 1 |
| 20 | ഫുൾ ടൈം വാച്ച്മാൻ | 1 |
| 21 | ഓഫീസ് അറ്റൻഡന്റ് | 7 |
| 22 | പി.ടി.സ്വീപ്പർ | 1 |
| 23 | പി.ടി.ക്ലീനർ | 1 |
| **ആകെ** | | **84** |

*(ഇതിൽ ഒരു ക്ലർക്ക് തസ്തിക സൂപ്പർന്യൂമററി ആണ്)

**<u>മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം</u>**

**4.8** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി 3 മേഖലാ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ നിലവിലുണ്ട്. റീജിയണൽ ഡയറക്ടറാണ് ഈ കാര്യാലയത്തിലെ തലവൻ.

**4.9** ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലെ ഇന്റേണൽ ഓഡിറ്റ്/പെൻഷൻ ഓഡിറ്റ് യഥാസമയം നടത്തുക, സബ് ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുക, സബ് ഓഫീസുകളിലെ ജീവനക്കാരുടെ ടൂർ ഡയറി അപ്പ്രൂവൽ, സബ് ഓഫീസുകളിലെ ഗസറ്റഡ് ഓഫീസർമാരുടെ CR റിവ്യൂ, റീജിയണിലെ വാർഷിക ഭരണ പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ എന്നീ ചുമതലകൾക്ക് പുറമെ സിഎംഒ പോർട്ടൽ റിപ്പോർട്ട്, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, പ്രതിമാസ വിവരണി, കെഎസ്സിബിസി റിപ്പോർട്ട്, ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട്, ജില്ലാതലഭാഷായോഗം മിനിറ്റ്സ് തയ്യാറാക്കൽ, വേക്കൻസി പ്ലേസ്മെന്റ് റിട്ടേണുകൾ, ഇഎംഐ റിട്ടേണുകൾ, റീജിയണിലെ സബ് ഓഫീസുകളിലെ വിവരാവകാശ അപ്പീൽ അധികാരി, സേവനാവകാശങ്ങളെ സംബന്ധിച്ച റീജിയണിലെ വിവരങ്ങളുടെ ക്രോഡീകരണം, ജോബ് ഫെസ്റ്റ് നടത്തിപ്പിന്റെ മേൽനോട്ടം എന്നിവ ഈ കാര്യാലയത്തിന്റെ ചുമതലകളാണ്. കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവിടങ്ങളിലെ കരാർ തസ്തികയിലേക്കുള്ള നിയമനം നടത്തുന്നതിനുള്ള ഇന്റർവ്യൂ/ടെസ്റ്റ് എന്നിവ നടത്തി

ഫൈനൽ സ്കോർ ഷീറ്റ് ഡയറക്ടറേറ്റിനു കൈമാറുക എന്നീ ചുമതലകളും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

**4.10** റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് തിരുവനന്തപുരം | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് എറണാകുളം | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റ് കോഴിക്കോട് |
|---|---|---|---|---|
| 1. | റീജിയണൽ എംപ്ലോയ്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ | 1 | 1 | 1 |
| 2. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 1 | 1 |
| 3. | ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ ജൂനിയർ സൂപ്രണ്ട് | 1 | 1 | 1 |
| 4. | ക്ലർക്ക്/ സീനിയർ ക്ലർക്ക് | 2 | 2 | 2 |
| 5. | ടൈപ്പിസ്റ്റ് | 1 | 1 | 1 |
| 6. | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 |
| **ആകെ** | | 7 | 7 | 7 |

- **റീജിയണൽ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ**

**4.11** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാനുവലിലെ (വോള്യം -1, പാർട്ട് -1 അദ്ധ്യായം -1) മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മേഖലാ തലത്തിൽ പ്രൊഫഷണൽ ഡിഗ്രിയും ബിരുദാനന്തരബിരുദ യോഗ്യതയും നേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷനും പ്രൊഫഷണൽ & എക്സിക്യൂട്ടീവ് നിലവാരത്തിലുള്ള ഒഴിവുകളും കൈകാര്യം ചെയ്യുന്നതിനായി രൂപം കൊടുത്തിരിക്കുന്ന സ്ഥാപനമാണ് റീജിയണൽ പ്രൊഫഷണൽ

& എക്സിക്യൂട്ടീവ് എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ എക്സ്ചേഞ്ചുകൾ പ്രവർത്തിച്ച് വരുന്നു. ഉന്നത വിദ്യാഭ്യാസ യോഗ്യത നേടിയവർക്ക് ഭരണഘടനാനുസൃതമായ എല്ലാ സാമുദായിക സംവരണ ചട്ടങ്ങളും ഭിന്നശേഷി സംവരണ നിയമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഈ ഓഫീസുകൾ വഴി നിയമന ശിപാർശ നൽകി വരുന്നു.

**4.12** ഈ ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **തസ്തിക** | **തിരുവനന്തപുരം** | **എറണാകുളം** | **കോഴിക്കോട്** |
|---|---|---|---|---|
| 1 | ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ | 1 | - | - |
| 2 | ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ ജൂനിയർ സൂപ്രണ്ട് | 2 | 1 | 1 |
| 3 | ക്ലർക്ക്/ സീനിയർ ക്ലർക്ക് | 4+1* | 4 | 3 |
| 4 | ടൈപ്പിസ്റ്റ് | 1 | 1 | 1 |
| 5 | ക്ലറിക്കൽ അറ്റൻഡർ | 1 | - | - |
| 6 | ഓഫീസ് അറ്റൻഡന്റ് | 1 | - | - |
| 7 | പാർട്ട് ടൈം വാച്ച്മാൻ | 1 | 1 | - |
| 8 | പാർട്ട് ടൈം സ്വീപ്പർ | 1 | - | - |
| **ആകെ** | | **13** | **7** | **5** |

*(ഇതിൽ ഒരു ക്ലർക്ക് തസ്തിക സൂപ്പർന്യൂമററി ആണ്)

- **<u>കരിയർ ഗൈഡൻസ് സെന്ററുകൾ (CGC)</u>**

**4.13** പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം ഉദ്യോഗാർത്ഥികൾക്കായി കരിയർ ഗൈഡൻസ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. CGC – കൾ രൂപീകരിച്ച ശേഷമാണ് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിച്ചതെന്നതിനാൽ തിരുവനന്തപുരം ഒഴികെ എറണാകുളം, കോഴിക്കോട് എന്നീ CGC–കൾ രണ്ട് എസ്റ്റാബ്ലിഷ്മെന്റുകളായി ഒരേ ഓഫീസുകളിലാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. എറണാകുളം, കോഴിക്കോട് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ തസ്തിക ഇക്കാരണത്താൽ പ്രസ്തുത CGC –കളിലെ എസ്റ്റാബ്ലിഷ്മെന്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത CGC – കളിലെ തസ്തികകളുടെ വിന്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരിയർ ഗൈഡൻസ് സെന്ററുകൾ | ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ | ക്ലർക്ക് | ടൈപ്പിസ്റ്റ് | ഇൻസ്ട്രക്ടർ സ്റ്റെനോഗ്രഫി | ഓഫീസ് അറ്റൻഡന്റ് | പാർട്ട് ടൈം സ്വീപ്പർ | ആകെ |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനൊപ്പം പ്രവർത്തിക്കുന്ന ഈ വിഭാഗത്തിനായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. | | | | | | 0 |
| 2 | എറണാകുളം | 1 | 2 | 1 | 1 | 1 | 1 | 7 |
| 3 | കോഴിക്കോട് | 1 | 1 | 1 | 1 | 1 | - | 5 |
| **ആകെ** | | | | | | | | **12** |

- **<u>ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>**

**4.14** ഭിന്നശേഷി വിഭാഗക്കാർക്കായുള്ള 6 സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. അഭ്യസ്തവിദ്യരായ ഭിന്നശേഷി വിഭാഗക്കാർക്ക് വിദ്യാഭ്യാസപരവും സാമൂഹികവുമായ നീതി ഉറപ്പ് വരുത്താൻ ഉതകുന്ന മാതൃകയിൽ സംവരണ ക്രമങ്ങൾ പാലിച്ച് കൊണ്ട് ഉദ്യോഗാർത്ഥികളെ അനുയോജ്യമായ വിവിധ തൊഴിൽ മേഖലകളിലേക്ക് നാമനിർദ്ദേശം ചെയ്യുക

എന്നതാണ് ഭിന്നശേഷിക്കാർക്കായുളള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ചുമതല. ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമിട്ട് 2016-2017 കാലഘട്ടത്തിൽ ആരംഭിച്ച 'കൈവല്യ' പദ്ധതിയുടെ നോഡൽ ഏജൻസിയായും ഈ എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. കൂടാതെ നിലവിൽ ബഹു. സുപ്രീം കോടതിയുടെ പ്രത്യേക വിധി പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 4% ഭിന്നശേഷി സംവരണം ഉറപ്പാക്കിയതിനാൽ ഇതുമായി ബന്ധപ്പെട്ട ബാക്ക്‌ലോഗ് വേക്കൻസികൾ അടക്കമുള്ള ആയിരക്കണക്കിന് വേക്കൻസികളിൽ തുടർച്ചയായ നടപടി ഈ എക്സ്ചേഞ്ചുകൾ മുഖേന സ്വീകരിച്ചു വരികയാണ്.

**4.15** കൂടാതെ 2016 ലെ 'റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്' അനുസരിച്ച് സർക്കാർ/അർദ്ധസർക്കാർ മേഖലയിലെ സ്ഥിരം/താല്കാലിക ഒഴിവുകളും എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ സ്ഥിരം ഒഴിവുകളും നിയമാനുസൃതമായ ഭിന്നശേഷി സംവരണം നൽകി നികത്തുന്നതിന് ഈ ഓഫീസുകൾ അനിവാര്യമാണ്. ഈ ഓഫീസിലെ ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **തസ്തിക** | **തിരുവനന്തപുരം** | **നെയ്യാറ്റിൻകര** | **കൊല്ലം** | **കോട്ടയം** | **എറണാകുളം** | **കോഴിക്കോട്** |
|---|---|---|---|---|---|---|---|
| 1. | സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ | 1 | 1 | 1 | 1 | 1 | 1 |
| 2. | ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ ജൂനിയർ സൂപ്രണ്ട് | 1 | 1 | 1 | 1 | 1 | 1 |
| 3. | ക്ലർക്ക്/ സീനിയർ ക്ലർക്ക് | 2 | 2 | 1 | 2 | 2 | 2 |
| 4. | ടൈപ്പിസ്റ്റ് | 1 | 1 | 1 | 1 | 1 | 1 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5. | ക്ലർക്ക് ടൈപ്പിസ്റ്റ് | - | - | 1 | - | - | - |
| 6. | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 2 | 2 |
| 7. | പാർട്ട് ടൈം സ്വീപ്പർ | 1 | 1 | - | - | - | - |
| | **ആകെ** | **7** | **7** | **6** | **6** | **7** | **7** |

- **<u>ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>**

**4.16** ജില്ലാതലത്തിലുള്ള സബ് ഓഫീസുകളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഏകോപനവും നിർവഹിക്കുന്ന ഓഫീസുകളാണ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ. ഇവ അതത് ജില്ലകളിലെ വേക്കൻസി എക്സ്ചേഞ്ചുകളായി പ്രവർത്തിച്ചുവരുന്നു. ഉദ്യോഗദായകർ അറിയിക്കുന്ന ഒഴിവുകൾ ബുക്ക് ചെയ്ത്, വേക്കൻസി സബ് ഓഫീസുകളിലേക്ക് സർക്കുലേറ്റ് ചെയ്ത്, ലിസ്റ്റ് ലഭ്യമാക്കി ക്രോഡീകരിച്ച് ഉദ്യോഗദായകർക്ക് നൽകുന്ന ചുമതല ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിർവഹിക്കുന്നു.

**<u>മറ്റ് ചുമതലകൾ</u>**

- പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ & പദ്ധതികളുടെ നടത്തിപ്പ് ചുമതല
- അതത് ജില്ലകളിലെ ജോബ് ഫെസ്റ്റ് നടത്തിപ്പ് ചുമതല.
- അതത് ജില്ലകളിലെ സബ് ഓഫീസുകളിലെ ആഭ്യന്തര പരിശോധന, മിന്നൽ പരിശോധന, നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പെൻഷൻ ഓഡിറ്റ് എന്നിവ നടത്തുക.
- 'കൈവല്യ' ഒഴികെയുള്ള സ്വയം തൊഴിൽ പദ്ധതികളുടെ ഫണ്ട് വിതരണവും മേൽനോട്ടവും (കൈവല്യ പദ്ധതിയുടെ നോഡൽ ഏജൻസിയായി

ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്)

- അതത് ജില്ലകളിലെ എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI) പ്രവർത്തനങ്ങളുടെ മേൽനോട്ടവും ഏകോപനവും
- വൊക്കേഷണൽ ഗൈഡൻസ് വിഭാഗത്തിന്റെ മേൽനോട്ട ചുമതല
- ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോട് അനുബന്ധമായി പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തന മേൽനോട്ടം.
- മേൽ പറഞ്ഞ ചുമതലകൾക്കു പുറമേയുള്ള മറ്റ് ദൈനംദിന പ്രവർത്തനങ്ങൾ.

**4.17** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ജീവനക്കാരെ വിന്യസിച്ചിരിക്കുന്നത് നിശ്ചിത ക്രമത്തിലല്ല. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, എംപ്ലോയ്മെന്റ് ഓഫീസർ, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, ക്ലർക്ക്/സീനിയർ ക്ലർക്ക്, ടൈപ്പിസ്റ്റ്, ക്ലർക്ക് ടൈപ്പിസ്റ്റ്, ക്ലറിക്കൽ അറ്റൻഡർ, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം വാച്ച്മാൻ, പാർട്ട് ടൈം സ്വീപ്പർ എന്നിങ്ങനെ 11 തസ്തികകളിലെ ജീവനക്കാരെയാണ് പൊതുവായി ജില്ലാ എക്സ്ചേഞ്ചുകളിൽ നിയമിച്ചിരിക്കുന്നത്. ഇടുക്കി ജില്ലാ ഓഫീസിൽ ഒരു ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തിക നിലവിലുണ്ടെങ്കിലും 'ക്ലറിക്കൽ അറ്റൻഡർ' തസ്തിക നിലവിലില്ല. കോട്ടയം, കോഴിക്കോട് ജില്ലാ ഓഫീസുകളിൽ 'പാർട്ട് ടൈം സ്വീപ്പർ' തസ്തികകളും എറണാകുളം, കോഴിക്കോട് ജില്ലാ ഓഫീസുകളിൽ 'പാർട്ട് ടൈം വാച്ച്മാൻ' തസ്തികയും നിലവിലില്ല. ജില്ലാ എക്സ്ചേഞ്ചുകളിൽ ജീവനക്കാരുടെ വിന്യാസം ചുവടെ ചേർക്കും പ്രകാരമാണ്.

| Sl. No | Name of District Employment Exchange | DEO | EO | JEO/JS | Head Clerk | Clerk/ Senior Clerk | Typist | Clerk Typist | Clerical Attender | Office Attendant | PTW | PTS | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 3 | 6 | 1 | 15 | 2 | - | 1 | 2 | 1 | 1 | 33 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2 | കൊല്ലം | 1 | 3 | 3 | 1 | 12 | 2 | - | 1 | 3 | 1 | 1 | 28 |
| 3 | ആലപ്പുഴ | 1 | 3 | 4 | 1 | 15 | 2 | - | 1 | 3 | 1 | 1 | 32 |
| 4 | പത്തനംതിട്ട | 1 | 2 | 4 | 1 | 9 | 1 | - | 1 | 3 | 1 | 1 | 24 |
| 5 | കോട്ടയം | 1 | 2 | 3 | 1 | 10 | 2 | - | 1 | 2 | 1 | - | 23 |
| 6 | ഇടുക്കി | 1 | 2 | 5 | - | 8 | 1 | 1 | - | 2 | 1 | 1 | 22 |
| 7 | എറണാകുളം | 1 | 3 | 4 | - | 12 | 2 | - | 1 | 2+1* | - | 1 | 27 |
| 8 | തൃശ്ശൂർ | 1 | 3 | 3 | 1 | 12 | 2 | - | 1 | 4 | 1 | 1 | 29 |
| 9 | പാലക്കാട് | 1 | 2 | 4 | - | 8 | 2 | 1 | 1 | 3+1* | 1 | 1 | 25 |
| 10 | മലപ്പുറം | 1 | 3 | 6 | - | 13+1* | 2 | - | 1 | 3 | 1 | 1 | 32 |
| 11 | കോഴിക്കോട് | 1 | 3 | 5 | 1 | 10+1* | 2 | - | 1 | 3 | - | - | 27 |
| 12 | വയനാട് | 1 | 2 | 3 | 1 | 7 | 1 | - | 1 | 3 | 1 | 1 | 21 |
| 13 | കണ്ണൂർ | 1 | 3 | 4 | 1 | 10 | 2 | - | 1 | 3 | 1 | 1 | 27 |
| 14 | കാസർഗോഡ് | 1 | 2 | 3 | - | 7 | 1 | - | - | 3 | 1 | 1 | 19 |
| **ആകെ** | | **369** | | | | | | | | | | | |

*(ഈ ലിസ്റ്റിൽ മലപ്പുറം, കോഴിക്കോട് ജില്ലകളിലെ രണ്ട് ക്ലർക്ക് തസ്തികകളും എറണാകുളം, പാലക്കാട് ജില്ലകളിലെ രണ്ട് ഓഫീസ് അറ്റൻഡന്റ് തസ്തികകളുമുൾപ്പെടെ 4 സൂപ്പർ ന്യൂമററി തസ്തികകൾ ഉൾപ്പെടുന്നു)

- **<u>ടൗൺ/റൂറൽ/ട്രൈബൽ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകൾ</u>**

**4.18** എല്ലാ ജില്ലാ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകൾക്ക് കീഴിലുമായി 62 ടൗൺ/റൂറൽ/ട്രൈബൽ എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. പതിനാല് വയസ്സ് പൂർത്തിയായവർ, ഭിന്നശേഷിക്കാർ, വിമുക്ത ഭടന്മാർ എന്നിവരുടെ രജിസ്ട്രേഷൻ ഈ എക്സ്ചേഞ്ചുകൾ വഴി നിലവിലുള്ള മാർഗ്ഗനിർദേശങ്ങൾക്ക് വിധേയമായി നടത്താൻ കഴിയും. അധിക വിദ്യാഭ്യാസ യോഗ്യത കൂട്ടിച്ചേർക്കൽ, തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ പുതുക്കൽ (മൂന്നുവർഷത്തിൽ ഒരിക്കൽ), രജിസ്ട്രേഷൻ കേരളത്തിലെ മറ്റു എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകളിലേക്ക് മാറ്റുന്നതിനുള്ള

അപേക്ഷകളിലും താഴ്ന്ന തസ്തികയിലേക്ക് പരിഗണിക്കാനുള്ള അപേക്ഷകളിന്മേലുള്ള നടപടികൾ എന്നിവ ഈ എക്സ്ചേഞ്ചുകളുടെ ചുമതലയാണ്.

**4.19** ഉദ്യോഗാർത്ഥികൾക്ക് സൗകര്യപ്രദമായി രജിസ്റ്റർ ചെയ്യുന്നതിനായി ഗ്രാമ പ്രദേശങ്ങളിലുള്ള സ്കൂളുകൾ/വായനശാലകൾ/പഞ്ചായത് ഹാളുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ക്യാമ്പ് രജിസ്ട്രേഷൻ സംഘടിപ്പിക്കുന്നു. ഇപ്രകാരമുള്ള രജിസ്ട്രേഷൻ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസുകളും പട്ടികജാതി, പട്ടികവർഗ്ഗ ഉദ്യാഗാർത്ഥികൾ കൂടുതലായുള്ള സ്ഥലങ്ങളിൽ സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് (സമന്വയ പദ്ധതി പോലുള്ളവ) നടത്തുന്നു. കൂടാതെ ഭിന്നശേഷിക്കാർക്കുള്ള രജിസ്ട്രേഷൻ ക്യാമ്പുകളും പലസ്ഥലങ്ങളിലും സ്പെഷ്യൽ സ്കൂളുകളിലും നടത്തുന്നുണ്ട്.

**4.20** 62 ടൗൺ/റൂറൽ/ട്രൈബൽ എക്സ്ചേഞ്ചുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | ഓഫീസുകളുടെ എണ്ണം | ഓഫീസുകളുടെ പേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | 7 | കഴക്കൂട്ടം (റൂറൽ), ആറ്റിങ്ങൽ, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാട്ടാക്കട, കിളിമാനൂർ, പാലോട് (ട്രൈബൽ) |
| 2 | കൊല്ലം | 7 | പുനലൂർ, കടക്കൽ, കരുനാഗപ്പള്ളി, കൊട്ടാരക്കര, കുന്നത്തൂർ, പരവൂർ, കുണ്ടറ |
| 3 | ആലപ്പുഴ | 5 | ചേർത്തല, കായംകുളം, മാവേലിക്കര, കുട്ടനാട്, ചെങ്ങന്നൂർ |
| 4 | പത്തനംതിട്ട | 4 | തിരുവല്ല, അടൂർ, റാന്നി, മല്ലപ്പള്ളി |
| 5 | കോട്ടയം | 4 | പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, വൈക്കം |
| 6 | ഇടുക്കി | 3 | തൊടുപുഴ, പീരുമേട്, ദേവികുളം-അടിമാലി |
| 7 | എറണാകുളം | 7 | തൃപ്പൂണിത്തുറ, ആലുവ, മൂവാറ്റുപുഴ, കൊച്ചി, നോർത്ത് പറവൂർ, കുന്നത്തുനാട്, കോതമംഗലം |
| 8 | തൃശ്ശൂർ | 5 | ഇരിങ്ങാലക്കുട, ചാലക്കുടി, കൊടുങ്ങല്ലൂർ, ചാവക്കാട്, തലപ്പിള്ളി |

| | | | |
|---|---|---|---|
| 9 | പാലക്കാട് | 4 | ഷൊർണ്ണൂർ, ചിറ്റൂർ, ആലത്തൂർ, മണ്ണാർകാട് |
| 10 | മലപ്പുറം | 6 | തിരൂർ, പൊന്നാനി, പെരിന്തൽമണ്ണ, നിലമ്പൂർ, തിരൂരങ്ങാടി, കുറ്റിപ്പുറം |
| 11 | കോഴിക്കോട് | 4 | വടകര, കൊയിലാണ്ടി, ബാലുശ്ശേരി, താമരശ്ശേരി |
| 12 | വയനാട് | 2 | സുൽത്താൻ ബത്തേരി, മാനന്തവാടി |
| 13 | കണ്ണൂർ | 3 | തലശ്ശേരി, തളിപ്പറമ്പ, മട്ടന്നൂർ |
| 14 | കാസർഗോഡ് | 1 | ഹോസ്ദുർഗ് |
| | **ആകെ** | **62** | |

**4.21** ഈ ഓഫീസുകളിലെ ജീവനക്കാരുടെ വിന്യാസം പൊതുവായ തരത്തിലല്ല. എംപ്ലോയ്മെന്റ് ഓഫീസർ, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട്, ക്ലർക്ക്/ സീനിയർ ക്ലർക്ക്, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, പാർട്ട് ടൈം വാച്ച്മാൻ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികകളാണ് ഇത്തരം ഓഫീസുകളിൽ നിലവിലുള്ളത്. കൂടാതെ നെയ്യാറ്റിൻകര, കാട്ടാക്കട, പുനലൂർ, കായംകുളം, ചാലക്കുടി ടൗൺ എക്സ്ചേഞ്ചുകളിൽ ഓരോ ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികകളും നിലവിലുണ്ട്. 62 ടൗൺ/റൂറൽ/ട്രൈബൽ എക്സ്ചേഞ്ചുകളിലേയും ജീവനക്കാരുടെ വിന്യാസം ചുവടെ ചേർക്കും പ്രകാരമാണ്. ഈ ലിസ്റ്റിൽ ഉൾപ്പെട്ട പാലോട് ട്രൈബൽ എക്സ്ചേഞ്ചും കഴക്കൂട്ടം റൂറൽ എക്സ്ചേഞ്ചും ഒഴികെയുള്ളവയെല്ലാം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ്.

| Sl. No | Name of Town/Rural/Tribal Employment Exchange | EO | JEO/JS | Head Clerk | Clerk/ Senior Clerk | Typist | Clerk Typist | Clerical Attender | Office Attendant | PTW | PTS | Total |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ആറ്റിങ്ങൽ | 1 | 2 | - | 5 | 1 | - | - | 2 | 1 | 1 | 13 |
| 2 | കഴക്കൂട്ടം (റൂറൽ) | 1 | 2 | - | 4+1* | 2 | - | - | 2 | 1 | 1 | 14 |
| 3 | നെടുമങ്ങാട് | 1 | 2 | - | 4+1* | 1 | 1 | - | 1+1* | 1 | 1 | 14 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | നെയ്യാറ്റിൻകര | 1 | 3 | - | 10+1* | 2 | 1 | - | 2 | 1 | 1 | 22 |
| 5 | കാട്ടാക്കട | 1 | 2 | - | 4 | 1 | 1* | - | 1+1* | 1 | 1 | 13 |
| 6 | കിളിമാന്നൂർ | 1 | 2 | - | 3 | 1 | - | - | 1+1* | 1 | 1 | 11 |
| 7 | പാലോട് (ട്രൈബൽ) | 1 | 1 | - | 2 | 1 | - | - | 1 | - | - | 6 |
| 8 | പുനലൂർ | 1 | 1 | 1 | 3 | 1 | - | - | 1 | 1 | 1 | 10 |
| 9 | കടക്കൽ | 1 | 1 | - | 3 | 1 | - | - | 1 | 1 | 1 | 9 |
| 10 | കരുനാഗപ്പള്ളി | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 11 | കൊട്ടാരക്കര | 1 | 2 | - | 4 | 1 | 1* | - | 1 | - | 1 | 11 |
| 12 | കുന്നത്തൂർ | 1 | 1 | - | 3 | 1 | - | - | 1 | - | 1 | 8 |
| 13 | പരവൂർ | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 14 | കുണ്ടറ | 1 | 1 | 1 | 3 | 1 | - | - | 1 | 1 | 1 | 10 |
| 15 | ചേർത്തല | 1 | 3 | - | 6 | 1 | - | - | 1 | 1 | 1 | 14 |
| 16 | കായംകുളം | 2 | 1 | 1 | 4 | 1 | 1 | - | 1 | 1 | 1 | 13 |
| 17 | മാവേലിക്കര | 1 | 1 | 1 | 4 | 1 | - | - | 1 | - | 1 | 10 |
| 18 | കുട്ടനാട് | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 19 | ചെങ്ങന്നൂർ | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 20 | തിരുവല്ല | 1 | 1 | - | 3 | 1 | - | - | 1 | - | 1 | 8 |
| 21 | അടൂർ | 1 | 2 | 1 | 4 | 1 | - | - | 1 | 1 | 1 | 12 |
| 22 | റാന്നി | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 23 | മല്ലപ്പള്ളി | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 24 | പാലാ | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 25 | കാഞ്ഞിരപ്പള്ളി | 1 | 1 | - | 3 | 1 | - | - | 1 | 1 | 1 | 9 |
| 26 | ചങ്ങനാശ്ശേരി | 1 | 1 | 1 | 5 | 1 | - | - | 1 | 1 | 1 | 12 |
| 27 | വൈക്കം | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 28 | തൊടുപുഴ | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 29 | പീരുമേട് | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 30 | ദേവികുളം - അടിമാലി | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 31 | തൃപ്പൂണിത്തുറ | 1 | 1 | - | 3 | 1 | - | - | 1 | - | 1 | 8 |
| 32 | ആലുവ | 2 | 2 | - | 6 | 1 | - | - | 1 | 1 | 1 | 14 |
| 33 | മുവാറ്റുപുഴ | 1 | 2 | - | 4 | 1 | - | - | 1 | 1 | 1 | 11 |
| 34 | നോർത്ത് പറവൂർ | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 35 | കൊച്ചി | 1 | 2 | - | 5+1* | 1 | - | - | 2 | - | 1 | 13 |
| 36 | കുന്നത്തുനാട് | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 37 | കോതമംഗലം | 1 | 1 | - | 2+1* | 1 | - | - | 1 | 1 | 1 | 9 |
| 38 | ഇരിങ്ങാലക്കുട | 1 | 2 | - | 4 | 1 | - | - | 1 | 1 | 1 | 11 |
| 39 | ചാലക്കുടി | 1 | 1 | - | 3 | 1 | 1 | - | 1 | 1 | 1 | 10 |
| 40 | കൊടുങ്ങല്ലൂർ | 1 | 1 | - | 3 | 1 | - | - | 1 | - | 1 | 8 |
| 41 | ചാവക്കാട് | 1 | 1 | - | 2 | 1 | - | - | 1 | - | 1 | 7 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 42 | തലപ്പിള്ളി | 1 | 1 | 1 | 3+1* | 1 | - | - | 1 | - | 1 | 10 |
| 43 | ഷോർണൂർ | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 44 | ചിറ്റൂർ | 1 | 1 | - | 2 | 1 | - | - | 1 | - | 1 | 7 |
| 45 | ആലത്തൂർ | 1 | 1 | 1 | 2+1* | 1 | - | - | 1 | - | 1 | 9 |
| 46 | മണ്ണാർക്കാട് | 1 | 1 | - | 2 | 1 | - | - | 1 | - | 1 | 7 |
| 47 | തിരൂർ | 1 | 1 | 1 | 3 | - | - | - | 1 | 1 | 1 | 9 |
| 48 | പൊന്നാനി | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 49 | പെരിന്തൽമണ്ണ | 1 | 1 | 1 | 3 | 1 | - | - | 1 | 1 | 1 | 10 |
| 50 | നിലമ്പൂർ | 1 | 2 | - | 5 | 1 | - | - | 1 | 1 | 1 | 12 |
| 51 | തിരൂരങ്ങാടി | 1 | 1 | - | 3 | 1 | - | - | 1 | 1 | 1 | 9 |
| 52 | കുറ്റിപ്പുറം | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 53 | വടകര | 1 | 1 | 1 | 4 | 1 | - | - | 1 | 1 | 1 | 11 |
| 54 | കൊയിലാണ്ടി | 1 | 2 | - | 5 | 1 | - | - | 1 | 1 | 1 | 12 |
| 55 | ബാലുശ്ശേരി | 1 | 1 | - | 3 | 1 | - | - | 1 | 1 | 1 | 9 |
| 56 | താമരശ്ശേരി | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 57 | സുൽത്താൻ ബത്തേരി | 1 | 2 | - | 3 | 1 | - | - | 1 | 1 | 1 | 10 |
| 58 | മാനന്തവാടി | 1 | 1 | - | 2 | 1 | - | - | 1 | 1 | 1 | 8 |
| 59 | തലശ്ശേരി | 1 | 1 | 1 | 5 | 1 | - | - | 1 | 1 | 1 | 12 |
| 60 | തളിപ്പറമ്പ | 1 | 2 | - | 5 | 1 | - | - | 1 | - | 1 | 11 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 61 | മട്ടന്നൂർ | 1 | 1 | - | 3 | 1 | - | - | 1 | 1 | 1 | 9 |
| 62 | ഹോസ്ദുർഗ് | 1 | 2 | - | 5 | 1 | - | - | 2 | - | 1 | 12 |
| **ആകെ** | | **634** | | | | | | | | | | |

*(ഇവയിൽ കഴക്കൂട്ടം, നെടുമങ്ങാട്, നെയ്യാറ്റിൻകര, കൊച്ചി, കോതമംഗലം, തലപ്പിള്ളി, ആലത്തൂർ എക്സ്ചേഞ്ചുകളിലെ 7 ക്ലർക്ക് തസ്തികകളും കാട്ടാക്കട, കൊട്ടാരക്കര എന്നീ എക്സ്ചേഞ്ചുകളിലെ 2 ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികകളും നെടുമങ്ങാട്, കാട്ടാക്കട, കിളിമാനൂർ എക്സ്ചേഞ്ചുകളിലെ 3 ഓഫീസ് അറ്റൻഡന്റ് തസ്തികകളും സൂപ്പർന്യൂമററി തസ്തികകളാണ്)

- **യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ**

**4.22** വകുപ്പിന് കീഴിൽ കേരളാ യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം PMG സ്റ്റുഡന്റ്സ് സെന്റർ കാംപസ്, കോട്ടയം എംജി യൂണിവേഴ്സിറ്റി കാംപസ്, കൊച്ചി കുസാറ്റ് കാംപസ്, കാലടി സംസ്കൃത സർവകലാശാല കാംപസ്, തൃശ്ശൂർ മണ്ണുത്തി കാർഷിക സർവ്വകലാശാല കാംപസ്, കോഴിക്കോട് സർവകലാശാല കാംപസ്, കണ്ണൂർ സർവകലാശാല കാംപസ് എന്നിവിടങ്ങളിലായി 6 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ പ്രവർത്തിക്കുന്നു. ഇവയുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

- ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സംബന്ധിയായ വിവരങ്ങൾ നൽകുക.
- നിലവിലെ തൊഴിലവസരങ്ങളെ കുറിച്ച് വിവരങ്ങൾ നൽകുക.
- തൊഴിൽ സംബന്ധമായും തൊഴിലവസരങ്ങൾ സംബന്ധമായും വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
- വ്യക്തിഗത മാർഗ്ഗനിർദ്ദേശം നൽകുക
- സംഘചർച്ചകൾ സംഘടിപ്പിക്കുക
- വ്യക്തിത്വ വികസനത്തിന് ആവശ്യമായ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.
- മോക്ക് ഇന്റർവ്യൂകൾ സംഘടിപ്പിക്കുക

- വിദ്യാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊടുക്കുക.
- സൗജന്യ മത്സരപരീക്ഷാ പരിശീലനം സംഘടിപ്പിക്കുക.
- കരിയർ കൗൺസിലിങ്ങ് നടത്തുക
- ലൈബ്രറി/റീഡിങ്ങ് റൂം സൗകര്യം ലഭ്യമാക്കുക
- വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ച് കരിയർ ടോക്ക്/സെമിനാർ/എക്സിബിഷൻ എന്നിവ നടത്തുക

**4.23** ഈ ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **തസ്തിക** | **തിരുവനന്തപുരം** | **കോട്ടയം** | **കുസാറ്റ്** | **കാലടി** | **മണ്ണുത്തി** | **കോഴിക്കോട്** | **കണ്ണൂർ** |
|---|---|---|---|---|---|---|---|---|
| 1. | ഡെപ്യൂട്ടി ചീഫ് | 1 | 1 | 1 | 1 | 1 | 1 | 1 |
| 2. | ക്ലർക്ക്/ സീനിയർ ക്ലർക്ക് | 3 | 2 | 2 | 1 | 2 | 2 | 2 |
| 3. | ടൈപ്പിസ്റ്റ് | 1 | - | 1 | - | 1 | 1 | - |
| 4. | ക്ലർക്ക് - ടൈപ്പിസ്റ്റ് | - | - | - | 1 | - | - | - |
| 5. | ഓഫീസ് അറ്റൻഡന്റ് | 1 | 1 | 1 | 1 | 1 | 1 | 1 |
| 6. | പാർട്ട് ടൈം വാച്ച്മാൻ | 1 | - | - | - | - | - | - |
| **ആകെ** | | **7** | **4** | **5** | **4** | **5** | **5** | **4** |

- **<u>മോഡൽ കരിയർ സെന്ററുകൾ</u>**

**4.24** ഈ വകുപ്പിന് കീഴിൽ 13 മോഡൽ കരിയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, കോട്ടയം, കൊച്ചി, കണ്ണൂർ എന്നീ നാല് സെന്ററുകൾ യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകൾക്കൊപ്പവും കാട്ടാക്കട, ആറ്റിങ്ങൽ, മാവേലിക്കര, ആലുവ, നോർത്ത് പറവൂർ, മൂവാറ്റുപുഴ, കോതമംഗലം, ഇരിങ്ങാലക്കുട, തലപ്പിള്ളി എന്നീ ഒൻപത് സെന്ററുകൾ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പവുമാണ് പ്രവർത്തിക്കുന്നത്. യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന മോഡൽ കരിയർ സെന്ററുകളുടെ പ്രവർത്തനങ്ങളുടെ ഏകോപന ചുമതല ഡെപ്യൂട്ടി ചീഫ്/ സെന്റർ മാനേജർക്കും ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം പ്രവർത്തിക്കുന്ന സെന്ററുകളുടെ ചുമതല അതത് ടൗൺ എംപ്ലോയ്മെന്റ് ഓഫീസർമാരും നിർവഹിക്കുന്നു. മോഡൽ കരിയർ സെന്റർ സംബന്ധിച്ചും നാഷണൽ കരിയർ സർവ്വീസ് (NCS) പോർട്ടൽ സംബന്ധിച്ചും വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക, വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് ഉദ്യോഗദായകരെ എൻ.സി.എസ് പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക, ഉദ്യോഗാർത്ഥികളെ NCS പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക, വിവിധ സ്ഥാപനങ്ങളിലെ ഒഴിവുകൾ NCS പോർട്ടലിൽ പോസ്റ്റ് ചെയ്യിപ്പിക്കുക, ജോബ്ഫെയറുകൾ, ഔട്ട് റീച്ച് ആക്ടിവിറ്റീസ് എന്നിവ സംഘടിപ്പിക്കുക, വൊക്കേഷണൽ ഗൈഡൻസ് (VG) ശാക്തീകരണവുമായി ബന്ധപ്പെട്ട് അനുവദിക്കുന്ന ഫണ്ടുകൾ കൈകാര്യം ചെയ്യുകയും വിതരണത്തിന്റെ ചുമതല നിർവഹിക്കുകയും ചെയ്യുക, മോഡൽ കരിയർ സെന്ററുമായി ബന്ധപ്പെട്ട ജീവനക്കാരുടെ സേവനവിവരങ്ങൾ, ഫണ്ട് എന്നിവയുടെ പരിപാലനം. ബ്യൂറോയുടെ തനത് ഫണ്ട്, ഫിക്സഡ് ഡെപ്പോസിറ്റുകൾ, ചീഫിന്റെ ഓണറേറിയം, മറ്റ് കണ്ടിജന്റ് ബില്ലുകൾ കൈകാര്യം ചെയ്യുക എന്നിവയാണ് മോഡൽ കരിയർ സെന്ററുകളുടെ പ്രധാന ചുമതലകൾ.

**4.25** മോഡൽ കരിയർ സെന്ററുകളിൽ 'യങ് പ്രൊഫഷണൽ' (YP) എന്ന പേരിൽ കേന്ദ്ര സർക്കാർ 3 വർഷത്തേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന ഉദ്യോഗസ്ഥൻ മാത്രമാണ് നിലവിലുള്ളത്. മൂന്ന് വർഷത്തിനുശേഷം ഈ തസ്തികയിൽ വകുപ്പാണ് നിയമനം നൽകേണ്ടത്. തിരുവനന്തപുരം, കാട്ടാക്കട, കോതമംഗലം, മൂവാറ്റുപുഴ എന്നീ മോഡൽ കരിയർ സെന്ററുകളിൽ 'യങ് പ്രൊഫഷണൽ' തസ്തികയിൽ ആരും തന്നെ നിലവിൽ സേവനമനുഷ്ഠിക്കുന്നില്ല. കാട്ടാക്കട, കോതമംഗലം MCC കളിലെ ഉദ്യോഗസ്ഥൻ രാജി വച്ച് പോയ ശേഷം പുതിയ നിമയനം നടന്നിട്ടില്ല. മൂവാറ്റുപുഴ MCC -യിലെ YP യുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് ഡയറക്ടറേറ്റിൽ നിന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ കരാർ സേവനം അവസാനിപ്പിക്കുകയാണ് ചെയ്തത്. ഈ മൂന്ന് ഓഫീസുകളിലും പുതിയ YP യെ നിയമിച്ചിട്ടില്ല.

**4.26** നിലവിൽ ഡെപ്യൂട്ടി ചീഫ്/ സെന്റർ മാനേജർ, YP എന്നീ ഉദ്യോഗസ്ഥരാണ് കരിയർ കൗൺസിലിംഗ് ഉൾപ്പെടെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നത്. തിരുവനന്തപുരം മോഡൽ കരിയർ സെന്ററിൽ നിശ്ചിത യോഗ്യതയുള്ള ക്ലർക്ക് തസ്തികയിലുള്ള ഒരു ജീവനക്കാരന് കരിയർ കൗൺസിലറുടെ താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്.

- **<u>എംപ്ലോയ്മെന്റ് ഇൻഫർമേഷൻ അസിസ്റ്റന്റ് ബ്യൂറോകൾ</u>**

**4.27** ഇടുക്കി ജില്ലയിലെ ദേവികുളം, മലപ്പുറം ജില്ലയിലെ വണ്ടൂർ, കൊണ്ടോട്ടി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നിവിടങ്ങളിലായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ കീഴിൽ ആകെ 6 എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് അസിസ്റ്റൻസ് ബ്യൂറോകൾ പ്രവർത്തിക്കുന്നു. ഈ 6 ബ്യൂറോകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി അധികതസ്തികകൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരാണ് നിലവിൽ

ബ്യൂറോകളുടെ പ്രവർത്തനം കൂടി അധികമായി നിർവഹിക്കുന്നത്. പ്രസ്തുത ബ്യൂറോകൾ മുഖേന സ്വയം തൊഴിൽ, വൊക്കേഷണൽ ഗൈഡൻസ് മേഖലകളിലായി വിപുലമായ കർമ്മ പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ഗവണ്മെന്റ്/പ്രൈവറ്റ് തൊഴിൽ സാധ്യതകളെക്കുറിച്ച് വിവരം നൽകൽ, കോഴ്സുകളെക്കുറിച്ചും കോളേജുകളെക്കുറിച്ചുമുള്ള വിവരം നൽകൽ, സ്വയം തൊഴിൽ പദ്ധതികളെ കുറിച്ചുള്ള വിവരവും അപേക്ഷയും നൽകൽ, മത്സരപരീക്ഷാ പരിശീലനം, എന്നിവയും ഈ ബ്യൂറോകൾ മുഖേന നൽകിവരുന്നു. കൂടാതെ സ്കൂൾ/കോളജ് സന്ദർശനം പട്ടികജാതി/ പട്ടികവർഗ്ഗ കോളനി സന്ദർശനം, സ്വയം തൊഴിൽ സംരംഭങ്ങളുടെ സന്ദർശനം എന്നിവ നടത്തിവരുന്നു. എംപ്ലോയ്മെന്റ് വകുപ്പിന്റെ സേവനം പട്ടിക ജാതി/പട്ടികവർഗ കോളനികളിൽ ലഭ്യമാക്കുന്നതിനായി 2018 -2019 ൽ എംപ്ലോയ്മെന്റ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന 'സമന്വയ' എന്ന പദ്ധതി വിജയകരമായും വളരെ ഫലപ്രദമായും എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് അസിസ്റ്റൻസ് ബ്യൂറോ നടത്തി വരുന്നു. 2023 -2024 ൽ എംപ്ലോയ്മെന്റ് സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തിക്കുന്ന മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികജാതി/പട്ടികവർഗ കോളനികൾ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിക്കുകയും ഉദ്യോഗാർത്ഥികൾക്ക് കരിയർ ബോധവൽക്കരണവും പി.എസ്.സി മത്സരപരീക്ഷാ ബോധവൽക്കരണവും നൽകുകയും ചെയ്തിട്ടുണ്ട്.

- **<u>എംപ്ലോയബിലിറ്റി സെന്ററുകൾ</u>**

**4.28** നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം 11 എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ഭരണ ചുമതലയിൽ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരാണ് സെന്റർ ഹെഡ് ആയി പ്രവർത്തിക്കുന്നത്. സെന്ററുകളുടെ പ്രവർത്തന ചുമതല ജില്ലാ എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ

ഗൈഡൻസ് യൂണിറ്റുകൾക്കാണ്. പ്ലാൻ ഫണ്ട് വിനിയോഗം നിലവിലുണ്ടെങ്കിലും സെന്ററുകൾക്കായി തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടില്ല. കരിയർ കൗൺസിലർ, ഡവലപ്മെന്റ് ഓഫീസർ, ഐ.ടി ഓഫീസർ കം രജിസ്ട്രേഷൻ അസിസ്റ്റന്റ് എന്നീ 3 തസ്തികകളിൽ കോൺട്രാക്ട് വ്യവസ്ഥയിലുള്ള ജീവനക്കാരാണ് നിലവിൽ ഈ സെന്ററുകളിലെ ചുമതലകൾ നിർവഹിക്കുന്നത്. ഇവയ്ക്ക് പുറമേ ഇടുക്കിയിൽ ഒരു എംപ്ലോയബിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരികയുമാണ്.

**4.29** തൊഴിലില്ലാത്ത യുവാക്കളെ കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുകയും അവരുടെ നിലവിലെ കഴിവുകളും അഭിരുചിയും കൃത്യമായി വിലയിരുത്തുകയും ചെയ്യുക എന്നതാണ് ഈ കേന്ദ്രങ്ങളുടെ ദൗത്യവും ചുമതലയും. കേരളത്തിലെ സ്വകാര്യ മേഖലയിലോ മറ്റെവിടെയെങ്കിലുമോ തൊഴിൽ ലഭിക്കാൻ അവരെ പര്യാപ്തരാക്കുന്ന തരത്തിൽ ഈ കേന്ദ്രങ്ങൾ ഒരു തൊഴിൽ ബാങ്ക്/തൊഴിൽ ദാതാവിന്റെ ഡാറ്റാബേസായി നിലകൊള്ളുന്നുണ്ട്. തൊഴിലന്വേഷകർക്ക് പ്രസ്തുത ഡാറ്റാബേസ് ഉപയോഗിച്ച് തൊഴിൽ ദാതാക്കളുമായും ലഭ്യമായ തൊഴിലവസരങ്ങളുമായും വളരെ എളുപ്പത്തിൽ ബന്ധപ്പെടാൻ സാധിക്കും.

**4.30** വ്യക്തികൾക്ക് നൈപുണ്യ പരിശീലനം, ഓഫീസ്/സോഫ്റ്റ് സ്കിൽസ്, ആശയവിനിമയ കഴിവുകൾ എന്നിവ ആർജ്ജിക്കുന്നതിനുള്ള പരിശീലനം നൽകുക, കൗൺസിലിംഗ്, ഗ്രൂപ്പ് ഡിസ്കഷൻ എന്നിവ നടത്തി അവരെ ആത്മവിശ്വാസമുള്ള തൊഴിലന്വേഷകരായി മാറ്റുക എന്നീ ലക്ഷ്യങ്ങളോടെയാണ് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിക്കുന്നത്.

- **<u>കരിയർ ഡെവലപ്മെന്റ് സെന്ററുകൾ</u>**

**4.31** നെയ്യാറ്റിൻകര, പാലോട്, കൊട്ടാരക്കര, കായംകുളം, തൃപ്പൂണിത്തുറ, ചിറ്റൂർ, പേരാമ്പ്ര എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം 7 കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. അതത് ടൗൺ എംപ്ലോയ്മെന്റ് ഓഫീസർമാരാണ് ഇവയുടെ പ്രവർത്തന ചുമതല നിർവഹിക്കുന്നത്. ഇവ കൂടാതെ

കരമന, ചേലക്കര എന്നിവിടങ്ങളിൽ കരിയർ ഡവലപ്മെന്റ് സെന്ററുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പയ്യന്നൂരിൽ സെന്റർ പുതിയതായി ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാകുകയും ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. നിലവിലുള്ള കരിയർ ഡവലപ്മെന്റ് സെന്ററുകൾക്കും പുതിയതായി ആരംഭിക്കുന്ന സെന്ററുകൾക്കും അധിക തസ്തികകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

**4.32** പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്റർ പ്രത്യേക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ എംപ്ലോയ്മെന്റ് ഓഫീസർ (VG) - ക്കാണ് ഈ സെന്ററിന്റെ ചുമതല നൽകിയിട്ടുള്ളത്. ഒരു സീനിയർ ക്ലർക്കിനേയും ഈ ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി നിയമിച്ചിട്ടുണ്ട്.

**4.33** കോഴ്സുകൾ പൂർത്തീകരിച്ചശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നവർക്ക് ആവശ്യമായ പരിശീലനവും പ്രചോദനവും നൽകുക, Resume പ്രിപ്പറേഷൻ, വിവിധ മത്സര പരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, പ്രീ ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ എന്നിവയിലൂടെ വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ എല്ലാവിധ നിർദ്ദേശങ്ങളും സെന്ററുകൾ മുഖേന ലഭ്യമാക്കുന്നുണ്ട്. സെന്ററിൽ വിപുലമായ കരിയർ ലൈബ്രറിയും ഒരുക്കിയിട്ടുണ്ട്.

**4.34** ഇന്റർനെറ്റ് കണക്ഷനുള്ള കംപ്യൂട്ടർ ലാബ് കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ പ്രവർത്തിക്കുന്നുണ്ട്. ഓൺലൈൻ അപേക്ഷകൾ നൽകുമ്പോൾ ഉണ്ടാകാവുന്ന സംശയങ്ങൾ ഐടി ഓഫീസറുടെ സേവനം ഉപയോഗിച്ച് പരിഹരിക്കുന്നതിനും സൗകര്യം നിലവിലുണ്ട്. കരിയർ സംബന്ധമായ കാര്യത്തിന് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ലഭ്യമാക്കുന്നുണ്ട്. ഇന്റർവ്യൂവിന് മുന്നോടിയായി ഉദ്യോഗാർത്ഥികളെ മോക്ക് ഇന്റർവ്യൂവിലൂടെയും ക്ലാസ്സുകളിലൂടെയും പൂർണ്ണമായും സജ്ജരാക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. പുതിയ തൊഴിൽ തേടുന്നതിനും മറ്റൊരു

ജോലിയിലേക്ക് മാറുന്നതിനും നിലവിലുള്ള ജോലിയിൽ ഉയർച്ച നേടുന്നതിനും ആവശ്യമായ എല്ലാ ഉപദേശങ്ങളും/നിർദ്ദേശങ്ങളും സെന്ററിൽ നിന്ന് ലഭ്യമാക്കുന്നുണ്ട്. കരിയർ സംബന്ധമായ ഏതു സംശയവും നിവാരണം ചെയ്യുന്നതിന് ഇവിടെ സംവിധാനമുണ്ട്. കൗൺസിലറുടെ സേവനവും ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാണ്. വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം, മുതലായവ എല്ലാം വിശദമായി പരിശോധിച്ച് കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദ്ദേശങ്ങൾ കൗൺസിലർ നൽകുന്നതായിരിക്കും.

- **പി.എസ്.സി ഫെസിലിറ്റേഷൻ സെന്ററുകൾ**

**4.35** കേരള പി.എസ്.സി ലഭ്യമാക്കുന്ന ഓൺലൈൻ പരീക്ഷാ പരിശീലനം, വൺ ടൈം രജിസ്ട്രേഷൻ സേവനങ്ങളെക്കുറിച്ച് അവബോധം എന്നിവ നൽകുന്നതിനായി പിഎസ്സിയുടെ സഹകരണത്തോടെ 2019-2020 സാമ്പത്തികവർഷം മുതൽ ജില്ലാ ആസ്ഥാനങ്ങളിൽ പി.എസ്.സി ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ട്. 10 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, തിരുവനന്തപുരം, കാലടി, കോഴിക്കോട് യൂണിവേഴ്സിറ്റി ബ്യൂറോകൾ, കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പേരാമ്പ്ര കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവയോടൊപ്പം പി.എസ്.സി ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അതത് ഓഫീസ് മേധാവികളാണ് ഇവയുടെ ചുമതല നിർവഹിക്കുന്നത്. പി.എസ്.സി-യുമായി ബന്ധപ്പെട്ട ഡോക്യുമെന്റ് അപ്ലോഡിംഗ്, സംശയം നിവാരണം, റാങ്ക് ലിസ്റ്റുകൾ ഷോർട്ട് ലിസ്റ്റുകൾ എന്നിവയുടെ വിവരങ്ങൾ, ഷോർട്ട് ലിസ്റ്റുകൾ പരിശോധിക്കുന്ന വിധം ക്രിമിലെയർ/നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റുകൾ അപ്ലോഡിംഗിനുള്ള സൗകര്യം, ഹാൾ ടിക്കറ്റ് ഡൗൺലോഡിംഗ് എന്നീ സേവനങ്ങൾ ഈ സെന്ററുകൾ മുഖേന തികച്ചും സൗജന്യമായാണ് ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നത്.

**ഒഴിവുകളിലേക്കുള്ള നിയമനം**

**4.36** സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ വരുന്ന ഒഴിവുകളിൽ പി എസ് സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തപക്ഷം താത്കാലിക നിയമനം എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്ന് 1958 ലെ KS & SSR റൂൾ 9 a(i) പ്രകാരം വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തപക്ഷം പി എസ് സി യിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് (എൻ എ സി) ലഭ്യമാക്കിയും, പി എസ് സി യുടെ നിയമന പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ചിൽ നേരിട്ട് അറിയിച്ചും നികത്തണമെന്ന് വിവിധ ഉത്തരവുകളിലൂടെ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലെ ഒഴിവുകൾക്ക് ഉദ്യോഗദായകർ നിഷ്കർഷിക്കും പ്രകാരമുള്ള യോഗ്യതയ്ക്കനുസരിച്ചുള്ള ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നു.

**4.37** പട്ടികജാതി /പട്ടികവർഗ്ഗ/ മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സമുദായ സംവരണം ഉറപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കമ്മ്യൂണൽ റൊട്ടേഷൻ റോസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അത് പ്രകാരം കേരള സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അറിയിക്കുന്ന ഒഴിവുകളിൽ സംവരണതത്വം പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്ത് വരുന്നത്.

**4.38** ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യത, സീനിയോറിറ്റി, പ്രായം, മുൻഗണന, സാമുദായിക സംവരണം എന്നിവയുടെ അടിസ്ഥാനത്തിൽ മൂന്ന് വർഷത്തേയ്ക്കായി സീനിയോറിറ്റി ലിസ്റ്റ് സംസ്ഥാനത്തെ ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും തയ്യാറാക്കി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**4.39** അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് സീനിയോറിറ്റി, വിദ്യാഭ്യാസ യോഗ്യത, പ്രായപരിധി, സാമുദായിക സംവരണം, മുൻഗണനകൾ, തൊഴിൽ പരിചയം, നിലവിലെ മറ്റു നിയമങ്ങൾ എന്നിവ പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്.

**4.40** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് നാമനിർദ്ദേശം ചെയ്ത ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നിയമനം നടത്തുന്നത് ഉദ്യോഗദായകനാണ്. തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ വിവരം ഉദ്യോഗദായകൻ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുകയും തുടർന്ന് രജിസ്ട്രേഷൻ രേഖകളിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുകയും ചെയ്യുന്നു. നിയമനകാലാവധി കഴിയുന്ന മുറയ്ക്ക് ഉദ്യോഗാർത്ഥിയെ വിടുതൽ ചെയ്യുമ്പോൾ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്/വിടുതൽ സർട്ടിഫിക്കറ്റ് 90 ദിവസത്തിനു ള്ളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാക്കേണ്ടതാണ്. എങ്കിൽ മാത്രമേ ടി ഉദ്യോഗാർത്ഥിയെ തുടർന്നുള്ള ഒഴിവുകൾക്ക് പരിഗണിയ്ക്കുകയുള്ളൂ.

## താൽക്കാലിക തസ്തികകൾ

**4.41** 02.04.1986 –നും 24.03.2000 -നുമിടയിലുള്ള വിവിധ കാലയളവുകളിൽ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി അനുവദിച്ചവയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ജോലിഭാരം കണക്കിലെടുത്ത് അനുവദിച്ച തസ്തികകളും പുതിയതായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിച്ചപ്പോൾ അനുവദിച്ച തസ്തികകളുമുൾപ്പെടെ വിവിധ കാറ്റഗറികളിലായി 367 താൽക്കാലിക തസ്തികകൾ ഈ വകുപ്പിൽ നിലവിലുള്ളതായി വകുപ്പ് തലവൻ സമർപ്പിച്ച പ്രപ്പോസലിൽ അറിയിച്ചിട്ടുണ്ട്. തസ്തികകൾ അനുവദിച്ച ഓഫീസുകളിൽ ഈ തസ്തികകൾ ഇപ്പോഴും തുടർന്നു പോരുന്നവയാണ്. 22.03.2000 – ലെ സ.ഉ.(സാധാ) 1094/00/LBR നമ്പർ ഉത്തരവ് മുഖേന 01.03.1998 മുതലുള്ള ഒരു വർഷക്കാലയളവിലേയ്ക്കാണ് പ്രസ്തുത 367 താൽക്കാലിക ജീവനക്കാർക്ക് അവസാനമായി തുടർച്ചാനുമതി ലഭ്യമായിട്ടുള്ളത്.

തുടർന്നുള്ള 24 വർഷങ്ങളായി ഈ തസ്തികകൾ തുടർച്ചാനുമതി ഉത്തരവ് ഇല്ലാതെ തുടർന്നുവരികയാണ്. ശമ്പളവും മറ്റെല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ടെങ്കിലും താൽക്കാലിക തസ്തികകളായതിനാൽ ഇവരെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കേഡർ സ്ട്രെങ്തിൽ ഉൾപ്പെടുത്താൻ കഴിയില്ല. കേഡർ സ്ട്രെങ്തിൽ ഉൾപ്പെടുത്താത്ത സ്ഥിരം തസ്തികകളല്ലാത്തതുകൊണ്ടുതന്നെ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ പോലുള്ള സ്ഥിരം തസ്തികകളിൽ വേക്കൻസി പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യം ഈ വകുപ്പിൽ നിലവിലുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ഇത്തരം തസ്തികകളിൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭ്യമാകാത്ത സാഹചര്യം സംജാതമായതുകൊണ്ടുതന്നെ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ പി.എസ്.സി റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്.

## പഞ്ചിംഗ് സംവിധാനം

**4.42** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത അറ്റൻഡൻസ് മാനേജ്മെന്റ് സംവിധാനം നിലവിലുണ്ട്. ആസ്ഥാന കാര്യാലയത്തിൽ 04.01.2023 – ന് പഞ്ചിംഗ് സംവിധാനം നിലവിൽ വരികയും സ്പാർക്കുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചിംഗ് സംവിധാനം നിലവിലുള്ള വകുപ്പിന് കീഴിലുള്ള ഓഫീസുകളും അവിടെ പഞ്ചിംഗ് ആരംഭിച്ച തീയതി, സ്പാർക്കുമായി ലിങ്ക് ചെയ്ത തീയതി എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓഫീസുകളുടെ പേര് | പഞ്ചിംഗ് ആരംഭിച്ച തീയതി | സ്പാർക്കുമായി ലിങ്ക് ചെയ്ത തീയതി |
|---|---|---|---|
| 1 | എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് | 04.01.2023 | 28.03.2023 |
| 2 | മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, എറണാകുളം | 05.02.2023 | 29.04.2023 |
| 3 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എറണാകുളം | 01.04.2023 | 29.04.2023 |

| | | | |
|---|---|---|---|
| 4 | സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, എറണാകുളം | 01.042023 | 29.04.2023 |
| 5 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം 01.01.2023 | 01.01.2023 | 03.04.2023 |
| 6 | സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം 01.01.2023 | 01.01.2023 | 04.04.2023 |
| 7 | മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോഴിക്കോട് | 18.01.2023 | 17.04.2023 |
| 8 | സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട് | 18.01.2023 | 17.04.2023 |
| 9 | കോച്ചിങ് കം ഗൈഡൻസ് സെന്റർ ഫോർ എസ്.സി/എസ്.ടി, കോഴിക്കോട് | 01.02.2023 | 17.04.2023 |
| 10 | റീജിയണൽ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട് | 01.02.2023 | 17.04.2023 |
| 11 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട് | 18.01.2023 | 17.04.2023 |
| 12 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വയനാട് | 10.03.2023 | 03.04.2023 |
| 13 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കണ്ണൂർ | 01.04.2023 | 03.04.2023 |
| 14 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കാസർഗോഡ് | 15.09.2022 | 04.04.2023 |

**4.43** മുകളിൽ ചേർത്തിട്ടുള്ള പട്ടികയിൽ ഡയറക്ടറേറ്റ് ഒഴികെയുള്ള 13 സബ് ഓഫീസുകളും സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ഓഫീസുകളിൽ റവന്യൂ വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ചാണ് പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചതെന്നതിനാൽ അതിനായി തുക അനുവദിക്കേണ്ടതായി വന്നിട്ടില്ല. ഈ ഓഫീസുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് നൽകി സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്.

**4.44** 30.08.2019 – ലെ സ.ഉ.(സാധാ) 5090/2019/പൊഭവ ഉത്തരവ് പ്രകാരം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകളേയും ഒരു യൂണിറ്റായി

കണക്കാക്കണമെന്നും പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള ചെലവ് റവന്യൂ വകുപ്പ് വഹിക്കണമെന്നും മിനി സിവിൽ സ്റ്റേഷൻ, വിവിധ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഡയറക്ടറേറ്റുകൾ, വികാസ് ഭവൻ തുടങ്ങിയ ഓഫീസ് സമുച്ചയങ്ങളിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള ഏകോപന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്നും ചെലവുകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ ആനുപാതികമായി വഹിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന് കീഴിലുള്ള 41 സബ് ഓഫീസുകളിലെ പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനായി 10,67,778/- രൂപാ പൊതുമരാമത്ത് ഇലക്ട്രോണിക്സ് ഡിവിഷന് കൈമാറിയിട്ടുണ്ട്. മിനി സിവിൽ സ്റ്റേഷനുകളിൽ പ്രവർത്തിക്കുന്ന മറ്റ് വകുപ്പുകളുടെ ഓഫീസുകളെല്ലാം തുകയൊടുക്കിയാൽ മാത്രമേ സബ് ഓഫീസുകളിൽ മെഷീൻ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് ആരംഭിക്കുകയുള്ളൂ.

**4.45** വകുപ്പിന് കീഴിലുള്ള 31 സബ് ഓഫീസുകളിൽ 20 -ൽ താഴെ ജീവനക്കാർ മാത്രമാണുള്ളത്. ഇത്തരം ഓഫീസുകളിൽ കമ്പ്യൂട്ടറിൽ ബന്ധിപ്പിക്കാവുന്ന USB Aadhar enabled biometric punching drive സ്ഥാപിക്കാനുള്ള 4,53,850/- രൂപയുടെ എസ്റ്റിമേറ്റ് കെൽട്രോൺ ലഭ്യമാക്കിയിട്ടുണ്ട്. വർക്ക് ഓർഡർ നൽകുന്നതിനായി ഭരണ വകുപ്പിൽ നിന്നും തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

**4.46** ജീവനക്കാരുടെ ലീവ് ഉൾപ്പെടെയുള്ള വിവരങ്ങൾ സ്പാർക്കുമായും അറ്റൻഡൻസ് സ്റ്റേറ്റ്മെന്റുമായും ഒത്തുനോക്കി അപ്ഡേറ്റ് ചെയ്യാൻ വേണ്ട അടിയന്തര നിർദേശം നൽകേണ്ടതാണ്.

**<u>സേവനാവകാശ നിയമം - 2012</u>**

**4.47** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ സേവനാവകാശ നിയമം നടപ്പാക്കി 14.02.2013 – ൽ L5/30693/2011/DE നമ്പറായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, സമയപരിധി, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ പ്രസ്തുത വിജ്ഞാപനത്തിൽ

ഉൾക്കൊള്ളിച്ചിട്ടുണ്ട്. 19.02.2013 – ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-12) വകുപ്പിൽ നിന്നുള്ള 21145/എ.ആർ 12(1)/2012/ ഉഭപവ നമ്പർ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഡയറക്ടറേറ്റിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. സേവനാവകാശവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ മറ്റ് സബ് ഓഫീസുകളിൽക്കൂടി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 08.02.2016 – ലെ 22488/എ.ആർ 12(1)/2015/ഉഭപവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ അതത് ഓഫീസുകളിലെ വിവിധ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലദൈർഘ്യം കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലദൈർഘ്യം 15 ദിവസമായി നിശ്ചയിച്ചുകൊണ്ടുള്ള ഭേദഗതി വിജ്ഞാപനം 26.05.2016 – ൽ Q4/13641/2016/DE ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

## വിവരാവകാശ നിയമം - 2005

**4.48** ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലം മുതലുള്ള ഓഫീസുകളിൽ വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറേയും അപ്പീൽ അധികാരിയേയും നിർണ്ണയിച്ചിട്ടുണ്ട്. വകുപ്പിൽ മൊത്തത്തിലായി 97 ഇൻഫർമേഷൻ ഓഫീസർമാർ നിലവിലുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഡയറക്ടറേറ്റ് ഉൾപ്പെടെ എല്ലാ ഓഫീസുകളിലേയും നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കാര്യാലയത്തിലും ഉപകാര്യാലയങ്ങളിലും വിവരാവകാശ രജിസ്റ്റർ നിശ്ചിത ഫോർമാറ്റിൽ സൂക്ഷിച്ചിട്ടില്ല. ഓരോ ഓഫീസുകളിലേയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഓഫീസിന്റെ പേര് | സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | അപ്പീലധികാരി |
|---|---|---|---|
| 1 | ഡയറക്ടറേറ്റ് | ഡെപ്യൂട്ടി ഡയറക്ടർ (പെരിപ്പതറ്റിക്) | ജോയിന്റ് ഡയറക്ടർ |
| 2 | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയങ്ങൾ (RDDE) | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ | ജോയിന്റ് ഡയറക്ടർ |
| 3 | ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ (SREO) | ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ |
| 4 | പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ | ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ |
| 5 | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ | ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ | റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ |
| 6 | ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ | ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ | ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ |

**4.49** ഈ വകുപ്പിലെ മൊത്തം ഓഫീസുകളിലുമായി 2022-23 കാലയളവിൽ 2136 വിവരാവകാശ അപേക്ഷകളും 43 ഒന്നാം അപ്പീൽ അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ഇക്കാലയളവിൽ ഫീസ് ഇനത്തിൽ ആകെ 11,822 രൂപയും വകുപ്പിന് ലഭ്യമായിട്ടുണ്ട്. 2023-24 കാലയളവിൽ 1536 വിവരാവകാശ അപേക്ഷകളും 44 ഒന്നാം അപ്പീൽ അപേക്ഷകളും ലഭ്യമായിട്ടുണ്ട്. ഇക്കാലയളവിൽ ഫീസ് ഇനത്തിൽ ആകെ 15,207 രൂപയും വകുപ്പിന് ലഭ്യമായിട്ടുണ്ട്. ഈ രണ്ട് വർഷക്കാലയളവുകളിലുമായി സെക്ഷൻ 20(1) പ്രകാരം വിവരാവകാശ കമ്മീഷൻ ഈ വകുപ്പിന് പിഴ ഈടാക്കുകയോ സെക്ഷൻ 20 (2) പ്രകാരം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ ശിപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.

**സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള കമ്മിറ്റി**

**4.50** ഡയറക്ടറേറ്റ് ഉൾപ്പെടെ എല്ലാ സബ് ഓഫീസുകളിലും തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള പരാതി പരിഹാര കമ്മിറ്റികൾ നിലവിലുണ്ട്. നാളിതുവരെ ഇത്തരത്തിൽ പരാതികളൊന്നും ഈ വകുപ്പിൽ ലഭ്യമായിട്ടില്ല.

**ഫ്രണ്ട് ഓഫീസ് സംവിധാനം**

**4.51** പൊതുജനങ്ങളുടെ പരാതി പരിഹാരത്തിനും സംശയനിവാരണങ്ങൾക്കുമായി എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്.

**മലയാളം - ഔദ്യോഗിക ഭാഷ**

**4.52** ഈ വകുപ്പിലെ ഫയലുകളെല്ലാം മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നത്. ഇക്കാരണം കൊണ്ടുതന്നെ ഫയലുകൾ 100% മലയാളത്തിൽ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ പട്ടികയിലാണ് നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിനേയും ഉൾപ്പെടുത്തിയിട്ടുള്ളത്. വകുപ്പിൽ കൈകാര്യം ചെയ്യുന്ന മാന്വലുകൾ, ഉത്തരവുകൾ എന്നിവ മലയാളത്തിൽ പരിഭാഷപ്പെടുത്തുന്നതിനായി പരിഭാഷാ സെല്ലും മലയാള ഭാഷാ പരിപോഷണത്തിനായി വകുപ്പുതല ഭാഷാ സമിതിയും ഈ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

**വകുപ്പിലെ വിജിലൻസ് വിഭാഗം**

**4.53** എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടറാണ് ഈ വകുപ്പിന്റെ സ്റ്റേറ്റ് വിജിലൻസ് ഓഫീസറായി പ്രവർത്തിച്ചുവരുന്നത്. ഈ വകുപ്പിൽ ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി ചുമതലപ്പെടുത്തിയ ഉന്നത ഉദ്യോഗസ്ഥർ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് വകുപ്പ് തലത്തിൽ പരിഹരിക്കേണ്ട കേസുകളിൽ The Kerala Civil Services (Classification, Control and Appeal) Rules, 1960 -ൽ പ്രതിപാദിക്കുന്ന പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്. അല്ലാത്തവ

വിജിലൻസ് വകുപ്പിന് കൈമാറാനായി ശിപാർശ ചെയ്ത് ഭരണ വകുപ്പിന് കൈമാറുന്നുണ്ട്.

**4.54** 31.03.2024 വരെയുള്ള കണക്കുകൾ പ്രകാരം വകുപ്പിലെ 22 ജീവനക്കാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്. ഇക്കാലയളവിൽ 5 വിജിലൻസ് കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 31.03.2024 – ൽ അവസാനിച്ച വർഷത്തെ ആന്വൽ വിജിലൻസ് സ്റ്റേറ്റ്മെന്റ് 24.05.2024 – ലെ L2/1919/2024/DE-PDL3 കത്ത് മുഖേന വിജിലൻസ് (എ) വകുപ്പിന് നിശ്ചിത പ്രൊഫോർമയിൽ കൈമാറിയിട്ടുണ്ട്.

**<u>കോടതി വ്യവഹാരങ്ങൾ</u>**

**4.55** കോടതി വ്യവഹാരം സംബന്ധിച്ച പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് എറണാകുളത്തും തിരുവനന്തപുരത്തും നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഹൈക്കോടതിയിലേയും എറണാകുളത്തെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ബെഞ്ചിലേയും കേസുകൾക്ക് എറണാകുളം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസറേയും തിരുവനന്തപുരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ബെഞ്ചിലെ കേസുകൾക്ക് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ എംപ്ലോയ്മെന്റ് ഓഫീസറേയുമാണ് (ട്രെയിനിങ്) നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ളത്. ഡയറക്ടറേറ്റിലെ J1, J4, J6, Q5, P2 എന്നീ സീറ്റുകളിലാണ് കോടതി കേസുകൾ നിലവിലുള്ളത്. എന്നാൽ ഈ സീറ്റുകളിൽ സ്യൂട്ട് രജിസ്റ്റർ നിശ്ചിത പ്രൊഫോർമയിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2022-23 കാലയളവിൽ 51 ഉം 2023 - 24 കാലയളവിൽ 42 ഉം കോടതി വ്യവഹാരങ്ങളാണ് ഈ വകുപ്പിൽ നിലവിലുള്ളത്.

# അധ്യായം 5

# വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ - വിശദാംശങ്ങൾ

## തൊഴിൽരഹിത വേതന പദ്ധതി (Unemployment Assistance Scheme)

**5.1** 12.11.1982 – ലെ ജി.ഒ (പി) 40/82/തൊഴിൽ ഉത്തരവ് പ്രകാരമാണ് തൊഴിൽ രഹിത വേതന പദ്ധതി നിലവിൽ വന്നത്. ആരംഭത്തിൽ നാലു വർഷത്തേക്ക് ആയിരുന്നു പദ്ധതി തുടങ്ങിയിരുന്നത് എങ്കിലും അതിനുശേഷം വർഷംതോറും തുടർന്നുവരുന്നു. കേരള പഞ്ചായത്തിരാജ് ആന്റ് മുനിസിപ്പാലിറ്റീസ് ആക്ട്, 1994 അനുസരിച്ച് ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയുണ്ടായി. സർക്കാർ ഉത്തരവ് ജി.ഒ. (പി) 23/1998/തൊഴിൽ തീയതി 28.05.1998 പ്രകാരം തൊഴിൽരഹിതവേതനത്തിനുള്ള അപേക്ഷ ക്ഷണിക്കുക, അപേക്ഷകൾ എംപ്ലോയ്മെന്റ് ഓഫീസറുടെ പരിശോധനയ്ക്കുശേഷം പാസ്സാക്കി വേതനവിതരണം ചെയ്യുക എന്നിവയുടെ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. 1998 ജൂൺ മുതലാണ് ഇത് പ്രാബല്യത്തിൽ വന്നത്. തൊഴിൽ രഹിത വേതനത്തിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക എംപ്ലോയ്മെന്റ് വകുപ്പിന് സർക്കാർ നൽകുകയും എംപ്ലോയ്മെന്റ് ഡയറക്ടർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ആവശ്യകത അനുസരിച്ച് വീതിച്ചുനൽകുകയും ചെയ്യുന്നു. വിതരണം നടത്തിയ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എംപ്ലോയ്മെന്റ് ഡയറക്ടർ സർക്കാരിലേക്ക് നൽകുന്നുണ്ട്.

**5.2** 5.10.2000 ലെ G.O (Ms) 96/2000/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തൊഴിൽ രഹിതവേതനത്തിന്റെ പ്രതിമാസനിരക്ക്, പദ്ധതി ആരംഭിച്ച കാലത്തെ 100 രൂപയിൽ നിന്നും 01.04.2000 മുതൽ 120 രൂപയായി വർധിപ്പിച്ചു. യോഗ്യതയുള്ള ഏതൊരാൾക്കും ഏതുസമയത്തും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കാവുന്നതാണ്.

**5.3** 2021-22 സാമ്പത്തിക വർഷത്തിൽ തൊഴിൽരഹിത വേതന വിതരണത്തിന് 21,38,18,000 രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർ 3,18,68,580 രൂപ വേതനവിതരണം നടത്തുന്നതിനായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന തുകയായ 18,19,49,420 രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും രണ്ട് തവണകളായാണ് വേതനം വിതരണം ചെയ്യുന്നത്. ഓരോ തവണ തുക അനുവദിക്കുമ്പോഴും ഗുണഭോക്താക്കളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയാണ്. 2023 – 24 വർഷത്തെ രണ്ടാം വേതന വിതരണ സമയത്തെ ഗുണഭോക്താക്കളുടെ എണ്ണം വെറും 1751 മാത്രമായിരുന്നു. ഇക്കാരണം കൊണ്ട് തന്നെ ബജറ്റ് വിഹിതത്തിന്റെ വെറും 7.8% തുക മാത്രമേ വിതരണം ചെയ്യേണ്ടി വന്നിട്ടുള്ളൂ. പ്രതിമാസ തൊഴിൽരഹിത വേതനനിരക്കിൽ കാലാനുസൃതമായ മാറ്റം കൊണ്ടുവരുന്നതിനായി സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ടെങ്കിലും തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല.

**5.4** തൊഴിൽ രഹിത വേതനവുമായി ബന്ധപ്പെട്ട കഴിഞ്ഞ മൂന്നു വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | സാമ്പത്തിക വർഷവും ആകെ ബജറ്റ് വിഹിതവും | തൊഴിൽ രഹിത വേതനം വിതരണം നടത്തിയ തീയതിയും തുകയും | ഗുണഭോക്താക്കളുടെ എണ്ണം | സാമ്പത്തിക വർഷം ആകെ ചിലവഴിച്ച തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2021 – 22 | 12.08.2021 Rs.4,39,34,300/- | 37069 | 3,18,68,580 | |
| | 21,38,18,000 | 17.03.2022 Rs.2,02,99,440/- | 24166 | | വിതരണ ശേഷം ശേഷിച്ച തുക സറണ്ടർ ചെയ്തിട്ടുണ്ട് |
| 2. | 2022-23 | 17.08.2022 Rs.1,00,83,480/- | 14215 | 72,89,880 | |
| | 21,38,18,000 | 03.03.2023 Rs.56,32,520/- | 7770 | | |

| | | | | | |
|---|---|---|---|---|---|
| 3. | 2023-24 | 17.08.2023<br>Rs.30,52,880/- | 4289 | 16,85,520 | |
| | 21,38,18,000 | 06.02.2024<br>Rs.12,63,000/- | 1751 | | |

**<u>വകുപ്പുതല പദ്ധതികൾ</u>**

**5.5** സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി കെസ്റ്റു, മൾട്ടിപർപ്പസ് സർവീസ് സെന്റർ/ ജോബ് ക്ലബ്, ശരണ്യ, കൈവല്യ, നവജീവൻ എന്നീ 5 സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ടിനത്തിൽ പ്രതിവർഷം ശരാശരി 34 കോടി രൂപ വിനിയോഗിച്ചു വരുന്നുണ്ട്. ഈ പദ്ധതികൾ കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യമിട്ട് 'സമന്വയ' എന്ന ഒരു പദ്ധതിയും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന 2020 - 21 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2018 –ൽ കോളേജ്വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബിരുദവിദ്യാർത്ഥികൾക്ക് 3 വർഷത്തെ സൗജന്യ പരിശീലനം നൽകുന്ന 'ധനുസ്സ്' എന്ന പദ്ധതിയും ഈ വകുപ്പ് മുഖേന ആരംഭിച്ചുവെങ്കിലും 2021- ന് ശേഷം ഈ പദ്ധതിക്കായി തുകയൊന്നും തന്നെ അനുവദിച്ചിട്ടില്ല.

**5.6** മോഡൽ കരിയർ സെന്ററുകൾ, മിഷൻ മോഡ് പ്രോജക്ട് ഫോർ ഇന്റർലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്സ് എന്നിങ്ങനെ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളും ഈ വകുപ്പിന് കീഴിൽ നിലവിലുണ്ട്.

**5.7** വകുപ്പ് മുഖേന നടപ്പാക്കുന്ന 5 സ്വയം തൊഴിൽ പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

## 1. കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് ഫോർ ദി രജിസ്റ്റേഡ് അൺഎംപ്ലോയ്ഡ് (KESRU)

**5.8** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണ് KESRU. 30.3.1999-ലെ ജി.ഒ(പി) 40/99/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പദ്ധതി അംഗീകരിക്കുകയും ഇതിനാവശ്യമായ തുക 1999-2000 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ നടത്തിപ്പിനായി അധിക തസ്തികകൾ ഒന്നും അനുവദിച്ചു നൽകിയിട്ടില്ല.

**5.9** പ്രതിവർഷം ഒന്നരക്കോടിയോളം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് ഈ പദ്ധതിക്കായി ചെലവഴിക്കുന്നുണ്ട്. ഈ പദ്ധതിക്കായി നാളിതുവരെ 27,76,11,000/- രൂപാ ബജറ്റ് വിഹിതമായി അനുവദിക്കുകയും 21,33,54,996/- രൂപാ സബ്സിഡി ഇനത്തിൽ ചെലവഴിക്കുകയും ചെയതിട്ടുണ്ട്. 20.06.2024 കണക്കുകൾ പ്രകാരം ഈ പദ്ധതിക്ക് കീഴിൽ 14,926 ഗുണഭോക്താക്കൾ നിലവിലുണ്ട്. ഇവയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| 2000-2001 | 489 |
| 2001-2002 | 313 |
| 2002-2003 | 400 |
| 2003-2004 | 377 |
| 2004-2005 | 734 |
| 2005-2006 | 902 |
| 2006-2007 | 879 |
| 2007-2008 | 875 |
| 2008-2009 | 839 |

| | |
|---|---|
| 2009-2010 | 839 |
| 2010-2011 | 779 |
| 2011-2012 | 504 |
| 2012-2013 | 755 |
| 2013-2014 | 652 |
| 2014-2015 | 546 |
| 2015-2016 | 730 |
| 2016-2017 | 725 |
| 2017-2018 | 745 |
| 2018-2019 | 389 |
| 2019-2020 | 706 |
| 2020-2021 | 587 |
| 2021-2022 | 444 |
| 2022-2023 | 417 |
| 2023-2024 | 300 |
| **Total** | **14,926** |

**5.10** സംസ്ഥാനത്തെ മുഴുവൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയും എല്ലാ പ്രവൃത്തി ദിവസങ്ങളിലും കെസ്റു പദ്ധതിയിലേയ്ക്കുള്ള അപേക്ഷ വിതരണം ചെയ്തു വരുന്നു. ഓരോ ജില്ലയിലേയും സബ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തിച്ച് അപേക്ഷകരുടെ അർഹത പരിശോധിച്ച് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല സമിതി മുമ്പാകെ ഹാജരാക്കി പാസാക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട ബാങ്കുകളിലേയ്ക്ക് നൽകി വായ്പ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുകയും വായ്പ അനുവദിച്ച് ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡയറക്ടറേറ്റ് തലത്തിൽ ലഭ്യമാക്കി ബഡ്ജറ്റ് വിഹിതം/സബ്സിഡി തുക ജില്ലാ കാര്യാലയങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. ജില്ലാ കാര്യാലയങ്ങൾ തുക

ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും തുടർന്ന് കൃത്യമായ ഇടവേളകളിൽ പ്രോജക്ടിന്റെ പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നു. ഈ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ച് വായ്പ അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് വായ്പ തുകയുടെ 20% (പരമാവധി 20,000/-) സബ്സിഡിയും അനുവദിക്കുന്നുണ്ട്.

## 2. മൾട്ടിപർപ്പസ് സർവീസ് സെന്റർ /ജോബ് ക്ലബ്

**5.11** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതിയാണിത്. 2007-08 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ വിവിധ തൊഴിലുകളിൽ വൈദഗ്ദ്യമുള്ള തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് സ്വയംതൊഴിൽ ക്ലബ്ബുകളായി രൂപീകരിക്കുന്നതിനുള്ള ഒരു പരിപാടി നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയും ഇതിനായി ഒരു കോടി രൂപ ആദ്യ ഗഡുവായി വകയിരുത്തുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് 29/10/2007-ലെ G.O(P)-143/07/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ തൊഴിൽ രഹിതർക്കുള്ള വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും/ ജോബ് ക്ലബ്ബുകളും എന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമായത്. പദ്ധതിയുടെ നടത്തിപ്പ് എംപ്ലോയ്മെന്റ് വകുപ്പിൽ നിലവിലുള്ള ജീവനക്കാരെക്കൊണ്ട് നടത്തണമെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

**5.12** എല്ലാ പ്രവൃത്തി ദിവസങ്ങളിലും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കുശേഷം ജില്ലാതല കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ജില്ലാതല കമ്മിറ്റി അപേക്ഷകർ അനുയോജ്യരാണോയെന്നും പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോയെന്നും പരിശോധിക്കുകയും അംഗീകരിച്ച അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശിപാർശ സഹിതം കൈമാറുകയും ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ വായ്പ ലഭിക്കുന്നു. ഓരോ ക്ലബ്ബിനും

പദ്ധതി ചെലവിന്റെ 25% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വായ്പാ തുകയുടെ 10% ഓരോ അംഗവും തങ്ങളുടെ വിഹിതമായി ആദ്യം തന്നെ നിക്ഷേപിക്കുന്നതാണ്. ഓരോ ജോബ് ക്ലബിന്റെയും പ്രവർത്തനം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നുണ്ട്.

**5.13** പ്രതിവർഷം 85 ലക്ഷം രൂപയോളം ഈ ഇനത്തിൽ പ്ലാൻ ഫണ്ടിൽ ചെലവഴിക്കുന്നുണ്ട്. പദ്ധതി ആരംഭിച്ചത് മുതൽ 2023-24 കാലയളവ് വരെ ആകെ 17,76,00,000/- രൂപ അനുവദിക്കുകയും സബ്സിഡി ഇനത്തിൽ 16,26,93,962/- രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുമുണ്ട്. 2023 – 24 കാലയളവ് വരെ 1072 ഗുണഭോക്താക്കൾ ചുവടെ ചേർക്കും പ്രകാരം ഈ പദ്ധതിയിൽ നിലവിലുണ്ട്.

| വർഷം | ഗുണഭോക്താക്കൾ |
|---|---|
| 2007-2008 | 68 |
| 2008-2009 | 71 |
| 2009-2010 | 74 |
| 2010-2011 | 65 |
| 2011-2012 | 63 |
| 2012-2013 | 68 |
| 2013-2014 | 79 |
| 2014-2015 | 97 |
| 2015-2016 | 64 |
| 2016-2017 | 62 |
| 2017-2018 | 66 |
| 2018-2019 | 67 |
| 2019-2020 | 62 |
| 2020-2021 | 54 |

| | |
|---|---|
| 2021-2022 | 44 |
| 2022-2023 | 49 |
| 2023-2024 | 19 |
| **Total** | **1,072** |

## 3. ശരണ്യ സ്വയം തൊഴിൽ പദ്ധതി

**5.14** 24.07.2010-ലെ G.O(P) 81/2010/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ച സ്വയം തൊഴിൽ സഹായ പദ്ധതിയാണ് ശരണ്യ. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, നിത്യരോഗികളും ശയ്യാവലംബരുമായ ഭർത്താക്കന്മാരുള്ള (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫിലിയ തുടങ്ങിയവ) വനിതകൾ എന്നീ വിഭാഗം വനിതകൾക്കായി 2010-11 സാമ്പത്തിക വർഷം ആരംഭിച്ച സ്വയംതൊഴിൽ പദ്ധതിയാണ് ശരണ്യ. ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപ വരെയാണ് പലിശരഹിത വായ്പയായി അനുവദിക്കുന്നത്. വായ്പാ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നുണ്ട്. ശരണ്യ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ചെങ്കിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പുതിയ തസ്തികകൾ ഒന്നും അനുവദിച്ചിട്ടില്ല.

**5.15** ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല. പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പ് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ പൂരിപ്പിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സമർപ്പിക്കേണ്ടതും ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് പ്രാഥമിക പരിശോധനയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, ജില്ലാ കളക്ടർ ചെയർമാനായി രൂപം നൽകിയിട്ടുള്ള ജില്ലാ കമ്മിറ്റി മുൻപാകെ

വയ്ക്കുകയും ജില്ലാ കമ്മിറ്റി ഉദ്യോഗാർത്ഥിയെ കൂടിക്കാഴ്ചയ്ക്ക് വിളിച്ച് അപേക്ഷയിന്മേൽ തീർപ്പ കൽപ്പിക്കുകയും ചെയ്യുന്നു. ജില്ലാതല കമ്മിറ്റി അംഗീകാരം നൽകിയ അപേക്ഷകർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലനം Rural Self Employment Training Institute (RSETI) -കൾ വഴി നൽകിയതിനുശേഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വായ്പ അനുവദിക്കുന്നു. വായ്പാ തിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ബന്ധപ്പെട്ട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നടത്താൻ കഴിയും.

**5.16** നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ടു പോകുകയും ആദ്യവായ്പയുടെ 50% എങ്കിലും തിരിച്ചടയ്ക്കുകയും ചെയ്തവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല കമ്മിറ്റിയുടെ ശിപാർശ പ്രകാരം ആദ്യ വായ്പാ തുകയുടെ 80% ത്തിൽ കുറയാത്ത തുക തുടർവായ്പയായി കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നുണ്ട്. ശരണ്യ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നവർക്ക് അവർ ആരംഭിച്ച സംരംഭവും, തിരിച്ചടവും നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാമെന്ന ഉറപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള താൽക്കാലിക ജോലികൾക്ക് പരിഗണിക്കുന്നതാണ്. സ്ഥിരം ജോലി ലഭിക്കുന്ന പക്ഷം മുഴുവൻ വായ്പാ തുകയും തിരിച്ച് അടക്കേണ്ടതാണ്.

**5.17** നാളിതുവരെ 200.94 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തുകയും 180.39 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 20.06.2024 വരെയുള്ള കണക്കുകൾ പ്രകാരം 38,744 ഗുണഭോക്താക്കൾ ഈ പദ്ധതിയിലുണ്ട്. ഗുണഭോക്താക്കളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|
| 2010-2011 | 482 |
| 2011-2012 | 897 |
| 2012-2013 | 2535 |
| 2013-2014 | 2728 |
| 2014-2015 | 3709 |

| | |
|---|---|
| 2015-2016 | 3281 |
| 2016-2017 | 3190 |
| 2017-2018 | 3828 |
| 2018-2019 | 3546 |
| 2019-2020 | 2516 |
| 2020-2021 | 3512 |
| 2021-2022 | 3586 |
| 2022-2023 | 2995 |
| 2023-2024 | 1939 |
| **Total** | **38,744** |

**5.18** ശരണ്യ സ്വയം തൊഴിൽ പദ്ധതി പ്രകാരം വായ്പ ലഭിച്ചവരുടെ തിരിച്ചടവ് കാലാവധി 5 വർഷം (60 തവണ) ആണ്. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ഗുണഭോക്താക്കൾ തിരിച്ചടവ് നടത്തി വരുന്നുണ്ട്. ഓരോ സബ് ഓഫീസുകളിലും ധാരാളം ഗുണഭോക്താക്കളാണ് തിരിച്ചടവ് നടത്തി വരുന്നത്. കൂടാതെ 5 വർഷം കഴിഞ്ഞിട്ടും തിരിച്ചടവ് പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളും ഉണ്ട്. തിരിച്ചടവിൽ മുടക്കം വരുത്തുന്ന ഗുണഭോക്താക്കൾക്കെതിരെ ജില്ലാതലത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നു. അർഹരായ ഗുണഭോക്താക്കളുടെ വായ്പ കുടിശ്ശിക ഒഴിവാക്കി നൽകുന്നതിന് ടൗൺ / ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ ശിപാർശ സഹിതം വിശദമായ റിപ്പോർട്ട് ലഭ്യമാക്കി സർക്കാരിന്റെ പരിഗണനയ്ക്ക് നൽകുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ് തലത്തിൽ നടത്തിവരുന്നു. പദ്ധതി പുരോഗതിയും തിരിച്ചടവും വിലയിരുത്തുന്നതിനായി വർഷത്തിൽ 2 തവണ DCB സ്റ്റേറ്റ്മെന്റ് തയ്യാറാക്കി വരുന്നു. എല്ലാ വർഷവും ഗുണഭോക്താക്കളുടെ യൂണിറ്റ് സന്ദർശനം നടത്തി പദ്ധതി പുരോഗതി വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## 4. കൈവല്യ പദ്ധതി

**5.19** 2016 - 17 സാമ്പത്തിക വർഷത്തെ ബഹു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഭിന്നശേഷിക്കാരായ ആളുകൾക്ക് സാമ്പത്തിക സഹായവും പരിശീലനവും നൽകി ശക്തിപ്പെടുത്തുന്നതിനു വേണ്ടി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതിയാണ് 'കൈവല്യ'. ഇതേത്തുടർന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായി 01.11.2016-ലെ G.O(P)-174/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 'കൈവല്യ' പദ്ധതിക്ക് ഭരണാനുമതി ലഭ്യമാകുകയും ചെയ്തു. Persons with Disabilities Act, 2016-ലെ സെക്ഷൻ 19-ൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്.

### കൈവല്യ പദ്ധതിക്ക് നാല് ഘടകങ്ങളുണ്ട്

I. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്

II. കപ്പാസിറ്റി ബിൽഡിംഗ്

III. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

IV. സ്വയംതൊഴിൽ വായ്പ പദ്ധതി

### I. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്

**5.20** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ഈ ഘടക പദ്ധതി പ്രകാരം ലഭ്യമാക്കുന്നുണ്ട്. സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കുന്നു.

## II. കപ്പാസിറ്റി ബിൽഡിംഗ്

**5.21** ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ്സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം നൽകുന്നു. ബാങ്കുകളുടെ നേതൃത്വത്തിലുള്ള RSETI (Rural Self Employment Training Institute), VRC (Vocational Rehabilitation Centre) തുടങ്ങി ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

## III. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

**5.22** സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും തുടർപരിശീലനങ്ങളിലൂടെ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. ഉദ്യോഗാർത്ഥികളെ അനുയോജ്യമായ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും അവരെ അപേക്ഷ അയക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു.

## IV. സ്വയം തൊഴിൽ വായ്പ പദ്ധതി

**5.23** സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നതാണ്. 21 -നും 55 -നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബ വാർഷികവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപവരെ

അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 % പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിരം ഒഴിവുകൾക്കും സംരംഭം നന്നായി തുടർന്ന് പോകുമെന്ന ഉറപ്പിന്മേൽ താൽക്കാലിക ഒഴിവുകൾക്കും പരിഗണിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാകുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

**5.24** 2016 മുതൽ പദ്ധതിയുടെ ഭാഗമായ ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ വിവരം ചുവടെ നൽകുന്നു.

| ഘടകപദ്ധതി | ഗുണഭോക്താക്കൾ | ചെലവഴിച്ച തുക |
|---|---|---|
| വൊക്കേഷണൽ ആന്റ് കരിയർഗൈഡൻസ് | 3619 | 2,40,000 |
| കപ്പാസിറ്റി ബിൽഡിംഗ് | 2216 | 8,90,000 |
| മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി | 1275 | 71,00,000 |
| സ്വയംതൊഴിൽ വായ്പ | 9195 | 45,95,40,000 |
| **ആകെ ചെലവഴിച്ച തുക** | | **46,77,70,000** |

## 5. നവജീവൻ

**5.25** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ ലഭിക്കാത്ത 50 - 65 പ്രായപരിധിയുള്ള മുതിർന്ന പൗരന്മാർക്കുള്ള സ്വയം

തൊഴിൽ പദ്ധതിയാണിത്. പ്രതിവർഷം 40 ലക്ഷം രൂപയോളം പ്ലാൻ ഫണ്ടിൽ ചെലവഴിക്കുന്ന ഈ പദ്ധതി സംസ്ഥാനത്തെ വിവിധ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് ആരംഭിച്ചിട്ടുള്ളത്. 28.12.2020–ലെ GO(Ms) 59/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമായത്. നവജീവൻ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ചെങ്കിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പുതിയ തസ്തികകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

**5.26** കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50 - 65 പ്രായപരിധിയിലുള്ള തൊഴിൽ രഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പാ തുകയുടെ 25% (12,500 രൂപ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും 50 - 65 പ്രായപരിധിയിലുള്ളതും ഒരു ലക്ഷം രൂപയിൽ കവിയാത്ത വ്യക്തിഗത വാർഷിക വരുമാനവുമുള്ള എഴുത്തും വായനയും അറിയാവുന്ന ഏതൊരു വ്യക്തിയ്ക്കും ഈ പദ്ധതി പ്രകാരം വായ്പയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കുകൾ, കെ.എസ്.എഫ്.ഇ, കേരളാ ബാങ്ക്, മറ്റ് പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ മുഖേന വായ്പ അനുവദിക്കുന്നതാണ്. സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാ കാര്യാലയങ്ങളിൽ ലഭ്യമാക്കി ജില്ലാതല സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച് അർഹരായവരുടെ അപേക്ഷ അംഗീകരിച്ച് ബന്ധപ്പെട്ട ബാങ്കുകൾക്ക് നൽകുന്നു. ബാങ്ക് വായ്പ അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി വിതരണം ചെയ്യുന്നു.

**5.27** രണ്ടാം ഘട്ടമായി വിവിധ മേഖലകളിൽ പരിചയവും വൈദഗ്ധ്യവും ആർജ്ജിച്ചിട്ടുള്ള മുതിർന്ന പൗരന്മാരുടെ സേവനം സമൂഹത്തിന്റെ ഉന്നമനത്തിന് പ്രയോജനകരമായ രീതിയിലേക്ക് ഉപയോഗപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ 50 വയസ്സിനു മുകളിൽ പ്രായമുള്ള വ്യക്തികളുടെ (സർക്കാർ ഉദ്യോഗസ്ഥരാണെങ്കിൽ

സർവ്വീസിൽ നിന്നും വിരമിച്ചവർ) ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇതിലൂടെ സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി അവരുടെ വൈദഗ്ധ്യവും പരിചയ സമ്പത്തും വിനിയോഗിക്കുക എന്നതും വകുപ്പ് ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്.

**5.28** 20.06.2024-ൽ ലഭ്യമായ കണക്കുകൾ പ്രകാരം ഈ പദ്ധതിക്ക് കീഴിൽ 1046 ഗുണഭോക്താക്കൾ നിലവിലുണ്ട്. നാളിതുവരെ 1.40 കോടി രൂപ ബജറ്റ് വിഹിതമായി വകയിരുത്തുകയും 1.30 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു

| വർഷം | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക | ഗുണഭോക്താക്കൾ |
|---|---|---|---|
| 2020-2021 | 20,00,000/- | 10,93,645/- | 72 |
| 2021-2022 | 40,00,000/- | 40,00,000/- | 325 |
| 2022-2023 | 40,00,000/- | 40,00,000/- | 329 |
| 2023-2024 | 40,00,000/- | 39,95,000/- | 320 |
| **Total** | **1,40,00,000/-** | **1,30,88,645/-** | **1,046** |

## 6. സമന്വയ പദ്ധതി

**5.29** സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയത്തിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യമിട്ട് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന 2020-21 സാമ്പത്തിക വർഷം സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'സമന്വയ'. 04.02.2021-ലെ GO (Rt) 232/2021/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരമാണ് ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമായത്. തൊഴിലധിഷ്ഠിത കോഴ്സുകളും നൈപുണ്യ പരിശീലനങ്ങളും നടത്തുന്നതിൽ പ്രാവീണ്യമുള്ള ASAP, KASE, CCEK തുടങ്ങിയ സർക്കാർ ഏജൻസികളുമായി സഹകരിക്കണമെന്നും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതും ഉപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുവകകൾ വാങ്ങുന്നത് സർക്കാർ മാനദണ്ഡങ്ങൾക്ക്

അനുസൃതമായിരിക്കണമെന്നുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി 2020-21 -ൽ തന്നെ 25 ലക്ഷം രൂപ വിനിയോഗിക്കാനും ടി ഉത്തരവ് മുഖേന അനുമതി നൽകിയിരുന്നു.

**5.30** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വിദൂര പ്രദേശങ്ങളിലെ മേഖലയിൽ നേരിട്ടെത്തുകയും തൊഴിൽമാർഗ്ഗനിർദ്ദേശം, സ്വയംതൊഴിൽ പദ്ധതികളെപറ്റിയുള്ള ബോധവൽക്കരണം, തൊഴിൽ സംബന്ധമായ അറിവ് നൽകൽ, മത്സരപരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ പ്രവർത്തിക്കുന്ന കോച്ചിങ് കം ഗൈഡൻസ് സെന്ററുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ ആധുനികവൽക്കരിച്ച സ്മാർട്ട്ക്ലാസ്സ് / കമ്പ്യൂട്ടർ ലാബ് / കരിയർ ലൈബ്രറി എന്നിവ സ്ഥാപിച്ച് ഈ വിഭാഗത്തിലെ തൊഴിൽ രഹിതരായ പ്രൊഫഷണൽ /സാങ്കേതിക യോഗ്യത നേടിയവർ ഉൾപ്പെടെയുള്ള വിദ്യാസമ്പന്നരായ ഉദ്യോഗാർത്ഥികൾക്ക് സമഗ്രപരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ മറ്റൊരു സുപ്രധാന ലക്ഷ്യം. മത്സര പരീക്ഷയ്ക്കുള്ള പരിശീലനം, അഭിമുഖം, സംഘചർച്ച എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, മത്സര പരീക്ഷകൾക്കായും മറ്റും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം പകർന്നു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, കരിയർ മാർഗ്ഗനിർദ്ദേശം, സ്വയം തൊഴിൽ ചെയ്യാനുള്ള നൈപുണ്യവികസന പിന്തുണ, സംരംഭകത്വ വികസനം എന്നിവയാണ് പദ്ധതിയിലൂടെ ലഭ്യമാകുന്ന മറ്റു സേവനങ്ങൾ.

## സമന്വയ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ

**5.31** സമന്വയ പദ്ധതിയിൽ നാലു ഘടകങ്ങൾ ഉൾപ്പെടുന്നു .

1. പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ
2. സാമൂഹ്യ സമ്പർക്ക പരിപാടികൾ

3. എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ സേവനം വീട്ട് പടിക്കൽ ലഭ്യമാക്കുന്നതിനായി സഞ്ചരിക്കുന്ന സേവന യൂണിറ്റ്
4. ഓഫീസ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ

**<u>പരിശീലന ക്ലാസുകൾ സംഘടിപ്പിക്കൽ</u>**

**5.32** UPSC/PSC/RRB/IBPS തുടങ്ങി വിവിധ മത്സരപരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

**<u>സാമൂഹ്യ സമ്പർക്ക പരിപാടികൾ</u>**

**5.33** പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ കൂടുതലായി അധിവസിക്കുന്ന മേഖലകളിൽ ഉദ്യോഗാർത്ഥികൾക്കായി സാമൂഹ്യ സമ്പർക്ക പരിപാടികൾ നടത്തി, കരിയർ മാർഗ്ഗനിർദ്ദേശം ഉൾപ്പെടെ ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

**<u>എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ സേവനം വീട്ട് പടിക്കൽ ലഭ്യമാക്കുന്നതിന് സഞ്ചരിക്കുന്ന സേവന യൂണിറ്റ് (മൊബൈൽ യൂണിറ്റ്)</u>**

**5.34** എംപ്ലോയ്മെന്റ് രജിസ്ട്രേഷനും ആവശ്യമായ മറ്റ് തൊഴിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കും വാഹനങ്ങൾ ലഭ്യമാക്കിക്കൊണ്ട് വകുപ്പിന്റെ സേവനം നിലവിലുള്ള ജീവനക്കാർ ഉദ്യോഗാർത്ഥികളുടെ താമസസ്ഥലത്ത് എത്തിച്ചു നൽകുന്ന മൊബൈൽ യൂണിറ്റും വകുപ്പിന് കീഴിൽ നിലവിലുണ്ട്.

**<u>ഓഫീസ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ</u>**

**5.35** പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ സ്മാർട്ട് ക്ലാസ്സും മെച്ചപ്പെട്ട കരിയർ ലൈബ്രറി കമ്പ്യൂട്ടർ ലാബ്, കരിയർ കൗൺസിലിംഗ് സെന്റർ, മികച്ച ഇന്റർനെറ്റ് കണക്ടിവിറ്റിയുള്ള വീഡിയോ കോൺഫറൻസ് ഹോൾ എന്നിവ സ്ഥാപിക്കുക എന്നതാണ് ഈ ഘടകം കൊണ്ട് ലക്ഷ്യമിടുന്നത്.

**5.36** തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന കോച്ചിംഗ് ഗൈഡൻസ് സെന്ററുകൾ, 6 എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് അസിസ്റ്റൻസ് ബ്യൂറോകൾ, പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങളിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എന്നിവ കേന്ദ്രീകരിച്ചാണ് സമന്വയ പദ്ധതി പ്രവർത്തനങ്ങൾ കൂടുതലായും നിർവഹിക്കുന്നത്. മൂന്ന് കോച്ചിംഗ് കം ഗൈഡൻസ് സെന്ററുകൾ (CGC) ആണ് പദ്ധതികളുടെ നോഡൽ ഏജൻസിയായി നിലകൊള്ളുന്നത്.

**5.37** 2002-23 സാമ്പത്തിക വർഷം വരെ ഈ പദ്ധതി വിനിയോഗം സംബന്ധിച്ച സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| **വർഷം** | **അനുവദിച്ച തുക** | **ചെലവഴിച്ച തുക** |
|---|---|---|
| 2020-21 | 25,00,000 | 9,37,045 |
| 2021-22 | 25,00,000 | 24,85,527 |
| 2022-23 | 25,00,000 | 24,99,150 |
| **ആകെ** | **75,00,000** | **59,21,722** |

**5.38** എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റോടുകൂടിയ സൗജന്യ ഷോർട്ട് ടേം കമ്പ്യൂട്ടർ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പും കെൽട്രോണും തമ്മിൽ ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

**5.39** 2021 മുതൽ ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | സംഘടിപ്പിച്ച പരിപാടി | പരിപാടിയുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 2020-21 | മത്സര പരീക്ഷാ പരിശീലനം | 3 | 98 | |
| | അടിസ്ഥാന സൗകര്യ വികസനം | തിരുവനന്തപുരം കരിയർ ഗൈഡൻസ് സെന്ററിൽ കമ്പ്യൂട്ടർ ലാബ് ക്രമീകരിക്കുന്നതിലേയ്ക്കായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുകയുണ്ടായി | | |
| 2021-22 | മത്സര പരീക്ഷാ പരിശീലനം | 7 | 251 | ജോലി ലഭിച്ചവർ – 5 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ - 16 |
| | ക്യാമ്പ് രജിസ്ട്രേഷൻ കരിയർ ബോധവത്കരണ പരിപാടി | 80 | 4394 | |
| | അടിസ്ഥാന സൗകര്യ വികസനം | എറണാകുളം, കോഴിക്കോട് കരിയർ ഗൈഡൻസ് സെന്ററുകളിൽ കമ്പ്യൂട്ടർ ലാബ് ക്രമീകരിക്കുന്നതിലായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് | | |
| 2022-23 | മത്സര പരീക്ഷാ പരിശീലനം | 7 | 210 | ജോലി ലഭിച്ചവർ – 6 റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ - 2 |
| | കരിയർ സെമിനാർ | 3 | 222 | |
| | ക്യാമ്പ് രജിസ്ട്രേഷൻ & കരിയർ ബോധവൽക്കരണ പരിപാടി | 57 | 3562 | |
| | അടിസ്ഥാന സൗകര്യ വികസനം | കോഴിക്കോട് കോച്ചിംഗ് കം ഗൈഡൻസ് സെന്റർ നവീകരണം/നെറ്റ് വർക്കിംഗ് | | |
| 2023-24 | മത്സര പരീക്ഷാ പരിശീലനം | 5 | 158 | |

| | | | | |
|---|---|---|---|---|
| | കരിയർ സെമിനാർ | 10 | 492 | |
| | മൊബൈൽ യൂണിറ്റ് | 33 | 1624 | |
| | മോട്ടിവേഷൻ ക്ലാസ്സുകൾ | 5 | 232 | |
| | ഓൺലൈൻ കോച്ചിംഗ് ക്ലാസ് | 1 | വിവരം ലഭ്യമല്ല | |

**5.40** ഈ പദ്ധതിയുടെ നടത്തിപ്പിനായും പുതിയ തസ്തികകളൊന്നും അനുവദിച്ച് നൽകിയിട്ടില്ല. നിലവിലുള്ള ജോലികൾക്ക് പുറമേയാണ് പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടെത്തി സേവനം ലഭ്യമാക്കുകയും തൊഴിൽ അവബോധം നൽകുകയും ചെയ്യുന്നത്. ഇക്കാരണത്താൽ ഇത്തരം ഓഫീസുകളിലെ ജീവനക്കാരുടെ ജോലിഭാരം കൂടുതലാണ്.

## സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണ പദ്ധതി

**5.41** ഉദ്യോഗാർത്ഥികൾക്ക് സ്വന്തം അഭിരുചിക്കനുസരിച്ച് തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിലവസരങ്ങൾ, തൊഴിൽനില, ഉപരിപഠനം, പരിശീലനസൗകര്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുന്നതിനുമാണ് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇതിനായി എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടും അനുബന്ധമായി വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ബ്യൂറോകൾ മുഖേനയും വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

## ഇന്റർ ലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ്

**5.42** മോഡൽ കരിയർ സെന്ററുകൾ പോലെ കേന്ദ്രസഹായം ലഭ്യമായ മിഷൻ മോഡ് പ്രോജക്ട് ആണ് 'ഇന്റർ ലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതി. 100% കേന്ദ്ര വിഹിതം ലഭ്യമാകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.

**5.43** ഈ പദ്ധതിക്കായി Refurbishing of Employment Exchanges, IT Insfrastructure, ജോബ് ഫെയറുകൾ എന്നിങ്ങനെ മൂന്ന് Components നിലവിലുണ്ട്. ഇവയ്ക്ക് അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | Components – ന്റെ പേര് | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | Refurbishing of Employment Exchanges | 3,69,62,500 | 40,35,133 |
| 2 | IT Insfrastructure | 1,76,15,000 | 88,60,047 |
| 3 | ജോബ് ഫെയറുകൾ | 94,42,500 | 76,97,903 |
| **ആകെ** | | **6,40,20,000** | **2,05,93,083** |

**5.44** 2021 - 22 കാലയളവിൽ ഒറ്റത്തവണയായി ഈ സ്കീമിന് 640.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും 205.93 ലക്ഷം രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. വിനിയോഗ ശതമാനം 32.11 % മാത്രമാണ്. ബാക്കിയുള്ള 4,34,26,917/- രൂപ കാനറ ബാങ്കിന്റെ SNA അക്കൗണ്ടിൽ സൂക്ഷിക്കുന്നതായും കാണുന്നു. ഈ പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ധനുസ്സ് പദ്ധതി

**5.45** ഉന്നതഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലുമുള്ള ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് ബിരുദ വിദ്യാർത്ഥികൾക്ക് മൂന്ന് വർഷം വരെ സൗജന്യപരിശീലനം നൽകുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപ്പാക്കിയ പദ്ധതിയാണ് 'ധനുസ്സ്'. പരീക്ഷണാർത്ഥം കോഴിക്കോട് ജില്ലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പേരാമ്പ്ര കരിയർ ഡെവലപ്പ്മെന്റ് സെന്റർ മുഖേനയാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. കോഴ്സ് പൂർത്തീകരിച്ച 179 വിദ്യാർത്ഥികളിൽ 139 പേർക്ക് വിവിധ

ക്യാമ്പസുകളിൽ പ്രവേശനം ലഭിച്ച എന്നത് പേരാമ്പ്ര കരിയർ ഡെവലപ്പ്മെന്റ് സെന്ററിനും എംപ്ലോയ്മെന്റ് സർവീസ് വകുപ്പിനും അഭിമാനകരമാണ്. എന്നാൽ 2018 - ൽ ആരംഭിച്ച പ്രസ്തുത പദ്ധതി ഒരൊറ്റ ബാച്ചിന്റെ പരിശീലനത്തോടെ 2021 – ന് ശേഷം തുടർന്ന് നടപ്പിലാക്കിയതായും പദ്ധതി നടത്തിപ്പിനായി തുകയൊന്നും തന്നെ വകയിരുത്തിയതായും കാണുന്നില്ല. ഇത്രയും റിസൾട്ട് ഉണ്ടാക്കിയ പദ്ധതി നിലവിലുള്ള കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളിലൂടെയും തുടരാൻ ശ്രമിക്കേണ്ടത് സംസ്ഥാനത്തെ പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥി സമൂഹത്തോട് ചെയ്യുന്ന സദ്പ്രവൃത്തിയാകുമെന്ന് വിലയിരുത്തുന്നു. **'ധനുസ്' പദ്ധതി പുനരാവിഷ്കരിക്കാൻ ഭരണ വകുപ്പ് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.**

# അധ്യായം 6

# താൽക്കാലിക തസ്തികകൾ - തുടർനടപടികൾ

**6.1** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലുള്ള 367 താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി ലഭ്യമാക്കണമെന്ന ആവശ്യവുമായി ബന്ധപ്പെട്ടാണ് ഈ പ്രവൃത്തി പഠനം ആരംഭിച്ചത്. വകുപ്പിന് കീഴിൽ പുതിയ കാര്യാലയങ്ങൾ ആരംഭിച്ചതിന്റെ ഭാഗമായി 1998 വരെ അനുവദിച്ചവയാണ് ഈ തസ്തികകൾ. 22.03.2000 -ലെ GO (Rt) -1094/2000/LBR നമ്പർ ഉത്തരവ് പ്രകാരം 01.03.1998 മുതലുള്ള ഒരു വർഷക്കാലയളവിലേക്ക് കൂടി തുടർച്ചാനുമതി നൽകിയിട്ടുണ്ട്.പ്രസ്തുത ഉത്തരവിനൊപ്പമുള്ള അനക്ഷറിൽ 326 തസ്തികകൾ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. തുടർന്ന് നാളിതുവരെ പ്രസ്തുത തസ്തികകൾക്ക് തുടർച്ചാനുമതി ഉത്തരവ് ലഭ്യമായിട്ടില്ല. തുടർന്നുള്ള കാലയളവുകളിൽ വകുപ്പതലവൻ സർക്കാരിലേയ്ക്ക് തുടർച്ചാനുമതിക്കായി പ്രൊപ്പോസലുകൾ സമർപ്പിച്ചതായി കാണുന്നുവെങ്കിലും ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പിൽ നിന്ന് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**6.2** പ്രവൃത്തിപഠനത്തിനായി കൈമാറിയ പ്രപ്പോസൽ പ്രകാരം തുടർച്ചാനുമതിയ്ക്കായി വകുപ്പ് നിർദ്ദേശിച്ച 367 തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ | 5 |
| അക്കൗണ്ട്സ് ഓഫീസർ | 1 |
| എംപ്ലോയ്മെന്റ് ഓഫീസർ (വൊക്കേഷണൽ ഗൈഡൻസ്) | 3 |
| എംപ്ലോയ്മെന്റ് ഓഫീസർ (EMI) | 2 |
| എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്) | 3 |
| എംപ്ലോയ്മെന്റ് ഓഫീസർ / | 42 |

| | |
|---|---|
| ഡെപ്യൂട്ടി ചീഫ് | |
| ജൂനിയർ സൂപ്രണ്ട് | 10 |
| ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ | 40 |
| ഹെഡ് ക്ലർക്ക് | 4 |
| ക്ലർക്ക് | 162 |
| എൽ.ഡി ടൈപ്പിസ്റ്റ് | 46 |
| ഓഫീസ് അറ്റൻഡന്റ് | 48 |
| ഫുൾടൈം വാച്ച്മാൻ | 1 |
| **ആകെ** | **367** |

**6.3** നിലവിലുള്ള 367 താൽക്കാലിക തസ്തികകളേയും പഠനസംഘം പൂർണമായി വിലയിരുത്തുകയുണ്ടായി. ഓരോ തസ്തികകളുടേയും നിയമന ഉത്തരവ് പരിശോധിക്കുകയും സൃഷ്ടിക്കാനുണ്ടായ സാഹചര്യം, ധനവകുപ്പിന്റെ അനുമതി, നിലവിൽ പ്രസ്തുത തസ്തികകളുടെ അനിവാര്യത എന്നിവ അവലോകനം ചെയ്യുകയും ചെയ്തു. ഇവയിൽ തസ്തിക സൃഷ്ടിച്ച ഉത്തരവുകളിലെല്ലാം താൽക്കാലിക തസ്തികകൾ അത്തരത്തിൽ തന്നെ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ധനവകുപ്പിന്റെ റിമാർക്സ്, ഫയൽ നമ്പറുകൾ എന്നിവയും ടി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. താൽക്കാലിക തസ്തികകളല്ലാതെ സൃഷ്ടിച്ച മറ്റെല്ലാ തസ്തികകളും സ്ഥിരം തസ്തികകളാണെന്നാണ് അനുമാനിക്കേണ്ടത്. സ്ഥിരം തസ്തികകളെപ്പോലും പിന്നീട് തുടർച്ചാനുമതി ഉത്തരവിൽ ഉൾപ്പെടുത്തിയതായാണ് കാണുന്നത്. ഓരോ തസ്തിക സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## A. സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ (SREO)

**6.4** ഈ വിഭാഗത്തിൽ അഞ്ചു തസ്തികകൾക്ക് തുടർച്ചാനുമതി ആവശ്യമാണെന്ന് ഭരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ തസ്തികകൾ നെയ്യാറ്റിൻകര, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്കായുള്ള

പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ട തസ്തികകളാണ്. ഇവയിൽ കൊല്ലം, എറണാകുളം, കോഴിക്കോട് ഓഫീസുകളിലെ മൂന്ന് SREO തസ്തികകൾ 01.02.1996- - ലെ GO (Ms)-15/96/LBR ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ടതാണ്. ഇവ 2000 -ൽ അവസാനമായി താൽക്കാലികാനുമതി നേടിയ ഉത്തരവിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഉൾപ്പെടാത്ത മറ്റ് രണ്ട് തസ്തികകൾ 24.03.2000 –ലെ GO (Ms)-32/2000/LBR ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിക്കപ്പെട്ടവയാണ്. ഈ അഞ്ച് തസ്തികകളും സ്ഥിരം തസ്തികകളായാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇതിൽ കൊല്ലം, എറണാകുളം, കോഴിക്കോട് സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ വിവരങ്ങൾ 2000 – ലെ അവസാന തുടർച്ചാനുമതി ഉത്തരവിലും മറ്റ് രണ്ട് തസ്തികകളുടെ വിവരങ്ങൾ തുടർന്നുള്ള തുടർച്ചാനുമതി പ്രൊപ്പോസലുകളിലും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്ഥിരം തസ്തികകൾക്ക് തുടർച്ചാനുമതി നൽകിയതിന്റെ കാരണം പഠനസംഘത്തിന് വ്യക്തമായിട്ടില്ല.

**6.5** ശാരീരിക വൈകല്യം നിമിത്തം അവശതയനുഭവിക്കുന്ന തൊഴിൽ രഹിതരായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി പ്രവർത്തനമാരംഭിച്ച സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നിലനിർത്തേണ്ടത് അനിവാര്യമാണ്. പി.ഡബ്ല്യു.ഡി ആക്ട് 2016 - ലെ സെക്ഷൻ 30 പ്രകാരം സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസുകൾ വിഭാവനം ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഓഫീസുകൾക്ക് നേതൃത്വം നൽകുന്ന ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർമാരായ സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ 5 തസ്തികകളും സ്ഥിരം തസ്തികകളാക്കി നിലനിർത്തേണ്ടതുണ്ട്.

## B. അക്കൗണ്ട്സ് ഓഫീസർ

**6.6** ഈ വിഭാഗത്തിൽ ഒരു തസ്തികയ്ക്കാണ് തുടർച്ചാനുമതി തേടിയിട്ടുള്ളത്. അക്കൗണ്ട്സ്, ഓഡിറ്റ്, വാർഷിക ബജറ്റ്, അലോട്ട്മെന്റ്, പർച്ചേസ് എന്നീ

സെക്ഷനുകളുടെ മേൽനോട്ടം വഹിക്കുന്ന ഡയറക്ടറേറ്റിലെ സുപ്രധാന തസ്തികയാണ് അക്കൗണ്ട്സ് ഓഫീസർ. ഡയറക്ടറേറ്റിലെ മുഴുവൻ ജീവനക്കാരുടെയും ശമ്പളം, സാമ്പത്തികാനുകൂല്യങ്ങൾ, 30 കോടിയിലധികം രൂപയുടെ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്ന നടപടികൾ എന്നിവയുടെ വിതരണവുമായി ബന്ധപ്പെട്ട DDO പദവിയും ഈ തസ്തികയ്ക്കാണ്. നിയമസഭാ സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ചുമതലയും ഈ തസ്തികയ്ക്കാണ്. ഇൻകം ടാക്സ്, GST, NPS, PFMS എന്നിവയുടെ അപ്രൂവൽ, BIMS & BAMS, BDS, മെഡിസെപ്പ് എന്നീ പദ്ധതികളുടെ നോഡൽ ഓഫീസർ എന്നീ ചുമതലകളും അക്കൗണ്ട്സ് ഓഫീസർ തസ്തികയ്ക്കുണ്ട്.

**6.7** 28.03.1988 – ലെ GO (Rt)-543/88/LBR നമ്പർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 'അക്കൗണ്ട്സ് ഓഫീസർ' തസ്തികയിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. പിന്നീട് സർവ്വീസ് സംഘടനകളുടെ ആവശ്യം പരിഗണിച്ച് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ റാങ്കിലെ ഉദ്യോഗസ്ഥനെ തന്നെ ഇതേ തസ്തികയിൽ നിയമിക്കണമെന്ന് നിർദ്ദേശിച്ച് 27.06.1988 – ൽ GO(Rt)-1176/88/LBR ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഇത്തരത്തിൽ സ്ഥിരം തസ്തികയായി സൃഷ്ടിച്ച അക്കൗണ്ട്സ് ഓഫീസർ തസ്തികയ്ക്ക് തൊട്ടടുത്ത വർഷത്തെ തുടർച്ചാനുമതി ഉത്തരവ് മുഖേനയും (30.06.1989 – ലെ GO (Rt)-1239/89/LBR) 2000 - ലെ അവസാന ഉത്തരവ് മുഖേനയും 1999 വരെ തുടർച്ചാനുമതി വാങ്ങിയതായും, തുടർന്ന് 2015 - വരെ സമർപ്പിച്ച തുടർച്ചാനുമതി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയതായും കാണുന്നു. ഡയറക്ടറേറ്റിലെ ഇത്രയും സുപ്രധാന സെക്ഷനുകളുടെ മേൽനോട്ടം വഹിക്കുന്ന ഈ തസ്തിക സ്ഥിരപ്പെടുത്തി നിലനിർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

## C. എംപ്ലോയ്മെന്റ് ഓഫീസർ (വൊക്കേഷണൽ ഗൈഡൻസ്)

**6.8** ഈ വിഭാഗത്തിൽ ആകെയുള്ള 14 തസ്തികകളിൽ, 3 തസ്തികകൾക്കാണ് തുടർച്ചാനുമതി തേടിയിട്ടുള്ളത്. പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലാ

എംപ്ലോയ്മെന്റ് ഓഫീസിനൊപ്പം പ്രവർത്തിക്കുന്ന മൂന്ന് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾക്കായാണ് 05.10.1989 – ലെ GO(Ms)-82/89/LBR ഉത്തരവ് പ്രകാരം മൂന്ന് എംപ്ലോയ്മെന്റ് ഓഫീസർ (വൊക്കേഷണൽ ഗൈഡൻസ്) തസ്തികകൾ സൃഷ്ടിച്ചത്. താൽക്കാലികമായാണ് ഈ തസ്തികകൾ സൃഷ്ടിച്ചതെന്ന് പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടില്ലായെന്നതിനാൽ തന്നെ ഇവ സ്ഥിരം തസ്തികകൾ തന്നെയെന്ന് വ്യക്തമാണ്. എന്നാൽ ഈ മൂന്ന് തസ്തികകൾക്കും 1990 - ലെ തുടർച്ചാനുമതി ഉത്തരവ് (11.05.1990 – ലെ GO(Rt)-1278/90/LBR) മുതൽ 2000 - ലെ അവസാന ഉത്തരവ് വരേയും തുടർച്ചാനുമതി നൽകിയതായി കാണുന്നു. ഈ സ്ഥിരം തസ്തികകൾക്ക് തുടർച്ചാനുമതി തേടേണ്ടതിന്റെ ആവശ്യകത ഇല്ലായിരുന്നു എന്നതാണ് വസ്തുത.

**6.9** ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട തൊഴിൽ മേഖലകളെക്കുറിച്ച് അറിവ് പകർന്നു നൽകുക, തൊഴിൽ ലഭ്യമാകുന്നതിനായി പരിശീലന പരിപാടികളിലൂടെ അവരെ സജ്ജരാക്കുക, സ്കൂളുകളിലും കോളേജുകളിലും വൊക്കേഷണൽ ഗൈഡൻസ് ക്ലാസുകൾ സംഘടിപ്പിക്കുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തുന്ന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ തൊഴിൽ മാർഗ്ഗനിർദ്ദേശം നൽകുക എന്നീ ചുമതലകൾ മറ്റ് ഓഫീസ് പ്രവർത്തനങ്ങൾ കൂടാതെ ഈ തസ്തികയിലെ ഉദ്യോഗസ്ഥർ നിർവഹിക്കുന്നുണ്ട്. പത്തനംതിട്ട, കാസർഗോഡ്, വയനാട് തുടങ്ങിയ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഈ ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമായതിനാൽ ഈ മൂന്ന് തസ്തികകളും സ്ഥിരപ്പെടുത്തേണ്ടതാണ്.

## D. എംപ്ലോയ്മെന്റ് ഓഫീസർ (EMI)

**6.10** ഈ വിഭാഗത്തിൽ വകുപ്പിൽ ആകെ നിലവിലുള്ള അഞ്ചു തസ്തികകളിൽ ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിലുള്ള രണ്ട് തസ്തികകൾക്കാണ് തുടർച്ചാനുമതി ആവശ്യമായിട്ടുള്ളത്.

**6.11** ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ അഞ്ച് 'എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ

യൂണിറ്റുകൾ' ഒരു ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, ഒരു ക്ലർക്ക് എന്നിവരെ ഉൾപ്പെടുത്തി 11.05.1960 –ലെ GO(Ms) –316/60/HLD ഉത്തരവ് പ്രകാരം ആരംഭിച്ചതായി കാണുന്നു. എംപ്ലോയ്മെന്റ് ഓഫീസർ (EMI) തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ ടാർജറ്റ് തികച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അഞ്ച് യൂണിറ്റുകൾക്കുമായി 06.12.1990 – ലെ GO(Ms)-107/90/LBR ഉത്തരവ് പ്രകാരമാണ് 5 എംപ്ലോയ്മെന്റ് ഓഫീസർ (EMI) തസ്തികകൾ സൃഷ്ടിച്ചത്. ഈ അഞ്ച് തസ്തികകൾ താൽക്കാലികമായാണ് സൃഷ്ടിച്ചതെന്ന് പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടില്ല. മാത്രവുമല്ല ആലപ്പുഴ, കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ 2 എംപ്ലോയ്മെന്റ് ഓഫീസർ (EMI) തസ്തികകൾ മാത്രം താൽക്കാലിക തസ്തികളാണെന്നും ഇവ സ്ഥിരപ്പെടുത്തണമെന്നും വകുപ്പ് തലവൻ നിർദ്ദേശിച്ചതിന്റെ കാരണവും പഠനസംഘത്തിന് വ്യക്തമായിട്ടില്ല. സ്ഥിരം തസ്തികകളായി സൃഷ്ടിക്കപ്പെട്ട ഈ രണ്ട് തസ്തികകളും 1991 മുതലുള്ള തുടർച്ചാനുമതി ഉത്തരവുകൾ മുഖേനയും 2000 – ന് ശേഷം സർക്കാരിന് സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകൾ മുഖേനയും നിലവിൽ താൽക്കാലിക തസ്തികകളായി മാറിയിരിക്കുകയാണ്. നിലവിൽ ഈ 5 തസ്തികകൾ ഡയറക്ടറേറ്റ്, തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലായാണ് പ്രവർത്തിക്കുന്നത്.

**6.12** Compulsory Notification of vacancies Act - 1959 പ്രകാരം സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം സംബന്ധിച്ച വിശദമായ കണക്കുകൾ സമാഹരിക്കുക, CNV ആക്ടിന്റെ ലംഘനം തൊഴിൽ സ്ഥാപനങ്ങളിൽ നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുക, എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI), എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്റ്റാറ്റിസ്റ്റിക്സ് റിട്ടേണുകൾ, പ്രതിമാസ വിവരണി (NMR), സ്ലീറ്റ് സർവേ (പെരിപ്പത്തറ്റിക് സർവേ), ER റിട്ടേണുകൾ (ER I & II) തയ്യാറാക്കൽ എന്നീ സുപ്രധാന ചുമതലകൾ നിർവഹിക്കുന്ന ഈ ഉദ്യോഗസ്ഥരുടെ സേവനം ഈ വകുപ്പിന്

അനിവാര്യമായതിനാൽ എംപ്ലോയ്മെന്റ് ഓഫീസർ (EMI) വിഭാഗത്തിലെ രണ്ട് താൽക്കാലിക തസ്തികകളും സ്ഥിരപ്പെടുത്തേണ്ടതാണ്.

## E. എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്)

**6.13** ഈ വിഭാഗത്തിൽ വകുപ്പിന് കീഴിൽ വിവിധ സബ് ഓഫീസുകളിലായി നിലവിലുള്ള 7 തസ്തികകളിൽ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്കായുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ മൂന്ന് എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്) തസ്തികകൾക്കാണ് താൽക്കാലികാനുമതി ആവശ്യമായിട്ടുള്ളത്. വർദ്ധിച്ച് വരുന്ന ജോലിഭാരം കണക്കിലെടുത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം പ്രവർത്തിച്ചു വന്നിരുന്ന 'സ്പെഷ്യൽ എംപ്ലോയ്മെന്റ് സെല്ലുകളെ' 01.04.1994 മുതൽ 'Special Employment Exchange for physically Handicapped' ആക്കി മാറ്റണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ 19.01.1994 - ലെ കത്ത് പരിഗണിച്ചാണ് 01.02.1996 – ലെ GO(Ms)-15/96/LBR ഉത്തരവ് പ്രകാരം കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിക്കാൻ ഭരണാനുമതി നൽകുകയും 3 എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്) തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തത്. ഈ തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ചതാണെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കാതിരുന്നിട്ട് കൂടി 25.09.1997 – ലെ GO(Rt)-2708/97/LBR നമ്പർ തുടർച്ചാനുമതി ഉത്തരവിലൂടെ തൊട്ടടുത്ത വർഷം തന്നെ തുടർച്ചാനുമതി തേടിയതായാണ് കാണുന്നത്. സ്ഥിരം തസ്തികകളായി സൃഷ്ടിക്കപ്പെട്ട ഈ 3 തസ്തികകൾക്കും തുടർച്ചാനുമതി തേടേണ്ട ആവശ്യകതയുണ്ടായിരുന്നില്ല. തുടർന്ന് 2000 - ലെ അവസാന തുടർച്ചാനുമതി ഉത്തരവിലും പിന്നീടിങ്ങോട്ട് 2015 - വരെ സർക്കാരിന് സമർപ്പിച്ച തുടർച്ചാനുമതി പ്രൊപ്പോസലുകളിലും ഈ രണ്ട് തസ്തികകൾ ഉൾപ്പെടുകയും നിലവിൽ ഇവ താൽക്കാലിക തസ്തികകളായി മാറുകയും ചെയ്തിരിക്കുകയാണ്.

**6.14** ഈ മൂന്ന് എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്) തസ്തികകളും നാഷണൽ എംപ്ലോയ്മെന്റ് സർവീസ് മാന്വൽ പ്രകാരം ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനായി പ്രത്യേകം ചുമതലപ്പെടുത്തിയവയാണ്. കൂടാതെ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ പരിമിതികളും സാധ്യതകളും തിരിച്ചറിഞ്ഞ് അവർക്കനുയോജ്യമായ ജോലികൾ കണ്ടെത്താൻ പ്രാപ്തരാക്കുന്ന ചുമതലകൾ നിർവഹിക്കുന്ന ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തി നിലനിർത്തേണ്ടതുണ്ട്.

## F. എംപ്ലോയ്മെന്റ് ഓഫീസർ / ഡെപ്യൂട്ടി ചീഫ്

**6.15** എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയിൽ വകുപ്പിൽ നിലവിലുള്ള 112 തസ്തികകളിലെ 42 എണ്ണത്തിനാണ് തുടർച്ചാനുമതി തേടിയിട്ടുള്ളത്. പ്രസ്തുത തസ്തികകൾ 01.01.1987 നും 01.04.1998 നുമിടയിൽ സൃഷ്ടിക്കപ്പെട്ടവയാണ്. വിവിധ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിക്കപ്പെട്ട 41 തസ്തികകളും എം.ജി യൂണിവേഴ്സിറ്റി ക്യാമ്പസിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോക്കായി സൃഷ്ടിച്ച ഒരു ഡെപ്യൂട്ടി ചീഫ് തസ്തികയും തുടർച്ചാനുമതി ആവശ്യമായ പട്ടികയിലുൾപ്പെടുന്നു.

**6.16** തുടർച്ചാനുമതി ആവശ്യമായ തസ്തികകളുടെ നിയമന ഉത്തരവ്, തസ്തികയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്നിവ പ്രവൃത്തി പഠനസംഘം പരിശോധിച്ചു. 42 തസ്തികകൾ സൃഷ്ടിച്ച ഉത്തരവുകൾ, മറ്റ് വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് നമ്പർ | വിശദാംശങ്ങൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | G.O (Rt) -21/87/LBR dt 02.01.1987 | കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച സ്ഥിരം തസ്തിക | 1 |
| 2 | G.O (Rt) -58/87/LBR | എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി | 1 |

| | | | |
|---|---|---|---|
| | dt 08.01.1987 | സൃഷ്ടിച്ച താൽക്കാലിക തസ്തികയാണിത്. (താൽക്കാലിക തസ്തികയാണെന്ന വിവരം ഉത്തരവിൽ സുവ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്) | |
| 3 | G.O (Rt) -1250/ 87/LBR dt 07.08.1987 | തിരുവല്ല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച താൽക്കാലിക തസ്തിക | 1 |
| 4 | G.O (Rt) -210/88/LBR dt 08.02.1988 | പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച താൽക്കാലിക തസ്തിക | 1 |
| 5 | G.O (Rt) -70/89/LBR dt 25.08.1989 | വൈക്കം, ഷൊർണ്ണൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച താൽക്കാലിക തസ്തികകൾ | 2 |
| 6 | G.O (Ms) -15/90/LBR dt 09.02.1990 & Erratum Order G.O (Ms) -19/90/LBR dt 15.03.1990 | എം.ജി യൂണിവേഴ്സിറ്റി ക്യാമ്പസിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോക്കായി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കേഡറിൽ സൃഷ്ടിച്ച താൽക്കാലിക തസ്തികയാണ് 'ഡെപ്യൂട്ടി ചീഫ്'. (പിന്നീട് 15.03.1990 – ലെ ഭേദഗതി ഉത്തരവിലൂടെ 'District Employment Officer' എന്നത് 'Employment Officer' എന്നും, ശമ്പള സ്കെയിൽ '1590 – 3050' എന്നത് '1450 – 2825' എന്നും ഭേദഗതി ചെയ്തു) | 1 |
| 7 | G.O (Ms) -54/90/LBR dt 05.07.1990 | കൊട്ടാരക്കര, ചാവക്കാട്, കൊടുങ്ങല്ലൂർ, ഹോസ്ദുർഗ് എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 4 |
| 8 | G.O (Ms) -89/91/LBR dt 11.12.1991 | തളിപ്പറമ്പ, തലപ്പിള്ളി, കൊച്ചി, ചിറ്റൂർ, മാവേലിക്കര എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 5 |
| 9 | G.O (Ms) -70/93/LBR dt 15.09.1993 | ആലത്തൂർ, കുന്നത്തുനാട്, മണ്ണാർകാട്, കുന്നത്തൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ | 4 |

| | | | |
|---|---|---|---|
| | | താൽക്കാലിക തസ്തികകൾ | |
| 10 | G.O (Ms) -97/95/LBR dt 30.09.1995 | അടൂർ, സുൽത്താൻ ബത്തേരി, കാഞ്ഞിരപ്പള്ളി, കുട്ടനാട്, റാന്നി, മാനന്തവാടി, ദേവികുളം, ചെങ്ങന്നൂർ, പീരുമേട്, കോതമംഗലം, മല്ലപ്പള്ളി എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 11 |
| 11 | G.O (Ms) -1/96/LBR dt 01.01.1996 | നിലമ്പൂർ, തിരൂരങ്ങാടി, പരവൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 3 |
| 12 | GO (Ms) -24/97/LBR dt 10.03.1997 | കാട്ടാക്കട, കുറ്റിപ്പുറം, മട്ടന്നൂർ, ബാലുശ്ശേരി, ഉള്ളൂർ (തിരുവനന്തപുരം) എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ. (പ്രസ്തുത ഉത്തരവിൽ ഉള്ളൂർ (തിരുവനന്തപുരം), ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന് രേഖപ്പെടുത്തിയിരുന്നു. ഉള്ളൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ പിന്നീട് റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കഴക്കൂട്ടം എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്) | 5 |
| 13 | G.O (Ms) -17/98/LBR dt 31.03.1998 | കിളിമാനൂർ, കുണ്ടറ, താമരശ്ശേരി എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 3 |
| | | **ആകെ** | **42** |

**6.17** തുടർച്ചാനുമതി ആവശ്യമായ എംപ്ലോയ്മെന്റ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് വിഭാഗത്തിലെ 42 തസ്തികകളുടേയും നിയമന ഉത്തരവുകൾ പരിശോധിച്ചപ്പോൾ ഇവയിൽ 9 എണ്ണം സ്ഥിരം തസ്തികകളും 33 എണ്ണം താൽക്കാലിക തസ്തികകളാണെന്നും ബോധ്യപ്പെട്ടു. എന്നാൽ 02.01.1987 – ൽ സൃഷ്ടിച്ച സ്ഥിരം തസ്തികയ്ക്ക് പോലും തൊട്ടടുത്ത വർഷം 23.04.1988 – ലെ GO(Rt)-685/88/LBR നമ്പർ ഉത്തരവിലൂടെ തുടർച്ചാനുമതി

നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ഇതേ വിധത്തിൽ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച തൊട്ടടുത്ത വർഷം തന്നെ തുടർച്ചാനുമതി ഉത്തരവിലൂടെ അവയെ താൽക്കാലിക തസ്തികകളാക്കി മാറ്റുകയാണ് ചെയ്തിരിക്കുന്നത്. 2000- നു ശേഷം സർക്കാരിന് സമർപ്പിച്ച വിവിധ പ്രൊപ്പോസലുകളിലും ഈ തസ്തികകൾ ഉൾപ്പെടുകയും അവയ്ക്ക് തുടർച്ചാനുമതി/ സ്ഥിരപ്പെടുത്തൽ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**6.18** എംപ്ലോയ്മെന്റ് ഓഫീസർ/ഡെപ്യൂട്ടി ചീഫ് എന്ന തസ്തിക വിവിധ സബ് ഓഫീസുകൾക്ക് നേതൃത്വം നൽകുന്ന ഓഫീസ് മേധാവിയുടേതാണ്. സബ് ഓഫീസുകളുടെ ദൈനംദിന ജോലികൾക്ക് മേൽനോട്ടം വഹിക്കുക, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ, സബ്മിഷൻ, അക്കൗണ്ട്സ് തുടങ്ങിയ ജോലികൾ ഏകോപിപ്പിക്കുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്യുക, തൊഴിൽ രഹിതർക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള സ്വയം തൊഴിൽ പദ്ധതികളായ കെസ്റു, മൾട്ടിപർപ്പസ് ജോബ് ക്ലബ്ബ്, ശരണ്യ എന്നിവയുടെ അപേക്ഷകൾ സ്വീകരിച്ച് തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുക എന്നിവ ഈ തസ്തികയുടെ ചുമതലകളാണ്. നിലവിൽ ഈ 42 ഓഫീസുകളും തുടർന്നു വരികയാണ്. ഈ സാഹചര്യത്തിൽ വകുപ്പിലെ 42 എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളുടേയും സ്ഥിരപ്പെടുത്തൽ അനിവാര്യമാണ്.

## G. ജൂനിയർ സൂപ്രണ്ട്

**6.19** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ ജൂനിയർ സൂപ്രണ്ട് എന്നത് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയ്ക്ക് തുല്യമായ തസ്തികയാണ്. പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ ഈ വിഭാഗത്തിൽ 10 തസ്തികകൾക്ക് തുടർച്ചാനുമതി/സ്ഥിരപ്പെടുത്തൽ ആവശ്യമാണെന്ന് വ്യക്തമാക്കിയിരുന്നു. 2000 – ൽ അവസാനമായി തുടർച്ചാനുമതി ലഭ്യമായ 20.03.2000 – ലെ GO(Rt)–1094/2000/LBR ഉത്തരവ് പഠനസംഘം വ്യക്തമായി പരിശോധിച്ചപ്പോൾ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 9 എണ്ണത്തിന് മാത്രമാണ് തുടർച്ചാനുമതി ലഭ്യമായി കാണുന്നത്. 21.04.1986 –ലെ GO(Rt)-660/86/LBR ഉത്തരവ് പ്രകാരം

തിരുവനന്തപുരം, എറണാകുളം ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായും തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ്, കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായും 9 സ്ഥിരം ജൂനിയർ സൂപ്രണ്ട് തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഇതിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിലെ തസ്തികകൾ അന്ന് നിലവിലുണ്ടായിരുന്ന 5 ഹെഡ് ക്ലാർക്ക് തസ്തികകൾ അപ്ഗ്രേഡ് ചെയ്തും എറണാകുളം, കൊല്ലം, ആലപ്പുഴ, പാലക്കാട് ജില്ലയിലെ തസ്തികകൾ പുതുതായി സൃഷ്ടിച്ചുമാണ് സാധ്യമാക്കിയിരുന്നത്.

**6.20** സ്ഥിരം തസ്തികകളായാണ് സൃഷ്ടിച്ചതെങ്കിലും തൊട്ടടുത്ത വർഷത്തെ ഉത്തരവിലൂടെ (25.04.1987–ലെ GO(Rt)-650/87/LBR) ഈ തസ്തികകൾക്ക് തുടർച്ചാനുമതി നൽകിയതായും 2000 - ലെ അവസാന തുടർച്ചാനുമതി ഉത്തരവിലും ഈ 9 തസ്തികകൾ ഉൾപ്പെട്ടിട്ടുള്ളതായും കാണുന്നു.

**6.21** 2007 – ൽ തുടർച്ചാനുമതി തേടി സർക്കാരിന് കൈമാറിയ പ്രൊപ്പോസലിൽ ജൂനിയർ സൂപ്രണ്ട് വിഭാഗത്തിൽ 4 തസ്തികയെന്ന് തെറ്റായാണ് രേഖപ്പെടുത്തി കാണുന്നത്. 2015 - ൽ അവസാനമായി നൽകിയ പ്രൊപ്പോസലിൽ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ / ജൂനിയർ സൂപ്രണ്ട് എന്ന് ഒറ്റ വിഭാഗമായി ഉൾപ്പെടുത്തി 50 തസ്തികളെന്നും രേഖപ്പെടുത്തിയതായി കാണുന്നു.

**6.22** വസ്തുതകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിരം തസ്തികകൾ തുടർച്ചാനുമതി ഉത്തരവുകളിലൂടെ താൽക്കാലിക തസ്തികകളായി മാറിയിരിക്കുകയാണ്. ജൂനിയർ സൂപ്രണ്ട് വിഭാഗത്തിൽ 9 തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടതായുണ്ട്. സബ് ഓഫീസുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ സെലക്ഷൻ നടത്തി ലിസ്റ്റ് നൽകുകയെന്ന ഉത്തരവാദിത്തം നിർവഹിക്കുന്ന ഓഫീസർമാരാണ് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ / ജൂനിയർ സൂപ്രണ്ടുമാർ. ഓഫീസ് മേധാവിയുടെ അഭാവത്തിൽ ഓഫീസറുടെ ചുമതലയും ക്ലാർക്കുമാരുടെ മേൽനോട്ടവും നിർവഹിക്കുന്ന ഈ സൂപ്പർവൈസറി തസ്തിക സ്ഥിരപ്പെടുത്തേണ്ടത്

തന്നെയാണ്. തുടർച്ചാനുമതി ഉത്തരവിൽ ഉൾപ്പെട്ട 9 ജൂനിയർ സൂപ്രണ്ട് തസ്തികകളും സ്ഥിരപ്പെടുത്തേണ്ടതാണ്.

## H. ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ (JEO)

**6.23** 21.02.1959 – ലെ GO(Rt)-716/59/L&LAD ഉത്തരവ് പ്രകാരമാണ് അസിസ്റ്റന്റ് എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയെ 'ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ' എന്ന് പുനർനാമകരണം ചെയ്തത്. പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിൽ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ വിഭാഗത്തിൽപ്പെട്ട 40 തസ്തികകൾക്ക് തുടർച്ചാനുമതി/സ്ഥിരപ്പെടുത്തൽ ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2000 - ൽ അവസാനമായി തുടർച്ചാനുമതി നൽകിയ 20.03.2000 –ലെ G.O(Rt)-1094/2000/LBR ഉത്തരവ് പഠനസംഘം വ്യക്തമായി പരിശോധിച്ചപ്പോൾ പ്രസ്തുത ഉത്തരവ് മുഖേന 33 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകൾക്ക് തുടർച്ചാനുമതി നൽകിയതായി വ്യക്തമായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് മുഖേന തുടർച്ചാനുമതി ലഭ്യമായ 33 തസ്തികകളുടെ നിയമന ഉത്തരവ്, തസ്തിക സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എന്നിവ പ്രവൃത്തി പഠനസംഘം പരിശോധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് നമ്പർ | വിശദാംശങ്ങൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | G.O (Rt) -21/87/LBR dt 02.01.1987 | കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച സ്ഥിരം തസ്തിക | 1 |
| 2 | G.O (Rt) -58/87/LBR dt 08.01.1987 | എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച താൽക്കാലിക തസ്തിക | 1 |
| 3 | G.O (Rt) -1419/87/LBR dt 16.09.1987 | കാസർഗോഡ്, വയനാട്, പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ മാർക്കറ്റ് ഇൻഫർമേഷൻ പ്രോഗ്രാം ശക്തിപ്പെടുത്തുന്നതിനായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ | 3 |

| | | | |
|---|---|---|---|
| 4 | G.O (Rt) -210/88/LBR dt 08.02.1988 | തിരുവല്ല, പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച താൽക്കാലിക തസ്തികകൾ | 2 |
| 5 | G.O (Rt) -70/89/LBR dt 25.08.1989 | വൈക്കം, ഷൊർണ്ണൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച താൽക്കാലിക തസ്തികകൾ | 2 |
| 6 | G.O (Ms) -82/89/LBR dt 05.10.1989 | ആലപ്പുഴ, ഇടുക്കി, മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ | 3 |
| 7 | G.O (Ms) -106/90/LBR dt 06.12.1990 | പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിനായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ. (2000 – ലെ അവസാന തുടർച്ചാനുമതി ഉത്തരവിൽ പ്രസ്തുത GO നമ്പർ 107 എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.) | 3 |
| 8 | G.O (Ms) -70/93/LBR dt 15.09.1993 | ആലത്തൂർ, കുന്നത്തുനാട്, മണ്ണാർകാട്, കുന്നത്തൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 4 |
| 9 | GO (Ms) -97/95/LBR dt 30.09.1995 | അടൂർ, സുൽത്താൻ ബത്തേരി, കാഞ്ഞിരപ്പള്ളി, കുട്ടനാട്, റാന്നി, മാനന്തവാടി, ദേവികുളം, ചെങ്ങന്നൂർ, പീരുമേട്, കോതമംഗലം, മല്ലപ്പള്ളി എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 11 |
| 10 | G.O (Ms) -01/96/LBR dt 01.01.1996 | നിലമ്പൂർ, തിരൂരങ്ങാടി, പരവൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 3 |
| | | **ആകെ** | **33** |

**6.24** പ്രസ്തുത ഉത്തരവിലെ 33 തസ്തികകളിൽ 10 എണ്ണം തുടർച്ചാനുമതി ആവശ്യമില്ലാത്ത സ്ഥിരം തസ്തികകളായിരുന്നു എന്നതാണ് യാഥാർത്ഥ്യം. എന്നാൽ തൊട്ടടുത്ത വർഷം തന്നെ തുടർച്ചാനുമതിക്കുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തി 1999 വരെ തുടർച്ചാനുമതി വാങ്ങിയതോടെ ഈ സ്ഥിരം തസ്തികകളും താൽക്കാലിക തസ്തികകളായി ഇപ്പോൾ നിലനിൽക്കുകയാണ്.

**6.25** 2000-ൽ തുടർച്ചാനുമതി നൽകിയ ഉത്തരവിന് ശേഷം 2015 വരെ സർക്കാരിന് സമർപ്പിച്ച പ്രപ്പോസലുകളിൽ 9 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ (JEO) തസ്തികകൾക്ക് കൂടി തുടർച്ചാനുമതി തേടിയതായി കാണുന്നു. ഇവയിൽ 8 തസ്തികകൾ 10.03.1997 – ലെ G.O(Rt)-24/97/LBR പ്രകാരം സൃഷ്ടിച്ച സ്ഥിരം തസ്തികകളായിരുന്നു. മറ്റൊരു തസ്തിക കിളിമാനൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയായിരുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**6.26** 10.03.1997 - ലെ G.O(Ms)-24/97/LBR ഉത്തരവ് പ്രകാരം തിരുവനന്തപുരം റൂറൽ എക്സ്ചേഞ്ചിനായി (ഇപ്പോഴത്തെ കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) 3 തസ്തികകളും കാട്ടാക്കട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി 2 തസ്തികകളും കുറ്റിപ്പുറം, മട്ടന്നൂർ, ബാലുശ്ശേരി എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കുമായി ഓരോ തസ്തികകളും ഉൾപ്പെടെ മൊത്തം 8 സ്ഥിരം ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. എന്നാൽ 01.03.1998 മുതൽ 01.03.1999 വരെയുള്ള കാലഘട്ടത്തിലേക്കായി തുടർച്ചാനുമതി അവസാനമായി നൽകിയ 20.03.2000 – ലെ ഉത്തരവിൽ ഈ തസ്തികകൾ ഉൾപ്പെട്ടിട്ടില്ല. 2000 - ന് ശേഷം നൽകിയ പ്രൊപ്പോസലുകളിൽ ഈ സ്ഥിരം തസ്തികകളെ തുടർച്ചാനുമതിക്കായി ഉൾപ്പെടുത്തുകയാണുണ്ടായത്.

**6.27** വാസ്തവത്തിൽ ഈ സ്ഥിരം തസ്തികകൾക്ക് തുടച്ചാനുമതി ആവശ്യമില്ലായെന്ന് പഠനസംഘം വിലയിരുത്തുന്നു. നിലവിൽ 25 വർഷത്തോളമായി

തുടർച്ചാനുമതി പ്രപ്പോസലിൽ ഉൾപ്പെടുത്തി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ഈ 8 സ്ഥിരം തസ്തികകളെ താൽക്കാലിക തസ്തികകളായി നിലനിർത്തിയിരിക്കുകയാണ്. 25 വർഷത്തോളമായി ഭരണ വകുപ്പും ധനവകുപ്പും തുടർച്ചാനുമതി പ്രൊപ്പോസലിൽ തീരുമാനമെടുക്കാതെ ഈ 8 തസ്തികകളെ താൽക്കാലിക ലിസ്റ്റിൽ തന്നെ നിലനിർത്തിയത് നീതീകരിക്കാൻ കഴിയുന്നതല്ലെന്ന് വിലയിരുത്തുന്നു. 25 വർഷത്തെ അവധാനത കൂടുതൽ നിയമപ്രശ്നങ്ങളിലേക്ക് നയിക്കാനുള്ള സാധ്യതയുണ്ടെന്നതിനാൽ ഈ 8 സ്ഥിരം തസ്തികകളെ താൽക്കാലിക തസ്തികയെന്ന് നിലവിൽ കണക്കാക്കി സ്ഥിരപ്പെടുത്തുന്നതാകും ഉചിതമെന്ന് പഠനസംഘം നിർദ്ദേശിക്കുന്നു.

**6.28** 26.07.2010 – ലെ J1/Pdl/33/2000/DE നമ്പർ കത്ത് മുഖേന ഡയറക്ടറേറ്റിൽ നിന്ന് ധനകാര്യ (എക്സ്പെൻഡിച്ചർ - എ) വകുപ്പിന് കൈമാറിയ പ്രൊപ്പോസലിൽ കിളിമാനൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി 31.03.1998 – ലെ G.O(Ms)-17/98/LBR ഉത്തരവ് പ്രകാരം സൃഷ്ടിച്ച ഒരു ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയ്ക്ക് തുടർച്ചാനുമതി തേടിയതായി കാണുന്നു. എന്നാൽ പ്രസ്തുത ഉത്തരവും അതോടൊപ്പമുള്ള അനക്ഷറും പരിശോധിച്ചതിൽ നിന്നും കിളിമാനൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി ഒരു ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തിക അനുവദിച്ചിട്ടില്ലായെന്നും കിളിമാനൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിലുള്ള 2 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളും 07.02.2003 –ലെ G.O(Ms)-6/2003/തൊഴിൽ ഉത്തരവ് പ്രകാരം ഡയറക്ടറേറ്റിൽ നിന്നും പുനർവിന്യസിച്ചതാണെന്നും കണ്ടെത്തുകയുണ്ടായി. ആയതിനാൽ പ്രസ്തുത പ്രൊപ്പോസലിൽ ഈ ഒരു ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തിക തെറ്റായാണ് രേഖപ്പെടുത്തിയതെന്ന് കാണുന്നു. ഇക്കാരണത്താൽ തന്നെ ഈയൊരു തസ്തിക തുടർച്ചാനുമതി/സ്ഥിരപ്പെടുത്തലിനായി പരിഗണിക്കേണ്ടതില്ലായെന്ന് പഠനസംഘം വിലയിരുത്തുന്നു.

**6.29** ഈ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ, 20.03.2000 - ലെ അവസാന തുടർച്ചാനുമതി ഉത്തരവിൽ ഉൾപ്പെട്ട 33 തസ്തികകളും അതിനുശേഷം 2015 വരെ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകളിലുൾപ്പെട്ട 8 തസ്തികകളും ഉൾപ്പെടെ 41 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടതുണ്ടെന്ന് പഠനസംഘം നിർദ്ദേശിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് നൽകുന്ന ജോലികൾ നിർവഹിക്കുന്ന ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകൾ അത്യന്താപേക്ഷിതമാകയാൽ പ്രസ്തുത 41 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകൾ സ്ഥിരം തസ്തികകളാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

**I. ഹെഡ് ക്ലർക്ക്**

**6.30** പ്രവൃത്തിപഠനത്തിനായി സമർപ്പിച്ച പ്രൊപ്പോസലിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ കോഴിക്കോട്, കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ നാല് തസ്തികകൾക്കാണ് തുടർച്ചാനുമതി/സ്ഥിരപ്പെടുത്തൽ ആവശ്യപ്പെട്ടിട്ടുള്ളത്. 20.03.2000 – ലെ അവസാന തുടർച്ചാനുമതി ഉത്തരവ് പഠനസംഘം വ്യക്തമായി പരിശോധിച്ചപ്പോൾ 5 തസ്തികകൾക്ക് തുടർച്ചാനുമതി നൽകിയതായി വ്യക്തമായിട്ടുണ്ട്. തുടർന്ന് 2015 വരെ നൽകിയ പ്രൊപ്പോസലുകളിലും ഇവ ആവർത്തിച്ചിട്ടുണ്ട്. ഈ തസ്തികകൾ സൃഷ്ടിച്ച ഉത്തരവും പരിശോധിക്കുകയുണ്ടായി.

**6.31** 21.04.1986 – ലെ GO(Rt)-660/86/LBR ഉത്തരവ് പ്രകാരമാണ് കോഴിക്കോട് ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം, പത്തനംതിട്ട, കണ്ണൂർ എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ ഓഫീസുകളിലേക്കായി 5 ഹെഡ് ക്ലർക്ക് തസ്തികകൾ സൃഷ്ടിച്ചത്. ഇവ താൽക്കാലിക തസ്തികകളായാണ് സൃഷ്ടിച്ചതെന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൊഴികെ മറ്റ് നാല് ഓഫീസുകളിലേയും തസ്തികകൾ

താൽക്കാലികമാണെന്ന് വിലയിരുത്തിയതെങ്ങനെയെന്ന കാര്യത്തിലും ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്ക് വ്യക്തതയില്ല.

**6.32** ഈ അഞ്ച് ഹെഡ് ക്ലർക്ക് തസ്തികകളേയും താൽക്കാലിക തസ്തികകളെന്ന് വിലയിരുത്തി 1987 മുതൽ 2000 വരെയുള്ള ഉത്തരവുകളിലൂടെ തുടർച്ചാനുമതി നേടിയിട്ടുണ്ട്. ധാരാളം ജോലിഭാരമുള്ള പ്രസ്തുത സബ് ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിക്കഴിഞ്ഞാലും ഈ തസ്തികകൾ അനിവാര്യമാണെന്ന് കാണുന്നു. ഹെഡ് ക്ലർക്ക് വിഭാഗത്തിലെ 5 തസ്തികകളും സ്ഥിരപ്പെടുത്തേണ്ടതാണ്.

**J. ക്ലർക്ക്**

**6.33** പ്രവൃത്തിപഠനത്തിനായി സമർപ്പിച്ച പ്രൊപ്പോസലിൽ ക്ലർക്ക് തസ്തികയിൽ വിവിധ ഓഫീസുകളിലെ 162 തസ്തികകൾ സ്ഥിരപ്പെടുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. 20.03.2000 – ലെ അവസാന തുടർച്ചാനുമതി ഉത്തരവ് വ്യക്തമായി പരിശോധിച്ചപ്പോൾ 145 തസ്തികകൾക്ക് 28.02.1999 വരെ തുടർച്ചാനുമതി നൽകിയതായി കാണുന്നു. പ്രസ്തുത 145 ക്ലർക്ക് തസ്തികകൾ സൃഷ്ടിച്ച ഉത്തരവുകൾ വിശദമായി പരിശോധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ | വിശദാംശങ്ങൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | G.O (Rt) -21/87/LBR dt 02.01.1987 | കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 2 സ്ഥിരം തസ്തികകൾ. (ഇവയ്ക്ക് തൊട്ടടുത്ത വർഷം 23.04.1988 – ലെ GO(Rt)-685/88/LBR ഉത്തരവിലൂടെ തുടർച്ചാനുമതി നേടിയതായി കാണുന്നു.) | 2 |
| 2 | G.O (Rt) -58/87/LBR dt 08.01.1987 | എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 2 താൽക്കാലിക തസ്തികകൾ. (ടി തസ്തികകൾക്കും 23.04.1988 – ലെ ഉത്തരവിലൂടെ തുടർച്ചാനുമതി നേടിയിട്ടുണ്ട്.) | 2 |

| | | | |
|---|---|---|---|
| 3 | G.O (Rt)-1250/87/LBR dt 07.08.1987 | തിരുവല്ല ടൗൺ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ച് രൂപീകരിക്കുന്നതിനായി സൃഷ്ടിച്ച 1 താൽക്കാലിക തസ്തിക. (ഈ തസ്തികയ്ക്ക് 23.04.1988 – ലെ ഉത്തരവിലൂടെ തുടർച്ചാനുമതി നേടിയിട്ടുണ്ട്.) | 1 |
| 4 | G.O (Rt) -1419/87/LBR dt 16.09.1987 | കാസർഗോഡ്, വയനാട്, പത്തനംതിട്ട ജില്ലാ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ. (23.04.1988 – ലെ ഉത്തരവ് മുഖേന തൊട്ടടുത്ത വർഷവും തുടർന്ന് 2000 – ലെ ഉത്തരവ് പ്രകാരവും ഈ സ്ഥിരം തസ്തിക തുടർച്ചാനുമതി നേടി ഇപ്പോൾ താൽക്കാലിക തസ്തികകളായാണ് നിലനിർത്തിയിരിക്കുന്നത്.) | 3 |
| 5 | G.O (Rt) -210/88/LBR dt 08.02.1988 | തിരുവല്ല ടൗൺ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച ഒരു താൽക്കാലിക തസ്തികയും പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 2 താൽക്കാലിക തസ്തികകളും. | 3 |
| 6 | G.O (Rt) -142/89/LBR dt 18.01.1989 | ഡയറക്ടറേറ്റിനായി സൃഷ്ടിച്ച 3 സ്ഥിരം തസ്തികകൾ. (30.06.1989 – ലെ GO(Rt)-1239/89/LBR ഉത്തരവ് മുഖേന ആറു മാസത്തിനകം ടി സ്ഥിരം തസ്തികകൾ തുടർച്ചാനുമതി നേടി താൽക്കാലിക തസ്തികകളാക്കിയിട്ടുണ്ട്.) | 3 |
| 7 | G.O (Ms) -22/89/LBR dt 31.03.1989 | വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി 75 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചു. എന്നാൽ 2000 – ലെ തുടർച്ചാനുമതി പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ 75 തസ്തികകളിൽ ചുവടെ ചേർക്കുന്ന 69 തസ്തികകൾ മാത്രമേ തുടർച്ചാനുമതി ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കിയുള്ള 6 ജീവനക്കാരെ സംബന്ധിച്ച വിശദാംശങ്ങളോ ഈ ആറ് തസ്തികകൾ ഒഴികെയുള്ളവ മാത്രം | 69 |

| | | | |
|---|---|---|---|
| | | എങ്ങനെ താൽക്കാലിക തസ്തികകളായെന്ന ചോദ്യത്തിനും ഉത്തരം ലഭ്യമായിട്ടില്ല.<br><br>69 തസ്തികകൾ വിന്യസിച്ചിട്ടുള്ള ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഡയറക്ടറേറ്റ് - 7<br><br>ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക എക്സ്ചേഞ്ച്, തിരുവനന്തപുരം - 1<br><br>പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം - 2<br><br>യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ, മണ്ണുത്തി - 1<br><br>ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ<br>തിരുവനന്തപുരം - 3<br>ആലപ്പുഴ - 2<br>പത്തനംതിട്ട - 4<br>കോട്ടയം - 2<br>എറണാകുളം - 2<br>തൃശ്ശൂർ - 2<br>പാലക്കാട് - 2<br>കാസർഗോഡ് - 1<br>വയനാട് - 1<br>കോഴിക്കോട് - 1<br>കണ്ണൂർ - 1<br>ഇടുക്കി - 2<br><br>ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ<br><br>നെയ്യാറ്റിൻകര - 2 | |

| | | | |
|---|---|---|---|
| | | നെടുമങ്ങാട് - 2<br>തിരുവല്ല - 1<br>കൊയിലാണ്ടി - 2<br>നോർത്ത് പറവൂർ - 3<br>പെരിന്തൽമണ്ണ - 1<br>ആറ്റിങ്ങൽ - 1<br>കരുനാഗപ്പള്ളി - 4<br>പുനലൂർ - 1<br>ചേർത്തല - 1<br>കായംകുളം - 2<br>പാലാ - 1<br>ചങ്ങനാശ്ശേരി - 3<br>ആലുവ - 2<br>തൊട്ടുപുഴ - 1<br>മൂവാറ്റുപുഴ - 1<br>ഇരിങ്ങാലക്കുട - 2<br>തിരൂർ - 2<br>പൊന്നാനി - 2<br>തലശ്ശേരി - 1 | |
| 8 | G.O (Rt) -70/89/LBR dt 25.08.1989 | വൈക്കം, ഷൊർണ്ണൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച രണ്ട് വീതം താൽക്കാലിക തസ്തികകൾ.<br>(തൊട്ടടുത്ത വർഷം 11.05.1990 – ലെ G.O(Rt)-1278/90/LBR ഉത്തരവ് പ്രകാരം തുടർച്ചാനുമതി നേടിയതായി കാണുന്നു. 2000 – ലെ തുടർച്ചാനുമതി ഉത്തരവിൽ പ്രസ്തുത GO നമ്പർ 78/89 എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്) | 4 |
| 9 | G.O (Ms) -82/89/LBR dt 05.10.1989 | വയനാട്, പത്തനംതിട്ട, കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾക്കായി സൃഷ്ടിച്ച സ്ഥിരം തസ്തികകൾ.<br>(സ്ഥിരം തസ്തികകളെങ്കിലും 11.05.1990 – ലെ ഉത്തരവിലൂടെ തുടർച്ചാനുമതി നേടി | 3 |

| | | | |
|---|---|---|---|
| | | താൽക്കാലിക തസ്തികയായി ഇപ്പോൾ നിലനിൽക്കുന്നു.) | |
| 10 | G.O (Ms) -15/90/LBR dt 06.02.1990 | കോട്ടയം എം.ജി. യൂണിവേഴ്സിറ്റിയോടൊപ്പം പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോ പ്രവർത്തിപ്പിക്കുന്നതിനായി സൃഷ്ടിച്ച ഒരു താൽക്കാലിക തസ്തിക. | 1 |
| 11 | G.O (Ms) -54/90/LBR dt 05.07.1990 | കൊട്ടാരക്കര, ചാവക്കാട്, കൊടുങ്ങല്ലൂർ, ഹോസ്ദുർഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. (ഇവയ്ക്ക് 07.08.1991 – ലെ GO(Rt)-2016/91/LBR ഉത്തരവ് പ്രകാരം തുടർച്ചാനുമതി തേടിയിട്ടുണ്ട്.) | 4 |
| 12 | G.O (Ms) -89/91/LBR dt 11.12.1991 | തളിപ്പറമ്പ, തലപ്പിള്ളി, കൊച്ചി, ചിറ്റൂർ, മാവേലിക്കര എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. (ഇവയ്ക്ക് 17.07.1992 – ലെ GO(Rt)-1776/92/LBR ഉത്തരവ് പ്രകാരം തുടർച്ചാനുമതി തേടിയിട്ടുണ്ട്.) | 5 |
| 13 | G.O (Ms) -70/93/LBR dt 15.09.1993 | ആലത്തൂർ, കുന്നത്തുനാട്, കുന്നത്തൂർ, മണ്ണാർകാട് എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി രണ്ടു വീതം സൃഷ്ടിച്ച താൽക്കാലിക തസ്തികകൾ. | 8 |
| 14 | G.O (Ms) -97/95/LBR dt 30.09.1995 | അടൂർ, സുൽത്താൻ ബത്തേരി, കാഞ്ഞിരപ്പള്ളി, കുട്ടനാട്, റാന്നി, മാനന്തവാടി, ദേവികുളം, ചെങ്ങന്നൂർ, പീരുമേട്, കോതമംഗലം, മല്ലപ്പള്ളി തുടങ്ങിയ 11 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച രണ്ട് വീതം താൽക്കാലിക തസ്തികകൾ | 22 |
| 15 | G.O (Ms) -1/96/LBR dt 01.01.1996 | നിലമ്പൂർ, തിരൂരങ്ങാടി, പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച രണ്ട് വീതം താൽക്കാലിക തസ്തികകൾ. | 6 |

| | | | |
|---|---|---|---|
| | | (ഇവയ്ക്ക് 25.09.1997 – ലെ GO(Rt)-2708/97/LBR ഉത്തരവ് മുഖേന തുടർച്ചാനുമതി അടുത്ത വർഷം തന്നെ വാങ്ങിയിട്ടുണ്ട്.) | |
| 16 | G.O (Ms) -15/96/LBR dt 01.02.1996 | കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ ഭിന്നശേഷിക്കാർക്കുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച രണ്ട് വീതം സ്ഥിരം തസ്തികകൾ. (ഇവയ്ക്ക് 25.09.1997 – ലെ ഉത്തരവിലൂടെ തുടർച്ചാനുമതി ലഭ്യമായിട്ടുണ്ട്.) | 6 |
| 17 | G.O (Ms) -17/98/LBR dt 31.03.1998 | കിളിമാനൂർ, കുണ്ടറ, താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കലിക തസ്തികകൾ. (01.03.1998 മുതൽ 2 വർഷത്തേക്ക് പുറപ്പെടുവിച്ച 2000 – ലെ ഉത്തരവിലൂടെ തുടർച്ചാനുമതി ലഭ്യമായിട്ടുണ്ട്.) | 3 |
| | | **ആകെ** | **145** |

**6.34** 31.03.1989 – ലെ GO(Ms)-22/89/LBR പ്രകാരം വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി സൃഷ്ടിച്ച 75 സ്ഥിരം തസ്തികകളിൽ 2000 –ലെ തുടർച്ചാനുമതി പ്രൊപ്പോസൽ പരിശോധിച്ചപ്പോൾ 69 തസ്തികകൾക്കു മാത്രമേ തുടർച്ചാനുമതി ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കിയുള്ള 6 തസ്തികകളെ സംബന്ധിച്ച വിശദാംശങ്ങളോ ഈ ആറ് തസ്തികകൾ ഒഴികെയുള്ളവ മാത്രം എങ്ങനെ താൽക്കാലിക തസ്തികകളായെന്ന ചോദ്യത്തിനും ഉത്തരം ലഭ്യമായിട്ടില്ല. ഈ 6 തസ്തികകൾ വിന്യസിച്ച ഓഫീസുകളെപ്പറ്റിയുള്ള ഉത്തരവുകളോ നടപടിക്രമങ്ങളോ വകുപ്പുതലവന്റെ ഓഫീസിൽ ലഭ്യമല്ല. 75 തസ്തികകൾ സൃഷ്ടിച്ച ഉത്തരവിലെ 69 തസ്തികകൾ മാത്രം താൽക്കാലിക തസ്തികകൾ എന്ന് അനുമാനിച്ച് തുടർച്ചാനുമതി ലഭ്യമാക്കാനും കഴിയില്ല. ഇക്കാരണത്താൽ ഈ 6 തസ്തികകളെ കൂടി താൽക്കാലിക തസ്തികകളുടെ ഗണത്തിൽ ഉൾപ്പെടുത്തി സ്ഥിരപ്പെടുത്താൻ പഠനസംഘം ശിപാർശ ചെയ്യുന്നു.

**6.35** 2000 – ലെ അവസാന തുടർച്ചാനുമതി ഉത്തരവിന് ശേഷം 2015 വരെ നിരവധി പ്രൊപ്പോസലുകൾ ഭരണവകുപ്പായ തൊഴിൽ വകുപ്പിന് കൈമാറിയിരുന്നെങ്കിലും തുടർച്ചാനുമതി നൽകുകയോ സ്ഥിരപ്പെടുത്തുകയോ ചെയ്തിരുന്നില്ല. പ്രസ്തുത പ്രൊപ്പോസലുകളിൽ 1997 – ലും 2000 – ലുമായി പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളിലെ 18 സ്ഥിരം ക്ലർക്ക് തസ്തികകൾ കൂടി താൽക്കാലികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പക്ഷേ ഇക്കൂട്ടത്തിൽ 10.03.1997 - ലെ ഉത്തരവ് പ്രകാരം സൃഷ്ടിച്ച 16 ക്ലർക്ക് തസ്തികകൾ 2000 - ലെ അവസാന തുടർച്ചാനുമതി ഉത്തരവിൽ എന്തുകൊണ്ട് ഉൾപ്പെട്ടിരുന്നില്ലയെന്നതിന് ഇപ്പോഴും വ്യക്തതയില്ല.

**6.36** മേൽ പ്രസ്താവിച്ച 18 ക്ലർക്ക് തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് നമ്പർ | വിശദാംശങ്ങൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | GO(MS) -24/97/LBR dt 10.03.1997 | ഉള്ളൂർ (തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 6 തസ്തികകൾ; കാട്ടാക്കട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 4 തസ്തികകൾ; കുറ്റിപ്പുറം, മട്ടന്നൂർ, ബാലുശ്ശേരി എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച രണ്ട് വീതം തസ്തികകൾ. | 16 |
| 2 | GO(Ms) -32/2000/LBR dt 24.03.2000 | നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയും കോട്ടയം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയും രണ്ട് PH Special Cell – കളെ അപ്ഗ്രേഡ് ചെയ്ത് Special Employment Exchange for Physically Handicapped ആക്കി മാറ്റി സൃഷ്ടിച്ച ഉത്തരവിൽ പ്രസ്തുത ഓഫീസുകൾക്കായി രണ്ടു വീതം ക്ലർക്ക് തസ്തികകൾ സൃഷ്ടിച്ചെങ്കിലും ഓരോ തസ്തിക വീതം പുനർവിന്യാസത്തിലൂടെ കണ്ടെത്തണമെന്ന് ഉത്തരവായിരുന്നു. | 2 |

| | | | |
|---|---|---|---|
| | | പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ട് ഓഫീസുകളിലും ഓരോ ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കപ്പെട്ടു. | |
| | | **ആകെ** | **18** |

**6.37** 2000 -ലെ അവസാന തുടർച്ചാനുമതി ഉത്തരവിലുൾപ്പെട്ട 145 തസ്തികകളും 31.03.1989 – ലെ GO (Ms) -22/89/LBR പ്രകാരം സൃഷ്ടിച്ച 75 സ്ഥിരം തസ്തികകളിൽ നിന്നും 2000 –ലെ തുടർച്ചാനുമതി പ്രൊപ്പോസലിൽ ഉൾപ്പെടാതെ പോയ 6 തസ്തികകളും 2000 – ന് ശേഷം സമർപ്പിച്ച പ്രൊപ്പോസലുകളിലുൾപ്പെട്ട 18 തസ്തികകളും ചേർത്ത് ആകെ 169 തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടത് അനിവാര്യമാണ്.

**6.38** 2000 – ന് ശേഷം ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - പാലോട്, ചാലക്കുടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, നിരവധി എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ ആരംഭിച്ചെങ്കിലും ക്ലർക്ക് തസ്തികകൾ പുതുതായി സൃഷ്ടിച്ചിരുന്നില്ല. പുനർവിന്യാസം മുഖേനയാണ് ക്ലർക്ക് തസ്തികകൾ പ്രസ്തുത ഓഫീസുകൾക്കായി അനുവദിച്ച് നൽകിയിരുന്നത്. കൂടാതെ പുതുതായി സ്വയം തൊഴിൽ പദ്ധതികൾ ആരംഭിച്ചെങ്കിലും തസ്തികകളൊന്നും അനുവദിച്ച് നൽകിയിട്ടില്ലായെന്നത് ഈ വിഭാഗത്തിന്റെ ജോലിഭാരം വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്.

**6.39** വകുപ്പിൽ ആകെയുള്ള 441 ക്ലർക്ക് തസ്തികകളിൽ 169 പേരും താൽക്കാലികമായി പ്രവർത്തിക്കുന്നവരാണെന്നും 25 വർഷത്തിലേറെയായി ഈ തസ്തികകൾ തുടർച്ചാനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന അവസ്ഥയുമാണുള്ളത്. ഈ സാഹചര്യത്തിൽ 169 ക്ലർക്ക് തസ്തികകളും സ്ഥിരപ്പെടുത്തേണ്ടതാണ്.

## K. എൽ.ഡി ടൈപ്പിസ്റ്റ്

**6.40** ഈ വകുപ്പിന് കീഴിൽ നിലവിലുള്ള 113 ടൈപ്പിസ്റ്റ് തസ്തികകളിൽ (എൽ.ഡി ടൈപ്പിസ്റ്റ് - 29, യു.ഡി ടൈപ്പിസ്റ്റ് - 28, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് - 28, സെലക്ഷൻ

ഗ്രേഡ് ടൈപ്പിസ്റ്റ് -28) തുടർച്ചാനുമതി ലഭ്യമായ 46 തസ്തികകൾ സ്ഥിരപ്പെടുത്തണമെന്നാണ് പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഈ തസ്തികയുമായി ബന്ധപ്പെട്ട് 2000 -ലെ അവസാന തുടർച്ചാനുമതി ഉത്തരവും 2015 - വരെ സർക്കാരിന് തുടർച്ചാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസലുകളും വിശദമായി പരിശോധിച്ചു. ഈ പരിശോധനയിൽ 2000 -ലെ ഉത്തരവ് മുഖേന 39 തസ്തികകൾക്ക് മാത്രമേ തുടർച്ചാനുമതി ലഭ്യമായിട്ടുള്ളൂ. എന്നാൽ 2015 -വരെ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ മുഖേന 8 തസ്തികകൾക്ക് കൂടി തുടർച്ചാനുമതി തേടിയതായി കാണുന്നു. ഇപ്രകാരം 47 ടൈപ്പിസ്റ്റ് തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടതാണെന്ന് കാണുന്നു.

**6.41** 2000 -ലെ അവസാന തുടർച്ചാനുമതി ഉത്തരവിലുൾപ്പെട്ട 39 തസ്തികകളുടെ നിയമന ഉത്തരവുകൾ വിശദമായി പരിശോധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉത്തരവ് നമ്പർ | വിശദാംശങ്ങൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | G.O (Rt) -21/87/LBR dt 02.01.1987 | കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി ഒരു സ്ഥിരം തസ്തിക. | 1 |
| 2 | G.O (Rt) -58/87/LBR dt 08.01.1987 | നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 1 താൽക്കാലിക തസ്തിക. | 1 |
| 3 | G.O (Rt) -1250/87/LBR dt 07.08.1987 | തിരുവല്ല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 1 താൽക്കാലിക തസ്തിക. | 1 |
| 4 | G.O (Rt) -210/88/LBR dt 08.02.1988 | പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 1 താൽക്കാലിക തസ്തിക. (2000 – ലെ തുടർച്ചാനുമതി ഉത്തരവിൽ ടി തസ്തിക സൃഷ്ടിച്ച ഉത്തരവിന് പകരമായി അതേ ഓഫീസിൽ പ്യൂൺ തസ്തിക സൃഷ്ടിച്ച 26.04.1988 – ലെ GO(Rt)-700/88/LBR എന്ന ഉത്തരവാണ് ചേർത്തിരിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.) | 1 |

| | | | |
|---|---|---|---|
| 5 | G.O (Rt) -70/89/LBR dt 25.08.1989 | വൈക്കം, ഷൊർണ്ണൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. (രണ്ട് ഓഫീസിന് നേരെയും ഉത്തരവ് നമ്പർ തെറ്റായാണ് 2000 – ലെ തുടർച്ചാനുമതി ഉത്തരവിൽ രേഖപ്പെടുത്തിയിട്ടുള്ളത്.) | 2 |
| 6 | G.O (Ms) -54/90/LBR dt 05.07.1990 | കൊട്ടാരക്കര, ചാവക്കാട്, കൊടുങ്ങല്ലൂർ, ഹോസ്ദുർഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 4 |
| 7 | G.O (Ms) -89/91/LBR dt 11.12.1991 | തളിപ്പറമ്പ, തലപ്പിള്ളി, കൊച്ചി, ചിറ്റൂർ, മാവേലിക്കര എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 5 |
| 8 | G.O (Ms) -70/93/LBR dt 15.09.1993 | ആലത്തൂർ, കുന്നത്തുനാട്, കുന്നത്തൂർ, മണ്ണാർകാട് എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 4 |
| 9 | G.O (Ms) -97/95/LBR dt 30.09.1995 | അടൂർ, സുൽത്താൻ ബത്തേരി, കാഞ്ഞിരപ്പള്ളി, കുട്ടനാട്, റാന്നി, മാനന്തവാടി, ദേവികുളം, ചെങ്ങന്നൂർ, പീരുമേട്, കോതമംഗലം, മല്ലപ്പള്ളി തുടങ്ങിയ 11 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 11 |
| 10 | G.O (Ms) -1/96/LBR dt 01.01.1996 | നിലമ്പൂർ, തിരൂരങ്ങാടി, പരവൂർ (കൊല്ലം) ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 3 |
| 11 | G.O (Ms) -15/96/LBR dt 01.02.1996 | കൊല്ലം, എറണാകുളം, കോഴിക്കോട് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം പ്രവർത്തിച്ചിരുന്ന വികലാംഗർക്കായുള്ള മൂന്ന് സ്പെഷ്യൽ എംപ്ലോയ്മെന്റ് സെല്ലുകൾ കൺവെർട്ട് ചെയ്ത് 3 സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിക്കുന്നതിനായി സൃഷ്ടിച്ച 3 സ്ഥിരം | 3 |

| | | | |
|---|---|---|---|
| | | തസ്തികകൾ. | |
| 12 | G.O (Ms) -17/98/LBR dt 31.03.1998 | കിളിമാനൂർ, കുണ്ടറ, താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ. | 3 |
| **ആകെ** | | | **39** |

**6.42** 2000 -ലെ അവസാന തുടർച്ചാനുമതി ഉത്തരവിന് ശേഷം 2015 വരെ തൊഴിൽ വകുപ്പിന് സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചു. ടി പ്രൊപ്പോസലുകളിൽ ഉൾപ്പെടുത്തിയ 8 തസ്തികകളുടെ നിയമന ഉത്തരവും പരിശോധനാവിധേയമാക്കി അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ഉത്തരവ് നമ്പർ** | **വിശദാംശങ്ങൾ** | **തസ്തികകളുടെ എണ്ണം** |
|---|---|---|---|
| 1 | G.O (MS) -24/97/LBR dt 10.03.1997 | തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്(നിലവിൽ കഴക്കൂട്ടം) നായി 2 സ്ഥിരം തസ്തികകളും; കാട്ടാക്കട, കുറ്റിപ്പുറം, മട്ടന്നൂർ, ബാലുശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ സ്ഥിരം ടൈപ്പിസ്റ്റ് തസ്തികകളും. | 6 |
| 2 | G.O (Ms) -32/2000/LBR dt 24.03.2000 | നെയ്യാറ്റിൻകര , കോട്ടയം എന്നിവിടങ്ങളിലെ ഭിന്നശേഷിക്കാർക്കായുള്ള Special Employment Exchange കളിൽ സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 2 |
| **ആകെ** | | | **8** |

**6.43** തുടർച്ചാനുമതി ലഭ്യമായ 46 തസ്തികകൾ സ്ഥിരപ്പെടുത്തണമെന്നാണ് പ്രവൃത്തി പഠനത്തിനായുള്ള പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിരുന്നത്. പരിശോധനയ്ക്ക് ശേഷം അവസാന തുടർച്ചാനുമതി ഉത്തരവിലുൾപ്പെട്ട 39 തസ്തികകളും തുടർന്നുള്ള പ്രൊപ്പോസലുകളിലുൾപ്പെട്ട 8 തസ്തികകളും ചേർത്ത് 47 തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടതായുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കൂട്ടത്തിലെ 15 സ്ഥിരം

തസ്തികകളും തൊട്ടടുത്ത വർഷം മുതൽ താൽക്കാലിക തസ്തികകളായി മാറിയതായി കാണുന്നു. 25 വർഷത്തിലേറെയായി ഈ തസ്തികകൾ തുടർച്ചാനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന അവസ്ഥയാണുള്ളത്. പരിമിതമായ ജീവനക്കാർ മാത്രമുള്ള സബ് ഓഫീസുകളിൽ ടൈപ്പിസ്റ്റുമാരുടെ സേവനം അനിവാര്യമാകയാൽ 47 എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളെ സ്ഥിരപ്പെടുത്തേണ്ടതാണ്.

## L. ഓഫീസ് അറ്റൻഡന്റ്

**6.44** ഈ വകുപ്പിന് കീഴിൽ നിലവിലുള്ള 133 ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ 48 പേരെ സ്ഥിരപ്പെടുത്തണമെന്നാണ് പ്രവൃത്തിപഠനത്തിനുള്ള പ്രൊപ്പോസലിൽ ആവശ്യപ്പെട്ടിട്ടുള്ളത്. 2000 –ലെ അവസാന തുടർച്ചാനുമതി ഉത്തരവും 2015 വരെ സമർപ്പിച്ച പ്രൊപ്പോസലുകളും ഓഫീസ് അറ്റൻഡന്റ് തസ്തികകളുടെ നിയമന ഉത്തരവുമെല്ലാം വിശദമായി പരിശോധിച്ചു. പരിശോധനയിൽ 2000 -ലെ ഉത്തരവ് പ്രകാരം 43 പേർക്ക് തുടർച്ചാനുമതി ലഭ്യമായി കാണുന്നു. 10.03.1997 –ലെ GO (MS) -24/97/LBR പ്രകാരം സൃഷ്ടിച്ച 7 പ്യൂൺ തസ്തികകൾ അവസാന തുടർച്ചാനുമതി ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ തുടർന്ന് 2015 വരെ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചപ്പോൾ ഈ 7 പ്യൂൺ തസ്തികകളും തുടർന്ന് 24.03.2000 –ലെ GO(Ms) 32/2000/LBR ഉത്തരവ് പ്രകാരം സൃഷ്ടിച്ച 2 താൽക്കാലിക തസ്തികകളും കൂടി ഉൾപ്പെടുത്തി ആകെ 9 തസ്തികകൾക്ക് കൂടി തുടർച്ചാനുമതി നേടിയതായി കാണുന്നു. ഇപ്രകാരം 52 പ്യൂൺ (നിലവിൽ ഓഫീസ് അറ്റൻഡന്റ്) തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടതാണെന്ന് കാണുന്നു.

**6.45** 2000 - ലെ തുടർച്ചാനുമതി ഉത്തരവിൽ ഉൾപ്പെട്ട 43 തസ്തികകളുടെ നിയമന ഉത്തരവുകൾ ഉൾപ്പെടെ വിശദമായി പരിശോധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് നമ്പർ | വിശദാംശങ്ങൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | G.O (Rt) | കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് | 1 |

| | | | |
|---|---|---|---|
| | -21/87/LBR<br>dt 02.01.1987 | എക്സ്ചേഞ്ചിനായി ഒരു സ്ഥിരം തസ്തിക. | |
| 2 | G.O (Rt)<br>-58/87/LBR<br>dt 08.01.1987 | നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 1 താൽക്കാലിക തസ്തിക. | 1 |
| 3 | G.O (Rt)<br>-1250/87/LBR<br>dt 07.08.1987 | തിരുവല്ല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 1 താൽക്കാലിക തസ്തിക. | 1 |
| 4 | G.O (Rt)<br>-700/88/LBR<br>dt 26.04.1988 | പെരിന്തൽമണ്ണ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച 1 താൽക്കാലിക തസ്തിക. | 1 |
| 5 | G.O (Ms)<br>-70/89/LBR<br>dt 25.08.1989 | വൈക്കം, ഷൊർണ്ണൂർ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 2 |
| 6 | G.O (Ms)<br>-82/89/LBR<br>dt 05.10.1989 | വയനാട്, പത്തനംതിട്ട, കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമുള്ള വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾക്കായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ.<br>(ഇവയ്ക്ക് 11.05.1990 – ലെ G.O (Rt)-1278/90/LBR ഉത്തരവ് പ്രകാരം അടുത്ത വർഷം തന്നെ തുടർച്ചാനുമതി ലഭ്യമായിട്ടുണ്ട്.) | 3 |
| 7 | G.O (Ms)<br>-15/90/LBR<br>dt 06.02.1990 | കോട്ടയം എം.ജി. യൂണിവേഴ്സിറ്റിയോടൊപ്പം പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോക്കായി സൃഷ്ടിച്ച ഒരു താൽക്കാലിക തസ്തിക. | 1 |
| 8 | G.O (Ms)<br>-54/90/LBR<br>dt 05.07.1990 | കൊട്ടാരക്കര, ചാവക്കാട്, കൊടുങ്ങല്ലൂർ, ഹോസ്ദുർഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 4 |
| 9 | G.O (Ms)<br>-89/91/LBR | തളിപ്പറമ്പ, തലപ്പിള്ളി, കൊച്ചി, ചിറ്റൂർ, മാവേലിക്കര എന്നീ ടൗൺ എംപ്ലോയ്മെന്റ് | 5 |

| | | | |
|---|---|---|---|
| | dt 11.12.1991 | എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | |
| 10 | GO (Ms) -70/93/LBR dt 15.09.1993 | ആലത്തൂർ, കുന്നത്തുനാട്, കുന്നത്തൂർ, മണ്ണാർകാട് എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 4 |
| 11 | G.O (Ms) -97/95/LBR dt 30.09.1995 | അടൂർ, സുൽത്താൻ ബത്തേരി, കാഞ്ഞിരപ്പള്ളി, കുട്ടനാട്, റാന്നി, മാനന്തവാടി, ദേവികുളം, ചെങ്ങന്നൂർ, പീരുമേട്, കോതമംഗലം, മല്ലപ്പള്ളി തുടങ്ങിയ 11 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ | 11 |
| 12 | G.O (Ms) -1/96/LBR dt 01.01.1996 | നിലമ്പൂർ, തിരൂരങ്ങാടി, പരവൂർ (കൊല്ലം) ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ. | 3 |
| 13 | G.O (Ms) -15/96/LBR dt 01.02.1996 | കൊല്ലം, എറണാകുളം, കോഴിക്കോട് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പം പ്രവർത്തിച്ചിരുന്ന വികലാംഗർക്കായുള്ള മൂന്ന് സ്പെഷ്യൽ എംപ്ലോയ്മെന്റ് സെല്ലുകൾ കൺവെർട്ട് ചെയ്ത് 3 സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ രൂപീകരിക്കുന്നതിനായി സൃഷ്ടിച്ച 3 സ്ഥിരം തസ്തികകൾ. | 3 |
| 14 | G.O (Ms) -17/98/LBR dt 31.03.1998 | കിളിമാനൂർ, കുണ്ടറ, താമരശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിച്ച ഓരോ സ്ഥിരം തസ്തികകൾ. | 3 |
| **ആകെ** | | | **43** |

**6.46** 2000 - ലെ അവസാന തുടർച്ചാനുമതി ഉത്തരവിന് ശേഷം 2015 വരെ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ചു. ടി പ്രൊപ്പോസലുകളിലുൾപ്പെടുത്തിയ 9 തസ്തികകളുടേയും നിയമന ഉത്തരവും പരിശോധനാവിധേയമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉത്തരവ് നമ്പർ | വിശദാംശങ്ങൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | G.O (MS) -24/97/LBR dt 10.03.1997 | തിരുവനന്തപുരം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും കാട്ടാക്കട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും രണ്ട് തസ്തികകൾ വീതവും; കുറ്റിപ്പുറം, മട്ടന്നൂർ, ബാലുശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി ഓരോ തസ്തികയും ഉൾപ്പെടെ മൊത്തം 7 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചു. ഇവ 2000 – ലെ തുടർച്ചാനുമതി ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല. | 7 |
| 2 | G.O (Ms) -32/2000/LBR dt 24.03.2000 | നെയ്യാറ്റിൻകര , കോട്ടയം എന്നിവിടങ്ങളിലെ ഭിന്നശേഷിക്കാർക്കായുള്ള Special Employment Exchange കളിൽ സൃഷ്ടിച്ച ഓരോ താൽക്കാലിക തസ്തികകൾ.<br>പ്രസ്തുത ഉത്തരവിലൂടെ SREO, ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകൾ തുടർച്ചാനുമതി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയെങ്കിലും പ്യൂൺ തസ്തിക ഉൾപ്പെടുത്തിയതായി കാണുന്നില്ല.<br>ഈ 2 താൽക്കാലിക തസ്തികകൾക്കും തുടർച്ചാനുമതി അനിവാര്യമാണ്. | 2 |
| | | **ആകെ** | **9** |

**6.47** ട്രഷറി ഡ്യൂട്ടി, ലോക്കൽ തപാൽ വിതരണം, ഓഫീസ് സ്റ്റാഫിനെ സഹായിക്കുന്നതുൾപ്പെടെയുള്ള അനുബന്ധ ജോലികൾ, ഓഫീസിലെത്തുന്ന ഉദ്യോഗാർത്ഥികൾക്ക് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സഹായം പ്രദാനം ചെയ്യുക എന്നിവ പ്യൂൺ തസ്തികയിലുള്ള ജീവനക്കാരുടെ ചുമതലയാണ്. പ്രവൃത്തിപഠനത്തിനായി കൈമാറിയ പ്രപ്പോസലിൽ ആവശ്യപ്പെട്ട 48 തസ്തികകൾക്ക് പകരമായി പഠനസംഘം കണ്ടെത്തിയ 52 പ്യൂൺ (ഓഫീസ് അറ്റൻഡന്റ്) തസ്തികയിലുള്ള ജീവനക്കാരേയും സ്ഥിരപ്പെടുത്തേണ്ടതാണ്.

## M. ഫുൾടൈം വാച്ച്മാൻ

**6.48** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ ആകെയുള്ള 2 ഫുൾടൈം വാച്ച്മാൻമാരിൽ ചാലക്കുടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ഒരു തസ്തികക്കാണ് തുടർച്ചാനുമതി തേടിയിട്ടുള്ളത്.

**6.49** 21.12.2007 – ലെ G.O(Ms)-167/07/LBR നമ്പർ ഉത്തരവ് പ്രകാരമാണ് ചാലക്കുടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി 'ഫുൾടൈം വാച്ച്മാൻ' എന്ന സ്ഥിരം തസ്തിക സൃഷ്ടിക്കുന്നത്. 2008 മുതലുള്ള തുടർച്ചാനുമതി പ്രൊപ്പോസലുകളിൽ ഈ സ്ഥിരം തസ്തിക ഉൾപ്പെടുത്തേണ്ട ആവശ്യമേ ഉണ്ടായിരുന്നില്ല. 2008 മുതൽ 2015 വരെയുള്ള പ്രൊപ്പോസലുകളിൽ ഈ തസ്തിക താൽക്കാലിക തസ്തികയായി വകുപ്പ് തന്നെ നിലനിർത്തിയിരിക്കുന്നതിനാലും നാളിതുവരെ 17 വർഷമായിട്ടും തുടർച്ചാനുമതി നൽകാത്തതിനാലും ഈ തസ്തികയേയും സ്ഥിരം തസ്തികയാക്കി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. വകുപ്പിന്റെ കേഡർ സ്ട്രെങ്ത്തിൽ ഉൾപ്പെടുത്തുന്ന തസ്തികകൾക്കൊപ്പം ഫുൾടൈം വാച്ച്മാൻ എന്ന ഒരു തസ്തിക കൂടി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

## സംഗ്രഹം

**6.50** പ്രവൃത്തിപഠനത്തിനായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിൽ **367 തസ്തികകൾക്ക്** തുടർച്ചാനുമതി/സ്ഥിരപ്പെടുത്തൽ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത തസ്തികകൾ സൃഷ്ടിച്ച ഉത്തരവുകൾ, തസ്തിക ഏതൊക്കെ ഓഫീസിനായി സൃഷ്ടിച്ചു, നിലവിൽ ഈ തസ്തികകളുടെ അനിവാര്യത എന്നിവ പഠനസംഘം വിശദമായി അവലോകനം ചെയ്തു. പ്രൊപ്പോസലിൽ നിന്ന് വ്യത്യസ്തമായി **380 തസ്തികകൾക്ക്** സ്ഥിരപ്പെടുത്തൽ അനിവാര്യമാണെന്ന് പഠനസംഘം കണ്ടെത്തിയിട്ടുണ്ട്. ധനവകുപ്പിന്റെ അനുമതി തേടിയാണ് എല്ലാ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുള്ളത്. തസ്തിക സൃഷ്ടിച്ച ഉത്തരവുകൾ പരിശോധിച്ചപ്പോൾ സ്ഥിരം തസ്തികകളും താൽക്കാലിക തസ്തികകളും എല്ലാ കാറ്റഗറിയിലും സൃഷ്ടിക്കപ്പെട്ടതായി

കണ്ടെത്തി. താൽക്കാലിക തസ്തികകൾക്ക് തുടർച്ചാനുമതി തേടുന്നതിനൊപ്പം സ്ഥിരം തസ്തികകൾക്കും തൊട്ടടുത്ത വർഷം മുതൽ വകുപ്പ് തലവൻ തുടർച്ചാനുമതി തേടിയതായും കണ്ടെത്തി. ഭരണ വകുപ്പും ധനവകുപ്പും കൃത്യമായ പരിശോധന നടത്താതെയാണ് സ്ഥിരം തസ്തികകൾക്കും തുടർച്ചാനുമതി നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം എല്ലാ സ്ഥിരം തസ്തികകളും തൊട്ടടുത്ത വർഷം മുതൽ താൽക്കാലിക തസ്തികകളായി മാറുകയാണുണ്ടായത്.

**6.51** ഇപ്രകാരം 1987- നും 2000– നും ഇടയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകൾക്ക് 20.03.2000 – ലെ G.O(Rt)-1094/2000/LBR ഉത്തരവ് പ്രകാരമാണ് അവസാനമായി തുടർച്ചാനുമതി ലഭ്യമായത്. 01.03.1998 മുതലുള്ള ഒരു വർഷക്കാലയളവിലേക്കാണ് ഈ അനുമതി ലഭ്യമായത്. തുടർന്ന് 2015 വരെ സർക്കാരിന് നിരവധി തവണ പ്രൊപ്പോസലുകൾ സമർപ്പിച്ചുവെങ്കിലും തുടർച്ചാനുമതി നൽകിയിരുന്നില്ല. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ശമ്പളമോ പ്രമോഷനോ തടസ്സം നേരിട്ടിരുന്നില്ല.

**6.52** ധനവകുപ്പ് നൽകിയ അനുമതിയുടെ അടിസ്ഥാനത്തിൽ 08.01.1987 -ലെ G.O(Rt)-58/87/LBR ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോർത്ത് പറവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച തസ്തികകൾ താൽക്കാലികമായിരുന്നു. എന്നാൽ ഒരാഴ്ച മുൻപ് 02.01.1987 –ലെ GO(Rt)21/87/LBR ഉത്തരവ് പ്രകാരം കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനായി സൃഷ്ടിച്ച തസ്തികകൾ താൽക്കാലികമായിരുന്നില്ല. ഈ സ്ഥിരം തസ്തികകൾക്ക് 23.04.1988 – ലെ GO(Rt)-685/88/LBR ഉത്തരവിലൂടെ ധനവകുപ്പിന്റെ അനുമതിക്ക് വിധേയമായി തൊഴിൽ വകുപ്പ് തുടർച്ചാനുമതി നൽകിയതായും കാണുന്നു.

**6.53** വകുപ്പുതലവൻമാർ കൈമാറുന്ന തുടർച്ചാനുമതി പ്രൊപ്പോസലുകൾ ധനകാര്യവകുപ്പിന്റെ അനുമതിക്കായി കൈമാറുന്നതിനു മുൻപ് ഭരണവകുപ്പ് നടത്തേണ്ട പരിശോധനകൾ കൂടുതൽ കാര്യക്ഷമമായി നടത്തണമെന്നും ഇത്തരം

പ്രൊപ്പോസലുകളുടെ പരിശോധനാ വേളയിൽ ധനവകുപ്പ് കൂടുതൽ ജാഗ്രത പുലർത്തണമെന്നും നിർദ്ദേശിക്കുന്നു.

**6.54** 20.03.2000–ലെ GO(Rt)-1094/2000/LBR നമ്പർ പ്രകാരമുള്ള അവസാന തുടർച്ചാനുമതി ഉത്തരവ് കാലയളവിന് ശേഷം 25 വർഷങ്ങൾ കൃത്യമായി പിന്നിട്ട സാഹചര്യത്തിലും ഈ താൽക്കാലിക തസ്തികകൾക്ക് നിലവിൽ ശമ്പളം ലഭ്യമായിക്കൊണ്ടിരിക്കുന്നതിനാലും ഈ ഓഫീസുകൾ സ്ഥിരം സംവിധാനമായി തുടരുന്ന സാഹചര്യത്തിലും ഇത്രയും തസ്തികകൾ സ്ഥിരപ്പെടുത്തുന്നതുകൊണ്ട് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഒന്നും തന്നെ ഉണ്ടാകുന്നില്ല. ഈ സാഹചര്യങ്ങൾ പരിഗണിച്ച് പഠനസംഘം കണ്ടെത്തിയ പ്രകാരം ചുവടെ ചേർക്കുന്ന 380 തസ്തികകൾ സ്ഥിരപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. പ്രസ്തുത തസ്തികകൾ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെങ്ങ്ത് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

**6.55** പഠനസംഘം സ്ഥിരപ്പെടുത്തുന്നതിനായി നിർദ്ദേശിച്ച തസ്തികകൾ, അവയുടെ എണ്ണം എന്നിവ ചുവടെ ചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ | 5 |
| അക്കൗണ്ട്സ് ഓഫീസർ | 1 |
| എംപ്ലോയ്മെന്റ് ഓഫീസർ (വൊക്കേഷണൽ ഗൈഡൻസ്) | 3 |
| എംപ്ലോയ്മെന്റ് ഓഫീസർ (EMI) | 2 |
| എംപ്ലോയ്മെന്റ് ഓഫീസർ (പ്ലേസ്മെന്റ്) | 3 |
| എംപ്ലോയ്മെന്റ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് | 42 |
| ജൂനിയർ സൂപ്രണ്ട് | 9 |
| ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ | 41 |
| ഹെഡ് ക്ലർക്ക് | 5 |

| | |
|---|---|
| ക്ലർക്ക് | 169 |
| എൽ.ഡി ടൈപ്പിസ്റ്റ് | 47 |
| ഓഫീസ് അറ്റൻഡന്റ് | 52 |
| ഫുൾടൈം വാച്ച്മാൻ | 1 |
| **ആകെ** | **380** |

**പഠനസംഘത്തിന്റെ ശിപാർശകൾ**

**6.56 നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ വിവിധ കാറ്റഗറികളിലായി നിലവിലുള്ള 380 താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തി അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.**

# അധ്യായം 7

# വസ്തുതകളും അപഗ്രഥനവും

**7.1** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ പ്രവൃത്തിപഠനത്തിന്റെ ഭാഗമായി വകുപ്പിലെ എല്ലാ വിഭാഗങ്ങളുടേയും പ്രവർത്തനം പഠനസംഘം വിശദമായി അപഗ്രഥിക്കുകയുണ്ടായി. വകുപ്പിന്റെ മൊത്തമായ പ്രവർത്തനങ്ങൾ സംബന്ധിച്ചും സബ് ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ചുമുള്ള കണ്ടെത്തലുകളും നിഗമനങ്ങളും തുടർന്നുള്ള ഖണ്ഡികകളിൽ കാണാവുന്നതാണ്.

## മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (RDDE) നൽകേണ്ട ചുമതലകൾ

**7.2** വകുപ്പിലെ മുഴുവൻ പ്രവർത്തനങ്ങളുടെയും മോണിറ്ററിംഗ് ഫലത്തിൽ നടക്കുന്നത് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ചാണ്. ഈ ചുമതലകൾ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (RDDE) വിഭജിച്ച് കൊടുക്കേണ്ടതുണ്ട്. എല്ലാ സ്കീമുകളുടെയും വാർഷിക ടാർഗറ്റുകൾ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നിശ്ചയിച്ച് നൽകേണ്ടതാണ്. ജില്ലകളുടെ സാധ്യതകൾ പരിശോധിച്ച് ഈ ടാർഗറ്റുകൾ ജില്ലാടിസ്ഥാനത്തിൽ വിഭജിച്ച് നൽകുന്നതിനുള്ള ചുമതലയും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതാണ്. ഏതെങ്കിലും ജില്ലയിൽ ഉണ്ടാവുന്ന വീഴ്ചകളിൽ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കൂടി ഉത്തരവാദിത്വമുള്ള നിലയിലേക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്. എല്ലാ സ്കീമുകളുടെയും പ്രവർത്തനങ്ങൾ RDDE -മാർ പരിശോധിക്കേണ്ടതും മൂന്നു മാസത്തിലൊരിക്കൽ ഡയറക്ടർ തലത്തിൽ 'സ്കീം റിവ്യൂ മീറ്റിംഗ്' സംഘടിപ്പിക്കേണ്ടതുമാണ്. നയപരമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്ന സ്ഥാപനമായി ഡയറക്ടറേറ്റ് വിപുലപ്പെടേണ്ടതാണ്.

## സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണ പദ്ധതി - പ്രവർത്തനങ്ങൾ

**7.3** ഉദ്യോഗാർത്ഥികൾക്ക് സ്വന്തം അഭിരുചിക്കനുസരിച്ച് തൊഴിൽ തെരഞ്ഞെടുക്കുന്നതിനും തൊഴിലവസരങ്ങൾ, തൊഴിൽനില, ഉപരിപഠനം,

പരിശീലനസൗകര്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളും മാർഗനിർദ്ദേശങ്ങളും നൽകുന്നതിനാണ് സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇതിനായി എല്ലാ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടേയും അനുബന്ധമായി പ്രവർത്തിക്കുന്ന വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ മുഖേനയും യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ബ്യൂറോകൾ മുഖേനയും വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

**7.4** 2022-23 കാലയളവിൽ ജില്ലാ വൊക്കേഷണൽ യൂണിറ്റുകൾ നിർവഹിച്ച രജിസ്ട്രേഷൻ ഗൈഡൻസ്, സംഘ ചർച്ചകൾ, വ്യക്തിഗത വിവരങ്ങൾ, വ്യക്തിഗത മാർഗ്ഗനിർദേശങ്ങൾ, ഓൾഡ് കേസ് റിവ്യൂ, കരിയർ പ്രഭാഷണങ്ങൾ, കരിയർ സെമിനാറുകൾ, മത്സരപരീക്ഷാ പരിശീലന പരിപാടികൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലാ എക്സ്ചേഞ്ചിന്റെ പേര് | രജിസ്ട്രേഷൻ ഗൈഡൻസ് | സംഘ ചർച്ചകൾ | വ്യക്തിഗത വിവരങ്ങൾ | വ്യക്തിഗത മാർഗ്ഗനിർദേശങ്ങൾ | ഓൾഡ് കേസ് റിവ്യൂ | കരിയർ പ്രഭാഷണങ്ങൾ | കരിയർ സെമിനാറുകൾ | മത്സരപരീക്ഷാ പരിശീലന പരിപാടികൾ |
|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 649 | 40 | 753 | 622 | 56 | 22 | 20 | 1 |
| 2 | കൊല്ലം | 248 | 26 | 247 | 253 | 185 | 2 | 20 | 1 |
| 3 | പത്തനംതിട്ട | 168 | 16 | 171 | 141 | 96 | 6 | 19 | 1 |
| 4 | ആലപ്പുഴ | 144 | 37 | 158 | 133 | 184 | 31 | 24 | 3 |
| 5 | കോട്ടയം | 234 | 17 | 149 | 177 | 144 | 21 | 24 | 1 |
| 6 | ഇടുക്കി | 310 | 4 | 112 | 120 | 5 | 6 | 19 | 1 |
| 7 | എറണാകുളം | 219 | 48 | 243 | 224 | 240 | 24 | 24 | 1 |
| 8 | തൃശ്ശൂർ | 337 | 48 | 144 | 151 | 144 | 58 | 25 | 2 |
| 9 | പാലക്കാട് | 85 | 6 | 33 | 96 | 26 | 0 | 16 | 1 |
| 10 | മലപ്പുറം | 165 | 48 | 144 | 144 | 159 | 3 | 15 | 1 |
| 11 | കോഴിക്കോട് | 3909 | 44 | 186 | 781 | 148 | 47 | 24 | 1 |
| 12 | വയനാട് | 442 | 44 | 352 | 172 | 372 | 18 | 18 | 3 |
| 13 | കണ്ണൂർ | 631 | 43 | 206 | 193 | 152 | 54 | 26 | 1 |
| 14 | കാസർഗോഡ് | 726 | 12 | 268 | 410 | 267 | 20 | 20 | 2 |

**7.5** സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിനായി 2022-23 കാലയളവിൽ അനുവദിച്ച ഒരു കോടി രൂപയിൽ 71,76,714/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2023-24 കാലയളവിലും ഒരു കോടി രൂപ അനുവദിച്ചെങ്കിലും 65 ലക്ഷം രൂപ ചെലവഴിക്കാൻ മാത്രമേ അനുമതി ലഭ്യമായിരുന്നുള്ളു. ഈ തുകയിൽ നിന്നും 58,45,493/- രൂപ ചെലവഴിച്ചിട്ടുണ്ട്.

- <u>ജോബ് ഫെസ്റ്റുകൾ</u>

**7.6** ജില്ലാ ആസ്ഥാനങ്ങളിൽ തൊഴിൽരഹിതർക്കായി ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നുണ്ട്. സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന് 'നിയുക്തി' എന്ന പേരിൽ സംസ്ഥാനത്ത് മെഗാ ജോബ് ഫെയറുകൾ സംഘടിപ്പിക്കുന്ന ചുമതലയും ഈ വകുപ്പിനാണ്. 2022-ൽ 14 ജില്ലകളിലുമായി നടത്തിയ മെഗാ ജോബ് ഫെയറിൽ 28744 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ഇവരിൽ 9585 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാവുകയും ചെയ്തു. 2023-ൽ തിരുവനന്തപുരത്ത് രണ്ടും എറണാകുളം, കണ്ണൂർ ജില്ലകളിൽ ഓരോന്നും ഉൾപ്പെടെ മൂന്ന് ജില്ലകളിലായി നടത്തിയ നാല് ജോബ് ഫെയർ മുഖേന 5690 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും 1224 പേർക്ക് പ്ലേസ്മെന്റ് നൽകാനും കഴിഞ്ഞിട്ടുണ്ട്.

## <u>യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ (UEIGB) - പ്രവർത്തനങ്ങൾ</u>

**7.7** വകുപ്പിന് കീഴിൽ 7 സർവകലാശാലകളോടൊപ്പം പ്രവർത്തിക്കുന്ന 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോ (UEIGB)-കളുടെ പ്രവർത്തനം പരിശോധനാ വിധേയമാക്കുകയുണ്ടായി. ബ്യൂറോകൾ നിർവഹിച്ച സംഘചർച്ചകൾ, വ്യക്തിഗത വിവരങ്ങൾ, വ്യക്തിഗത മാർഗ്ഗനിർദേശങ്ങൾ, കരിയർ പ്രഭാഷണങ്ങൾ, കരിയർ സെമിനാറുകൾ, മത്സരപരീക്ഷാ പരിശീലനങ്ങൾ എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | UEIGB -കളുടെ പേര് | കാലയളവ് | സംഘ ചർച്ചകളുടെ എണ്ണം | വ്യക്തിഗത വിവരങ്ങൾ | വ്യക്തിഗത മാർഗ്ഗനിർദേശങ്ങൾ | കരിയർ സെമിനാറുകൾ | കരിയർ പ്രഭാഷണങ്ങൾ | മത്സരപരീക്ഷാ പരിശീലന പരിപാടികൾ |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 2022-23 | 37 | 355 | 355 | 15 | 44 | 3 |
| | | 2023-24 | 82 | 621 | 621 | 24 | 18 | 2 |
| 2 | കോട്ടയം | 2022-23 | 8 | 148 | 296 | 19 | 26 | 4 |
| | | 2023-24 | 14 | 212 | 211 | 28 | 28 | 3 |
| 3 | കാലടി | 2022-23 | 48 | 201 | 187 | 25 | 36 | 3 |
| | | 2023-24 | 48 | 321 | 286 | 27 | 41 | 3 |
| 4 | കൊച്ചി | 2022-23 | 25 | 425 | 35 | 24 | 55 | 5 |
| | | 2023-24 | 45 | 1270 | 308 | 14 | 39 | 3 |
| 5 | മണ്ണുത്തി | 2022-23 | 53 | 154 | 147 | 16 | 27 | 3 |
| | | 2023-24 | 48 | 156 | 144 | 28 | 28 | 2 |
| 6 | കോഴിക്കോട് | 2022-23 | 44 | 191 | 176 | 21 | 33 | 3 |
| | | 2023-24 | 38 | 209 | 196 | 24 | 40 | 2 |
| 7 | കണ്ണൂർ | 2022-23 | 47 | 144 | 210 | 24 | 13 | 3 |
| | | 2023-24 | 48 | 224 | 390 | 24 | 31 | 2 |

**7.8** എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയിലുള്ള ഒരു ഡെപ്യൂട്ടി ചീഫ്, ക്ലർക്കുമാർ എന്നിവരെ വച്ച് മാത്രം ഇത്രയധികം പ്രവർത്തനങ്ങൾ ബ്യൂറോകൾ വഴി നിർവഹിക്കുന്നു എന്നത് അഭിനന്ദനീയമായ കാര്യമാണ്. സർവകലാശാല ക്യാമ്പസുകളിൽ തന്നെയാണ് ഇവ പ്രവർത്തിക്കുന്നത് എന്നതുകൊണ്ട് തന്നെ വിദ്യാർഥികളും യുവജനങ്ങളുമുൾപ്പെടെ കൂടുതൽ ഉദ്യോഗാർത്ഥികൾ എത്തിച്ചേരുന്ന സ്ഥാപനങ്ങളാണിവ. പുതുതലമുറയിലെ ഉദ്യോഗാർത്ഥികൾക്ക് കൂടി ഇണങ്ങുന്ന വിധത്തിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും അവരെ ആകർഷിക്കുന്ന തരത്തിലുള്ള നിലയിലേക്ക് വകുപ്പിന് കീഴിലുള്ള ഓഫീസുകൾ, കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ, യൂണിവേഴ്സിറ്റി ബ്യൂറോകൾ എന്നിവയുടെ

രൂപവും ഭാവവും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആധുനിക കാലത്തിനിണങ്ങുന്ന വിധത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും സബ് ഓഫീസുകളുടെയും മുഖച്ഛായ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ - പ്രവർത്തനങ്ങൾ

**7.9** വകുപ്പിന് കീഴിൽ മികച്ച നിലയിൽ പ്രവർത്തനം നടത്തുന്ന മറ്റൊരു യൂണിറ്റാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ. കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ നടത്തിപ്പിൽ ദേശീയ തലത്തിൽ തന്നെ മാതൃകയാക്കാൻ കഴിയുന്ന സ്ഥാപനമാണ് പേരാമ്പ്രയിൽ പ്രവർത്തിക്കുന്ന സെന്റർ. പഠനസംഘം നേരിൽ സന്ദർശിച്ച സെന്ററിന്റെ പ്രവർത്തനം തികച്ചും മാതൃകാപരവും സാമൂഹ്യ പ്രതിബദ്ധതയുള്ളതുമാണ്. ദേശീയ നിലവാരത്തിലുള്ള പല മത്സരപരീക്ഷകളിലും പേരാമ്പ്രയിലും സമീപപ്രദേശത്തുള്ളവർക്കും അഡ്മിഷൻ ലഭിച്ചുവെന്നത് നിസ്സാരമായി കാണാവുന്ന കാര്യമല്ല.

**7.10** സെന്ററുകൾ മുഖേന 2022 – 23, 2023 - 24 കാലയളവുകളിലായി നടത്തിയ രജിസ്ട്രേഷൻ, കൗൺസിലിംഗ്, പ്ലേസ്മെന്റ്, കോച്ചിംഗ് ക്ലാസുകൾ, യു.ജി.സി നെറ്റ് പരീക്ഷ എന്നിവ സംബന്ധിച്ച് സമാഹരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | CDC യുടെ പേര് | കാലയളവ് | രജിസ്ട്രേഷൻ എണ്ണം | കൗൺസലിംഗ് എണ്ണം | പ്ലേസ്മെന്റ് | | കോച്ചിംഗ് ക്ലാസ് | | UGC - NET | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ഡ്രൈവുകളുടെ എണ്ണം | ജോലി ലഭിച്ചവരുടെ എണ്ണം | ക്ലാസുകളുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം | ക്ലാസുകളുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം |
| 1 | പേരാമ്പ്ര | 2022-23 | 2202 | 1188 | 1 | 88 | 3 | 257 | 2 | 80 |
| | | 2023-24 | 1253 | 716 | - | - | 1 | 41 | 1 | 54 |
| 2 | ചിറ്റൂർ | 2022-23 | 2690 | 168 | 3 | 116 | 3 | 458 | 1 | 24 |
| | | 2023-24 | 1217 | 190 | - | - | 1 | 18 | 1 | 25 |
| 3 | നെയ്യാറ്റിൻകര | 2022-23 | 1165 | 177 | - | - | 1 | 30 | 1 (online) | 590 |
| | | 2023-24 | 1119 | 282 | - | - | 2 | 54 | 1 | 35 |
| 4 | കായംകുളം | 2022-23 | 1346 | 203 | 2 | 10 | 4 | 132 | 1 | 30 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | 2023-24 | 1203 | 89 | - | - | 2 | 107 | 1 | 33 |
| 5 | പാലോട് | 2022-23 | 2540 | 2100 | - | - | 3 | 190 | 1 | 54 |
| | | 2023-24 | 1021 | 677 | - | - | 2 | 144 | 1 | 37 |
| 6 | കൊട്ടാര ക്കര | 2022-23 | 2600 | 575 | 1 | 0 | 3 | 473 | - | - |
| | | 2023-24 | 600 | 665 | - | - | - | - | 1 | 38 |
| 7 | തൃപ്പൂണിത്തുറ | 2022-23 | 1762 | 42 | - | - | 3 | 121 | 2 | 64 |
| | | 2023-24 | 1048 | 120 | 2 | 43 | 2 | 75 | 1 | 35 |

**7.11** മാറുന്ന കാലഘട്ടത്തിനനുസൃതമായി ഈ വകുപ്പിൽ കൂടുതലായി ആവിഷ്കരിക്കേണ്ടത് ഇത്തരം കരിയർ ഡെവലപ്മെന്റ് സെന്ററുകളാണ്. തിരുവനന്തപുരം ജില്ലയിലെ കരമനയിലും തൃശ്ശൂർ ജില്ലയിലെ ചേലക്കരയിലും പുതിയ കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2022 മുതൽ 2024 വരെയുള്ള രണ്ട് വർഷക്കാലയളവിൽ പേരാമ്പ്ര, ചിറ്റൂർ, കായംകുളം, തൃപ്പൂണിത്തുറ എന്നീ നാല് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ മുഖേന 257 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചതായി കാണുന്നു. നെയ്യാറ്റിൻകര, പാലോട് എന്നീ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ഇക്കാലയളവിൽ പ്ലേസ്മെന്റ് ഡ്രൈവുകൾ നടത്തിയതായി കാണുന്നില്ല. കൊട്ടാരക്കര കരിയർ ഡെവലപ്പ്മെന്റ് സെന്റർ 2022 - 23 കാലയളവിൽ നടത്തിയ ഒരേയൊരു ഡ്രൈവിൽ ആർക്കും പ്ലേസ്മെന്റ് ലഭിച്ചതുമില്ല. പ്ലേസ്മെന്റ് ഡ്രൈവുകൾ സംഘടിപ്പിക്കുന്ന കാര്യത്തിൽ എല്ലാ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും മാതൃകാപരമായ പ്രവർത്തനം നടത്തേണ്ടതാണ്.

## മോഡൽ കരിയർ സെന്റർ (MCC) - പ്രവർത്തനങ്ങൾ

**7.12** തിരുവനന്തപുരം, കോട്ടയം, കൊച്ചി, കണ്ണൂർ യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകൾക്കൊപ്പവും കാട്ടാക്കട, ആറ്റിങ്ങൽ, മാവേലിക്കര, ആലുവ, നോർത്ത് പറവൂർ, മൂവാറ്റുപുഴ, കോതമംഗലം, ഇരിങ്ങാലക്കുട, തലപ്പിള്ളി എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പവുമാണ് 13 മോഡൽ കരിയർ സെന്ററുകൾ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ 13 മോഡൽ കരിയർ സെന്ററുകളിലുമായി 2022-23, 2023-24 കാലയളവുകളിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- 2022-23 ൽ നടത്തിയ പ്രവർത്തനങ്ങൾ

| ക്രമ നം | മോഡൽ കരിയർ സെന്ററിന്റെ പേര് | രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | രജിസ്റ്റർ ചെയ്ത ഉദ്യോഗദായകരുടെ എണ്ണം | നടത്തിയ വ്യക്തിഗത മാർഗ്ഗ നിർദ്ദേശം-പരിപാടിയുടെ എണ്ണം | നടത്തിയ ഗ്രൂപ്പ് ഗൈഡൻസുകളുടെ എണ്ണം | ഔട്ട് റീച്ച് ആക്ടിവിറ്റികളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 341 | 46 | 355 | 32 | 32 |
| 2 | കോട്ടയം | 1794 | 36 | 394 | 165 | 32 |
| 3 | കണ്ണൂർ | 2359 | 16 | 1385 | 100 | 68 |

- 2023-24-ൽ നടത്തിയ പ്രവർത്തനങ്ങൾ

| ക്രമ നം. | മോഡൽ കരിയർ സെന്ററിന്റെ പേര് | രജിസ്റ്റർ ഉദ്യോഗാർത്ഥികളുടെ എണ്ണം | രജിസ്റ്റർ ചെയ്ത ഉദ്യോഗദായകരുടെ എണ്ണം | നടത്തിയ വ്യക്തിഗത മാർഗ്ഗ നിർദ്ദേശം-പരിപാടിയുടെ എണ്ണം | നടത്തിയ ഗ്രൂപ്പ് ഗൈഡൻസുകളുടെ എണ്ണം | ഔട്ട് റീച്ച് ആക്ടിവിറ്റികളുടെ എണ്ണം | വീഡിയോ സക്സസ് സ്റ്റോറികളുടെ എണ്ണം | സക്സസ് സ്റ്റോറികളുടെ എണ്ണം (ഡോക്യുമെന്റ്) |
|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 675 | 40 | 621 | 28 | 5 | 15 | 12 |
| 2 | കോട്ടയം | 2391 | 42 | 2964 | 222 | 66 | 0 | 9 |
| 3 | കൊച്ചി | 2805 | 39 | 1604 | 108 | 231 | 0 | 0 |
| 4 | കണ്ണൂർ | 3854 | 44 | 2852 | 186 | 115 | 0 | 0 |
| 5 | കാട്ടാക്കട | 3011 | 50 | 2508 | 129 | 64 | 0 | 0 |
| 6 | ആറ്റിങ്ങൽ | 1862 | 25 | 194 | 111 | 34 | 0 | 5 |
| 7 | മാവേലിക്കര | 3062 | 44 | 2761 | 543 | 65 | 0 | 1 |
| 8 | ആലുവ | 4320 | 60 | 2900 | 74 | 180 | 0 | 1 |
| 9 | നോർത്ത് പറവൂർ | 3678 | 36 | 1664 | 175 | 47 | 0 | 0 |
| 10 | മൂവാറ്റുപുഴ | 1881 | 24 | 686 | 238 | 34 | 0 | 0 |
| 11 | കോതമംഗലം | 2287 | 20 | 2150 | 185 | 70 | 0 | 0 |
| 12 | ഇരിങ്ങാലക്കുട | 3324 | 25 | 1649 | 195 | 37 | 0 | 0 |
| 13 | തലപ്പിള്ളി | 3546 | 17 | 2208 | 261 | 48 | 0 | 0 |

- <u>ജോബ് ഫെയറുകളും നിയമനങ്ങളും</u>

**7.13** 2017 മുതൽ 2022 വരെയുള്ള 5 വർഷക്കാലയളവിനിടെ തിരുവനന്തപുരം മോഡൽ കരിയർ സെന്റർ മുഖേന 45 ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും 3565 ഉദ്യോഗാർത്ഥികൾ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും 882 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**7.14** മോഡൽ കരിയർ സെന്ററുകൾ മുഖേന 2022-23, 2023-24 കാലയളവുകളിൽ സംഘടിപ്പിച്ച ജോബ് ഫെയറുകൾ, ഷോർട്ട് ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം, പ്ലേസ്മെന്റ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മോഡൽ കരിയർ സെന്ററുകളുടെ പേര് | 2022-23 | | | 2023-24 | | |
|---|---|---|---|---|---|---|---|
| | | ജോബ് ഫെയറുകളുടെ എണ്ണം | ഷോർട്ട് ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | പ്ലേസ്മെന്റ് | ജോബ് ഫെയറുകളുടെ എണ്ണം | ഷോർട്ട് ലിസ്റ്റ് ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം | പ്ലേസ്മെന്റ് |
| 1 | തിരുവനന്തപുരം | 12 | 616 | 217 | 4 | 118 | 33 |
| 2 | കോട്ടയം | 10 | 3560 | 986 | 12 | 1394 | 573 |
| 3 | കണ്ണൂർ | - | - | - | 9 | 159 | 8 |
| 4 | മാവേലിക്കര | - | - | - | 8 | 53 | 3 |
| 5 | നോർത്ത് പറവൂർ | - | - | - | 13 | 0 | 53 |
| 6 | കാട്ടാക്കട | - | - | - | 6 | 7 | 2 |
| 7 | ആറ്റിങ്ങൽ | - | - | - | 15 | 96 | 16 |
| 8 | കൊച്ചി | - | - | - | 9 | 341 | 68 |
| 9 | ആലുവ | - | - | - | 15 | 80 | 1 |
| 10 | മൂവാറ്റുപുഴ | - | - | - | 3 | 322 | - |
| 11 | തലപ്പിള്ളി | - | - | - | 11 | 474 | 226 |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | ഇരിഞ്ഞാലക്കുട | - | - | - | 9 | 70 | 5 |
| 13 | കോതമംഗലം | - | - | - | 1 | 0 | 0 |
| | **ആകെ** | **22** | **4176** | **1203** | **115** | **3114** | **988** |

**7.15** നാളിതുവരെയുള്ള മോഡൽ കരിയർ സെന്ററുകളുടെ പ്രവർത്തനം പരിശോധിക്കുമ്പോൾ ഇവ ശരിയായ പാതയിൽ തന്നെയാണ് നീങ്ങുന്നതെന്ന് പഠനസംഘം വിശ്വസിക്കുന്നു. നാളിതുവരെയുള്ള കണക്കുകൾ പ്രകാരം 13 മോഡൽ കരിയർ സെന്ററുകൾ മുഖേന 182 ജോബ് ഫെയറുകൾ സംഘടിപ്പിക്കുകയും 10,855 പേർ ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെടുകയും 3073 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാവുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത മോഡൽ കരിയർ സെന്ററുകളുടെ അനിവാര്യതയാണ് വ്യക്തമാക്കുന്നത്.

- <u>മോഡൽ കരിയർ സെന്ററിന്റെ വരവ് ചെലവ് വിവരങ്ങൾ</u>

**7.16** മോഡൽ കരിയർ സെന്ററുകളുടെ വരവ് ചെലവ് വിവരങ്ങൾ പഠനസംഘം വിശദമായി പരിശോധിച്ചു. 2016-17 കാലയളവ് മുതൽ 2023-24 വരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും കേന്ദ്ര/സംസ്ഥാന വിഹിതമുൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | റിലീസ് ചെയ്ത തുക | | ചെലവഴിച്ച തുക | |
|---|---|---|---|---|
| | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | കേന്ദ്ര വിഹിതം |
| 2016-17 | 0 | 22,96,800 | 0 | 22,96,800 |
| 2017-18 | 50,00,000 | 0 | 50,00,000 | 0 |
| 2018-19 | 0 | 0 | 0 | 0 |
| 2019-20 | 0 | 0 | 0 | 0 |
| 2020-21 | 0 | 7,65,600 | 0 | 7,65,600 |
| 2021-22 | 0 | 29,55,660 | 0 | 13,98,000 |
| 2022-23 | 26,00,000 | 29,39,000 | 0 | 0 |
| 2023-24 | 73,00,000 | 0 | 45,826 | 0 |

| | | | | |
|---|---|---|---|---|
| (ബഡ്ജറ്റ് വിഹിതം) | | | | |

**7.17** മേൽ പട്ടിക പരിശോധിച്ചതിൽ നിന്നും 2017-18-ൽ 50 ലക്ഷം സംസ്ഥാന വിഹിതമായി ലഭിച്ചതിനുശേഷം 2021-22 വരെ മോഡൽ കരിയർ സെന്ററിനായി സംസ്ഥാന വിഹിതം അനുവദിച്ചിട്ടില്ലായെന്ന് കാണുന്നു. 2017-18 കാലയളവിൽ സംസ്ഥാന വിഹിതമായി ലഭ്യമായ 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2018-2020 കാലയളവുകളിൽ കേന്ദ്ര/സംസ്ഥാന വിഹിതമായി യാതൊരു തുകയും ലഭ്യമായിട്ടില്ല. 2017-18 കാലയളവിലും 2023-24-ലും മോഡൽ കരിയർ സെന്ററിനായി കേന്ദ്രവിഹിതങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല. 2021-22 മുതൽ ലഭ്യമായ 29,55,660/- രൂപ കേന്ദ്രവിഹിതത്തിൽ 13,98,000/- രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ.

**7.18** 2022-23 കാലയളവിൽ കേന്ദ്ര വിഹിതമായി ലഭ്യമായ 29,39,000/- രൂപയിൽ നിന്നും, സംസ്ഥാന വിഹിതമായി അനുവദിച്ച 26 ലക്ഷം രൂപയിൽ നിന്നും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതം നാളിതുവരെ അനുവദിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 2023-24 ൽ സംസ്ഥാന വിഹിതമായി അനുവദിച്ച 73 ലക്ഷം രൂപയിൽ 45,826/- രൂപാ മാത്രമാണ് ചെലവഴിച്ചതായി കാണുന്നത്. ബാക്കി തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

- <u>ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ</u>

**7.19** മോഡൽ കരിയർ സെന്ററുകളിൽ (MCC) കേന്ദ്ര സർക്കാർ 3 വർഷത്തേയ്ക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന യങ് പ്രൊഫഷണൽ (YP) എന്ന തസ്തിക മാത്രമാണ് നിലവിലുള്ളത്. 3 വർഷത്തിനുശേഷം ഈ തസ്തികയിൽ നിയമനം നൽകേണ്ട ചുമതല വകുപ്പിനാണ്. തിരുവനന്തപുരം, കാട്ടാക്കട, മൂവാറ്റുപുഴ, കോതമംഗലം എന്നീ നാല് മോഡൽ കരിയർ സെന്ററുകളിൽ നിലവിലുള്ള YP തസ്തികയിലെ ഉദ്യോഗസ്ഥർ കാലാവധിക്ക് മുൻപ് പിരിഞ്ഞുപോയെങ്കിലും പുതിയ ഉദ്യോഗസ്ഥരെ ഇതുവരെ

നിയമിച്ചിട്ടില്ല. കോട്ടയം, കണ്ണൂർ എന്നീ MCC-കളിലെ YP തസ്തികയിലെ ഉദ്യോഗസ്ഥർ യഥാക്രമം 2025 മെയ്, ജൂൺ മാസങ്ങളിൽ കാലാവധി പൂർത്തിയാക്കുമെന്നതിനാൽ ഈ ഓഫീസുകളിലും വകുപ്പിന് പുതിയ ഉദ്യോഗസ്ഥരെ കണ്ടെത്തേണ്ടതായി വരും. ബാക്കിയുള്ള ഏഴ് MCC-കളിലെ YP തസ്തികയിലെ ഉദ്യോഗസ്ഥരുടെ കാലാവധിയും 2026 മെയ് മാസത്തോടെ പൂർത്തിയാകുന്നതാണ്. ഇക്കാരണങ്ങൾ കൊണ്ട് തന്നെ YP തസ്തികയിൽ വകുപ്പിന് പുതിയ ഉദ്യോഗസ്ഥരെ കണ്ടെത്തേണ്ടതായ സാഹചര്യമുണ്ട്. തിരുവനന്തപുരം MCC-യിൽ ഒരു ക്ലർക്ക് തസ്തികയിൽ സൈക്കോളജി യോഗ്യതയുള്ള ഉദ്യോഗസ്ഥനെ കരിയർ കൗൺസലറുടെ അധിക ചുമതല നൽകി നിയമിച്ചിരിക്കുകയാണ്. മറ്റുള്ള MCC-കളിൽ ഒന്നും തന്നെ കരിയർ കൗൺസിലർ തസ്തികയിൽ ആരും തന്നെ നിലവിലില്ല. ഈ സ്ഥാപനങ്ങളിൽ സെന്റർ ചീഫ്, ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ എന്നീ തസ്തികയിലെ ജീവനക്കാരാണ് കരിയർ കൗൺസലറുടെ അധിക ചുമതല നിർവഹിക്കുന്നത്. ഈ സാഹചര്യങ്ങൾ പരിഗണിച്ച് **എല്ലാ MCC-കളിലേക്കുമായി 13 യങ് പ്രൊഫണൽ (YP), 13 കരിയർ കൗൺസലർ തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്നും ആദ്യപടിയായി കോൺട്രാക്ട് വ്യവസ്ഥയിലുള്ള ജീവനക്കാരെ നിയമിക്കണമെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.**

## കരിയർ ഗൈഡൻസിന്റെ പ്രാധാന്യവും ജീവനക്കാർക്കുള്ള പരിശീലനവും

**7.20** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് മാന്വൽ അനുസരിച്ച് കരിയർ ഗൈഡൻസ് പ്രവർത്തനങ്ങൾ നടത്താൻ ചുമതലപ്പെട്ട വകുപ്പ് ആണ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്. എന്നാൽ അതിന് ആവശ്യമായ നിലയിലുള്ള മനുഷ്യവിഭവശേഷി നിലവിൽ ഇല്ല. കമ്പ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് അധികമായി ലഭ്യമാകുന്ന തസ്തികകളെ ഒരു പരിധിവരെ പുനർവിന്യസിച്ചു കൊണ്ട് കരിയർ ഗൈഡൻസ് സംവിധാനം ശക്തിപ്പെടുത്താനും കഴിയും.

**7.21** യോഗ്യരായ കരിയർ കൗൺസിലർമാരുടെ എണ്ണം രാജ്യത്താകമാനം വളരെയധികം കുറവാണ്. കേരളത്തിലേയും സ്ഥിതി വ്യത്യസ്തമല്ല. കരിയർ കൗൺസിലർമാരുടെ അഭാവം വകുപ്പിന്റെ ഭാവിയിലെ പ്രവർത്തനങ്ങൾക്ക് തടസമാകുമെന്നത് വസ്തുതയാണ്. കേന്ദ്ര നിയമമനുസരിച്ച് എംപ്ലോയ്മെന്റ് ഓഫീസർമാരാണ് കരിയർ ഗൈഡൻസ് സേവനങ്ങൾ നൽകേണ്ടത്. തൊഴിലുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കുന്നത് വഴി തൊഴിലുകളെ സംബന്ധിച്ചും യോഗ്യതകളെ സംബന്ധിച്ചും അവർക്ക് ലഭിക്കുന്ന അറിവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് ഇത്തരം സേവനങ്ങൾ നൽകാൻ കഴിയും. എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ വഴി തൊഴിൽ കമ്പോളത്തിന്റെ പൊതു സ്വഭാവം പഠിക്കുന്നതും ഈ വകുപ്പിലെ ഓഫീസർമാരാണ്. സംസ്ഥാനത്തെ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും കരിയർ ഗൈഡൻസ് സേവനങ്ങൾ ലഭ്യമാക്കി കൊടുക്കുന്നതിന് ഉതകുന്ന രീതിയിൽ വകുപ്പിനെ ശാക്തീകരിക്കേണ്ടതുണ്ട്.

**7.22** നാഷണൽ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിയമമനുസരിച്ച് എംപ്ലോയ്മെന്റ് ഓഫീസർമാർ വൊക്കേഷണൽ ഗൈഡൻസ്/കരിയർ ഗൈഡൻസ് എന്നിവ നിർവഹിക്കാൻ യോഗ്യതയുള്ളവരാണ്. ഇത്തരം ഉദ്യോഗസ്ഥർക്ക് കരിയർ കൗൺസിലിങ്ങിന്റെ ചുമതല നേരിട്ട് നൽകാവുന്നതേയുള്ളൂ. മറ്റേതെങ്കിലും അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ യാതൊരു സർട്ടിഫിക്കറ്റും ഇവർക്ക് ആവശ്യമായി വരുന്നില്ല. ഇക്കാരണത്താൽ എംപ്ലോയ്മെന്റ് ഓഫീസർമാരെ കരിയർ ഡെവലപ്പ്മെന്റ് സെന്റർ, എംപ്ലോയബലിറ്റി സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവയുടെ ചുമതലക്കാരായി ഭാവിയിൽ നിയോഗിക്കാവുന്നതാണ്. ഭരണവകുപ്പ് ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

**7.23** വകുപ്പിന് കീഴിലുള്ള കരിയർ കൗൺസിലിങ്ങിന് ഭാവിയിൽ ഏറെ പ്രാധാന്യം ഉണ്ടാകുമെന്ന് ഉറപ്പാണ്. ഇത്തരം ജീവനക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി വകുപ്പിലെ ക്ലർക്ക്, ഹെഡ് ക്ലർക്ക്, ജൂനിയർ എംപ്ലോയ്മെന്റ്

ഓഫീസർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ളവർക്കും കരിയർ കൗൺസിലിങ്ങിൽ സർട്ടിഫിക്കറ്റ് ലഭിക്കുന്ന തരത്തിലുള്ള കോഴ്സുകൾ സർവകലാശാലകളുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രൊപ്പോസലുകൾ വകുപ്പ് തലവൻ ഭരണ വകുപ്പിന് കൈമാറേണ്ടതാണ്.

**7.24** കരിയർ ഗൈഡൻസുമായി ബന്ധപ്പെട്ട നിരവധിയായ പ്രവർത്തനങ്ങൾ നടത്തേണ്ടിവരുന്ന ഒരു ഓഫീസ് എന്നതിനാൽ വകുപ്പിലെ എല്ലാ ജീവനക്കാർക്കും ഉള്ള സമഗ്രമായ പരിശീലനത്തിന് ഒരു പരിശീലന നയം (Training Policy) വകുപ്പ് ആവിഷ്കരിക്കേണ്ടതുണ്ട്. ഓരോ രണ്ട് വർഷത്തിലും ട്രെയിനിങ്ങിന്റെ സിലബസിൽ മാറ്റം വരുത്തുകയും ആധുനികവൽക്കരിക്കുകയും വേണം. ലോകത്തെമ്പാടും കരിയർ ഗൈഡൻസ് മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പ്രവണതകൾ വകുപ്പിലെ ജീവനക്കാർക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിനുതകും വിധമുള്ളതാകണം പരിശീലനങ്ങൾ. Psychometric Test, Career Counselling Techniques, Goal Setting തുടങ്ങിയ സങ്കീർണ്ണമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതിനാൽ ഇത്തരം പരിശീലനങ്ങൾ കൂടി ട്രെയിനിങ് പോളിസിയിൽ ഉൾപ്പെടുത്തേണ്ടതാണ്. എല്ലാ ജീവനക്കാർക്കും കൃത്യമായ ഇടവേളകളിൽ പരിശീലനം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

**<u>എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI) വിഭാഗത്തിന്റെ പ്രാധാന്യം</u>**

**7.25** തൊഴിൽ വിപണി പഠനം സമഗ്രമായി നടത്തുന്നതിനുള്ള സംവിധാനമാണ് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ വിഭാഗത്തിൽ ഉള്ളത്. വിപണിയിലെ തൊഴിലിന്റെയും തൊഴിൽ അന്വേഷകരുടെയും മിച്ചവും കുറവും കൃത്യമായി മനസ്സിലാക്കി അത് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ആസൂത്രണ വകുപ്പിനും കേന്ദ്ര സംസ്ഥാന

സർക്കാറുകൾക്കും നൽകുന്ന ചുമതലയാണ് ഇഎംഐ യൂണിറ്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

**7.26** CNV ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോൾ നിലവിൽ വന്ന കോഡിലും നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് ഈ ചുമതല നിർവഹിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു പറഞ്ഞിട്ടുണ്ട്. തൊഴിൽ വിപണിയിലെ മിച്ചവും കുറവും കൃത്യമായി മനസ്സിലാക്കിയാൽ മാത്രമേ വിദ്യാഭ്യാസ മേഖലയിൽ കോഴ്സുകൾ ശാസ്ത്രീയമായി വികസിപ്പിക്കുവാൻ കഴിയുകയുള്ളൂ. തൊഴിൽ വിപണിക്ക് ആവശ്യമായ മനുഷ്യവിഭവശേഷിയെ രൂപപ്പെടുത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി EMI വിഭാഗം നൂതന കർമ്മപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. CNV ആക്ട് പ്രകാരമുള്ള സ്ഥാപന പരിശോധനയ്ക്കുള്ള അനിവാര്യത ഉറപ്പുവരുത്തുന്നതിനും ഇതിനായി ജീവനക്കാർക്ക് സംരക്ഷണം നൽകുന്ന നിലയിലുമുള്ള ചട്ടങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിക്കേണ്ടതുണ്ട്. അതിന് ആവശ്യമായ നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

**7.27** എന്നാൽ ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള വിഭവശേഷി (ജീവനക്കാർ) വകുപ്പിൽ നിലവിലില്ല. സംസ്ഥാനത്തെ മൂന്ന് ജില്ലകളിൽ മാത്രമേ EMI ഓഫീസർമാരുടെ തസ്തികകൾ നിലവിലുള്ളൂ. പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ ഉണ്ടായിരുന്ന 'സ്റ്റേറ്റ് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ ഓഫീസർ' എന്ന തസ്തിക നിർത്തലാക്കുകയാണ് ചെയ്തത്. അതോടൊപ്പം തന്നെ സംസ്ഥാനത്തെ 11 ജില്ലകളിലെ EMI ഓഫീസർ തസ്തികകൾ നിർത്തലാക്കിയതായാണ് കാണുന്നത്. ഈ തസ്തികകൾ പുനസ്ഥാപിക്കുന്നതിനുള്ള സാധ്യത ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്.

## റിസർച്ച് & ഡെവലപ്മെന്റ് വിഭാഗത്തിന്റെ അനിവാര്യത

**7.28** ഭാവിയിൽ തൊഴിലവസരങ്ങൾ ഏതു മേഖലയിലായിരിക്കും എന്ന് മുൻകൂട്ടി കണക്കാക്കി വിദ്യാർത്ഥികളുടേയും യുവജനങ്ങളെയും കരിയർ പ്ലാനുകൾ ആസൂത്രണം

ചെയ്യുന്ന പ്രവർത്തനങ്ങൾ നടത്തുന്ന വകുപ്പിന് ഈ മേഖലയിൽ വിപുലമായ നിലയിൽ ഗവേഷണം നടത്തേണ്ടതുണ്ട്. കരിയർ കൗൺസിലിംഗ്, സൈക്കോമെട്രി ടെസ്റ്റുകൾ വികസിപ്പിച്ചെടുക്കൽ, കരിയർ ഇൻഫർമേഷനുകളുടെ ശേഖരണം, വിശകലനം, വിന്യാസം, വിതരണം, സൂക്ഷിപ്പ് തുടങ്ങിയ മേഖലകളിൽ പുതിയ സാധ്യതകൾ തേടുക എന്നിവയെല്ലാം വകുപ്പിന്റെ പ്രവർത്തനങ്ങളാകയാൽ സ്വാഭാവികമായും നിരന്തര ഗവേഷണം അനിവാര്യമാണ്. ഈ സാഹചര്യങ്ങൾ പരിഗണിച്ച് **വകുപ്പിന് ഒരു റിസർച്ച് & ഡെവലപ്മെന്റ് വിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**<u>കോച്ചിംഗ് ഗൈഡൻസ് സെന്ററുകളിലെ കോഴ്സുകൾ</u>**

**7.29** വകുപ്പിലെ കോച്ചിംഗ് ഗൈഡൻസ് സെൻററുകൾ നടത്തുന്ന സ്റ്റെനോഗ്രാഫി കോഴ്സുകളെ പുനരാവിഷ്കരിച്ച് പുതിയ തൊഴിൽ കമ്പോളത്തിന് ആവശ്യമായ തരത്തിലുള്ള കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. **കാലാനുസൃതമായി പുതിയ കോഴ്സുകൾ ആരംഭിക്കുന്ന മുറയ്ക്ക് നിലവിലുള്ള 'ലക്ചറർ ഇൻ സ്റ്റെനോഗ്രഫി' എന്ന തസ്തികയും പരിഷ്കരിക്കേണ്ടതാണ്.**

**<u>മിനിസ്റ്റീരിയൽ വിഭാഗത്തിനുള്ള പ്രമോഷൻ സാധ്യതകൾ</u>**

**7.30** വകുപ്പിൽ നിലവിലുള്ള ഒരു ജോയിന്റ് ഡയറക്ടർ തസ്തികയിലും 5 ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളിലും 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരിൽ 11 പേരും ഇപ്പോൾ നേരിട്ടുള്ള നിയമനത്തിലൂടെ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരായി സർവീസിൽ പ്രവേശിച്ചവരാണ്. ക്ലറിക്കൽ തസ്തികയിൽ സർവീസിൽ വന്നവർക്ക് മുകളിലോട്ടുള്ള തസ്തികകളിൽ പ്രമോഷൻ ലഭിക്കുന്നില്ല എന്ന പരാതി ജീവനക്കാർ പങ്കുവയ്ക്കുകയുണ്ടായി. **മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ (JEO) തസ്തികയിലേക്കുള്ള പ്രമോഷനും JEO-മാരുടെ നേരിട്ടുള്ള നിയമനത്തിനും ബാധകമാക്കിയിരിക്കുന്ന 1:3 അനുപാതത്തിൽ വ്യത്യാസം വരുത്തുന്നതിനുള്ള**

**സാധ്യത ഭരണവകുപ്പ്/വകുപ്പ് തലവൻ പരിശോധിക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.**

**ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയുടെ യോഗ്യതയിൽ വരുത്തേണ്ട മാറ്റം**

**7.31** നേരിട്ടുള്ള നിയമന രീതിയിലൂടെയും പത്താംക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ള ക്ലർക്ക് തസ്തികയിൽ നിന്ന് സ്ഥാനക്കയറ്റം വഴിയും സാധ്യമാകുന്ന സൂപ്പർവൈസറി തസ്തികകളാണ് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരുടേത്. ആദ്യകാലത്ത് രജിസ്ട്രേഷൻ, റിന്യൂവൽ, വേക്കൻസി റിപ്പോർട്ടിംഗ്, EMI എന്നീ ചുമതലകൾ നിർവഹിക്കുന്നതിനായി ബിരുദം അടിസ്ഥാന യോഗ്യതയുള്ള പ്രസ്തുത ഓഫീസർമാരെ നേരിട്ട് നിയമിച്ച് സേവനം മെച്ചപ്പെടുത്തിയിരുന്നു. എന്നാൽ കാലാനുസൃതമായി ഇത്തരം മേഖലകൾക്ക് പുറമേ സ്വയംതൊഴിൽ പദ്ധതികൾ, വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ എന്നിവ കൂടി നടപ്പിലാക്കുകയും തൊഴിൽരഹിതർക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ, കൗൺസിലിംഗ്, ജോബ് ഫെയറുകൾ എന്നിവ നൽകി അവർക്ക് കൂടുതൽ പ്രചോദനം നൽകുന്ന തരത്തിലേക്ക് വകുപ്പിന്റെ പ്രവർത്തനങ്ങൾ വഴിമാറുകയും ചെയ്തു. നിലവിലുള്ള JEO തലത്തിലുള്ള ഉദ്യോഗസ്ഥരുടെ വിദ്യാഭ്യാസ യോഗ്യത (ബിരുദം) ഇത്തരം ചുമതലകൾക്ക് എത്ര കണ്ട് അനുയോജ്യമാണ് എന്ന കാര്യത്തിൽ കൂടുതൽ പരിശോധനകൾ ആവശ്യമാണെന്ന് പഠനസംഘം കരുതുന്നു.

**7.32** വർത്തമാനകാലഘട്ടത്തിൽ അത്യാധുനിക സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി സർക്കാർ സേവനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് വളരെ വേഗത്തിൽ എത്തിക്കേണ്ടത് അത്യാവശ്യമാണ്. സ്വകാര്യമേഖല ഉൾപ്പെടുന്ന എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ, സ്വയംതൊഴിൽ പദ്ധതികൾ, വൊക്കേഷണൽ ഗൈഡൻസ് തുടങ്ങിയ മേഖലകളിലെ പരമാവധി അവസരങ്ങൾ പ്രയോജനപ്പെടുത്താനുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരികയാണ്. ഇവയുടെ പ്രവർത്തനം കൂടുതൽ

ഊർജ്ജിതമാക്കുന്നതിന് നൂതന സാങ്കേതിക മേഖലകളിൽ കാലോചിതമായ പരിജ്ഞാനം ലഭിച്ച ജീവനക്കാർ അനിവാര്യമാണ്. ഇത്തരം ജീവനക്കാരുടെ അപര്യാപ്തത മൂലം വകുപ്പിന്റെ പലവിധ പ്രവർത്തനങ്ങളും യഥാസമയം ഉദ്യോഗാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാകാത്ത അവസ്ഥ സംജാതമാകുകയും പദ്ധതി പ്രവർത്തനങ്ങൾ മന്ദഗതിയിൽ ആകുകയും ചെയ്യുന്നുണ്ട്. ഇൻഫർമേഷൻ ടെക്നോളജി, മാർക്കറ്റിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ മേഖലകളിൽ പ്രാവീണ്യം നേടിയ ജീവനക്കാരുടെ സേവനം ലഭ്യമാകുന്ന പക്ഷം വകുപ്പിന്റെ പ്രവർത്തനം പതിന്മടങ്ങ് മെച്ചപ്പെടുമെന്ന് പഠനസംഘം വിലയിരുത്തുന്നു.

**7.33** വകുപ്പിൽ നേരിട്ട് നിയമനം നൽകുന്ന JEO തസ്തികയിലെ ജീവനക്കാരുടെ വിദ്യാഭ്യാസ യോഗ്യത ഇൻഫർമേഷൻ ടെക്നോളജി, മാർക്കറ്റിംഗ് ടെക്നോളജി എന്നിവയിൽ അധിഷ്ഠിതമായതും വകുപ്പിന്റെ ഭാവിപദ്ധതികൾക്കിണങ്ങും വിധമുള്ള പ്രൊഫഷണൽ യോഗ്യതയാക്കി പുന:ക്രമീകരിക്കുന്നത് വകുപ്പിന്റെ ഭാവിയിലെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകുമെന്നും പഠനസംഘം വിലയിരുത്തുന്നു. നൂതന സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ഒരു ഉപദേശക സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നവീകരിച്ച് രൂപാന്തരപ്പെടുത്തുന്നതിനും വകുപ്പിലെ മറ്റു ജീവനക്കാർക്ക് ആവശ്യമായ ആധുനിക പരിശീലന പരിപാടികൾ സംഘടിപ്പിക്കാനും കെൽട്രോൺ, എൻ. ഐ. സി. തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വകുപ്പിന് ലഭ്യമാകുന്ന പ്രൊഫഷണലുകളുടെ സേവനം ഒഴിവാക്കുന്നതിനും വകുപ്പിന്റെ മോഡേണൈസേഷൻ പ്രവർത്തനങ്ങൾക്കും പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോർട്ടൽ, ജോബ് ഫെസ്റ്റുകൾ, വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ എന്നിവയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താനും ഇത്തരം പ്രൊഫഷണൽ യോഗ്യതയുള്ള ജീവനക്കാർക്ക് കഴിയും. കരിയർ കൗൺസിലർമാരുടെ സേവനവും ഭാവിയിൽ അനിവാര്യമായതിനാൽ സൈക്കോളജിയിൽ നിശ്ചിത യോഗ്യതയുള്ളവരെയും പരിഗണിക്കാവുന്നതാണ്. ഭരണവകുപ്പ് ഈ വിഷയങ്ങൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**7.34** വകുപ്പിൽ നിലവിലുള്ള ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളെ കരിയർ കൗൺസിലിംഗ്, എന്റർപ്രനർഷിപ്പ്, വേക്കൻസി, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ, എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI) എന്നീ മേഖലകളിൽ വിന്യസിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

**7.35** ഇ-എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പോർട്ടൽ (eee) സോഫ്റ്റ്‌വെയറിന്റെ ആവിർഭാവത്തോടെ രജിസ്ട്രേഷൻ, റിന്യൂവൽ, സബ്മിഷൻ ചുമതലകൾ എന്നിവ അതിവേഗത്തിൽ ലഭ്യമാകുകയും ആയത് JEO തസ്തികകളുടെ ജോലിഭാരം ഭാവിയിൽ ഗണ്യമായി കുറയുമെന്നും വിലയിരുത്തുന്നു. **വകുപ്പിന്റെ ആധുനികവൽക്കരണം പൂർത്തിയാക്കിയ ശേഷം JEO തസ്തികകളുടെ അനിവാര്യതയുൾപ്പെടെ സമഗ്രമായൊരു പുന:പരിശോധന ആവശ്യമാണെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.**

## സബ് ഓഫീസുകളിലെ ജീവനക്കാരുടെ ജോലിഭാരം

**7.36** കെസ്രു സ്വയംതൊഴിൽ പദ്ധതി, ശരണ്യ, മൾട്ടി പർപ്പസ് ജോബ് ക്ലബ്ബുകൾ, കൈവല്യ, എംപ്ലോയബലിറ്റി സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, മോഡൽ കരിയർ സെന്റർ എന്നിവയെല്ലാം പുതിയ പദ്ധതികൾ ആയിരുന്നുവെങ്കിലും ഇവയ്ക്കായി ഒരു തസ്തിക പോലും സർക്കാർ അനുവദിച്ചിട്ടുണ്ടായിരുന്നില്ല. നിലവിലുള്ള ജോലികൾക്ക് പുറമേ പുതിയ സ്കീമുകൾ കൂടി വന്നതോടുകൂടി വലിയ ജോലിഭാരമാണ് വകുപ്പിലെ സബ് ഓഫീസുകളിലെ ജീവനക്കാർ അനുഭവിക്കുന്നത്.

## വകുപ്പിൽ സമാഹരിച്ച വിവരങ്ങൾ മറ്റു ഏജൻസികൾക്ക് കൈമാറുന്ന രീതി

**7.37** ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ മനുഷ്യവിഭവശേഖരമാണ് നമ്മുടെ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഡാറ്റയായി നിലവിലുള്ളത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി വെരിഫൈഡ് ഡാറ്റകളാണ് ഈ വകുപ്പിൽ നിലവിലുള്ളതെന്ന സവിശേഷത കൂടിയുണ്ട്. ഉയർന്ന ഉദ്യോഗസ്ഥരുടെ കൂടി

വെരിഫിക്കേഷന് ശേഷമാണ് ഈ ഡാറ്റകൾ വകുപ്പിൽ സൂക്ഷിക്കുന്നതെന്നതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെയും ഈ വകുപ്പിലെ ഡാറ്റകളുടേയും പ്രാധാന്യം വളരെ വലുതാണ്.

**7.38** വകുപ്പ് സമാഹരിച്ച് സൂക്ഷിക്കുന്ന വിവിധതരം ഡാറ്റകൾ, പ്ലേസ്മെന്റ് വിവരങ്ങൾ എന്നിവ K-DISC പോലെയുള്ള മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറുന്നതായും വകുപ്പിന് ലഭ്യമാകേണ്ട പ്രമോഷനുകൾ (അംഗീകാരം) ഇത്തരം ഏജൻസികൾക്ക് ലഭ്യമാകുന്നതായും ജീവനക്കാർ പ്രവൃത്തിപഠന സംഘത്തെ അറിയിക്കുയുണ്ടായി. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് ലഭ്യമാകേണ്ട അംഗീകാരം മറ്റ് ഏജൻസികൾക്ക് ലഭ്യമാകുന്നതിലെ അതൃപ്തി ഭരണവകുപ്പിനെ അറിയിക്കണമെന്നും ഭൂരിഭാഗം ജീവനക്കാരും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിക്ക് റിപ്പോർട്ട് കൈമാറുന്നതിനായി നിശ്ചിത ഫോർമാറ്റിൽ വിശദാംശങ്ങൾ ആവശ്യമാണെന്ന നിലയ്ക്കാണ് K-DISC കത്ത് നൽകിയതെന്നും ഉദ്യോഗാർഥിയുടെ പേര്, മൊബൈൽ നമ്പർ, ഇ-മെയിൽ വിലാസം, ജോലി, ശമ്പളം, ഉദ്യോഗദായകന്റെ പേര് എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ അതേ ഫോർമാറ്റിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വകുപ്പ് സംഘടിപ്പിച്ച ജോബ് ഫെയറുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്ത വേക്കൻസികൾ, പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെയും ഉദ്യോഗദായകരുടെയും എണ്ണം, ഷോർട്ട് ലിസ്റ്റ് ചെയ്തവരുടെയും പ്ലേസ്മെന്റ് ലഭിച്ചവരുടെയും എണ്ണം എന്നീ വിശദാംശങ്ങൾ കൈമാറിയതായും സ്ഥിരീകരിച്ചിട്ടുണ്ട്.

**7.39** എംപ്ലോയ്മെന്റ് വകുപ്പിന് നേരിട്ട് തന്നെ ബഹു. മുഖ്യമന്ത്രിക്കും തൊഴിലും നൈപുണ്യവും വകുപ്പ്മന്ത്രിക്കും ഭരണവകുപ്പിനും ഇത്തരം വിശദാംശങ്ങൾ കൈമാറാൻ സാധിക്കുമെന്നിരിക്കെ മറ്റൊരു ഏജൻസി വഴി ഇവ സമാഹരിച്ച് സമർപ്പിക്കേണ്ടതുണ്ടോ എന്ന വിഷയം പരിശോധിച്ച് ഭരണ വകുപ്പ് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

**<u>എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവയുടെ നടത്തിപ്പ് ചുമതല</u>**

**7.40** ഈ വകുപ്പിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്റർ, സി.ഡി.സി. എന്നിവയുടെ HRD (Human Resource Development) പ്രവർത്തനങ്ങൾ കേരള അക്കാദമി ഫോർ എക്സലൻസ് (KASE) മുഖേനയാണ് നിർവഹിച്ചു വന്നിരുന്നത്. 27.07.2021ലെ സ.ഉ (സാധാ) 900/ 2021/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച എംപ്ലോയബിലിറ്റി സെന്ററിന്റെ വിശദമായ പദ്ധതി രൂപരേഖ (ഡി. പി. ആർ.) പ്രകാരം കുറഞ്ഞത് രണ്ട് വർഷത്തേക്ക് എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ KASE കൈകാര്യം ചെയ്യണമെന്നും തുടർന്ന് ഈ വകുപ്പിലെ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകണമെന്നും നിർദ്ദേശിച്ചിരുന്നു. തുടർന്ന് KASE-ന്റെ കാലാവധി അവസാനിച്ച സാഹചര്യത്തിലും എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർത്ഥിച്ചതിനാലും 20.02.2023 ലെ സ.ഉ. (സാധാ) 217/2023/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ എന്നിവയുടെ നടത്തിപ്പിനായി നിക്ഷിപ്തമാക്കിയിരുന്ന ചുമതലകളിൽ നിന്ന് KASE-നെ പൂർണ്ണമായും ഒഴിവാക്കുകയും പകരം ഈ ചുമതല എംപ്ലോയ്മെൻറ് വകുപ്പ് നേരിട്ട് ഏറ്റെടുക്കുന്നതിനും അനുമതി നൽകിയതായി കാണുന്നു.

**7.41** ഇത്തരം അനുമതി ഉത്തരവുകൾ ഇറക്കുന്നതിനോടൊപ്പം ഇതിനാവശ്യമായ മനുഷ്യവിഭവശേഷി വകുപ്പിൽ നിലവിലുണ്ടോയെന്ന പരിശോധന ഭരണവകുപ്പോ വകുപ്പ് തലവനോ നടത്തിയതായി കാണുന്നില്ല. പഠനസംഘം നേരിട്ട് സന്ദർശിച്ച പേരാമ്പ്ര മോഡൽ കരിയർ സെന്ററിലെ ഉദ്യോഗാർത്ഥികളുടെ പങ്കാളിത്തം അത്ഭുതപ്പെടുത്തുന്നതായിരുന്നു. ഭൗതിക സാഹചര്യങ്ങൾ (ഉദാ:-ഫാനുകൾ, കസേര) അപര്യാപ്തമായിരുന്നിട്ട് കൂടി 200-ൽ പരം വിദ്യാർത്ഥികൾ ദിവസേന സെന്ററിൽ എത്തുന്നുവെന്നും കരിയർ ലൈബ്രറി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു എന്നതും ശ്ലാഘനീയമാണ്. പ്രസ്തുത സി.ഡി.സി.യുടെ കഴിഞ്ഞ രണ്ട് വർഷത്തെ അച്ചീവ്മെന്റ് റിപ്പോർട്ടും പ്രശംസനീയമായിരുന്നു. പേരാമ്പ്രയുടെയും

സമീപപ്രദേശങ്ങളിലെയും നൂറുകണക്കിന് കുട്ടികൾ ദേശീയ തലത്തിലുള്ള എൻട്രൻസ് പരീക്ഷകൾ പാസ്സായി പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുകയും പി.എസ്.സി / യു.പി.എസ്.സി പരീക്ഷകളിൽ വിജയിച്ച് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു. ഈ മികച്ച വിജയം സെന്ററിലെ ജീവനക്കാരുടെ ഭാവനാപൂർണമായ പ്രവർത്തനത്തിന്റെ കൂടി ഫലം തന്നെയാണ്. ഇത്തരം സ്ഥാപനങ്ങളിൽ കൂടുതൽ സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ സേവനം ലഭ്യമാക്കേണ്ടത് വളരെയധികം അനിവാര്യമാണ്. സി.ഡി.സി.കൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, യൂണിവേഴ്സിറ്റി ബ്യൂറോകൾ എന്നിവ ഭരണവകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിക്കണമെന്നും അവരുടെ അച്ചീവ്മെന്റ് റിപ്പോർട്ടുകൾ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷമെങ്കിലും ഇത്തരം സാമൂഹിക പ്രതിബദ്ധതയുള്ള സ്ഥാപനങ്ങളിൽ സ്ഥിരം ജീവനക്കാരുടെ അനിവാര്യത ആവശ്യമാണെന്ന പഠനസംഘത്തിന്റെ ശിപാർശകളിന്മേൽ തീരുമാനം കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുന്നു.

## <u>നെറ്റ്വർക്ക് കണക്ടിവിറ്റി</u>

**7.42** നിലവിൽ എംപ്ലോയ്മെന്റ് വകുപ്പിൽ രണ്ട് ഓഫീസുകളിൽ കെ-ഫോൺ കേബിൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. 28 ഓഫീസുകളിൽ കെ-ഫോൺ കണക്ഷന് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 9 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാണ്. ഇനി 58 ഓഫീസുകളിൽ കൂടി കെ-ഫോൺ കണക്ഷൻ ലഭ്യമാകേണ്ടതുണ്ട്. തിരുവനന്തപുരം ജില്ലയിൽ മാത്രമായി കേരള സ്റ്റേറ്റ് ഐടി മിഷന്റെ പൈലറ്റ് പ്രോജക്ടായ NII (National Information Infrastructure) കണക്ഷൻ മുഖേനയാണ് എംപ്ലോയ്മെൻറ് ഡയറക്ടറേറ്റിൽ Kerala State Wide Area Network (KSWAN) കണക്ഷൻ ലഭിച്ചിട്ടുള്ളത്. ഇത് നിലവിൽ സൗജന്യമാണ്. ഈ കണക്ഷൻ കെ-ഫോൺ കണക്ഷനിലേക്ക് മാറുമെന്ന് KSWAN അറിയിച്ചിട്ടുണ്ട്. പല സബ് ഓഫീസുകളിലും കെ-ഫോൺ കണക്ഷനും KSWAN കണക്ഷനും നിലവിലുണ്ട്. കെ-ഫോൺ കണക്ഷന് ബിൽ ലഭിക്കുന്ന മുറയ്ക്ക് തുക ഒടുക്കാൻ സർക്കാർ നിർദ്ദേശമുണ്ട്.

**7.43** കെ-ഫോൺ കണക്ഷൻ ലഭ്യമായ ഓഫീസുകളിൽ ഇ-ഓഫീസ് ലഭിക്കുന്നില്ല. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. കെ-ഫോൺ കണക്ഷനിൽ ഇ-ഓഫീസ് ലഭിക്കാത്ത സാഹചര്യത്തിൽ രണ്ട് കണക്ഷനും നിലനിർത്തേണ്ട അവസ്ഥയാണ്. ടി സാഹചര്യം നിലവിലുള്ളതിനാൽ കെ-ഫോൺ കണക്ഷനും ലീസ്ഡ് ലൈൻ മുഖേനയുള്ള KSWAN കണക്ഷനും തുക നൽകേണ്ടതുണ്ട്. കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്ന ഓഫീസുകളിൽ ഇ-ഓഫീസ് കൂടി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം കെ-ഫോൺ കണക്ഷൻ ഒഴിവാക്കി KSWAN കണക്ഷനിൽ തന്നെ തുടരാൻ നിർദേശം നൽകുകയോ ചെയ്യുന്നതാണ് അഭികാമ്യം. **ഭരണവകുപ്പ് നെറ്റ്‌വർക്ക് കണക്ടിവിറ്റി വിഷയത്തിൽ ഇടപെടേണ്ടതും ഉചിതമായ തീരുമാനം അടിയന്തരമായി സ്വീകരിക്കേണ്ടതുമാണ്.**

## IT Division രൂപീകരണം

**7.44** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നിലവിൽ ഇ-ഓഫീസ് സംവിധാനം, ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടൽ, പ്രവാസി പോർട്ടൽ, ജോബ് ഫെസ്റ്റ് പോർട്ടൽ, ഔദ്യോഗിക വെബ്സൈറ്റ് തുടങ്ങിയവ ഉൾപ്പെടെ ഐടി മേഖലയിലെ വിവിധ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി പ്രവർത്തിച്ചു വരികയാണ്. ഇ- ഗവേണൻസ്, മൊബൈൽ ആപ്ലിക്കേഷൻ, IT നെറ്റ് വർക്ക്, ഡാറ്റാ ബാക്ക് അപ്പ്, ഡി.ബി. സെർവർ മാനേജ്മെന്റ്, ഡാറ്റാ സെക്യൂരിറ്റി, സൈബർ സെക്യൂരിറ്റി, ഹാർഡ് വെയർ & സോഫ്റ്റ് വെയർ അപ്ഡേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടെക്നോളജി, 5-G ടെക്നോളജി തുടങ്ങിയ സാങ്കേതികവിദ്യകൾ കാലാനുസൃതമായി വിനിയോഗിച്ച് വകുപ്പിൽ കടലാസ് രഹിത പൊതുജന സേവനം മെച്ചപ്പെടുത്തേണ്ട സാഹചര്യം ഭാവിയിൽ സംജാതമാകാനുള്ള സാധ്യത വളരെയേറെയാണ്. നിലവിൽ വകുപ്പിന്റെ ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടലായ 'ഇ-എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പോർട്ടൽ (eee)', പ്രവാസികൾക്കായുള്ള 'വെർച്വൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് പോർട്ടൽ ', മൊബൈൽ ആപ്പ് എന്നിവ മുഖേന വകുപ്പിൽ

വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നതിനാൽ ഇതോനുബന്ധിച്ച് ഉണ്ടാവുന്ന അപ്ഡേഷൻ, മോഡിഫിക്കേഷൻ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതും തുടർന്ന് ഇതുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും സബ് ഓഫീസുകൾക്കും ഉണ്ടാകുന്ന സംശയങ്ങൾ കൃത്യമായി നിവാരണം ചെയ്യേണ്ടതുമുണ്ട്.

**7.45** വകുപ്പിന്റെ സേവനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രൈവറ്റ് ജോബ് പോർട്ടൽ, സ്വയംതൊഴിൽ പദ്ധതികൾ, വൊക്കേഷണൽ ഗൈഡൻസ്, എംപ്ലോയബിലിറ്റി സെന്റർ മാനേജ്മെൻറ് സിസ്റ്റം, കരിയർ ഡെവലപ്മെന്റ്-സെന്റർ മാനേജ്മെന്റ് സിസ്റ്റം എന്നിവയുടെ വികസനവും അതോടൊപ്പം സെന്റർ അസറ്റ് രജിസ്റ്റർ, ട്രെയിനിങ് മൊഡ്യൂൾ, എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ (EMI), സെലക്ഷൻ മൊഡ്യൂൾ എന്നിവയും സമയബന്ധിതമായി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഐടി മേഖലയുടെ വിവിധ സാധ്യതകൾ പ്രയോജനപ്പെടുത്തി സോഫ്റ്റ് വെയർ വികസനം, ഹാർഡ് വെയർ സംഭരണം, AMC ഫൈനലൈസേഷൻ, ഇന്റർ ലിങ്കിംഗ് ഓഫ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വിത്ത് എൻ. സി. എസ്. പോർട്ടൽ, ഐ.ടി. ഓഡിറ്റ് തുടങ്ങി വിവിധ സാങ്കേതിക മേഖലകളിലും പ്രവർത്തിക്കേണ്ടതായിട്ടുണ്ട്.

**7.46** നിലവിൽ എൻ.ഐ.സി. മുഖാന്തിരം നടത്തിവരുന്ന ഡാറ്റാബേസ് മാനേജ്മെന്റ്, വെബ്സൈറ്റ് ഓഡിറ്റിംഗ്, വെബ്സൈറ്റ് അപ്ഡേഷൻ എന്നിവ ഇനി മുതൽ അടിയന്തരമായി വകുപ്പ് ഏറ്റെടുത്ത് നടത്തണമെന്ന് എൻ.ഐ.സി. അറിയിച്ചിരിക്കുകയാണ്. നിലവിൽ ഡാറ്റയും ബാക്കപ്പും ടെക്നോപാർക്കിലെ എസ്. ഡി. സി. (State Data Centre)-യിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഒരു സ്റ്റേഷനിൽ തന്നെ ഒറിജിനൽ ഡാറ്റാ ബേസും ബാക്കപ്പും സൂക്ഷിക്കുന്നത് സാങ്കേതികപരമായും സുരക്ഷാപരമായും വളരെയധികം അപകടമായതിനാൽ ഇതിനായി പുതിയ ഒരു സെർവർ വാങ്ങി ഡയറക്ടറേറ്റിൽ സൂക്ഷിക്കുകയും ഡാറ്റാ ബാക്ക് അപ്പ് ഇതുവഴി നടത്തുകയും ചെയ്യുന്നതാണ് അഭികാമ്യം..

**7.47** മേൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളുടെ അടിയന്തര പ്രാധാന്യം പരിഗണിച്ച് വകുപ്പിൽ ഒരു ഐ.ടി. ഡിവിഷൻ രൂപീകരിക്കുന്നത് വളരെ ആവശ്യമാണെന്ന് കാണുന്നു. എംപ്ലോയ്മെന്റ് വകുപ്പിൽ നിലവിലുള്ള കമ്പ്യൂട്ടർ സെക്ഷനിലെ R1/R2/R3 സീറ്റുകളിൽ രണ്ട് ക്ലർക്കും രണ്ട് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരും ഒരു എംപ്ലോയ്മെന്റ് ഓഫീസറുമാണ് നിലവിലുള്ളത്.

**7.48** 26/07/2008-ലെ GO(MS) No.28/2008/ITD ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകളിലും ഐ.ടി. ഡിവിഷൻ /ഐ.ടി. സെൽ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 30.08.2014 –ലെ IT-B1/72/2014/ITD നമ്പർ സർക്കുലർ പ്രകാരം ഇതിലേക്കായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കില്ലായെന്നും തസ്തികകൾ സൃഷ്ടിക്കാതെ തന്നെ, നിലവിലുള്ള തസ്തികകൾ IT Division-ലേക്ക് പുന:ക്രമീകരിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 03/08/2018-ലെ GO(MS)No.17/2018/ITD സർക്കുലർ പ്രകാരം IT ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

**7.49** ഈ സാഹചര്യത്തിൽ നിലവിൽ കമ്പ്യൂട്ടർ സെൽ സെക്ഷനിലുള്ള ഉദ്യോഗസ്ഥരെ കൂടാതെ IT Manager (EO Cadre), സോഫ്റ്റ്‌വെയർ പ്രോഗ്രാമർ (കോൺട്രാക്ട്), ഹാർഡ്‌വെയർ മാനേജർ (HC/JEO കേഡർ), ടെക്നിക്കൽ അസിസ്റ്റന്റ്/ക്ലർക്ക് (Clerk Cadre) തസ്തികകൾ കൂടി ഭാവിയിൽ IT ഡിവിഷൻ രൂപീകരിക്കുന്ന സാഹചര്യത്തിൽ ആവശ്യമായി വരുമെന്ന കാര്യം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**7.50** 03.08.2018-ലെ GO(MS)No.17/2018/ITD സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട യോഗ്യതയും കൂടാതെ സാങ്കേതിക പരിജ്ഞാനവും കമ്മ്യൂണിക്കേഷൻ സ്കിൽ, സോഫ്റ്റ് വെയർ ഡെവലപ്മെന്റ്, ഡാറ്റാ ബേസ് മാനേജ്മെന്റ്, സോഫ്റ്റ് വെയർ ടെസ്റ്റിംഗ്, സെർവർ മാനേജ്മെന്റ്, ഹാർഡ് വെയർ മാനേജ്മെന്റ് തുടങ്ങിയ ഐടി അധിഷ്ഠിത സാങ്കേതിക മേഖലകളിൽ പ്രവൃത്തി പരിചയം

കൈവരിച്ചിട്ടുള്ളതും താത്പര്യമുള്ളവരുമായ വകുപ്പിലെ തന്നെ ജീവനക്കാരെ കണ്ടെത്തി അവർക്ക് എൻ. ഐ. സി. മുഖേന മതിയായ ട്രെയിനിംഗ് നൽകി അവരുടെ സേവനം ഭാവിയിൽ വകുപ്പിന് മുതൽക്കൂട്ടാകുന്ന രീതിയിൽ വിനിയോഗിക്കുന്നത് ഉചിതമാണെന്നു കാണുന്നു. ഇത്തരത്തിൽ വകുപ്പിനുള്ളിൽ തന്നെയുള്ള ജീവനക്കാരെ പുനർവിന്യസിക്കാമെന്നതിനാൽ ഇക്കാര്യത്തിൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

**7.51** ഈ സാഹചര്യങ്ങൾ പരിഗണിച്ച് **വകുപ്പിൽ ഒരു ഐ.ടി. ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.**

**വകുപ്പിൽ കണ്ടെത്തിയ അധിക തസ്തികകൾ**

**7.52** ഉദ്യോഗസ്ഥ ഭരണപരിഷ്കാര (സർപ്ലസ് മാൻപവർ സെൽ) വകുപ്പിൽ നിന്നുള്ള 19.11.2003 ലെ GO(P) No.34/2003/P&ARD ഉത്തരവ് പ്രകാരം എല്ലാ വകുപ്പുകളിലേയും അധിക തസ്തികകൾ കണ്ടെത്തിയ കൂട്ടത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ ചുവടെ ചേർക്കുന്ന 41 തസ്തികകൾ അധികമാണെന്ന് കണ്ടെത്തുകയും അത് ഗവൺമെൻറ് സെക്രട്ടറി തല ചർച്ചയിൽ അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. പ്രസ്തുത തസ്തികകളുടെ വിവരം ചുവടെചേർക്കുന്നു.

| തസ്തികയുടെ പേര് | എണ്ണം |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | 1 |
| സ്റ്റേറ്റ് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ ഓഫീസർ | 1 |
| എംപ്ലോയ്മെന്റ് ഓഫീസർ | 8 |
| യു. ഡി. ക്ലർക്ക് | 10 |
| എൽ. ഡി. ക്ലർക്ക് | 10 |
| ഇൻവെസ്റ്റിഗേറ്റർ | 1 |

| | |
|---|---|
| മലയാളം ട്രാൻസ്ലേറ്റർ | 1 |
| ആർട്ടിസ്റ്റ് | 1 |
| പ്യൂൺ | 1 |
| റോണിയോ ഓപ്പറേറ്റർ | 1 |
| **ആകെ** | **41** |

**7.53** ഇതു കൂടാതെ 06.10.2003 ലെ GO(Rt)No. 806/2003/SCSTDD നമ്പർ ഉത്തരവ് പ്രകാരം ഒരു പ്യൂൺ തസ്തിക മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും ഒരു JEO തസ്തിക വയനാട് ഐടിഡിപി പ്രൊജക്ടിലും അധികമാണെന്ന് കണ്ടെത്തിയതായും ഉത്തരവുകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിന്റെ പകർപ്പ് ആസ്ഥാന കാര്യാലയത്തിൽ നിന്നോ ഭരണ വകുപ്പിൽ നിന്നോ ലഭ്യമായിട്ടില്ല.

**7.54** നിർദ്ദേശിക്കപ്പെട്ട ഇത്രയും അധിക തസ്തികകളിൽ സ്റ്റേറ്റ് എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ ഓഫീസർ, ആർട്ടിസ്റ്റ്, ഇൻവെസ്റ്റിഗേറ്റർ, മലയാളം ട്രാൻസ്ലേറ്റർ, റോണിയോ ഓപ്പറേറ്റർ എന്നീ തസ്തികകൾ ഈ വകുപ്പിൽ ഇപ്പോൾ നിലവിലില്ല എന്നാണ് വ്യക്തമാകുന്നത്. എന്നാൽ മറ്റുള്ള തസ്തികകൾ നിർത്തലാക്കിയോ നിലനിർത്തിയോ എന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട തുടർ ഉത്തരവുകളൊന്നും കണ്ടെത്താനായിട്ടില്ല. തുടർനടപടികളുടെ ഭാഗമായി ഈ തസ്തികകളെ ഈ വകുപ്പിൽ തുടരാൻ അനുവദിച്ചുവെന്നും ഇത്തരം തസ്തികകളിൽ ചില തസ്തികകൾ പുനർവിന്യസിച്ചാണ് പിൽക്കാലത്ത് ചില ഓഫീസുകളിൽ നിയമിച്ചതെന്നും ഡയറക്ടറേറ്റിലെ മുതിർന്ന ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. പക്ഷെ ഇത് സംബന്ധിച്ചുള്ള ഉത്തരവുകളൊന്നും പഠനസംഘത്തിന് ലഭ്യമായിട്ടില്ല.

**7.55** 21.12.2007 ലെ GO(MS)No. 167/2007/തൊഴിൽ ഉത്തരവ് പ്രകാരം ചാലക്കുടി കേന്ദ്രമാക്കി പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്നതിന് നൽകിയ അനുമതി ഉത്തരവിൽ പ്രസ്തുത ഓഫീസിനായി അനുവദിച്ച എംപ്ലോയ്മെന്റ് ഓഫീസർ, ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, ക്ലർക്ക്, പ്യൂൺ തസ്തികകളിൽ മേൽപ്രസ്താവിച്ച രണ്ട് ഉത്തരവുകളിൽ അധിക തസ്തികയെന്ന് കണ്ടെത്തിയ തസ്തികകൾ റീഡിപ്ലോയ് ചെയ്തതാണ് നിയമനം നൽകിയതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽപ്രസ്താവിച്ച രണ്ട് ഉത്തരവുകളിലേയും അധികതസ്തികകളിൽ നിലവില്ലാത്ത അഞ്ച് തസ്തികകൾ ഒഴിച്ചുള്ള മറ്റ് 38 തസ്തികകളും തുടരാൻ അനുവദിച്ചതായി അനുമാനിക്കാവുന്നതാണ്.

**താൽക്കാലിക തസ്തികകൾ NES വകുപ്പിനെ അറിയിക്കുന്നതിനുള്ള നടപടികൾ**

**7.56** കേരള പബ്ലിക് സർവീസ് കമ്മീഷൻ കഴിഞ്ഞാൽ കേരളത്തിലെ സർക്കാർ/ അർദ്ധ സർക്കാർ മേഖലയിൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന സ്ഥാപനമാണ് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ്. 1959 ലെ CNV Act പ്രകാരം എല്ലാ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും വരുന്ന ഒഴിവുകൾ നിർബന്ധമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് പലതവണയായി സർക്കുലറുകൾ ഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ 08/12/2022 തീയതിയിലെ സ.ഉ(സാധാ)നം.1440/2022/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം കേരള പി.എസ്.സി.യുടെ പരിധിയിൽ വരാത്ത സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ (സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ സ്ഥിരം / കരാർ / താൽക്കാലിക തസ്തികകളിൽ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ പ്ലേസ്മെന്റ് രജിസ്റ്റർ, വേക്കൻസി നോട്ടിഫിക്കേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ താൽകാലിക ഒഴിവുകൾ പലതും എംപ്ലോയ്മെന്റ് വകുപ്പിൽ അറിയിക്കുന്നില്ലെന്ന് മനസ്സിലാക്കാൻ

സാധിച്ചിട്ടുണ്ട്. ഒഴിവുകൾ അറിയിക്കുന്നതും നികത്തപ്പെടുന്നതും സംബന്ധിച്ച് പല വകുപ്പുകളുടെയും ഭാഗത്തുനിന്നും കാര്യക്ഷമമായ പ്രവർത്തനം കാണാൻ സാധിക്കുന്നില്ല.

**7.57** ഇവയിൽ അധ്യാപക മേഖലയിലെ ഒഴിവുകളാണ് പ്രധാനമായും ചൂണ്ടിക്കാട്ടാനുള്ളത്. 2022-23 കാലഘട്ടത്തിൽ അധ്യാപക തസ്തികയിലെ ഒരു താത്ക്കാലിക ഒഴിവ് പോലും എംപ്ലോയ്മെന്റ് വകുപ്പിനെ അറിയിച്ചിട്ടില്ല എന്നുള്ളത് വളരെ ഗൗരവമായി കാണേണ്ട ഒരു വിഷയമാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 14/08/2022 -ലെ സ.ഉ.(അച്ചടി) നമ്പർ 249/2002/പൊ.വി.വ ഉത്തരവ് പ്രകാരം പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതാണെന്നും എന്നാൽ അടിയന്തര സാഹചര്യത്തിൽ, അതായത് സ്കൂൾ തുറന്ന് ഒരാഴ്ചയ്ക്കുള്ളിൽ ഒഴിവ് നിലനിൽക്കുകയാണെങ്കിൽ മാത്രം, സ്കൂൾ അധികൃതർക്ക് നിയമനനടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും കൃത്യമായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ എല്ലാ താൽക്കാലിക ഒഴിവുകളും സ്കൂൾ അധികൃതർ തന്നെ നികത്തുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ പ്രവണത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള B.Ed., K-TET, SET എന്നീ വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം വളരെ വലിയൊരു വെല്ലുവിളിയാണ്. ഇപ്രകാരം സ്കൂളുകൾ സ്വമേധയാ നിയമനം നടത്തുന്നതിലൂടെ നിയമനത്തിന്റെ സുതാര്യതയും സത്യസന്ധതയും നഷ്ടപ്പെടുന്നതോടൊപ്പം സംവരണ തത്വങ്ങൾ പാലിക്കപ്പെടാതെയും പോകുന്നു. നിലവിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്നും ഒഴിവുകൾ നികത്തുന്നതായാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ആയതിനു പകരം ഓരോ വർഷവും വരാൻ സാധ്യതയുള്ള ഒഴിവുകൾ മാർച്ച് മാസത്തിൽ തന്നെ എംപ്ലോയ്മെന്റ് വകുപ്പിനെ അറിയിച്ചാൽ അധ്യയന വർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ ഒഴിവുകൾ നികത്താൻ സാധിക്കും. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഇത്തരം നിയമനങ്ങൾ സുതാര്യമായും സംവരണ തത്വങ്ങൾ പാലിച്ചും ലഭ്യമാകുമെന്ന് പഠനസംഘം വിലയിരുത്തുന്നു. ഈ നിർദ്ദേശം

കർശനമായി പാലിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകേണ്ടതാണ്.

**7.58** ഇത് കൂടാതെ പഞ്ചായത്ത് വകുപ്പിലെ വിവിധ പദ്ധതികൾ പ്രകാരമുള്ള താത്ക്കാലിക / കരാർ ഒഴിവുകളും ഈ വകുപ്പിനെ അറിയിക്കുന്നതായി കാണുന്നില്ല. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവ് മാത്രമാണ് ആകെ അറിയിച്ചതായി ശ്രദ്ധയിൽപ്പെട്ടത്. കേരളത്തിൽ നിലവിലുള്ള മുഴുവൻ പഞ്ചായത്തുകളിലേയും താൽക്കാലിക / കരാർ ഒഴിവുകൾ കൃത്യമായി എംപ്ലോയ്മെന്റ് വകുപ്പ് വഴി നികത്തിയാൽ തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ള വളരെയധികം അഭ്യസ്ത വിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ കഴിയും. എംപ്ലോയ്മെൻറ് വകുപ്പിൽ നിന്നും ആവശ്യകതയ്ക്കനുസരിച്ച് കാലതാമസം കൂടാതെ ലിസ്റ്റ് നൽകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ആയതിനാൽ സർക്കാർ / അർദ്ധ സർക്കാർ മേഖലയിലെ എല്ലാ താൽകാലിക ഒഴിവുകളും എംപ്ലോയ്മെന്റ് വകുപ്പ് വഴി സുതാര്യമായും സമയബന്ധിതമായും നികത്താൻ സാധിക്കും എന്നുള്ളത് ഉറപ്പാണ്.

**7.59** ഇതിന് പുറമേ പല വകുപ്പുകളിലെയും ബോട്ടിൽ ക്ലീനർ, സ്വീപ്പർ ഗ്രേഡ്II, ഫുൾ ടൈം ഗാർഡനർ, സാനിട്ടറി വർക്കർ തുടങ്ങിയ ക്ലാസ്സ് ഫോർ സ്ഥിരം തസ്തികകളിൽ എംപ്ലോയ്മെന്റ് വകുപ്പ് വഴി താൽക്കാലിക നിയമനം നടത്തുന്നതിനുള്ള കളക്ടറുടെ ഉത്തരവ് സ്വരൂപിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം തസ്തികകളിലെ നിയമനങ്ങൾ സ്പെഷൽ റൂൾ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ നടത്തിയിട്ടുള്ളതെന്ന കാര്യം ഭരണവകുപ്പ് പരിശോധിക്കേണ്ടതും കർശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് ലൻകേണ്ടതുമാണ്.

**7.60** മേൽ പരാമർശിച്ചവയെല്ലാം തന്നെ വകുപ്പിന്റെയും വകുപ്പിൽ രജിസ്റ്റർ ചെയ്ത ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുടെ ഭാവിയേയും നിലനിൽപ്പിനെയും ബാധിക്കുന്ന വളരെ ഗൗരവമേറിയ വിഷയങ്ങളാണ്. ഇത്തരം വിഷയങ്ങൾ വിശദമായി പരിശോധിക്കേണ്ടതും എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് വകുപ്പ് വഴി

നികത്താനുള്ള നിർദേശം നൽകേണ്ടതുമാണ്. താൽക്കാലിക നിയമനങ്ങൾ പരിശോധിക്കുന്നതിനായി വകുപ്പിന് കീഴിൽ നിലവിലുള്ള EMI സെക്ഷൻ കൂടുതൽ ശക്തിപ്പെടുത്തേണ്ടതും ടി സെക്ഷന്റെ അധികാരം ഊട്ടിയുറപ്പിക്കേണ്ടതും എല്ലാ വകുപ്പുകളിലും EMI ഇൻസ്പെക്ഷൻ കൃത്യമായി നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും വളരെ അത്യന്താപേക്ഷിതമാണ്. സർക്കാർ വകുപ്പുകളിൽ/ സ്ഥാപനങ്ങളിൽ ഇത്തരം പരിശോധനകൾ നടത്തുന്ന സമയങ്ങളിൽ വകുപ്പിലെ ജീവനക്കാർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന തടസ്സങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്ന തരത്തിൽ വകുപ്പ് തലവന്മാർക്കും സ്ഥാപനമേധാവികൾക്കും കർശന നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയം വിശദമായി പഠിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് മുൻകൈ എടുക്കേണ്ടതും **എല്ലാ വകുപ്പുകളിലേയും താത്ക്കാലിക ജീവനക്കാരുടെ വിവരങ്ങൾ, അവരെ നിയമിച്ച രീതി എന്നിവ സമാഹരിച്ച ശേഷം നിയമവിരുദ്ധമായി നിയമനം നടത്തിയ ഒഴിവുകൾ കണ്ടെത്തുകയും ആയവ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് വകുപ്പ് വഴി നികത്താനും ഭരണവകുപ്പ് കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു.** ഇതിനായി നിലവിലുള്ള ഉത്തരവുകൾ കർശനമാക്കേണ്ടതും വകുപ്പ് തലവന്മാരെ ചുമതലപ്പെടുത്തി തുടർഉത്തരവുകൾ തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്ന് പുറപ്പെടുവിക്കേണ്ടതുമാണ്.

**7.61** എല്ലാ സർക്കാർ വകുപ്പുകളിലും സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പ്രതിമാസമുണ്ടാകുന്ന സ്ഥിരം/കരാർ/താൽകാലിക വേക്കൻസികൾ അതാത് സ്ഥാപനങ്ങൾ തന്നെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് റിപ്പോർട്ട് ചെയ്യുന്ന സംവിധാനം നടപ്പിൽ വരുത്തണമെന്ന് നിർദ്ദേശിക്കുന്നു. ഇതിനായി Online Vacancy Reporting System എന്ന പേരിൽ ഒരു പുതിയ സംവിധാനം എംപ്ലോയ്മെന്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. നിയമനങ്ങൾ സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് പരാതികൾ ഉള്ള പക്ഷം അത് സമർപ്പിക്കുന്നതിനായി ഒരു Grievance സംവിധാനം കൂടി വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. **ഈ സംവിധാനത്തിന്റെ ചുമതല മേഖലാടിസ്ഥാനത്തിൽ**

**അതത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകണമെന്നും ശിപാർശ ചെയ്യുന്നു. വകുപ്പ് തലവന്മാർ ഈ സംവിധാനം കൃത്യമായി പ്രയോജനപ്പെടുത്തണമെന്നും ഇത്തരം വേക്കൻസികൾ പ്രതിമാസം ഓൺലൈനായിത്തന്നെ റിപ്പോർട്ട് ചെയ്യണമെന്നും കർശനനിർദ്ദേശം നൽകേണ്ടതുമാണ്.**

**ഇ – ഓഫീസ് സംവിധാനം**

**7.62** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കാര്യാലയത്തിലും ഉപകാര്യാലയങ്ങളിലും ഇ-ഓഫീസ് നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇ-ഫയലായി ഫയൽ സൃഷ്ടിച്ചശേഷം ഫിസിക്കൽ ഫയലുകളായി അവ ചില സെക്ഷനുകളിൽ കൈകാര്യം ചെയ്യുന്നുണ്ട്. **13.04.2023-ലെ 9/2023/ഐ.ടി നമ്പർ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഓഫീസുകളിലും ഫയൽ ഇ-ഓഫീസിലൂടെ മാത്രമേ പ്രോസസ് ചെയ്യുന്നുള്ളുവെന്ന് വകുപ്പ് മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. സബ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തുന്ന വേളയിൽ ഇ–ഓഫീസ് നടപടിക്രമങ്ങൾ ശരിയായ രീതിയിൽ പാലിക്കുന്നുണ്ടോ എന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. ഡയറക്ടേറ്റിലേയും മറ്റ് ഉപകാര്യാലയങ്ങളിലേയും എല്ലാ ജീവനക്കാർക്കും ഇ-ഓഫീസ് ഉപയോഗിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്.**

**വിവരാവകാശ രജിസ്റ്റർ**

**7.63** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കാര്യാലയത്തിലും ഉപകാര്യാലയങ്ങളിലും വിവരാവകാശ രജിസ്റ്റർ നിശ്ചിത ഫോർമാറ്റിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. **12.10.2010-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും പുറപ്പെടുവിച്ച G.O(P)No.34/10/P&ARD നമ്പർ ഉത്തരവിൽ**

**നിഷ്കർഷിച്ച ഫോർമാറ്റിൽ വിവരാവകാശ രജിസ്റ്റർ പരിപാലിക്കാനുള്ള നിർദ്ദേശം എല്ലാ സെക്ഷനുകൾക്കും സബ് ഓഫീസുകൾക്കും നൽകേണ്ടതാണ്.**

## സ്യൂട്ട് രജിസ്റ്റർ

**7.64** ഡയറക്ടറേറ്റിൽ കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന J1, J4, J6, Q5, P2 സീറ്റുകളിൽ സ്യൂട്ട് രജിസ്റ്റർ നിശ്ചിത പ്രഫോർമയിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. **04.12.2008-ൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 25255/MC/07/Law നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിശ്ചിത പ്രഫോർമയിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന സീറ്റുകളിൽ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്.**

## പേഴ്സണൽ രജിസ്റ്റർ പരിപാലനം

**7.65** പ്രവൃത്തിപഠനസംഘം സന്ദർശിച്ച ഡയറക്ടറേറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ ഉൾപ്പെടെ സീറ്റുകളിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നതായി കാണുന്നില്ല. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 12.02.2021-ന് പുറപ്പെടുവിച്ച **റൂൾസ്-2/22/2020/ഉഭപവ** നമ്പർ സർക്കുലറിൽ ഇ-ഓഫീസ് സംവിധാനം നിലവിലുള്ള സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് വഴി സൃഷ്ടിക്കുന്ന ഫയലുകളുടെ 2021 ജനുവരി 1 മുതലുള്ള വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തൻപതിവേടിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന് മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്നാണും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനത്തിൽ കൂടുതൽ ഫീച്ചറുകളോടെ പുതിയ വേർഷനുകൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും **തൻപതിവേട് പരിപാലിക്കുന്നത് സംബന്ധിച്ച സർക്കാറിന്റെ പുതുക്കിയ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ മേൽ പരാമർശിച്ച സർക്കുലർ പ്രകാരം പേഴ്സണൽ രജിസ്റ്റർ (തൻപതിവേട്)**

**കർശനമായി പരിപാലിക്കേണ്ടതുണ്ടെന്നും മേലുദ്യോഗസ്ഥർ അവ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകേണ്ടതാണ്.**

**വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ**

**7.66** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ ആയ **www.eemployment.kerala.gov.in** മുഖേന രജിസ്ട്രേഷൻ, പുതുക്കൽ, പ്രത്യേക പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, രജിസ്ട്രേഷൻ ട്രാൻസ്ഫർ, വ്യക്തിഗതവിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും നിലവിൽ പൊതുജനങ്ങൾക്ക് ലഭ്യമാണ്. ടി പോർട്ടലിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് തുടർന്നുള്ള സേവനങ്ങൾ ലഭിക്കുന്നതിനായി ഒരു മൊബൈൽ ആപ്ലിക്കേഷൻ NIC മുഖേന ഡെവലപ്പ് ചെയ്ത് 11.12.2021 മുതൽ ഉപയോഗിച്ചു വരുന്നുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തതും പുതുക്കിവരുന്നതുമായ നിശ്ചിത പ്രായപരിധിയും, യോഗ്യതയുമുള്ള ഉദ്യോഗാർഥികളുടെ സീനിയോരിറ്റി ലിസ്റ്റും ഈ പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്.

**7.67** 2017-ൽ ഓൺലൈൻ ആകുന്നതിനു മുൻപ് വരെ രജിസ്റ്റർ ചെയ്തിരുന്ന ഹാർഡ്കോപ്പി രജിസ്ട്രേഷൻ രേഖകൾ സ്കാൻ ചെയ്ത് ഓൺലൈൻ ഡാറ്റായുമായി ലിങ്ക് ചെയ്യുന്നതിനായി സി-ഡിറ്റ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഓൺലൈൻ ഡാറ്റകളുടെ വെരിഫിക്കേഷൻ നടപടികൾ പുരോഗമിക്കുകയാണ്. എത്രയും പെട്ടെന്നു തന്നെ വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സൂക്ഷിച്ചിരിക്കുന്ന ഹാർഡ്കോപ്പി രജിസ്ട്രേഷൻ രേഖകൾ ലിങ്ക് ചെയ്തതിനു ശേഷം നിർമാർജ്ജനം ചെയ്യുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഹാർഡ്കോപ്പി രജിസ്ട്രേഷൻ രേഖകൾ നിർമാർജനം ചെയ്യുന്നതോടെ ഓരോ ഓഫീസിലും ലൈവ് രജിസ്റ്റർ സൂക്ഷിച്ചിരുന്ന സ്ഥലം വൊക്കേഷണൽ ഗൈഡൻസ് പോലുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാനും സാധിക്കുന്നതാണ്.

**7.68** വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നായ വേക്കൻസി സബ്മിഷൻ/സെലക്ഷൻ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിനായി NIC മുഖേന സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ് നടന്നു വരികയാണ്. നിലവിൽ വേക്കൻസി അറിയിച്ച് നൽകുന്ന റിക്വിസിഷൻ ഉദ്യോഗദായകരിൽ നിന്നും ഇമെയിൽ മുഖേനയോ, ഹാർഡ്കോപ്പി മുഖേനയോ എക്സ്ചേഞ്ചിൽ ലഭിക്കുകയും, അവയെ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സോഫ്റ്റ്‌വെയർ വഴി സെലക്ഷൻ ഏടുക്കുകയും, ടി ലിസ്റ്റിന്റെ ഹാർഡ്കോപ്പി ഉദ്യോഗദായകർക്ക് നൽകി വരികയുമാണ് ചെയ്യുന്നത്. കാലതാമസമില്ലാതെ ഉദ്യോഗദായകർക്ക് ലിസ്റ്റ് ഓൺലൈനായി തന്നെ അവരുടെ പ്രൊഫൈലിൽ ലഭ്യമാകുന്ന തരത്തിൽ നിലവിലുള്ള സോഫ്റ്റ്‌വെയറിൽ സബ്മിഷൻ/സെലക്ഷൻ മോഡ്യൂളുകൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എത്രയും വേഗം ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്.

**7.69** വകുപ്പിന്റെ വിവിധ പദ്ധതികളായ കൈവല്യ, ശരണ്യ, നവജീവൻ, മൾട്ടി പർപ്പസ് ജോബ് ക്ലബ്, കെസ്റു എന്നിവയും കൂടി ഓൺലൈൻ പോർട്ടൽ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ് .തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന വിദേശ മലയാളികൾ (NRI Returnee), നിലവിൽ വിദേശത്തു ജോലി ചെയുന്ന മലയാളികൾ (NRI), കേരളത്തിന് പുറത്തു ജോലി ചെയുന്ന മലയാളികൾ (NRK), തൊഴിൽ നഷ്ടം സംഭവിച്ച് മടങ്ങി വന്ന ശേഷം കേരളത്തിന് പുറത്തു ജോലി ചെയുന്ന മലയാളികൾ (NRK Returnee) എന്നിവർക്ക് പ്രവാസികൾക്ക് മാത്രമായിട്ടുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുവാൻ സാധിക്കും. 'www.pravasi.employment.kerala.gov.in' എന്ന വെബ് അഡ്രസ്സിലൂടെ പ്രവാസി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വെബ്സൈറ്റിൽ പ്രവേശിക്കാവുന്നതും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാവുന്നതുമാണ്.

**7.70** സ്വകാര്യ മേഖലയിലെ ഒഴിവുകൾ തൊഴിലന്വേഷകരിലേയ്ക്ക് എത്തിക്കുന്നതിനു വേണ്ടി, ഉദ്യോഗദായകരേയും ഉദ്യോഗാർത്ഥികളേയും ഉൾപ്പെടുത്തി,

ഒരു ഓൺലൈൻ പ്രൈവറ്റ് ജോബ് പോർട്ടൽ, സോഫ്റ്റ്‌വെയർ ഡെവലപ്‌മെന്റ് ഏജൻസിയായ National Informatics Centre (NIC) മുഖേന വികസിപ്പിച്ചു വരികയാണ്. www.privatejobs.employment.kerala.gov.in എന്ന ഈ പോർട്ടൽ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ടി പോർട്ടലിൽ, 50-65 വയസ്സിനുള്ളിലുള്ള മുതിർന്ന പൗരന്മാരുടെ ഒരു ഡാറ്റാബാങ്ക് (നവജീവൻ പദ്ധതി) ലഭ്യമായിരിക്കും. ഇതിന്റെ സെക്യൂരിറ്റി ഓഡിറ്റിംഗ് നടപടി അന്തിമ ഘട്ടത്തിലാണ്. ഈ സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**7.71** കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ കരിയർ സർവ്വീസ് പോർട്ടലിൽ ലഭിക്കുന്ന സേവനങ്ങൾ വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി, പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ ഡാറ്റാ അവരുടെ സമ്മതത്തോടെ NCS പോർട്ടലിലേയ്ക്ക് നൽകുന്നതിനുള്ള API Integration നിലവിൽ നടന്നു കൊണ്ടിരിക്കുകയാണ്.

**7.72** വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്‌മെന്റ് സെന്റർ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഓൺലൈൻ മുഖേന ചെയ്യുന്നതിനായി കെൽട്രോൺ മുഖേന സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്തിരുന്നു. KASE മുഖേന നടത്തി വന്നിരുന്ന എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്‌മെന്റ് സെന്റർ പ്രവർത്തനങ്ങൾ 2022 -ഓട് കൂടി വകുപ്പിന് കൈമാറുകയുണ്ടായി. KASE ൽ നിന്നും കൈമാറി ലഭിച്ചതിനു ശേഷം വകുപ്പിന്റെ രീതിയിൽ ടി സോഫ്റ്റ്‌വെയറുകൾക്ക് വേണ്ട മാറ്റം വരുത്തുന്ന പ്രവർത്തനങ്ങൾ നിലവിൽ നടന്നു വരികയാണ്. ടി സോഫ്റ്റ്‌വെയർ മുഖാന്തിരം എംപ്ലോയബിലിറ്റി സെന്ററിൽ വരുന്ന ഉദ്യോഗാർത്ഥികളുടേയും, ഉദ്യോഗദായകരുടേയും രജിസ്ട്രേഷനും അനുബന്ധ പ്രവർത്തനങ്ങളും നടത്താൻ സാധിക്കുന്നതാണ്. കരിയർ ഡെവലപ്പ്മെന്റ് സെന്ററിനുള്ള സോഫ്റ്റ്‌വെയറിനുള്ള ഡാറ്റാ കളക്ഷൻ നിലവിൽ നടന്നു വരികയാണ്. അവ പൂർത്തിയാകുന്ന മുറയ്ക്ക് ടി സോഫ്റ്റ്‌വെയറിൽ ലഭ്യമാകുകയും, കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ

സാധ്യതകളെ കുറിച്ച് വളരെ എളുപ്പത്തിൽ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നതിന് ഈ പോർട്ടൽ മുഖാന്തിരം സാധിക്കുന്നതുമാണ്.

**7.73** എംപ്ലോയ്മെന്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ, www.employment.kerala.gov.in" യിൽ ഉദ്യോഗാർത്ഥികൾക്കുള്ള തൊഴിലവസരങ്ങളും കരിയർ ബ്ലോഗുകളും, വകുപ്പിന്റെ കീഴിലുള്ള യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ പുറപ്പെടുവിക്കുന്ന ബുള്ളറ്റിനുകൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിന്റെ വിവിധ സ്വയം തൊഴിൽ പദ്ധതികൾക്ക് അപേക്ഷിക്കാനുള്ള ഫോമുകൾ, ഉദ്യോഗദായകർക്ക് ഒഴിവ് അറിയിക്കുന്നതിലേക്ക് ആവശ്യമായ വേക്കൻസി റിക്വിസിഷൻ ഫോമുകൾ എന്നിവ വെബ്സൈറ്റിന്റെ ഡൗൺലോഡ് പേജിൽ നൽകിയിട്ടുണ്ട്.

**7.74** "Interlinking of employment exchanges through NCS portal" എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ 2024-2025 സാമ്പത്തിക വർഷം വാങ്ങി നൽകിയിട്ടുണ്ട്. 2017 മുതൽ വകുപ്പിൽ ആരംഭിച്ച ഇ -ഓഫീസ് പ്രവർത്തനങ്ങളുടെ സപ്പോർട്ട് സൈറ്റ് മാനേജ്മെന്റും കമ്പ്യൂട്ടർ സെക്ഷൻ മുഖാന്തിരം നടത്തി വരുന്നു. എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രവർത്തനങ്ങൾ എല്ലാം തന്നെ സംയോജിപ്പിക്കപ്പെടുന്ന ഒരു ഏകജാലക സംവിധാനമാണ് വകുപ്പിന്റെ വെബ്സൈറ്റ് ആയ "www.employment.kerala.gov.in". ടി വെബ്സൈറ്റ് അതിന്റെ പ്രാഥമിക സ്ഥിതിയിൽ നിന്നും റീഡിസൈൻ ചെയ്യുന്നതിന് സി-ഡിറ്റുമായി കരാറിൽ ഏർപ്പെടുകയുണ്ടായി. തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

**7.75 വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും സബ്മിഷൻ/സെലക്ഷൻ മോഡ്യൂളുകൾ, വിവിധ സ്വയംസഹായ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ എന്നിവ നിലവിലുള്ള e-employment**

**exchange (eee) സോഫ്റ്റ്‌വെയറിലുൾപ്പെടുത്തുന്നതിനും പ്രവാസി പോർട്ടൽ, പ്രൈവറ്റ് ജോബ് പോർട്ടൽ തുടങ്ങിയ പുതിയ പദ്ധതികൾ കുറ്റമറ്റ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.**

**<u>ഭരണറിപ്പോർട്ടുകൾ</u>**

**7.76** 2021-22 കാലയളവ് വരെയുള്ള ഭരണറിപ്പോർട്ട് മാത്രമേ ഈ വകുപ്പിൽ നിന്നും അവസാനമായി പ്രസിദ്ധീകരിച്ചതായി കാണുന്നുള്ളു. 2022-23 കാലയളവിലെ ഭരണറിപ്പോർട്ട് ഡയറക്ടേറ്റിൽ പൂർത്തിയാക്കുകയും അംഗീകാരത്തിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി 16.03.2024-ലെ DE/1487/2023/P1 കത്ത് മുഖേന ഭരണവകുപ്പിന് കൈമാറിയതായും കാണുന്നു. എന്നാൽ ഭരണവകുപ്പ് ഇത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയോ ഭരണറിപ്പോർട്ടിന്റെ പകർപ്പ് വകുപ്പ് തലവന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 2023-24 കാലയളവിലെ ഭരണറിപ്പോർട്ട് അന്തിമമാക്കുന്നതിനുള്ള നടപടികൾ ഡയറക്ടേറ്റിൽ പുരോഗമിക്കുകയാണ്. **2022-23 മുതലുള്ള ഭരണറിപ്പോർട്ടുകൾ അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പും വകുപ്പ് തലവനും സംയുക്തമായി സ്വീകരിക്കേണ്ടതാണ്.**

**<u>വകുപ്പിന്റെ വരുമാന സ്രോതസ്സ്</u>**

**7.77** ഈ വകുപ്പ് മുഖേന ഉദ്യാഗാർത്ഥികൾക്ക് നൽകുന്ന എല്ലാ സേവനങ്ങളും പൂർണ്ണമായും സൗജന്യമായാണ് ലഭ്യമാക്കുന്നത്. എന്നാൽ ഈ വകുപ്പിന് കീഴിലുള്ള എംപ്ലോയബലിറ്റി സെന്ററുകളിൽ എത്തുന്ന ഉദ്യാഗാർത്ഥികളിൽ നിന്നും ഉദ്യോഗദായകരിൽ നിന്നും ഒറ്റത്തവണയായി രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നുണ്ട്. ഉദ്യോഗാർത്ഥികളിൽ നിന്ന് 250/- രൂപ പ്രകാരവും ഉദ്യോഗദായകരിൽ നിന്ന് 1000/- രൂപ പ്രകാരവുമാണ് ഫീസ് ഈടാക്കുന്നത്. ഈ തുക മാത്രമാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ഏക വരുമാന സ്രോതസ്സ്. 2022 മുതൽ 2024 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ ഫീസിനത്തിൽ 72,70,500/- രൂപ ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2022-23 കാലയളവ് | | 2023-24 കാലയളവ് | |
|---|---|---|---|
| ഉദ്യാഗാർത്ഥികളിൽ നിന്നുള്ള ഫീസ് | ഉദ്യോഗദായകരിൽ നിന്നുള്ള ഫീസ് | ഉദ്യാഗാർത്ഥികളിൽ നിന്നുള്ള ഫീസ് | ഉദ്യോഗദായകരിൽ നിന്നുള്ള ഫീസ് |
| 44,89,750 | 2,66,000 | 23,81,750 | 1,33,000 |
| ആകെ - 47,55,750 | | ആകെ - 25,14,750 | |
| **ആകെ ലഭ്യമായ തുക - 72,70,500** | | | |

**7.78 എംപ്ലോയബിലിറ്റി സെന്ററുകളിൽ ഈടാക്കുന്ന അതേ മാതൃകയിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകൾ, കരിയർ ഗൈഡൻസ് സെന്ററുകൾ എന്നിവയിൽ രജിസ്റ്റർ ചെയ്യാനെത്തുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും ഉദ്യോഗദായകരിൽ നിന്നും ഒരു നിശ്ചിത തുക ഒറ്റത്തവണ രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്ന കാര്യം ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്.**

# അധ്യായം 8
# വകുപ്പിന്റെ പുന:സംഘടന

**8.1** നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡയറക്ടറേറ്റിന് കീഴിലായി 3 മേഖലാ ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയങ്ങൾ, 3 പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ഭിന്നശേഷിക്കാർക്കായുള്ള 6 പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 62 ടൗൺ/റൂറൽ/ ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, 7 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോകൾ, 6 എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & അസിസ്റ്റന്റ് ബ്യൂറോകൾ, 13 മോഡൽ കരിയർ സെൻററുകൾ, 11 എംപ്ലോയബിലിറ്റി സെൻറുകൾ, 7 കരിയർ ഡെവലപ്മെന്റ് സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

**8.2** പ്രവൃത്തിപഠനത്തിന്റെ ഭാഗമായി വകുപ്പിന്റെ പുന:സംഘടനയും ഉൾപ്പെടുത്തിയതിനാൽ വകുപ്പിന്റെ കീഴിലായി പ്രവർത്തിക്കുന്ന എല്ലാ വിഭാഗങ്ങളിലുമുൾപ്പെട്ട ഓഫീസുകളുടെ പ്രവർത്തനം വിലയിരുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലെ ഓഫീസുകൾ, പേരാമ്പ്ര കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവ സാമ്പിൾ ഓഫീസുകളായി തെരഞ്ഞെടുക്കുകയും പ്രസ്തുത ഓഫീസുകൾ സന്ദർശിച്ച് ജീവനക്കാരുമായി ആശയവിനിമയം നടത്തുകയും ഓഫീസ് പ്രവർത്തനം നേരിൽ ബോധ്യപ്പെടുകയും ചെയ്തു. ഓൺലൈൻ രജിസ്ട്രേഷൻ / രജിസ്ട്രേഷൻ റിന്യൂവൽ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും ധാരാളം പൊതുജനങ്ങൾ നിത്യേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെടുന്നതായി കാണാൻ കഴിഞ്ഞു. സന്ദർശകർക്ക് ആവശ്യാനുസരണം ഇരിപ്പിടങ്ങൾ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ പോലും പല ഓഫീസുകളിലും പരിമിതമാണെന്ന വസ്തുതയും ബോധ്യപ്പെട്ടു. സ്വയംതൊഴിൽ പദ്ധതികളുമായി ബന്ധപ്പെട്ട് വായ്പ എടുത്തവർ തിരിച്ചടവിനായും ഓഫീസുകളുമായി ബന്ധപ്പെടുന്നുണ്ട്. ജീവനക്കാരുടെ അപര്യാപ്തത, ഒരു പരിധി വരെ ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. വകുപ്പിലെ

എല്ലാ സബ് ഓഫീസുകളുടെയും പ്രവർത്തനം പഠനസംഘം വിശദമായി അപഗ്രഥിക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## ഡയറക്ടറേറ്റ്

**8.3** ശക്തമായ മിനിസ്റ്റീരിയൽ സംവിധാനവും സൂപ്പർവൈസറി ശൃംഖലയും ഡയറക്ടറേറ്റിൽ നിലവിലുണ്ട്. 16 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ (JEO), 5 എംപ്ലോയ്മെന്റ് ഓഫീസർ (അക്കൗണ്ട്സ് ഓഫീസർ ഓഫീസർ, ഉൾപ്പെടെ) സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ (UAS), 2 ഡെപ്യൂട്ടി ഡയറക്ടർമാർ, ഒരു ജോയിന്റ് ഡയറക്ടർ എന്നിവരുൾപ്പെട്ട വിപുലമായ സുപ്പർവൈസറി സംവിധാനമാണ് ഈ ഓഫീസിൽ നിലവിലുള്ളത്. മിനിസ്റ്റീരിയൽ വിഭാഗത്തിലെ ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികകളിലായി 31 പേരും ഒരു സൂപ്പർ ന്യൂമറി തസ്തികയിലെ ജീവനക്കാരനും സേവനമനുഷ്ഠിക്കുന്നുണ്ട്. ഒരു ക്ലാർക്ക് തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്.

**8.4** ഡയറക്ടറേറ്റിലെ വിവിധ വിഭാഗങ്ങളും സീറ്റുകളും ചുവടെ ചേർക്കുന്നു. ഇവയിൽ K5, P4, P5, P6 സീറ്റുകൾ പുതിയതായി രൂപീകരിച്ചതും ഇപ്പോൾ അധിക ചുമതലയിൽ പ്രവർത്തിക്കുന്നവയുമാണ്.

| | |
|---|---|
| എസ്റ്റാബ്ലിഷ്മെന്റ് | J1, J2, J3, J4, J5, J6 |
| അക്കൗണ്ട്സ് | K1, K2, K3, K4,<br>K5 (അധിക ചുമതല) |
| വിജിലൻസ് | L1, L2 |
| വേക്കൻസി | L3 |
| Miscellaneous | L5 |
| EMI, MNR Consolidation | M1, M2 |
| Purchase | N1, N2 |
| സമന്വയ ചുമതലകൾ & ഭരണ റിപ്പോർട്ടുകൾ | P1 |
| കൈവല്യ | P2 |
| UAS, Kesru | P3 |

| | |
|---|---|
| പ്രവാസി പോർട്ടൽ ജോലികൾ | P4 (അധിക ചുമതല) |
| Activity Publicity | P5 (അധിക ചുമതല) |
| Differentialy Abled Works | P6 (അധിക ചുമതല) |
| എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നടപടിക്രമങ്ങൾ | Q1 |
| എംപ്ലോയബലിറ്റി സെന്ററുകൾ | Q2 |
| കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ | Q3 |
| വൊക്കേഷണൽ ഗൈഡൻസ് & MCC | Q4 |
| കോടതി കേസുകൾ | Q5 |
| ട്രെയിനിംഗ് | Q7 |
| കമ്പ്യൂട്ടർ സെൽ | R1, R2, R3 |
| Self Employment Schemes<br>(ശരണ്യ, MPSC, നവജീവൻ) | U1 |

**8.5** ഈ സെക്ഷനുകളിൽ സൂപ്പർവൈസറി ഓഫീസർമാരായി 4 ജൂനിയർ സൂപ്രണ്ടുമാരേയും 11 ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർമാരേയും (JEO) ഒരു ഹെഡ് അക്കൗണ്ടന്റിനേയും നിയമിച്ചിട്ടുണ്ട്. പ്രവൃത്തിപഠന സംഘം കൈമാറിയ പ്രൊഫോർമയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ജോലിഭാരം ചുവടെ ചേർക്കും പ്രകാരം നിർണ്ണയിക്കുകയുണ്ടായി.

| ക്രമ നം. | സീറ്റ് | ഫയൽ/ ഫയൽ ഇതര ജോലികൾ എന്നിവ ഉൾപ്പെടെയുള്ള ആകെ ജോലി സമയം (മിനിറ്റിൽ) | ജോലി ഭാരം (മണിക്കൂറിൽ) |
|---|---|---|---|
| 1 | J1 | 99711.90 | 1661.87 |
| 2 | J2 | 97582.10 | 1626.37 |
| 3 | J3 | 100073.00 | 1667.88 |
| 4 | J4 | 104108.35 | 1735.14 |
| 5 | J5 | 98859.75 | 1647.66 |
| 6 | J6 | 101518.55 | 1691.98 |
| 7 | K1 | 102707.65 | 1711.79 |

| | | | |
|---|---|---|---|
| 8 | K2 | 102117.70 | 1701.96 |
| 9 | K3 | 103037.70 | 1717.30 |
| 10 | K4 | 102422.45 | 1707.04 |
| 11 | K5 | 103669.05 | 1727.82 |
| 12 | L1 | 98262.90 | 1637.72 |
| 13 | L2 | 98848.25 | 1647.47 |
| 14 | L3 | 97442.95 | 1624.05 |
| 15 | L5 | 101749.70 | 1695.83 |
| 16 | M1 | 102583.45 | 1709.72 |
| 17 | M2 | 99602.65 | 1660.04 |
| 18 | N1 | 101204.60 | 1686.74 |
| 19 | N2 | 102536.30 | 1708.94 |
| 20 | P1 | 102446.60 | 1707.44 |
| 21 | P2 | 103151.55 | 1719.19 |
| 22 | P3 | 102329.30 | 1705.49 |
| 23 | P4 | 2582.90 | 43.05 |
| 24 | P5 | 269.10 | 4.49 |
| 25 | P6 | 102203.95 | 1703.40 |
| 26 | Q1 | 97796.00 | 1629.93 |
| 27 | Q2 | 102522.50 | 1708.71 |
| 28 | Q3 | 101418.50 | 1690.31 |
| 29 | Q4 | 103519.55 | 1725.33 |
| 30 | Q5 | 102896.25 | 1714.94 |
| 31 | Q7 | 36247.80 | 604.13 |
| 32 | R1 | 98572.25 | 1642.87 |
| 33 | R2 | 99699.25 | 1661.65 |
| 34 | R3 | 97764.95 | 1629.42 |
| 35 | U1 | 102715.70 | 1711.93 |
| മനുഷ്യവിഭവശേഷി സൂചിക | | | 28.21 |
| ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം | | | 28.00 |

**8.6** ജോലിഭാരം നിർണ്ണയിച്ചതിൻ പ്രകാരം ഡയറക്ടറേറ്റിൽ ആവശ്യമായ മനുഷ്യ വിഭവശേഷി 28 ആണ്. ഇതിന്റെ അടിസ്ഥാനത്തിൽ **ഡയറക്ടറേറ്റിലെ**

**ക്ലർക്ക്/സീനിയർ ക്ലർക്ക് തസ്തികകളുടെ എണ്ണം 28 ആയി പുനർനിർണ്ണയിക്കാവുന്നതാണ്. ഡയറക്ടേറ്റിലെ 3 ക്ലർക്ക് തസ്തികകൾ സബ് ഓഫീസുകളിലേക്ക് പുനർവിന്യസിക്കേണ്ടതും ഡയറക്ടറേറ്റിലെ ക്ലാർക്ക് തസ്തികകൾക്കുളള വർക്ക് ഡിസ്ട്രിബ്യൂഷൻ ഉത്തരവിൽ മാറ്റം വരുത്തി പുറപ്പെടുവിക്കേണ്ടതുമാണ്.**

**8.7** ഡയറക്ടറേറ്റിൽ നിലവിലുള്ള ടൈപ്പിംഗ് പൂൾ സിസ്റ്റത്തിൽ 8 ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുണ്ട്. **മലപ്പുറം, ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത സാഹചര്യത്തിൽ ഡയറക്ടറേറ്റിൽ നിന്നുളള 2 ടൈപ്പിസ്റ്റ് തസ്തികകളിൽ ഓരോ തസ്തികകൾ വീതം മലപ്പുറം, ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്.**

**8.8** നാലാം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട 16.09.1985-ലെ GO(P) 515/85/Fin ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പിലെ ക്ലർക്കുമാരുടെ ആകെ എണ്ണത്തിന് (441) ആനുപാതികമായി ജൂനിയർ സൂപ്രണ്ട് (JS) എന്ന സൂപ്പർവൈസറി തസ്തിക ഈ വകുപ്പിൽ നിലവിലില്ല. ആകെയുള്ള 170 JS/JEO തസ്തികകളിൽ JS തസ്തികകൾ 42 എണ്ണം മാത്രമാണുളളത്. നിലവിലുള്ള ഉത്തരവ് പ്രകാരം 6 ക്ലർക്ക് തസ്തികകൾക്ക് ഒരു JS തസ്തിക അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഈ വകുപ്പിൽ JS/JEO തസ്തികകൾ സമാന തസ്തികകളായാണ് കണക്കാക്കുന്നത്. നിലവിൽ 6 ക്ലർക്ക് തസ്തികകളോ അതിന് മുകളിലോ ഉളളത് ഡയറക്ടറേറ്റിലും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും, നെയ്യാറ്റിൻകര, ചേർത്തല, ആലുവ, എന്നീ ടൗൺ എക്സ്ചേഞ്ചുകളിലും മാത്രമാണ്. ഇടുക്കി (8 ക്ലർക്ക് തസ്തികകൾ), എറണാകുളം (12 ക്ലർക്ക് തസ്തികകൾ), പാലക്കാട് (8 ക്ലർക്ക് തസ്തികകൾ), മലപ്പുറം (13 ക്ലർക്ക് തസ്തികകൾ), കാസർഗോഡ് (7 ക്ലർക്ക് തസ്തികകൾ) എന്നിവയൊഴികെ മറ്റെല്ലാ ജില്ലാ എക്സ്ചേഞ്ചുകളിലും ഓരോ ഹെഡ് ക്ലർക്ക് തസ്തികകൾ നിലവിലുണ്ട്. മിനിസ്റ്റീരിയൽ തലത്തിൽ പരിചയമില്ലാത്ത JEO തസ്തികകളാണ് സൂപ്പർവൈസറി ഉദ്യോഗസ്ഥരായി പ്രസ്തുത ഓഫീസുകളിലുളളത്. ക്ലർക്ക് തസ്തിക കൂടുതലുള്ള ഓഫീസുകളിൽ JS

തസ്തികയാണ് മിനിസ്റ്റീരിയൽ സൂപ്പർവൈസറി ഓഫീസറായി അഭികാമ്യം. **ഹെഡ് ക്ലർക്ക് തസ്തിക നിലവിലില്ലാത്ത സാഹചര്യത്തിൽ ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ എക്സ്ചേഞ്ചുകളിലും നെയ്യാറ്റിൻകര, ചേർത്തല, ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ഓരോ JS തസ്തിക വീതം ആകെ 8 (ജൂനിയർ സൂപ്രണ്ട്, JS) തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.**

**<u>ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ (JEO) തസ്തികകൾ</u>**

**8.9** ഡയറക്ടറേറ്റിൽ JEO/JS/ഹെഡ് അക്കൗണ്ടന്റ് തസ്തികകളിലായി ആകെ 16 ജീവനക്കാർ നിലവിലുണ്ട്. ഇവരിൽ 11 പേർ JEO തസ്തികയിലും 4 പേർ JS തസ്തികയിലും ഒരാൾ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലും ഉള്ളവരാണ്. എസ്റ്റാബ്ലിഷ്മെൻറ് (2) അക്കൗണ്ട്സ് (2 ie 1+1 ഹെഡ് അക്കൗണ്ടന്റ്), വിജിലൻസ്(1), പർച്ചേസ്(1), പ്രൊസീഡിയർ & വേക്കൻസി(1), ഭിന്നശേഷി സെക്ഷൻ (1), EMI (1), വൊക്കേഷണൽ ഗൈഡൻസ് & MCC (1), എംപ്ലോയബിലിറ്റി സെന്റർ & CDC (1), സ്വയം തൊഴിൽ പദ്ധതി(1), കമ്പ്യൂട്ടർ സെൽ (2), മിസലേനിയസ് (1), ട്രെയിനിംഗ്(1) എന്നീ സെക്ഷനുകൾക്കായാണ് പ്രസ്തുത ജീവനക്കാരെ വിന്യസിച്ചിരിക്കുന്നത്. 31 ക്ലറിക്കൽ ജീവനക്കാർക്കായി 16 സൂപ്പർവൈസറി തസ്തികകളാണ് ഡയറക്ടറേറ്റിൽ നിലനിർത്തിയിരിക്കുന്നത്. ഇത് അനുവദനീയമായ സൂപ്പർവൈസറി തസ്തികകൾക്കും മുകളിലാണ്. പഠനസംഘം പുനർനിർണ്ണയിച്ചതു പ്രകാരം 28 ക്ലർക്ക് തസ്തികകൾ മാത്രമേ ഡയറക്ടറേറ്റിൽ ഇനി നിലനിർത്തേണ്ടതുള്ളൂ. സൂപ്പർവൈസറി തസ്തികകളുടെ ആധിക്യം നിൽനിൽക്കുമെങ്കിലും **ഡയറക്ടറേറ്റിൽ നിലവിലുള്ള 11 പേരിൽ നിന്ന് 6 JEO തസ്തികകൾ മറ്റ് സബ് ഓഫീസുകളിലേയ്ക്ക് പുനർവിന്യസിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**8.10** ഡയറക്ടറേറ്റിൽ നിലനിർത്തുന്ന അഞ്ച് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളിലെ ജീവനക്കാർക്ക് ഭിന്നശേഷി സെക്ഷൻ, EMI, എംപ്ലോയബിലിറ്റി സെന്റർ

& CDC, സ്വയംതൊഴിൽ പദ്ധതികൾ, Procedure & Vacancies എന്നീ സെക്ഷനുകളുടെ ചുമതല നൽകാവുന്നതും മറ്റ് സെക്ഷനുകളുടെ ചുമതല നിലവിലുള്ള നാല് ജൂനിയർ സൂപ്രണ്ടുമാർക്കും അക്കൗണ്ട്സ് സെക്ഷന്റെ ചുമതല ഹെഡ് അക്കൗണ്ടന്റിനും വിഭജിച്ച് നൽകേണ്ടതുമാണ്.

## എംപ്ലോയ്മെന്റ് ഓഫീസർ (EO) തസ്തികകൾ

**8.11** ഡയറക്ടറേറ്റിൽ എംപ്ലോയ്മെന്റ് ഓഫീസർ വിഭാഗത്തിൽ അക്കൗണ്ട്സ് ഓഫീസർ ഉൾപ്പെടെ 5 തസ്തികകൾ നിലവിലുണ്ട്. Training, Occupational Research, Computer Cell, Employment Market Information എന്നീ ചുമതലകളാണ് മറ്റ് നാല് എംപ്ലോയ്മെന്റ് ഓഫീസർമാർക്കുള്ളത്. സംസ്ഥാനത്തെ മുഴുവൻ സബ് ഓഫീസുകളുടേയും ഏകോപന ചുമതലയുള്ള ഈ നാല് യൂണിറ്റുകളും ശക്തിപ്പെടുത്തി പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്. ഇതിനായി പ്രസ്തുത 5 തസ്തികകൾ അതേപടി നിലനിർത്തേണ്ടതുണ്ട്. ഓരോ വിഭാഗങ്ങളുടെയും പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി പഠനസംഘം ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

- വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും കൃത്യമായ ഇടവേളകളിൽ ട്രെയിനിംഗ് ലഭ്യമാക്കുന്ന തരത്തിൽ ഒരു ' വാർഷിക ട്രെയിനിംഗ് ഷെഡ്യൂൾ ' മുൻകൂട്ടി തയ്യാറാക്കേണ്ടതും ഇതിനായി ജീവനക്കാരുടെ പങ്കാളിത്തം നേരത്തെ തന്നെ ഉറപ്പുവരുത്തേണ്ടതുമാണ്. ജീവനക്കാർക്ക് ട്രെയിനിംഗ് ലഭ്യമായി എന്ന് ഉറപ്പാക്കേണ്ടതുമാണ്. **വകുപ്പിലെ മുഴുവൻ ജീവനക്കാരുടേയും PEN, മൊബൈൽ നമ്പർ, ലഭ്യമായ ട്രെയിനിംഗുകൾ എന്നീ വിശദാംശങ്ങൾ സമാഹരിച്ച് കൊണ്ടുള്ള ഒരു 'ട്രെയിനിംഗ് ഡാറ്റ ബാങ്ക്' ഡയറക്ടറേറ്റിൽ തയ്യാറാക്കി സൂക്ഷിക്കാനുള്ള നടപടി EO (Training) ടെ നേതൃത്വത്തിൽ ആരംഭിക്കേണ്ടതാണ്.**

- വിവിധ തൊഴിലുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനും ഗവേഷണം നടത്തുന്നതിനുമായും നിലവിലുള്ള Occupational Research Unit ന്റെ

പ്രവർത്തനങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്. വിവിധ തൊഴിലുകളെകുറിച്ച് പഠനം നടത്തിയും അവയുടെ സ്വഭാവം മനസ്സിലാക്കി എകീകൃതമായ പേരും അനുയോജ്യമായ നിർവചനവും നൽകി ' National Classification Of Occupation' എന്ന ഗ്രന്ഥത്തിൽ പ്രത്യേക കോഡ് നൽകി ഉൾപ്പെടുന്നതിനുള്ള നടപടി ഈ യൂണിറ്റ് ഊർജ്ജിതമാക്കേണ്ടതാണ്.

- ഈ വകുപ്പിൽ നിലവിലുള്ള കമ്പ്യൂട്ടർ സെൽ സെക്ഷൻ മുഖേനയാണ് വകുപ്പിലെ വകുപ്പിലെ എല്ലാ സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ employment.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന തൊഴിലന്വേഷകർക്ക് ലഭ്യമാകുന്നത്. രജിസ്ട്രേഷൻ, റിന്യൂവൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ട്രാൻസ്ഫർ, വ്യക്തിഗത വിവരങ്ങളുടെ അപ്ഡേഷൻ തുടങ്ങിയ എല്ലാ സേവനങ്ങളും ഓൺലൈൻ പോർട്ടൽ മുഖേന 24x7 അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. e-Governance - ൽ പ്രാവീണ്യമുള്ളതും യോഗ്യതയുള്ളവരുമായ വകുപ്പിലെ ഉദ്യോഗസ്ഥരെ ഈ വിഭാഗത്തിൽ നിയമിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നൽകുന്ന രജിസ്ട്രേഷൻ, റിന്യൂവൽ എന്നിവയുൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

- കേന്ദ്ര സർക്കാരിന്റെ കീഴിലെ ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് നിഷ്കർഷിച്ചിട്ടുള്ള പ്രതിമാസ, ത്രൈമാസ, അർദ്ധവാർഷിക, വാർഷിക, ദ്വൈവാർഷിക വിവരണികൾ സബ് ഓഫീസുകളിൽ നിന്ന് സമാഹരിച്ച് സംക്ഷിപ്തരൂപമാക്കി നൽകുന്നതിനായി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന EMI യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലാണ് EMI യൂണിറ്റുകൾ നിലവിലുള്ളത്.

അവശേഷിക്കുന്ന 10 ജില്ലാ എക്സ്ചേഞ്ചുകളിലും നിലവിലുള്ള ഉദ്യോഗസ്ഥരാണ് EMI യൂണിറ്റുകൾ കൈകാര്യം ചെയ്യുന്നത്.

**8.12** വിവിധ തൊഴിൽ മേഖലകളിലെ തൊഴിൽ നിലയിൽ വരുന്ന മാറ്റങ്ങൾ, വിദ്യാഭ്യാസാടിസ്ഥാനത്തിലും വ്യവസായ മേഖലാടിസ്ഥാനത്തിലുമുള്ള വിവിധയിനം തൊഴിലുടമകളുടെ തരംതിരിച്ചുള്ള വിവരങ്ങൾ, യോഗ്യരായ ആളുകൾ വേണ്ടത്രയില്ലാത്ത തൊഴിൽ വിഭാഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ എന്നിവയുൾപ്പെടുത്തി സമാഹരിച്ച് സൂക്ഷിക്കുന്ന **'EMI Activities സംസ്ഥാനതല പ്രവർത്തന റിപ്പോർട്ട്' ഓരോ കലണ്ടർ വർഷം അടിസ്ഥാനമാക്കി പ്രസിദ്ധീകരിക്കാനും ആയത് വകുപ്പിന്റെ വെബ് സൈറ്റിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കേണ്ടതാണ്.** സ്റ്റേറ്റ് എംപ്ലോയ്മെൻറ് കോ-ഓർഡിനേഷൻ യൂണിറ്റ് (SECO)കളുമായി ബന്ധപ്പെട്ട ജോലികളും ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

**<u>മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയങ്ങൾ</u>**

**8.13** നിലവിലുള്ള 3 കാര്യാലയങ്ങളിലേയും ചുമതലകൾ, അനുവദിച്ചിട്ടുള്ള തസ്തികകൾ എന്നിവ പരിശോധനാവിധേയമാക്കുകയുണ്ടായി. സബ് ഓഫീസുകളുടെ ചുമതലകൾ, മിന്നൽ പരിശോധന, CDC കളിലേയും എംപ്ലോയബിലിറ്റി സെന്ററുകളിലേയും കരാർ ജീവനക്കാരുടെ നിയമന ഇന്റർവ്യൂ നടത്തി സ്കോർ ഷീറ്റ് കൈമാറുക, ഇന്റേണൽ/പെൻഷൻ ഓഡിറ്റുകൾ നടത്തുക എന്നീ ഉത്തരവാദിത്തങ്ങൾ ഇപ്പോൾതന്നെ ഈ കാര്യാലയങ്ങൾക്കുണ്ട്.

**8.14** എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റിൽ 'Online Vacancy Reporting System' എന്ന പുതിയ സംവിധാനം ഏർപ്പെടുത്തണമെന്ന പഠനസംഘത്തിന്റെ ശിപാർശയിൽ അതിന്റെ മേഖലാടിസ്ഥാനത്തിലുമുള്ള ചുമതല മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എല്ലാ സ്കീമുകളുടേയും വാർഷിക ടാർജറ്റ് ജില്ലാടിസ്ഥാനത്തിൽ വിഭജിച്ചുനൽകുന്നതിനുള്ള ചുമതല, സ്കീമുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരിശോധനകൾ, റിവ്യൂ മീറ്റിംഗിനായുള്ള ഫയൽ

വർക്കുകൾ എന്നീ പുതിയ ചുമതലകൾ കൂടി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ശിപാർശ ചെയ്തിട്ടുള്ളതിനാൽ ഈ കാര്യാലയത്തിലെ ജീവനക്കാരുടെ വിന്യാസത്തിന് വ്യത്യാസം വരുത്തേണ്ടതില്ലെന്നും തൽസ്ഥിതി നിലനിർത്താനും പഠനസംഘം ശിപാർശ ചെയ്യുന്നു.

## ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ (DEE)

**8.15** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ തസ്തികകളുടെ വിന്യാസവും പുന:സംഘടനയുടെ അനിവാര്യതയും പഠനസംഘം പരിശോധിക്കുകയുണ്ടായി. എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ് സംബന്ധമായ പൊതു ചുമതലകൾക്ക് പുറമേ വൊക്കേഷണൽ ഗൈഡൻസ്, EMI ചുമതലകളും ഈ ഓഫീസുകളിൽ നിക്ഷിപ്തമാണ്, ലൈവ് രജിസ്റ്റർ പ്രകാരമുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം, സബ്മിഷൻ, വിവരസമാഹരണത്തിനുള്ള സബ് ഓഫീസുകളുടെ എണ്ണം, സ്വയംതൊഴിൽ പദ്ധതി ഗുണഭോക്താക്കളുടെ എണ്ണം എന്നീ മാനദണ്ഡങ്ങൾ കൃത്യമായി അവലോകനം ചെയ്യുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | ഗുണഭോക്താക്കളുടെ എണ്ണം (2022-23 കാലയളവ്) | | | | | ലൈവ് രജിസ്റ്റർ | സബ് മിഷൻ | സബ് ഓഫീസുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | | ശരണ്യ | കൈവല്യ | കെസ്റു | MPSE/ JC | നവ ജീവൻ | | | |
| 1 | തിരുവനന്തപുരം | 289 | - | 208 | 7 | 35 | 60737 | 3664 | 7 |
| 2 | കൊല്ലം | 979 | - | 328 | 117 | 31 | 52417 | 2495 | 7 |
| 3 | ആലപ്പുഴ | 1071 | 253 | 674 | 16 | 53 | 64087 | 2587 | 5 |
| 4 | പത്തനംതിട്ട | 423 | 64 | 140 | 18 | 15 | 27061 | 2280 | 4 |
| 5 | കോട്ടയം | 395 | - | 415 | 116 | 60 | 45777 | 3049 | 4 |
| 6 | ഇടുക്കി | 110 | 207 | 125 | 11 | 7 | 27808 | 7778 | 3 |
| 7 | എറണാകുളം | 171 | - | 155 | 39 | 16 | 17749 | 3409 | 7 |
| 8 | തൃശ്ശൂർ | 577 | 56 | 522 | 36 | 25 | 48078 | 4395 | 5 |
| 9 | പാലക്കാട് | 1228 | 149 | 316 | 22 | 17 | 50811 | 4544 | 4 |
| 10 | മലപ്പുറം | 666 | 131 | 507 | 339 | 16 | 62644 | 3534 | 6 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11 | കോഴിക്കോട് | 860 | - | 405 | 32 | 74 | 85154 | 5119 | 4 |
| 12 | വയനാട് | 406 | 55 | 221 | 22 | 8 | 22509 | 1996 | 2 |
| 13 | കണ്ണൂർ | 257 | 101 | 198 | 44 | 19 | 39639 | 4084 | 3 |
| 14 | കാസർഗോഡ് | 246 | 189 | 261 | 48 | 10 | 23604 | 3049 | 1 |
| | **ആകെ** | **7678** | **1205** | **4475** | **867** | **386** | **6,28,075** | **51983** | **62** |

**8.16** വിശദാംശങ്ങൾ അപഗ്രഥിച്ചതിന്റെ അടിസ്ഥാനത്തിൽ **തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓരോ JEO തസ്തികകൾ സബ് ഓഫീസുകളിലേക്ക് വിന്യസിക്കാനും ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിലുള്ള 15 ക്ലർക്ക് തസ്തികകളിൽ നിന്നും 2 തസ്തികകൾ പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് വിന്യസിക്കാനും ശിപാർശ ചെയ്യുന്നു.** ഇപ്രകാരം പാലക്കാട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ജോലിഭാരം ക്രമീകരിക്കാനാകുമെന്ന് വിലയിരുത്തുന്നു.

**8.17** മലപ്പുറം, ഇടുക്കി ജില്ലാ എക്സ്ചേഞ്ചുകളിൽ ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലില്ലാത്തതിനാൽ ഡയറക്ടറേറ്റിൽ നിലവിലുള്ള 8 തസ്തികകളിൽ നിന്നും 2 തസ്തികകൾ പുനർവിന്യസിക്കേണ്ടതാണെന്ന നിർദ്ദേശം നേരത്തേ നൽകിയിട്ടുണ്ട്.

**8.18** റവന്യൂ കോംപ്ലക്സുകളിൽ കളക്ടറേറ്റിനൊപ്പം പ്രവർത്തിക്കുന്ന കോട്ടയം, കോഴിക്കോട് ജില്ലാ എക്സ്ചേഞ്ചുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലില്ല. ധാരാളം പൊതുജനങ്ങൾ നിത്യേന സന്ദർശിക്കുന്ന പ്രസ്തുത ഓഫീസുകളുടെ ഉൾവശം വൃത്തിയാക്കാൻ ജീവനക്കാരില്ലാത്ത അവസ്ഥയാണ്. **കോട്ടയം, കോഴിക്കോട് ജില്ലാ എക്സ്ചേഞ്ചുകളിലേക്കായി 2 പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ പുതുതായി സൃഷ്ടിക്കണമെന്ന് ശിപാർശ ചെയ്യുന്നു**.

**8.19** എറണാകുളം, കോഴിക്കോട് ജില്ലാ എക്സ്ചേഞ്ചുകളിൽ പാർട്ട് ടൈം വാച്ച്മാൻ തസ്തിക നിലവിലില്ല. എന്നാൽ പ്രസ്തുത ഓഫീസുകൾ കളക്ടറേറ്റിനൊപ്പം പ്രവർത്തിക്കുന്നതിനാൽ ഈ തസ്തിക അനിവാര്യമല്ല.

## ടൗൺ/റൂറൽ /ട്രൈബൽ എക്സ്ചേഞ്ചുകൾ (TEE)

**8.20** സംസ്ഥാനത്ത് നിലവിലുള്ള 62 ടൗൺ/റൂറൽ /ട്രൈബൽ എക്സ്ചേഞ്ചുകളിലെ തസ്തികകളുടെ വിന്യാസവും പുന:സംഘടനയുടെ അനിവാര്യതയും വിശദമായി പരിശോധിച്ചു. രജിസ്ട്രേഷൻ, റിന്യൂവൽ, സ്വയം തൊഴിൽ പദ്ധതികളുടെ അപേക്ഷകളുടെ പരിശോധന, ജില്ലാതല കമ്മിറ്റികൾക്ക് സമർപ്പിക്കുന്നതിനായി അപേക്ഷകളുടെ വിശദാംശങ്ങൾ ജില്ലാ എക്സ്ചേഞ്ചുകൾക്ക് സമർപ്പിക്കുക എന്നീ പതിവ് ജോലികൾ കൂടാതെ ശരണ്യ, കൈവല്യ എന്നീ പദ്ധതികളുടെ തിരിച്ചടവ്, ലൈവ് രജിസ്റ്റർ, അറിയിക്കപ്പെട്ട ഒഴിവുകളിലേയ്ക്കുള്ള സബ്മിഷൻ നടപടികൾ, ടൗൺ എക്സ്ചേഞ്ചുകൾക്കൊപ്പം Model Career Centre/Career Development Centre എന്നിവ പ്രവർത്തിക്കുന്നുണ്ടോ എന്നീ വിവരങ്ങളും പരിശോധനാ വിധേയമാക്കുകയുണ്ടായി. സ്വയം തൊഴിൽ പദ്ധതികളുടെ 2022-23 കാലയളവിലെ ഗുണഭോക്താക്കളുടെ എണ്ണം, 2023 കലണ്ടർ വർഷത്തെ ലൈവ് രജിസ്റ്റർ, സബ്മിഷൻ എന്നീ വിവരങ്ങൾ സമാഹരിക്കുകയും പരിശോധനാവിധേയമാക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ ലിസ്റ്റിൽ ഉൾപ്പെട്ട കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ഒഴികെ മറ്റെല്ലാ എക്സ്ചേഞ്ചുകളും ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ്.

| ക്രമ നം. | ടൗൺ/ റൂറൽ/ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | ഗുണഭോക്താക്കളുടെ എണ്ണം (2022-23 കാലയളവ്) | | | | | ലൈവ് രജിസ്റ്റർ | സബ്മിഷൻ |
|---|---|---|---|---|---|---|---|---|
| | | ശരണ്യ | കൈവല്യ | കെസ്റു | MPSE/ JC | നവജീവൻ | | |
| 1 | ആറ്റിങ്ങൽ | 402 | 114 | 38 | 1 | 22 | 42279 | 2831 |
| 2 | കഴക്കൂട്ടം (റൂറൽ) | 143 | 39 | 24 | 1 | 12 | 27211 | 2643 |
| 3 | നെടുമങ്ങാട് | 512 | 178 | 118 | 10 | 46 | 51567 | 4529 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | നെയ്യാറ്റിൻകര | 1033 | - | 77 | 10 | 38 | 83910 | 3323 |
| 5 | കാട്ടാക്കട | 554 | 190 | 65 | 6 | 23 | 55009 | 3742 |
| 6 | കിളിമാന്നൂർ | 453 | 93 | 26 | 1 | 25 | 31813 | 2891 |
| 7 | പാലോട് (ട്രൈബൽ) | 45 | 22 | 6 | - | 6 | 16307 | 2235 |
| 8 | പുനലൂർ | 845 | 198 | 67 | 8 | 8 | 43349 | 2052 |
| 9 | കടക്കൽ | 177 | 88 | 21 | 4 | 4 | 25192 | 2254 |
| 10 | കരുനാഗപ്പള്ളി | 632 | 133 | 124 | 43 | 3 | 48895 | 3057 |
| 11 | കൊട്ടാരക്കര | 649 | 86 | 24 | 10 | 13 | 38762 | 2549 |
| 12 | കുന്നത്തൂർ | 270 | 73 | 62 | 4 | 5 | 27636 | 2530 |
| 13 | പരവൂർ | 298 | 135 | 83 | 8 | 11 | 21454 | 2197 |
| 14 | കുണ്ടറ | 696 | 105 | 44 | 6 | 30 | 33077 | 2440 |
| 15 | ചേർത്തല | 1034 | 275 | 292 | 11 | 25 | 56135 | 4094 |
| 16 | കായംകുളം | 970 | 504 | 276 | 5 | 18 | 41071 | 3791 |
| 17 | മാവേലിക്കര | 345 | 123 | 27 | 1 | 8 | 27998 | 3197 |
| 18 | കുട്ടനാട് | 296 | 68 | 24 | 1 | 8 | 18774 | 2135 |
| 19 | ചെങ്ങന്നൂർ | 117 | 34 | 42 | 2 | 14 | 16328 | 2011 |
| 20 | തിരുവല്ല | 210 | 64 | 119 | 1 | 5 | 13322 | 1445 |
| 21 | അടൂർ | 426 | 61 | 162 | 7 | 7 | 30193 | 2335 |
| 22 | റാന്നി | 141 | 23 | 142 | 5 | 4 | 12505 | 1696 |
| 23 | മല്ലപ്പള്ളി | 76 | 26 | 91 | 5 | 1 | 10936 | 2137 |
| 24 | പാലാ | 317 | 85 | 243 | 23 | 15 | 22128 | 2719 |
| 25 | കാഞ്ഞിരപ്പള്ളി | 262 | 108 | 260 | 25 | 17 | 22198 | 1951 |
| 26 | ചങ്ങനാശ്ശേരി | 237 | 91 | 229 | 28 | 33 | 26452 | 2374 |
| 27 | വൈക്കം | 707 | 152 | 317 | 41 | 39 | 32280 | 3049 |
| 28 | തൊടുപുഴ | 506 | 153 | 246 | 6 | 12 | 26180 | 3300 |
| 29 | പീരുമേട് | 232 | 56 | 37 | - | 2 | 12705 | 1680 |
| 30 | ദേവികുളം - അടിമാലി | 208 | 110 | 47 | 4 | 2 | 14190 | 2322 |
| 31 | തൃപ്പൂണിത്തുറ | 220 | 38 | 98 | 40 | 28 | 21116 | 3590 |
| 32 | ആലുവ | 458 | 103 | 97 | 27 | 23 | 25533 | 4987 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 33 | മുവാറ്റുപുഴ | 313 | 60 | 151 | 50 | 11 | 23303 | 4385 |
| 34 | നോർത്ത് പറവൂർ | 426 | 57 | 134 | 35 | 10 | 30895 | 5650 |
| 35 | കൊച്ചി | 386 | 87 | 200 | 40 | 21 | 34616 | 5775 |
| 36 | കുന്നത്തുനാട് | 464 | 94 | 176 | 24 | 28 | 28400 | 6122 |
| 37 | കോതമംഗലം | 281 | 75 | 89 | 13 | 10 | 19243 | 3478 |
| 38 | ഇരിങ്ങാലക്കുട | 579 | 68 | 216 | 10 | 17 | 32197 | 3971 |
| 39 | ചാലക്കുടി | 757 | 106 | 118 | 6 | 11 | 24715 | 3070 |
| 40 | കൊടുങ്ങല്ലൂർ | 355 | 25 | 110 | 13 | 26 | 23772 | 2898 |
| 41 | ചാവക്കാട് | 276 | 46 | 126 | 15 | 6 | 20671 | 2299 |
| 42 | തലപ്പിള്ളി | 354 | 73 | 204 | 8 | 12 | 40193 | 3444 |
| 43 | ഷൊർണ്ണൂർ | 398 | 63 | 154 | 5 | 8 | 34262 | 2489 |
| 44 | ചിറ്റൂർ | 1021 | 60 | 161 | 17 | 4 | 31891 | 2329 |
| 45 | ആലത്തൂർ | 1784 | 83 | 292 | 8 | 13 | 34761 | 2594 |
| 46 | മണ്ണാർക്കാട് | 989 | 96 | 156 | 10 | 10 | 26786 | 2639 |
| 47 | തിരൂർ | 212 | 60 | 128 | - | 8 | 17750 | 2234 |
| 48 | പൊന്നാനി | 157 | 50 | 98 | - | 5 | 13929 | 1648 |
| 49 | പെരിന്തൽമണ്ണ | 414 | 83 | 103 | - | 4 | 19301 | 2073 |
| 50 | നിലമ്പൂർ | 1540 | 200 | 648 | - | 14 | 46421 | 2864 |
| 51 | തിരൂരങ്ങാടി | 90 | 48 | 208 | - | 7 | 20890 | 2321 |
| 52 | കുറ്റിപ്പുറം | 67 | 21 | 82 | - | 3 | 12818 | 2364 |
| 53 | വടകര | 732 | 202 | 111 | 12 | 12 | 39586 | 3235 |
| 54 | കൊയിലാണ്ടി | 955 | 175 | 134 | 5 | 3 | 34708 | 2712 |
| 55 | ബാലുശ്ശേരി | 533 | 111 | 39 | 9 | 7 | 31634 | 3147 |
| 56 | താമരശ്ശേരി | 182 | 72 | 78 | 8 | 5 | 19836 | 2088 |
| 57 | സുൽത്താൻ ബത്തേരി | 907 | 105 | 285 | 10 | 27 | 25242 | 2665 |
| 58 | മാനന്തവാടി | 405 | 93 | 288 | 9 | 24 | 22220 | 2538 |
| 59 | തലശ്ശേരി | 270 | 80 | 197 | 18 | 21 | 32006 | 3866 |
| 60 | തളിപ്പറമ്പ | 316 | 95 | 200 | 23 | 19 | 39186 | 4321 |
| 61 | മട്ടന്നൂർ | 299 | 104 | 190 | 14 | 8 | 26154 | 2777 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 62 | ഹോസ്ദുർഗ് | 389 | 181 | 220 | 90 | 17 | 46495 | 4763 |
| | **ആകെ** | **29322** | **6201** | **8824** | **796** | **878** | **18,30,386** | **1,84,845** |

**8.21** പ്രസ്തുത വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചിത ക്രമത്തിലോ ജോലിഭാരത്തിന്റെയോ അടിസ്ഥാനത്തിലല്ല ക്ലർക്ക് തസ്തികകൾ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വിന്യസിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെടുകയുണ്ടായി. ഏറ്റവും കൂടുതൽ ശരണ്യ അപേക്ഷകരും (1784) മറ്റ് സ്വയം തൊഴിൽ അപേക്ഷകരും (2594) സബ് മിഷനും നിലവിലുള്ള ആലത്തൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2 ക്ലർക്ക് തസ്തികകളും ഒരു സൂപ്പർന്യൂമററി തസ്തികയുമാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ, സമാന മാനദണ്ഡങ്ങൾ കണക്കിലെടുക്കുമ്പോൾ തൊട്ടുപുറകിലായി നിൽക്കുന്ന ചേർത്തല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 6 ക്ലർക്ക് തസ്തികകൾ വിന്യസിച്ചതായും മൂന്നാം സ്ഥാനത്തുള്ള ചിറ്റൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 2 ക്ലർക്ക് തസ്തികകൾ മാത്രമാണ് നിലവിലുള്ളതെന്നും കണ്ടെത്തുകയുണ്ടായി. ഇത്തരത്തിൽ വ്യക്തമായ യാതൊരു മാനദണ്ഡവും ഇല്ലാതെയാണ് ക്ലർക്ക് തസ്തികകൾ വിന്യസിച്ചിരിക്കുന്നതെന്ന് പഠനസംഘത്തിന് ബോധ്യപ്പെട്ടു.

**8.22** ഈ സാഹചര്യത്തിൽ, സമാഹരിച്ച വിവരങ്ങൾ മാനദണ്ഡമാക്കിയതിന്റെ അടിസ്ഥാനത്തിൽ ജോലിഭാരം ക്രമീകരിക്കുന്നതിനായി ചുവടെ ചേർക്കുന്ന പ്രകാരം ക്ലർക്ക് തസ്തികകൾ റൂറൽ /ട്രൈബൽ /ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പുനർവിന്യസിക്കാൻ പഠനസംഘം ശിപാർശ ചെയ്യുന്നു.

| **ക്ലർക്ക് തസ്തിക നീക്കം ചെയ്യേണ്ട ടൗൺ എക്സ്ചേഞ്ചുകൾ, എണ്ണം** | **ക്ലർക്ക് തസ്തികകൾ പുനർ വിന്യസിക്കേണ്ട ടൗൺ എക്സ്ചേഞ്ചുകൾ -എണ്ണം** |
|---|---|
| റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കഴക്കൂട്ടം - 1 | ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലോട് - 1 |
| കരുനാഗപള്ളി - 1 | പറവൂർ - 1 |
| പാലാ - 1 | പുനലൂർ - 1 |
| ആലുവ - 1 | ചേർത്തല - 1 |

| | |
|---|---|
| ചങ്ങനാശ്ശേരി - 2 | കായംകുളം - 1 |
| മൂവാറ്റുപുഴ - 1 | ചാലക്കുടി - 1 |
| കുന്നത്തുനാട് - 1 | ചിറ്റൂർ - 2 |
| നിലമ്പൂർ - 1 | ആലത്തൂർ - 2 |
| തിരൂരങ്ങാടി - 1 | സുൽത്താൻബത്തേരി -1 |
| കൊയിലാണ്ടി - 1 | തൃപ്പൂണിത്തുറ - 1 |
| തലശ്ശേരി - 1 | കോതമംഗലം - 1 |
| തളിപ്പറമ്പ - 1 | മണ്ണാർകാട് - 2 |
| ഹോസ്ദുർഗ്ഗ് -1 | |
| **ആകെ - 14** | **ആകെ - 15** |

**8.23 നിലവിലുള്ള ഓഫീസുകളിൽ നിന്നും ഇപ്രകാരം 14 ക്ലർക്ക് തസ്തികകൾ നീക്കം ചെയ്യേണ്ടതും 15 തസ്തികകൾ പുനർവിന്യസിക്കേണ്ടതുമാണ്. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അധികമായി ആവശ്യമുള്ള ഒരു ക്ലർക്ക് തസ്തികയിൽ, ഡയറക്ടേറ്റിൽ നിന്ന് വിന്യസിക്കുന്ന മൂന്ന് ക്ലർക്ക് തസ്തികകളിൽ ഒരെണ്ണം പുനർവിന്യസിക്കാവുന്നതാണ്.**

**8.24** ഒരു JEO തസ്തികയും രണ്ട് ക്ലർക്കും മാത്രം സേവനമനുഷ്ഠിക്കുന്ന ചിറ്റൂർ ടൗൺ എപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം ഒരു കരിയർ ഡെവലപ്മെൻറ് സെന്റർ കൂടി പ്രവർത്തിക്കുന്നതിനാലും ഇവിടെ സെലക്ഷൻ, സബ്മിഷൻ, സൂപ്പർവിഷൻ എന്നിവയുൾപ്പെടെയുള്ള ജോലികൾ വളരെ കൂടുതലായതിനാലും ഒരു സൂപ്പർവൈസറി തസ്തിക കൂടി അനിവാര്യമാണ്. ഇതോടൊപ്പം ചേർത്തിട്ടുള്ള ജോലികൾ പരിശോധിച്ചാൽ തന്നെ ഈ ടൗൺ എക്സ്ചേഞ്ചിലെ ജോലിഭാരം വ്യക്തമാകും. **ജോലിഭാരം ക്രമീകരിക്കുന്നതിനായി പത്തനംതിട്ട ജില്ലാ എക്സ്ചേഞ്ചിൽ നിന്നും സബ് ഓഫീസുകളിലേക്ക് മാറ്റാൻ നിർദ്ദേശിച്ച ഒരു JEO തസ്തിക ചിറ്റൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് പുനർവിന്യസിക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.**

**8.25** പാലോട് ട്രൈബൽ എക്സ്ചേഞ്ചിൽ പാർട്ട് ടൈം സ്വീപ്പർ (PTS) തസ്തിക നിലവിലില്ല. പിന്നാക്ക വിഭാഗത്തിലുൾപ്പെട്ട ധാരാളം ഉദ്യോഗാർത്ഥികൾ നിത്യേനയെത്തുന്ന ഈ ഓഫീസിലെ ക്ലീനിംഗ് ജോലികൾ ഓഫീസിലെ JEO ഉൾപ്പെടെയുള്ള ജീവനക്കാർ ചെയ്യുന്നതായി പരിശോധന സംഘത്തിന് നേരിട്ട് ബോധ്യപ്പെട്ടു. **ഈ ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിലുള്ള മറ്റെല്ലാ തസ്തികകൾക്കും തൽസ്ഥിതി തുടരാവുന്നതാണ്.**

## പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ (P & EEE)

**8.26** പ്രൊഫഷണൽ ഡിഗ്രിയും ബിരുദാനന്തരബിരുദ യോഗ്യതയും നേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷനും പ്രൊഫഷണൽ & എക്സിക്യൂട്ടീവ് നിലവാരത്തിലുള്ള ഒഴിവുകളും കൈകാര്യം ചെയ്യുന്ന ഇത്തരം എക്സ്ചേഞ്ചുകളിൽ ഭരണഘടനാപരമായ എല്ലാ സംവരണ നിയമങ്ങളും ഭിന്നശേഷി സംവരണ നിയമങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് നിയമന ശിപാർശ നൽകി വരുന്നത്. ടൈപ്പിസ്റ്റ് തസ്തികകൾ ഈ ഓഫീസിൽ ജോലി ഭാരത്തിനനുസരിച്ച് വിന്യസിച്ചിട്ടുണ്ടെങ്കിലും ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് തസ്തികകൾ തിരുവനന്തപുരത്ത് രണ്ടും എറണാകുളത്തും കോഴിക്കോട്ടും ഓരോന്നു വീതവുമാണ് നിലവിലുള്ളത്. എറണാകുളം, കോഴിക്കോട് റീജിയണൽ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് ഓരോ ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് തസ്തികകൾ പുനർവിന്യസിക്കേണ്ടത് അനിവാര്യമാണ്.

8.27 **എറണാകുളം, കോഴിക്കോട് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് തിരുവനന്തപുരം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് നീക്കം ചെയ്യാൻ നിർദ്ദേശിച്ച ഓരോ**

**ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് തസ്തികകൾ പുനർവിന്യസിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.**

**8.28** തിരുവനന്തപുരം, എറണാകുളം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 4 ക്ലർക്ക് തസ്തികകൾ വീതം നിലവിലുണ്ട്. കോഴിക്കോട് ഓഫീസിൽ 3 ക്ലർക്ക് തസ്തികകൾ മാത്രമേയുള്ളൂ. ഒരു തസ്തിക കോഴിക്കോട് അധികമായി അനുവദിക്കേണ്ടതുണ്ട്. **ഡയറക്ടേറ്റിൽ നിന്നും പുനർവിന്യസിച്ച 3 ക്ലർക്ക് തസ്തികകളിൽ ഒരു തസ്തിക കോഴിക്കോട് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പുനർവിന്യസിക്കാൻ ശിപാർശ ചെയ്യുന്നു.**

<u>ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ (SREO)</u>

**8.29** നെയ്യാറ്റിൻകര, തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിച്ചുവരുന്ന ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ ജോലിഭാരം ഇപ്പോൾ വർദ്ധിച്ചിരിക്കുകയാണ്. 'കൈവല്യ' പദ്ധതിയുടെ നോഡൽ ഏജൻസി കൂടിയായി ഈ എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്. ബഹു. സുപ്രീം കോടതിയുടെ പ്രത്യേക വിധി പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉറപ്പാക്കിയ 4% ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട ബാക്ക്‌ലോഗ് വേക്കൻസികളിൽ തുടർച്ചയായ നടപടികൾ കൂടി ഇപ്പോൾ സ്വീകരിക്കേണ്ടി വരുന്നതിനാൽ നിലവിലെ സ്റ്റാഫ് സ്ട്രെംഗ്ത് വച്ച് ഓഫീസിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകാനാവാത്ത അവസ്ഥയാണെന്ന് നെയ്യാറ്റിൻകര, തിരുവനന്തപുരം, എറണാകുളം SREO കൾ സന്ദർശിച്ചതിലൂടെ പഠനസംഘത്തിന് നേരിട്ട് ബോധ്യപ്പെട്ടു. പ്രസ്തുത ഓഫീസുകളിലെ 'കൈവല്യ' പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം, രജിസ്ട്രേഷൻ, അറിയിച്ച ഒഴിവുകൾ, സബ്മിഷൻ, പ്ലേസ്മെന്റ്, ലൈവ് രജിസ്റ്റർ എന്നീ വിശദാംശങ്ങൾ

സമാഹരിക്കുകയും അവയുടെ അടിസ്ഥാനത്തിൽ ടി ഓഫീസുകളിലെ ജോലികൾ വിശകലനം നടത്തുകയുമുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | കൈവല്യ-ഗുണഭോക്താക്കളുടെ എണ്ണം | രജിസ്ട്രേഷൻ | അറിയിച്ച ഒഴിവുകൾ | സബ്മിഷൻ | പ്ലേസ്മെന്റ് | ലൈവ് രജിസ്റ്റർ |
|---|---|---|---|---|---|---|---|
| | | | (2023 ജനുവരി 1 മുതൽ ഡിസംബർ 31 വരെ) | | | | |
| 1 | തിരുവനന്തപുരം | 246 | 139 | 206 | 2147 | 75 | 3812 |
| 2 | നെയ്യാറ്റിൻകര | 327 | 167 | 42 | 2513 | 75 | 3897 |
| 3 | കൊല്ലം | 198 | 114 | 391 | 2171 | 21 | 2333 |
| 4 | കോട്ടയം | 255 | 82 | 2519 | 1478 | 51 | 2357 |
| 5 | എറണാകുളം | 38 | 38 | 6213 | 1387 | 17 | 1354 |
| 6 | കോഴിക്കോട് | 499 | 188 | 3857 | 614 | 35 | 3976 |
| | **ആകെ** | **1563** | **728** | **13228** | **10310** | **274** | **17729** |

**8.30** ഈ വസ്തുതകളുടെ അടിസ്ഥാനത്തിലും ഓഫിസിലെത്തുന്ന ഉദ്യോഗാർത്ഥികൾ ഭിന്നശേഷിക്കാരാണെന്ന പ്രത്യേക സവിശേഷതയും കണക്കിലെടുത്ത് ഈ ഓഫീസുകൾക്കായി 6 JEO തസ്തികകളും 6 ക്ലർക്ക് തസ്തികകളും അധികമായി ആവശ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. **മേൽപ്പറഞ്ഞ 6 JEO തസ്തികകളിലേയ്ക്ക് ഡയറക്ടറേറ്റിൽ നിന്നും നീക്കം ചെയ്യുന്ന 6 JEO തസ്തികകൾ പുനർവിന്യസിക്കേണ്ടതാണെന്നും പഠനസംഘം ശിപാർശ ചെയ്യുന്നു.**

**8.31** ഡയറക്ടേറ്റിൽ നിന്നും നീക്കം ചെയ്യാൻ നിർദ്ദേശിച്ച 3 ക്ലർക്ക് തസ്തികകളിൽ ഓരോ തസ്തിക വീതം ഒരു ടൗൺ എക്സ്ചേഞ്ചിലും കോഴിക്കോട് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എക്സ്ചേഞ്ചിലും പുനർവിന്യസിക്കാൻ ശിപാർശ ചെയ്തിരുന്നു. **ആറ് സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (SREO)-കളിൽ ആവശ്യമായ 6 ക്ലർക്ക് തസ്തികകളിൽ ഒരെണ്ണം ഡയറക്ടേറ്റിൽ നിന്ന് നീക്കം ചെയ്യുന്ന 3 ക്ലർക്ക് തസ്തികകളിൽ അവശേഷിക്കുന്ന ഒരെണ്ണം പുനർവിന്യസിച്ച് നികത്തേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു. ഇപ്രകാരം ചെയ്യുന്ന പക്ഷം 5 ക്ലർക്ക് തസ്തികകൾ പുതുതായി**

**സൃഷ്ടിക്കേണ്ടതായി വരുമെന്നതിനാൽ 5 ക്ലർക്ക് തസ്തികകൾ 5 സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കായി സൃഷ്ടിക്കാൻ പഠനസംഘം ശിപാർശ ചെയ്യുന്നു.**

**8.32** നിലവിലുള്ള 6 സ്പെഷ്യൽ എക്സ്ചേഞ്ചുകളിൽ 5 എണ്ണവും എറണാകുളത്തിന് തെക്കു വശത്തുള്ള ജില്ലകളിലായാണ് പ്രവർത്തിക്കുന്നത്. കോഴിക്കോട് മാത്രമാണ് പ്രാദേശികമായി വടക്കൻ ജില്ലകൾക്ക് ആശ്രയിക്കാൻ കഴിയുന്ന ഏക ഓഫീസ്. തിരുവനന്തപുരം ജില്ലയിൽ 2 ഓഫീസുകൾ (നെയ്യാറ്റിൻകര, തിരുവനന്തപുരം - ഉപ്പളം റോഡ്) നിലവിലുള്ള സാഹചര്യത്തിൽ **തിരുവനന്തപുരം സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കണ്ണൂർ ജില്ലയിലേക്ക്, നിലവിലുള്ള അതേ സ്റ്റാഫ് പാറ്റേണിൽ തന്നെ മാറ്റി സ്ഥാപിച്ച് വടക്കൻ ജില്ലകളിലേയും ഭിന്നശേഷിക്കാരുടെ സൗകര്യം പരിഗണിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. ഇതിന് ശേഷം എല്ലാ SREO കളുടെയും പ്രവർത്തന പരിധി വകുപ്പ് തലവൻ സൗകര്യപ്രദമായ രീതിയിൽ പുന:ക്രമീകരിക്കേണ്ടതാണ്**.

**<u>മോഡൽ കരിയർ സെന്ററുകൾ (MCC)</u>**

**8.33** 2016-17 ൽ ആരംഭിച്ച കേന്ദ്ര - സംസ്ഥാന സംയുക്ത പദ്ധതിയാണ് മോഡൽ കരിയർ സെന്ററുകൾ. 4 യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോകൾക്കൊപ്പവും 9 ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്കൊപ്പവുമാണ് നിലവിലുള്ള 13 MCC- കൾ പ്രവർത്തിച്ചു വരുന്നത്.

**8.34** 16.03.2022-ലെ 1476032(1)/2022/JDEDE നമ്പർ കേന്ദ്ര മാനദണ്ഡമനുസരിച്ച് ഓരോ MCC-കൾക്കും സെന്റർ മാനേജർ/ഡെപ്യൂട്ടി ചീഫ്, രജിസ്ട്രേഷൻ മാനേജർ, IT അസിസ്റ്റന്റ്, Young Professional / Counsellor എന്നിവരുടെ ഓരോ തസ്തികകളും കൗൺസിലർമാർ, സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവരുടെ രണ്ട് തസ്തികകളും ആവശ്യമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകളിലെ ഡെപ്യൂട്ടി /ചീഫ് സെന്റർ മാനേജർ അതോടൊപ്പം പ്രവർത്തിക്കുന്ന MCC

-കളുടെയും ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ എംപ്ലോയ്മെന്റ് ഓഫീസർമാർ, അതോടൊപ്പമുള്ള MCC-കളുടെയും ചുമതല അധികമായി ഇപ്പോൾ നിർവഹിക്കുന്നുണ്ട്. Young Professional-ന്റെ നിയമനം കേന്ദ്ര സർക്കാർ നേരിട്ട് നിർവഹിക്കുകയും ആദ്യ മൂന്ന് വർഷത്തേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം നടത്തുകയും ചെയ്യുന്നുണ്ട്. ഇവരുടെ കാലാവധി കഴിഞ്ഞ ശേഷം ഈ തസ്തികയിൽ പുതിയ ഉദ്യോഗസ്ഥരെ വകുപ്പ് നിയമിക്കേണ്ടതുണ്ട്.

**8.35** ആദ്യകാലങ്ങളിലുണ്ടായിരുന്ന Young Professionals (YP) എല്ലാവരും ഇപ്പോൾ നിലവിലില്ല. 2023 കാലയളവിലാരംഭിച്ച മറ്റെല്ലാ MCC കളിലേയും Young Professional തസ്തികകളിലെ കോൺട്രാക്ട് ജീവനക്കാർ 2026-ഓടെ കാലാവധി പൂർത്തിയാക്കി പോകുമ്പോൾ Young Professional തസ്തികകളിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് പുതിയ ജീവനക്കാരെ നിയമിക്കേണ്ടതായി വരും. തിരുവനന്തപുരം യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോയ്ക്കൊപ്പം പ്രവർത്തിക്കുന്ന MCC –യിൽ ഒഴികെ മറ്റ് സെന്ററുകളിലൊന്നും തന്നെ കരിയർ കൗൺസിലർ തസ്തികയിൽ ജീവനക്കാർ നിലവിലില്ല. തിരുവനന്തപുരത്ത് നിശ്ചിത യോഗ്യതയുള്ള ക്ലർക്ക് തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥന് അധിക ചുമതല നൽകിയിട്ടുണ്ട്. മറ്റുള്ള MCC –കളിൽ സെന്റർ ചീഫും ടൗൺ എംപ്ലോയ്മെന്റ് ഓഫീസർമാരുമാണ് ഈ ചുമതലകൾ നിർവഹിച്ചുവരുന്നത്. മറ്റ് ചുമതലകൾക്കൊപ്പം ഈ ജോലി കൂടി ചെയ്യുന്നത് അവരുടെ ജോലി ഭാരം വർദ്ധിപ്പിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കരിയർ കൗൺസിലറുടെ സ്ഥിരം തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. നിലവിൽ സെന്റർ ചീഫും ടൗൺ എംപ്ലോയ്മെന്റ് ഓഫീസറും തിരുവനന്തപുരം MCC –യിൽ നിശ്ചിത യോഗ്യതയുള്ള ഒരു ക്ലർക്കും അധിക ചുമതലയായി നിർവഹിക്കുന്ന കരിയർ കൗൺസിലിംഗ് പ്രവർത്തനങ്ങൾക്ക് സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതാണ് ഏറ്റവും അഭികാമ്യം. വകുപ്പിലെ നിലവിലുള്ള പ്രവർത്തനങ്ങളും സാഹചര്യവും കണക്കിലെടുക്കുമ്പോൾ എല്ലാ MCC -കൾക്കും ഓരോ 'കരിയർ കൗൺസിലർ' തസ്തിക അനിവാര്യമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് **13 MCC -കൾക്കുമായി ഓരോ**

**Young Professional, Career Counsellor എന്ന കണക്കിൽ 13 Young Professional, 13 Career Counsellor തസ്തികകൾ സൃഷ്ടിക്കാൻ പഠനസംഘം ശിപാർശ ചെയ്യുന്നു. പ്രസ്തുത തസ്തികകൾക്കാവശ്യമായ നിശ്ചിത വിദ്യാഭ്യാസ യോഗ്യത വകുപ്പ് തലവൻ നിശ്ചയിക്കേണ്ടതും നിയമനം കോൺട്രാക്ട് അടിസ്ഥാനത്തിൽ നടത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.**

# അധ്യായം 9
# തസ്തികകളുടെ പുനർവിന്യാസവും അധിക തസ്തികകളും - സംഗ്രഹം

**9.1** പ്രവൃത്തിപഠനത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസത്തിനായി നിർദ്ദേശിക്കപ്പെട്ട തസ്തികകളുടെയും പുതുതായി സൃഷ്ടിക്കേണ്ട അധിക തസ്തികകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, ക്ലർക്ക്, ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ ശിപാർശകളുടെ അടിസ്ഥാനത്തിൽ പുനർവിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

### I. ക്ലർക്ക് തസ്തികകൾ (പുനർവിന്യാസം)

| ക്രമ നം. | തസ്തിക നീക്കം ചെയ്യുന്ന ഓഫീസുകൾ | തസ്തികകളുടെ എണ്ണം | തസ്തിക വിന്യസിക്കുന്ന ഓഫീസുകൾ | തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| 1 | കഴക്കൂട്ടം റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലോട് | 1 |
| 2 | കരുനാഗപ്പള്ളി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | പരവൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 3 | പാലാ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | പുനലൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 4 | ചങ്ങനാശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 2 | ചേർത്തല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 5 | ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | കായംകുളം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 6 | മൂവാറ്റുപുഴ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | തൃപ്പൂണിത്തുറ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |

| | | | | |
|---|---|---|---|---|
| 7 | കുന്നത്തുനാട് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | കോതമംഗലം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 8 | നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | ചിറ്റൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 2 |
| 9 | തിരൂരങ്ങാടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | ചാലക്കുടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 10 | കൊയിലാണ്ടി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | ആലത്തൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 2 |
| 11 | തലശ്ശേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | മണ്ണാർക്കാട് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 2 |
| 12 | തളിപ്പറമ്പ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | സുൽത്താൻബത്തേരി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 13 | ഹോസ്ദുർഗ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 | പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 2 |
| 14 | ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 2 | കോഴിക്കോട് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 15 | ഡയറക്ടറേറ്റ് | 3 | ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക എക്സ്ചേഞ്ച് (SREO) | 1 |
| | **ആകെ** | **19** | **ആകെ** | **19** |

## 2. JEO തസ്തികകൾ (പുനർവിന്യാസം )

ഒൻപത് JEO തസ്തികകൾ ചുവടെ പറയുന്ന പ്രകാരം പുനർവിന്യസിക്കേണ്ടതാണ്.

| തസ്തിക നീക്കം ചെയ്യുന്ന ഓഫീസുകൾ, എണ്ണം | തസ്തിക വിന്യസിക്കുന്ന ഓഫീസുകൾ, എണ്ണം |
|---|---|
| ഡയറക്ടറേറ്റ് - 6 | 6 SREO കൾ (ഓരോന്ന് വീതം) - 6 |
| തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - 1 | എറണാകുളം പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - 1 |
| കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - 1 | കോഴിക്കോട് പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് -1 |
| പത്തനംതിട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - 1 | ചിറ്റൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് - 1 |
| ആകെ - 9 | ആകെ - 9 |

## 3. ടൈപ്പിസ്റ്റ് തസ്തികകൾ (പുനർവിന്യാസം)

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡയറക്ടറേറ്റിലെ രണ്ട് ടൈപ്പിസ്റ്റ് തസ്തികകൾ മലപ്പുറം, ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് ഓരോന്ന് വീതം പുനർവിന്യസിക്കേണ്ടതാണ്.

## 4. ക്ലർക്ക് (അധിക തസ്തികകൾ)

5 SREO കൾക്ക് ഓരോ എണ്ണം എന്ന ക്രമത്തിൽ 5 ക്ലർക്ക് തസ്തികകൾ സൃഷ്ടിക്കേണ്ടതാണെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.

## 5. ജൂനിയർ സൂപ്രണ്ട് തസ്തികകൾ (അധിക തസ്തികകൾ)

ജൂനിയർ സൂപ്രണ്ട് തസ്തികകൾ ചുവടെ ചേർക്കുന്ന ഓഫീസുകൾക്കായി പുതിയതായി സൃഷ്ടിക്കേണ്ടതാണെന്ന് പഠനസംഘം ശിപാർശ ചെയ്യുന്നു.

| ക്രമ നം. | തസ്തിക സൃഷ്ടിക്കേണ്ടുന്ന ഓഫീസുകൾ | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 2 | ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 3 | പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 4 | മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 5 | കാസർകോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |

| | | |
|---|---|---|
| 6 | നെയ്യാറ്റിൻകര ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 7 | ചേർത്തല ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| 8 | ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | 1 |
| | **ആകെ** | **8** |

## 6. കരിയർ കൗൺസിലർ ആൻഡ് യങ് പ്രൊഫഷണൽ (അധിക തസ്തികകൾ)

സംസ്ഥാനത്ത് നിലവിലുള്ള 13 മോഡൽ കരിയർ സെന്ററുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഓരോ സെന്ററിനും ഒരു കരിയർ കൗൺസിലർ, ഒരു യങ് പ്രൊഫഷണൽ തസ്തികകൾ വീതം സൃഷ്ടിക്കാൻ ശിപാർശ ചെയ്യുന്നു. ഇപ്രകാരം 13 കരിയർ കൗൺസിലർ, 13 യങ് പ്രൊഫഷണൽ തസ്തികകൾ സൃഷ്ടിക്കേണ്ടതും ആദ്യപടിയായി കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കേണ്ടതുമാണ്. ഇവർക്ക് നൽകേണ്ട പ്രതിമാസ ശമ്പളം നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭരണ വകുപ്പ് / വകുപ്പ് തലവൻ നിശ്ചയിക്കേണ്ടതാണ്.

## 7. പാർട്ട് ടൈം സ്വീപ്പർ (PTS) തസ്തികകൾ (അധിക തസ്തികകൾ)

ചുവടെ ചേർക്കുന്ന 3 ഓഫീസുകൾക്കായി ഓരോ തസ്തിക വീതം മൂന്ന് പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ സൃഷ്ടിക്കേണ്ടതാണ്.

1. ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലോട്.
2. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോട്ടയം.
3. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, കോഴിക്കോട്.

## പുതിയതായി സൃഷ്ടിക്കേണ്ട തസ്തികകൾ - സംഗ്രഹം

**9.2** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ നടത്തിയ പ്രവൃത്തി പഠനത്തിന്റെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന തസ്തികകൾ സൃഷ്ടിക്കാൻ പ്രവൃത്തിപഠന സംഘം ശിപാർശ ചെയ്യുന്നു.

| ക്രമ നമ്പർ | തസ്തിക | തസ്തികയുടെ എണ്ണം | തസ്തിക സൃഷ്ടിക്കേണ്ട ഓഫീസുകൾ |
|---|---|---|---|
| 1 | ക്ലർക്ക് | 5 | ഭിന്നശേഷിക്കാർക്കായുള്ള 5 സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ |
| 2 | ജൂനിയർ സൂപ്രണ്ട് | 8 | എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നെയ്യാറ്റിൻകര, ചേർത്തല, ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ |
| 3 | കരിയർ കൗൺസിലർ | 13 | 13 മോഡൽ കരിയർ സെന്ററുകൾ |
| 4 | യങ് പ്രൊഫഷണൽ | 13 | |
| 5 | പാർട്ട് ടൈം സ്വീപ്പർ | 3 | കോട്ടയം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പാലോട്. |
| **ആകെ** | | **42** | |

# അധ്യായം 10

# അധിക തസ്തികകളുടെ സാമ്പത്തിക ബാധ്യതയും പ്രാധാന്യവും

**10.1** ഈ പ്രവൃത്തിപഠന റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ വിവിധ കാറ്റഗറികളിലായി 42 തസ്തികകൾ അധികമായി സൃഷ്ടിക്കാനാണ് ശിപാർശ ചെയ്തിട്ടുള്ളത്. ശിപാർശകൾ നടപ്പാക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന വാർഷിക സാമ്പത്തിക ബാധ്യത വിശകലനം ചെയ്തിട്ടുണ്ട്. അടിസ്ഥാന ശമ്പളം, 12% നിരക്കിലുള്ള നിലവിലെ ക്ഷാമബത്ത (DA), 7% നിരക്കിലുള്ള വീട്ടുവാടക ബത്ത (HRA) എന്നിവ ചേർത്താണ് ആകെ ശമ്പളം കണക്കാക്കിയിരിക്കുന്നത്. നിലവിൽ ക്ലാസ് A,B,C,D വിഭാഗങ്ങളിലായി അടിസ്ഥാന ശമ്പളത്തിന്റെ 4% മുതൽ 10 % വരെ HRA നിലവിലുണ്ടെങ്കിലും സ്റ്റാൻഡേർഡ് നിരക്കായി 7% തിരഞ്ഞെടുത്താണ് ചെലവ് നിർണയിച്ചിരിക്കുന്നത്. പുതുതായി നിർദേശിക്കുന്ന കരിയർ കൗൺസിലർ, Young Professional എന്നീ തസ്തികകൾ മറ്റു വകുപ്പുകളിൽ ഒന്നും നിലവിലില്ലാത്ത പുതിയ തസ്തികകളായതിനാൽ അവയ്ക്ക് നിശ്ചിത ശമ്പള സ്കെയിൽ നിലവിലില്ല. കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കാനാണ് ശിപാർശ നൽകിയതെന്നതിനാൽ ആദ്യപടിയായി പ്രതിമാസ ശമ്പളം 30,000 എന്ന ക്രമത്തിൽ കണക്കാക്കിയാണ് പഠനസംഘം ചെലവ് നിർണ്ണയിച്ചിട്ടുള്ളത്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 42 തസ്തികകളുടെ പ്രതിവർഷ ചെലവ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തിക | എണ്ണം | അടിസ്ഥാന ശമ്പളം | DA (12%) | HRA (7%) | ആകെ ശമ്പളം | പ്രതിവർഷ ചെലവ് (രൂപയിൽ) |
|---|---|---|---|---|---|---|---|
| 1 | ക്ലർക്ക് | 5 | 26,500 | 3180 | 1855 | 31,535 | 18,92,100 (31535x5x12) |
| 2 | ജൂനിയർ സൂപ്രണ്ട് | 8 | 43,400 | 5208 | 3038 | 51,646 | 49,58,016 (51646x8x12) |
| 3 | കരിയർ | 13 | - | - | - | 30,000 | 3,60,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കൗൺസിലർ | | | | | | (30,000x12) |
| 4 | Young Professional | 13 | - | - | - | 30,000 | 3,60,000 (30,000x12) |
| 5 | പാർട്ട് ടൈം സ്വീപ്പർ (കാറ്റഗറി II) | 3 | 13,000 | 1560 | 910 | 15,470 | 5,56,920 (15470x3x12) |
| | **ആകെ** | **42** | | | | | **81,27,036** |

**10.2** നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 42 തസ്തികകളുടെ വാർഷിക ചെലവ് **81,27,036/-** രൂപയും പ്രതിമാസ ചെലവ് **6,77,253/-** രൂപയുമാണ്.

**<u>അധിക തസ്തികകളുടെ പ്രാധാന്യം</u>**

**10.3** പൂർണ്ണമായും സേവനമേഖലയിൽ പ്രവർത്തിക്കുന്ന നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ തൊഴിലില്ലായ്മയ്ക്ക് അറുതി വരുത്താൻ കഴിയുമെന്ന് മാത്രമല്ല വരുമാനം ഇല്ലാതെ വഴി തെറ്റി പോകുന്ന നിലവിലെ പുതുതലമുറയെ നേർദിശയിലേക്ക് നയിക്കാനും യുവജനങ്ങളുടെ പുതുജീവിതത്തിന് കൈത്താങ്ങായി ഈ വകുപ്പ് ഒരു ചാലക ശക്തിയായി ഉപകാരപ്പെടുമെന്നും വിലയിരുത്തുന്നു. പൊതു സമൂഹത്തിന്റെ ഉന്നമനത്തിനായും തൊഴിൽ ലഭ്യമാക്കുന്നതിനായും പ്രവർത്തിക്കുന്ന ഈ വകുപ്പിന് ആവശ്യമായ മനുഷ്യ വിഭവശേഷി പ്രദാനം ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

**<u>റിപ്പോർട്ടിലെ ശിപാർശകൾ പൂർണമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത</u>**

**10.4** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിനെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ നിലവിലുള്ള മനുഷ്യ വിഭവശേഷിയെ ഫലപ്രദമായി വിനിയോഗിക്കുന്നതിനും അനിവാര്യമായ സ്ഥലങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ചുമതലകൾ കൃത്യമായി നിർവഹിക്കുന്നതിന് ഉദ്യോഗസ്ഥരെ ബാധ്യസ്ഥരാക്കുന്ന തരത്തിലുമുള്ള ശിപാർശകളും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**10.5** ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പ്രവൃത്തിപഠന റിപ്പോർട്ടുകളിലെ തസ്തിക സൃഷ്ടിക്കൽ പോലുള്ള ചില ശിപാർശകൾ മാത്രം അടർത്തിയെടുത്ത് അവമാത്രം നടപ്പിലാക്കുന്ന പ്രവണത വിവിധ വകുപ്പുകളിൽ കണ്ടുവരുന്നുണ്ട്. പഠനറിപ്പോർട്ടിലെ ശിപാർശകൾ പൂർണമായും നടപ്പിലാക്കുന്നതിലൂടെ മാത്രമേ ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ വകുപ്പുകൾക്ക് ലഭ്യമാവുകയുള്ളൂ എന്നും പഠനസംഘം വിലയിരുത്തുന്നു.

## പുതിയ പ്രവൃത്തിപഠനത്തിന്റെ അനിവാര്യത

**10.6** നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായുള്ള കമ്പ്യൂട്ടറൈസേഷൻ ജോലികൾ പുരോഗമിക്കുകയാണ്. സെലക്ഷൻ മോഡ്യൂൾ ഉൾപ്പെടെയുള്ള പുതുക്കിയ മോഡ്യൂളുകൾ കൂടി e-employment exchange (eee) സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതോടുകൂടി വകുപ്പിലെ പ്രധാന ജോലിയായ സെലക്ഷൻ/ സബ്മിഷനിൽ ജീവനക്കാരുടെ ജോലി ഭാരം ഗണ്യമായി കുറയുമെന്ന് വിലയിരുത്തുന്നു. ഇത്തരത്തിൽ നവീകരിച്ച eee സോഫ്റ്റ്‌വെയർ വകുപ്പിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള ശിപാർശകൾ നൽകിയിട്ടുണ്ട്. ഇതിനുശേഷം ഒരു വർഷത്തിനുള്ളിൽ വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം പുന:പരിശോധിക്കേണ്ടതുണ്ട്. ഇതിനായി സമഗ്രമായി പ്രവൃത്തിപഠനം നടത്തേണ്ടത് അനിവാര്യമാണ്. ഈ സാഹചര്യത്തിൽ **നവീകരിച്ച e-employment exchange (eee) സോഫ്റ്റ്‌വെയർ നടപ്പാക്കി ഒരു വർഷത്തിനകം സമഗ്ര പ്രവൃത്തിപഠനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് തലവൻ ഭരണവകുപ്പ് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് കൈമാറേണ്ടതാണ്.**

# അധ്യായം 11

# പൊതുശിപാർശകൾ

1. നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ വിവിധ കാറ്റഗറികളിലായി നിലവിലുള്ള 380 താൽക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്തി അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ കേഡർ സ്ട്രെങ്ത് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. **(ഖണ്ഡിക 6.56)**

2. നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ ചുവടെ ചേർക്കുന്ന 42 തസ്തികകൾ സൃഷ്ടിക്കാൻ പ്രവൃത്തിപഠന സംഘം ശിപാർശ ചെയ്യുന്നു. **(ഖണ്ഡിക 9.2)**

| ക്രമ നമ്പർ | തസ്തിക | തസ്തികയുടെ എണ്ണം | തസ്തിക സൃഷ്ടിക്കേണ്ട ഓഫീസുകൾ |
|---|---|---|---|
| 1 | ക്ലർക്ക് | 5 | ഭിന്നശേഷിക്കാർക്കായുള്ള 5 സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ |
| 2 | ജൂനിയർ സൂപ്രണ്ട് | 8 | എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ<br><br>നെയ്യാറ്റിൻകര, ചേർത്തല, ആലുവ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ |
| 3 | കരിയർ കൗൺസിലർ | 13 | 13 മോഡൽ കരിയർ സെന്ററുകൾ |
| 4 | യങ് പ്രൊഫഷണൽ | 13 | |
| 5 | പാർട്ട് ടൈം സ്വീപ്പർ | 3 | കോട്ടയം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ,<br><br>ട്രൈബൽ എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ച്, പാലോട്. |
| **ആകെ** | | **42** | |

3. ഡയറക്ടറേറ്റിൽ നിലവിലുള്ള 31 തസ്തികകളിൽ നിന്നും ക്ലർക്കുമാരുടെ എണ്ണം 28 ആയി നിജപ്പെടുത്തേണ്ടതും ആനുപാതികമായി ഡയറക്ടറേറ്റിലെ വർക്ക് ഡിസ്ട്രിബ്യൂഷൻ ഉത്തരവ് പരിഷ്കരിക്കേണ്ടതുമാണ്. **(ഖണ്ഡിക 8.6)**

4. ഡയറക്ടറേറ്റിൽ നിലവിലുള്ള തസ്തികകളിൽ നിന്ന് 6 JEO തസ്തികകൾ സബ് ഓഫീസുകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്. ഡയറക്ടറേറ്റിൽ നിലനിർത്തുന്ന 5 JEO തസ്തികകൾക്ക് ഭിന്നശേഷി സെക്ഷൻ, EMI, EC & CDC, സ്വയംതൊഴിൽ പദ്ധതികൾ, Procedure and Vacancy എന്നീ സെഷനുകളുടെ ചുമതല നൽകേണ്ടതാണ്. അക്കൗണ്ട്സ് സെക്ഷന്റെ ചുമതല ഹെഡ് അക്കൗണ്ടന്റിനും മറ്റ് 6 സെക്ഷനുകളുടെ ചുമതല നിലവിലുള്ള നാല് ജൂനിയർ സൂപ്രണ്ടുമാർക്കുമായി വിഭജിച്ച് നൽകേണ്ടതാണ്. **(ഖണ്ഡിക 8.9)**

5. ഡയറക്ടേറ്റിൽ നിലവിലുള്ള 5 എംപ്ലോയ്മെന്റ് ഓഫീസർ (EO) തസ്തികകൾ നിലനിർത്തേണ്ടതാണ്. ജീവനക്കാർക്ക് ട്രെയിനിംഗ് ലഭ്യമാകുന്നത് ഉറപ്പാക്കുന്നതിനായി വാർഷിക ട്രെയിനിംഗ് ഷെഡ്യൂൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ എംപ്ലോയ്മെന്റ് ഓഫീസർ(ട്രെയിനിംഗ്)-ന്റെ നേതൃത്വത്തിൽ ആരംഭിക്കേണ്ടതാണ്. Occupational Research, EMI, കമ്പ്യൂട്ടർ സെൽ സെഷനുകളുടെയും പ്രവർത്തനം വിപുലപ്പെടുത്താൻ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസർമാർ നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്. **(ഖണ്ഡിക 8.11)**

6. EMI പ്രവർത്തനങ്ങളുടെ സംസ്ഥാനതല പ്രവർത്തന റിപ്പോർട്ട് കലണ്ടർ വർഷം അടിസ്ഥാനമാക്കി പ്രസിദ്ധീകരിക്കാനും വെബ്സൈറ്റിൽ ഉൾപ്പെടുത്താനും, സ്റ്റേറ്റ് എംപ്ലോയ്മെന്റ് കോ-ഓർഡിനേഷൻ യൂണിറ്റുകളുമായി (SECO) ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. **(ഖണ്ഡിക 8.12)**

7. ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ, ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളുടെ പുനർവിന്യാസം ശിപാർശകളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. **(ഖണ്ഡിക 9.1)**

8. 20 പേരിലും താഴെ ജീവനക്കാർ മാത്രം ജോലി ചെയ്യുന്ന വകുപ്പിന് കീഴിലുള്ള 31 സബ് ഓഫീസുകളിൽ USB Aadhar enabled biometric punching drive സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ ലീവ് ഉൾപ്പെടെയുള്ള വിവരങ്ങൾ സ്പാർക്കുമായും അറ്റൻഡൻസ് സ്റ്റേറ്റ്മെന്റുമായും ഒത്തുനോക്കി അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യാൻ വേണ്ട അടിയന്തര നിർദേശം നൽകേണ്ടതാണ്. **(ഖണ്ഡിക 4.45)**

9. 'ധനുസ്'' പദ്ധതി പുനരാവിഷ്കരിക്കാൻ ഭരണവകുപ്പ് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്. **(ഖണ്ഡിക 5.45)**

10. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ഡയറക്ടേറ്റിൽ IT വിഭാഗം, റിസർച്ച് & ഡവലപ്മെന്റ് വിഭാഗം എന്നിവ രൂപീകരിക്കുന്ന കാര്യം ഭരണവകുപ്പ് പരിശോധനാവിധേയമാക്കേണ്ടതാണ്. **(ഖണ്ഡിക 7.28 & 7.51)**

11. 13.04.2023-ലെ 9/2023/ഐ.ടി നമ്പർ സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഓഫീസുകളിലും ഫയൽ ഇ-ഓഫീസിലൂടെ മാത്രമേ പ്രോസസ് ചെയ്യുന്നുള്ളുവെന്ന് വകുപ്പുമേധാവി ഉറപ്പ് വരുത്തേണ്ടതാണ്. സബ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തുന്ന വേളയിൽ ഇ–ഓഫീസ് നടപടിക്രമങ്ങൾ ശരിയായ രീതിയിൽ പാലിക്കുന്നുണ്ടോ എന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. ഡയറക്ടേറ്റിലേയും മറ്റ് ഉപകാര്യാലയങ്ങളിലേയും എല്ലാ ജീവനക്കാർക്കും ഇ-ഓഫീസ് ഉപയോഗിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകേണ്ടതാണ്. **(ഖണ്ഡിക 7.62)**

12. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് കാര്യാലയത്തിലും ഉപകാര്യാലയങ്ങളിലും വിവരാവകാശ രജിസ്റ്റർ നിശ്ചിത ഫോർമാറ്റിൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. 12.10.2010-ലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ നിന്നും പുറപ്പെടുവിച്ച G.O(P)No.34/10/P&ARD നമ്പർ ഉത്തരവിൽ നിഷ്കർഷിച്ച ഫോർമാറ്റിൽ വിവരാവകാശ രജിസ്റ്റർ പരിപാലിക്കാനുള്ള നിർദ്ദേശം എല്ലാ സെക്ഷനുകൾക്കും സബ് ഓഫീസുകൾക്കും നൽകേണ്ടതാണ്. **(ഖണ്ഡിക 7.63)**

13. ഡയറക്ടറേറ്റിൽ കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന J1, J4, J6, Q5, P2 സീറ്റുകളിൽ സ്യൂട്ട് രജിസ്റ്റർ നിശ്ചിത പ്രഫോർമയിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. 04.12.2008-ൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 25255/MC/07/Law നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള നിശ്ചിത പ്രഫോർമയിൽ സ്യൂട്ട് രജിസ്റ്റർ തയ്യാറാക്കി കോടതി വ്യവഹാരങ്ങൾ കൈകാര്യം ചെയ്യുന്ന സീറ്റുകളിൽ സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകേണ്ടതാണ്. **(ഖണ്ഡിക 7.64)**

14. തൻപതിവേട് (പേഴ്സണൽ രജിസ്റ്റർ) പരിപാലിക്കുന്നത് സംബന്ധിച്ച സർക്കാറിന്റെ പുതുക്കിയ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് വരെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 12.02.2021-ന് പുറപ്പെടുവിച്ച റൂൾസ്-2/22/2020/ഉഭപവ നമ്പർ സർക്കുലർ പ്രകാരം പേഴ്സണൽ രജിസ്റ്റർ (തൻപതിവേട്) കർശനമായി പരിപാലിക്കേണ്ടതും മേലുദ്യോഗസ്ഥർ അവ പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തണമെന്ന നിർദ്ദേശം നൽകേണ്ടതുമാണ്. **(ഖണ്ഡിക 7.65)**

15. തിരുവനന്തപുരം സബ് റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കണ്ണൂർ ജില്ലയിലേക്ക്, നിലവിലുള്ള അതേ സ്റ്റാഫ് പാറ്റേണിൽ തന്നെ മാറ്റി സ്ഥാപിച്ച് വടക്കൻ ജില്ലകളിലേയും ഭിന്നശേഷിക്കാരുടെ സൗകര്യം പരിഗണിക്കേണ്ടതാണെന്നും ശിപാർശ ചെയ്യുന്നു. ഇതിന് ശേഷം എല്ലാ SREO

കളുടെയും പ്രവർത്തനപരിധി വകുപ്പ്തലവൻ സൗകര്യപ്രദമായ രീതിയിൽ പുന:ക്രമീകരിക്കേണ്ടതാണ്. **(ഖണ്ഡിക 8.32)**

16. മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്ന് ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ (JEO) തസ്തികയിലേക്കുള്ള പ്രമോഷനും JEO തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനും ബാധകമാക്കിയിരിക്കുന്ന 1:3 അനുപാതത്തിൽ വ്യത്യാസം വരുത്തുന്നതിനുള്ള സാധ്യത ഭരണവകുപ്പ്/വകുപ്പ് തലവൻ പരിശോധിക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. **(ഖണ്ഡിക 7.30)**

17. ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത ഇൻഫർമേഷൻ ടെക്നോളജി, മാർക്കറ്റിംഗ് ടെക്നോളജി എന്നിവയിൽ അധിഷ്ഠിതമായതും വകുപ്പിന്റെ ഭാവി പദ്ധതികൾക്കിണങ്ങുംവിധമുള്ള പ്രൊഫഷണൽ യോഗ്യതയായി പുനക്രമീകരിക്കുന്നതിനുള്ള സാധ്യതയും കരിയർ കൗൺസിലിങ്ങിന്റെ ഭാഗമായി സൈക്കോളജിയിൽ നിശ്ചിത യോഗ്യതയുള്ളവരെ പരിഗണിക്കുന്ന കാര്യവും ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്. **(ഖണ്ഡിക 7.31 – 7.33)**

18. ഓഫീസുകളിലെ നെറ്റ്‌വർക്ക് കണക്ടിവിറ്റി സുഗമമാക്കുന്നതിനുള്ള തീരുമാനം അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. **(ഖണ്ഡിക 7.43)**

19. EMI പരിശോധനകൾ കർശനമാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും CNV Act ലംഘനം പരിശോധിക്കാനെത്തുന്ന EMI വിഭാഗം ഉദ്യോഗസ്ഥർക്ക് തടസ്സങ്ങൾ സൃഷ്ടിക്കാതിരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ വകുപ്പ് തലവൻമാർ / സ്ഥാപനമേധാവികൾക്ക് നൽകേണ്ടതാണ്. **(ഖണ്ഡിക 7.60)**

20. സ്പെഷ്യൽ റൂൾ വ്യവസ്ഥകൾക്ക് വിരുദ്ധമായി നടത്തിയ നിയമനങ്ങൾ കണ്ടെത്തി റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്. ഇതിനായി EMI പരിശോധനകൾ കർശനമാക്കേണ്ടതാണ്. **(ഖണ്ഡിക 7.60)**

21. 'ഓൺലൈൻ വേക്കൻസി റിപ്പോർട്ടിംഗ് സിസ്റ്റം' എന്ന പുതിയ സംവിധാനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും ഈ സംവിധാനത്തിന്റെ ചുമതല മേഖലാടിസ്ഥാനത്തിൽ അതത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. **(ഖണ്ഡിക 7.61)**

22. 'ഓൺലൈൻ വേക്കൻസി റിപ്പോർട്ടിംഗ് സിസ്റ്റം' പ്രയോജനപ്പെടുത്തി എല്ലാ സർക്കാർ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലും പ്രതിമാസം ഉണ്ടാകുന്ന സ്ഥിരം/കരാർ/താൽക്കാലിക വേക്കൻസികൾ ഓൺലൈനായി എംപ്ലോയ്മെന്റ് വകുപ്പിന് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവന്മാർക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. **(ഖണ്ഡിക 7.61)**

23. വകുപ്പിന്റെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തീകരിക്കേണ്ടതും സെലക്ഷൻ മോഡ്യൂളുകൾ, വിവിധ സ്വയംസഹായ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ എന്നിവ നിലവിലുള്ള eee സോഫ്റ്റ്‌വെയറിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും പ്രവാസി പോർട്ടൽ, പ്രൈവറ്റ് ജോബ് പോർട്ടൽ തുടങ്ങിയ പുതിയ പദ്ധതികൾ കുറ്റമറ്റ രീതിയിൽ ആവിഷ്കരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. **(ഖണ്ഡിക 7.75)**

24. 2022-23 മുതലുള്ള ഭരണറിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പും വകുപ്പ് തലവനും സംയുക്തമായി സ്വീകരിക്കേണ്ടതാണ്. **(ഖണ്ഡിക 7.76)**

25. എംപ്ലോയബിലിറ്റി സെന്ററുകളിൽ ഈടാക്കുന്ന അതേ മാതൃകയിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, യൂണിവേഴ്സിറ്റി ഗൈഡൻസ് ബ്യൂറോകൾ, കരിയർ ഗൈഡൻസ് സെന്ററുകൾ എന്നിവയിൽ രജിസ്റ്റർ ചെയ്യാനെത്തുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും ഉദ്യോഗദായകരിൽ നിന്നും ഒരു നിശ്ചിത തുക ഒറ്റത്തവണ രജിസ്ട്രേഷൻ ഫീസായി ഈടാക്കുന്ന കാര്യം ഭരണവകുപ്പ് പരിശോധിക്കേണ്ടതാണ്. **(ഖണ്ഡിക 7.78)**

26. വകുപ്പിലെ മുഴുവൻ ജീവനക്കാരുടേയും PEN, മൊബൈൽ നമ്പർ, ലഭ്യമായ ട്രെയിനിംഗുകൾ എന്നീ വിശദാംശങ്ങൾ സമാഹരിച്ച് കൊണ്ടുള്ള ഒരു 'ട്രെയിനിംഗ് ഡാറ്റാ ബാങ്ക്' ഡയറക്ടറേറ്റിൽ തയ്യാറാക്കി സൂക്ഷിക്കാനുള്ള നടപടി EO (Training) ടെ നേതൃത്വത്തിൽ ആരംഭിക്കേണ്ടതാണ്. **(ഖണ്ഡിക 8.11)**

27. നവീകരിച്ച e-employment exchange (eee) സോഫ്റ്റ്‌വെയർ നടപ്പാക്കി ഒരു വർഷത്തിനകം സമഗ്ര പ്രവൃത്തിപഠനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് തലവൻ ഭരണവകുപ്പ് മുഖേന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് കൈമാറേണ്ടതാണ്. **(ഖണ്ഡിക 10.6)**

# ഉപസംഹാരം

പൂർണ്ണമായും സേവനമേഖലയിൽ പ്രവർത്തിക്കുന്ന നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ പ്രവർത്തനത്തെപ്പറ്റി യാതൊരു മുൻവിധിയും കൂടാതെയാണ് ഈ പ്രവൃത്തി പഠനം ആരംഭിച്ചത്. വകുപ്പിന്റെ പ്രവർത്തന മേഖലകളിൽ നിന്നും പരമാവധി വിവരങ്ങൾ ശേഖരിച്ചും അവ വിശദമായി വിശകലനം ചെയ്തുമാണ് പഠനസംഘം ശിപാർശകൾ സമർപ്പിച്ചിട്ടുള്ളത്. യാഥാർത്ഥ്യബോധം ഉൾക്കൊണ്ടു കൊണ്ടും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കുവാൻ കഴിയുമെന്നുള്ള ഉത്തമ ബോധ്യത്തോടെയും ആണ് ശിപാർശകൾ സമർപ്പിച്ചിട്ടുള്ളത്. ഏതെങ്കിലും ഒരു വിഭാഗത്തെ കേന്ദ്രീകരിക്കുന്നതിന് പകരം വകുപ്പിന്റെ ആകെയുള്ള പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്ന പ്രാധാന്യവും ഭാവിയിലെ സാധ്യതകളും കൂടി കണക്കിലെടുത്താണ് എല്ലാ വിഭാഗത്തെയും ശക്തിപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിൽ ശിപാർശകൾ നൽകിയിട്ടുള്ളത്.

സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തുന്നതിന് മനുഷ്യ വിഭവ ശേഷി ഒരു പ്രധാന ഘടകം തന്നെയാണ്. ആവശ്യമായ വിഭവശേഷി ഇല്ലാതെ ഒരു വകുപ്പിനും അതിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയുകയില്ല. അതേസമയം ലഭ്യമായ വിഭവശേഷി പൂർണതോതിൽ വിനിയോഗിക്കുന്നതിനുള്ള സാധ്യത തേടാതെ വീണ്ടും തസ്തികകൾ സൃഷ്ടിക്കുകയാണ് പോംവഴി എന്ന അഭിപ്രായവും പഠനസംഘത്തിനില്ല. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ലഭ്യമായ മുഴുവൻ മനുഷ്യ വിഭവശേഷിയും പൂർണതോതിൽ ഉപയോഗപ്പെടുത്തുന്നതിനായി തസ്തികകളുടെ പുനർ വിന്യാസം യാഥാർത്ഥ്യബോധത്തോടെ നടത്തിയിട്ടുണ്ട്.

തൊഴിലന്വേഷകർക്കും തൊഴിൽദായകർക്കും ഒരുപോലെ പ്രയോജനപ്രദമായ ഈ വകുപ്പ് മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്നതിന് ഏറ്റവും അത്യാവശ്യമെന്ന് ബോധ്യപ്പെട്ട തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരാതിരഹിതമായും പൊതുജനങ്ങൾക്ക്

ഉപകാരപ്രദമായും വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രതിഫലിപ്പിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള ശിപാർശകൾ അധിക സാമ്പത്തിക ബാധ്യത സൃഷ്ടിക്കുമെന്ന വീക്ഷണകോണിലൂടെ കാണാതെ, അതുണ്ടാക്കുന്ന പ്രതിഫലനം തൊഴിലന്വേഷകർക്ക് എത്രമാത്രം സഹായകരമാകുമെന്നതാണ് ചിന്തിക്കേണ്ട വസ്തുത.

സ്വയംതൊഴിൽ സഹായപദ്ധതികളിലൂടെ മികച്ച ജീവിത വിജയം കൈവരിക്കാൻ കഴിയുമെന്നും തൊഴിൽരഹിതരും വിദ്യാസമ്പന്നരുമായ യുവതീയുവാക്കൾക്ക് വകുപ്പിന്റെ പ്രവർത്തനങ്ങൾ മാതൃകയാകുമെന്നുമുള്ള പ്രതീക്ഷയോടെ ഈ പഠനറിപ്പോർട്ട് സജീവ പരിഗണനയ്ക്കും ക്രിയാത്മകമായ തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

# **കൃതജ്ഞത**

ഈ പ്രവൃത്തിപഠനം വിജയകരമായി പൂർത്തിയാക്കുന്നതിന് പൂർണ്ണസഹകരണം നൽകിയ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിലെ അധികാരികളോടും എല്ലാ ജീവനക്കാരോടും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനുള്ള അകമഴിഞ്ഞ നന്ദി അറിയിക്കുന്നു.

(ഒപ്പ്)
പുനീത് കുമാർ ഐ.എ.എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

തിരുവനന്തപുരം
04.04.2025

**കേരള സർക്കാർ**
**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ-9) വകുപ്പ്**